കയില്ല, ഗോപ്യാധികൾക്ക് അനുഭവം വാങ്ങി അനുഭവിക്കുന്ന പണയമെന്ന വാ
ക്കു കൊണ്ടു പറഞ്ഞാൽ ബോധിയ്ക്കുന്നതാകുന്നു(?). വചനം।

ആധിമേകം ദ്വയോര്യസ്തു കുര്യാൽ കസ്യ ഭവേത്തദാ(?) ।
തയോഃ പൂർവ്വകൃതം ഗ്രാഹ്യമായാതശ്ചോരദണ്ഡഭാൿ(?) ।

ഒരു വസ്തുവിനെ മറ്റൊരുത്തന്റെ പക്കൽ പണയം വെച്ചു എഴുതിക്കൊടുത്തു ഉ
ടനെ(?) താനും ദ്രവ്യം വാങ്ങിയിരിക്കുമ്പോൾ(?) ആ വസ്തു തന്നെ മറ്റൊരുത്തനും പണയമാ
യിട്ടു എഴുതിക്കൊടുത്തു ഉടനെയും(?) ദ്രവ്യം വാങ്ങിച്ചു എങ്കിൽ ആ വസ്തു ആർക്കു സി
ദ്ധിക്കുമെന്നാൽ മുമ്പിൽ എഴുതി വാങ്ങിച്ചിരിക്കുന്നവനു മേൽ എഴുതിയ വസ്തു സിദ്ധി
ക്കും. ഒരു വസ്തു(?) രണ്ടു പേർക്ക് എഴുതിക്കൊടുത്തു ദ്രവ്യം വാങ്ങിച്ചവനെ ചോരദണ്ഡ
ത്താൽ ദണ്ഡിപ്പിക്കേണം. വചനം।

ക്ഷേത്രമേകം ദ്വയോര്യസ്തു ദത്തം യസ്സമകാലികം(?) ।
യേനാദത്തം(?) തയോഃ പൂർവ്വം തസ്യ തത് സിദ്ധിമാപ്നുയാൽ(?) ।

ഒരു ഭൂമി(?) ഒരുത്തൻ തന്നെ രണ്ടു പേർക്കും എഴുതിക്കൊടുത്തു എങ്കിൽ അവരിൽ മുമ്പിൽ
അനുഭവിച്ചവനാൽ(?) അവനു സിദ്ധിക്കും. വചനം।

തുല്യകാലോപന്യാതയോർദ്വയോരപി സമം ഭവേൽ(?) ।
പ്രദാനേ വിക്രയേ ചൈവ ... (?) ।

രണ്ടു പേരും ഒന്നിച്ചു സമകാലത്തു വസ്തു അനുഭവിപ്പാൻ ചെന്നാൽ ഒരു വസ്തു രണ്ടു പേർക്കു(?)

113

എഴുതിക്കൊടുത്തവനവെപ്പെട്ടുവകയില്ലെങ്കിൽ അവരരണ്ടുപെരുംസമമായിട്ട

പകുത്ത അനുഭവിച്ചുകൊള്ളെണം. ഇപ്രകാരം തന്നെ ഒരുവക രണ്ടുപെൎക്കും

നമായിട്ട എങ്കിലും വിലക്കായിട്ടെങ്കിലും മുമ്പിനായിട്ടും സമകാലത്തിലും എഴുതി

കൊടുത്തിട്ടുണ്ടെങ്കിൽ ന്യായത്തിന്റെ പ്രായവും മെൽ എഴുതിയപ്രകാരമെ തന്നു

ആകുന്നു - എന്നു [illegible].

അസ്സ്യതഃ കെവലാത് [illegible] ധനിനൊയത്ര [illegible],

കെവലം പ്രഥമൊദെയഃ പശ്ചാ[illegible].

ഒരുത്തൻ തന്നെ മറ്റൊരുത്തന്ന പണയം വെച്ചു ഒത്താനും ദ്രവ്യം പണയമില്ലാതെ

തവെവുകടമായിട്ട ഒത്താനും ദ്രവ്യം വാങ്ങിച്ചിരുന്നുവെങ്കിൽ വെവുകടമാ

യിട്ട വാങ്ങിച്ച ദ്രവ്യത്തെ മുമ്പിൽ കൊടുക്കിച്ച പിന്നത്തതിൽ പണയം വെച്ച

വാങ്ങിച്ച ദ്രവ്യത്തെ കൊടുക്കിക്കെണം. എന്നു [illegible].

സൎവ്വാദിനാം [illegible] ദാനെ [illegible],

ബലാൽ ഭുക്തന്ന കാലെ [illegible].

ദ്രവ്യം കൊടുത്ത എഴുതിവാങ്ങിച്ചിരിക്കുന്ന പണയത്തിന്നെ പണയം വെച്ചവനൊ

ടചൊദിക്കാതെ അനുഭവിച്ചുവെങ്കിൽ പണയം [illegible]വൻ കൊടുത്തിരിക്കുന്ന ദ്ര

വ്യം [illegible] ന്യായത്തിന്നവർകയില്ല. ബലാൽക്കാരം കൊണ്ടെ എഴുതിവാങ്ങിച്ചിരി

ക്കുന്നതവധിവരുന്നതിൻ മുമ്പിലും ഇങ്ങിനെ അനുഭവിച്ചാൽ ന്യായവാനെക്കൊ

ണ്ടെ പണയം വാങ്ങിക്കൊടുത്തിരിക്കുന്ന ദ്രവ്യത്തിന്ന [illegible] വാ

ങ്ങിക്കെണം. [illegible] വിധിഃ. എന്നു.

യാജ്ഞവല്ക്യഃ. [illegible],

[illegible].

ഇതിങ്കാര്യത്തിന്റെ വിധി ചൊല്ലുന്നു. ജ്യെഷ്ഠാനുജന്മാർ [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

ബൃഹസ്പതിഃ. [illegible].

ചതുഃപ്രകാരം പ്രതിഭൂഃ ശാസ്ത്രദൃഷ്ടാ മനീഷിഭിഃ,

ദൎശനപ്രതിഭൂവെന്നും പ്രത്യയപ്രതിഭൂവെന്നും ദാനപ്രതിഭൂവെന്നും പ്രത്യൎപ്പണപ്രതിഭൂവെന്നും ഇപ്രകാരം നാലുവിധം, ജാമ്യക്കാരന പ്രതിഭൂവെന്ന പെര, ബൃഹസ്പതി

ആദൌ ദൎശനാൎത്ഥീ സാധ്യരക്ഷൊപരൊധ്യപിൽ,

ദാതാഹമെവ ദ്രവിണം അൎപ്പയമിവരൊപദെൽ ।

ഇന്നവനെ കണ്ടില്ലെങ്കിൽ ഞാൻ തന്നെ കാണിച്ചു തരാമെന്ന പറഞ്ഞ ഏല്ക്കുന്ന ജാമ്യക്കാരൻ ദൎശനപ്രതിഭൂവ. ഇന്നവൻ വഞ്ചിക്കുന്നവനല്ല അതിന്നു ഞാൻ ... ണ്ടു വരുത്തെണ്ടവനെന്നും ആയത ഞാൻ അറിയുമെന്നും വിശ്വസിച്ചു കൊള്ളാമെന്നും പറഞ്ഞു കൊള്ളിക്കുന്നവൻ പ്രത്യയപ്രതിഭൂവ. ഇന്നവൻ തന്നില്ലെങ്കിൽ ഞാൻ തരാമെന്നും പറഞ്ഞ ഏല്ക്കുന്നവൻ ദാനപ്രതിഭൂവ. ഇന്നവന ഇന്ന ദ്രവ്യം കൊടുക്കെണമെന്നും ആയത ഞാൻ തന്നെ തരാമെന്നും ഏല്ക്കുന്നവൻ പ്രത്യൎപ്പണപ്രതിഭൂവ എന്ന പെര. ബൃഹസ്പതി.

ആദ്യൌ തു വിതഥെ ദാപ്യൌ തത്കാലാവെദികം ധനം,

ഉത്തരൌ തു വിസംവാദെ തൌ വിനാ തത്സുതാവപി.

ഇന്നവനെ കണ്ടില്ലെങ്കിൽ കാണിച്ചു തരാമെന്ന ഏറ്റ ജാമ്യക്കാരൻ കടം വാങ്ങിച്ചവൻ ഒളിച്ചു ഒളിച്ചു പൊയാൽ അവനെ കാണിച്ചു കൊടുത്തില്ലെങ്കിൽ ആ ജാമ്യക്കാരനെക്കൊണ്ടു, ഇന്നവന അവകാശവും ശക്തിയും ഉണ്ടെന്നു വിശ്വാസമുള്ളവനെന്നും മറ്റൊരുത്തനെക്കൊണ്ടു പറയിച്ചു ദ്രവ്യം വാങ്ങിച്ചവൻ അപ്രകാരം ദ്രവ്യം കൊടുക്കാതെ പൊയാൽ മെലെ ചൊല്ലിയപ്രകാരം പറഞ്ഞു കൊള്ളിച്ച ജാമ്യക്കാരനെക്കൊണ്ടു കടം കൊടുത്തവന്നു കൊടുപ്പിക്കെണം, ഇന്നവൻ തന്നില്ലെങ്കിൽ ഞാൻ തരാമെന്ന ഏറ്റ ജാമ്യക്കാരനും മെലെ ചൊല്ലിയപ്രകാരമെന്നെ ന്യായം — ഇപ്പറഞ്ഞ രണ്ടു ജാമ്യക്കാരും കഴിഞ്ഞു പൊയാൽ അവരുടെ പുത്രന്മാരെക്കൊണ്ടും അവരുടെ ജാമ്യദ്രവ്യം കൊടുക്കെണം. ബൃഹസ്പതി.

സ്വാമിരിപുമിത്രൊധികൃതദണ്ഡിതസംശയം,

തഥാ മിത്രാന്തവൊസായിരാജകൃത്യപിതാരഗ,

ശത്രുരിക്തബാലവൃദ്ധസ്ത്രീഗണാനപ്രതിഭുവഃ.

ജാമ്യം വാങ്ങിക്കുന്നതിന യൊഗ്യമില്ലാത്തവരുകളെ ചൊല്ലുന്നു. തനിക്ക യെജമാനനായിരിക്കുന്നവനൊടും ശത്രുവായിരിക്കുന്നവനൊടും തടവിലാക്കിയിരിക്കുന്നവനൊടും പണ്ടാരത്തിലെ ഉദ്യൊഗസ്ഥന്മാരൊടും കൊയിമയിൽനിന്ന ദണ്ഡം ചെയ്യപ്പെട്ടിരിക്കുന്നവനൊടും സംശയത്തിൽ പെട്ടിരിക്കുന്നവനൊടും ദായാദിക്കാരനൊടും സ്നെഹിതനൊടും പുത്രനെ അനുഭവിച്ചു വരുന്ന ബ്രാഹ്മണനൊടും സ്ത്രീകളൊടും രൊഗസ്ഥന്മാരൊടും ജാമ്യം വാങ്ങിക്കരുത. കാത്യായന

വ്യാസഃ। ഋണം പൈതാമഹം പൌത്രഃ പ്രാതിഭാവ്യാഗതം സുതഃ।
സമദ്ദ്യാത്തത്സുതൌ ന ദാപ്യാവിതി നിശ്ചയഃ।

അച്ഛന്റെ അച്ഛൻ വാങ്ങിച്ചിരിക്കുന്ന കടം മകന്റെ മകനും അച്ഛൻ ജാമ്യം ഏററവകയിൽ കൊടുപ്പാനുള്ള ദ്രവ്യം മുതൽ മുതലായിട്ടു കൊടുക്കെണം. പലിശ കൊടുപ്പാൻ ആവിശ്യം ഇല്ല. പ്രപിതാമഹൻ വാങ്ങിച്ച കടം പ്രപിതാമഹന്റെ പൌത്രൻ പിന്നെ ഒട്ടുന്നില്ലെങ്കിൽ പുത്രപൌത്രനും പിതാമഹനും ജാമ്യം ഏററവകയിൽ കൊടുപ്പാനുള്ള പൌത്രനും കൊടുപ്പാൻ ആവിശ്യം ഇല്ല. പ്രപിതാമഹൻ അച്ഛന്റെ അച്ഛന്റെ അച്ഛൻ പ്രപൌത്രൻ മകന്റെ മകന്റെ മകൻ. പിതാമഹൻ അച്ഛന്റെ അച്ഛൻ പൌത്രൻ മകന്റെ മകൻ। [illegible]

കാത്യായനഃ। പ്രാതിഭാവ്യേന യദ്ദത്താൽ സിദ്ധിതൊരൊദനാദിഭിഃ।
ത്രിപക്ഷാൽ പരതസ്സദ്ദ്വിഗുണം ലഭ്യ സമാപ്തി।

കടം വാങ്ങിച്ചവൻ കൊടുത്തില്ലെങ്കിൽ ജാമ്യം ഏററവനെ നരകം ചെയ്തു ഉപദ്രവിച്ചാൽ പിന്നെ അതിൽ ജാമ്യം ഏററവൻ കടം കൊടുത്തതിന്റെ നാല്പത്തഞ്ചു ദിവസത്തിന്നകം ജാമ്യക്കാരൻ കൊടുത്ത ദ്രവ്യത്തിനെ കടം വാങ്ങിച്ചവനെ കൊണ്ടു ജാമ്യക്കാരനു കൊടുപ്പിക്കെണം. നാല്പത്തഞ്ചു ദിവസത്തിന്നകം കൊടുത്തില്ലെങ്കിൽ കടം വാങ്ങിച്ചവനെ കൊണ്ടു മുതലും മുതലൊളം പലിശയും കൂടനെ ജാമ്യക്കാരനു കൊടുപ്പിപ്പാൻ ന്യായം ഉണ്ടു। [illegible]

പ്രജാപതിഃ। ബാദ്ധകൊപിത്തവിനസ്യാൽ ലഭ്യകൊപിത്തവാസതി।
മൂലന്യ ലഭതെ ദെയം നിഷ്കിന്താമർത്തിഃ।

കടം വാങ്ങിച്ചവനു വകയും ഗതിയും ഉണ്ടെങ്കിൽ ജാമ്യം ഏററവനു വകയും ഗതിയും ഉണ്ടെങ്കിൽ മെൽ എഴുതിയ പ്രകാരം നാല്പത്തഞ്ചു ദിവസം കഴിഞ്ഞുപൊയെങ്കിലും മുതൽ മുതലായിട്ടു തന്നെ ജാമ്യം ഏററവനു കടം വാങ്ങിച്ചവനെ കൊണ്ടു കൊടുപ്പിക്കെണം। [illegible]

ബൃഹസ്പതിഃ। നഷ്ടസ്യാന്വെഷണെ കാലം ദദ്യാൽ പ്രതിഭുവെ ധനി।
ദെശാനുരൂപതഃ പക്ഷം മാസമർദ്ധമഥാപി വാ।

ജാമ്യം ഏല്പിച്ച കടം വാങ്ങിച്ചവൻ ഓടിപ്പൊയെങ്കിൽ ആയവനെ അന്വെഷിപ്പാൻ ജാമ്യം ഏററവൻ അവധി ചൊദിച്ചാൽ ഒളിച്ചു പൊയിരിക്കുന്നവൻ സമീപദെശത്തു പൊയിരിക്കുന്നു പ്രകാരം എങ്കിൽ ആയതു ദൂരദെശത്തിങ്കൽ ആകുന്നു വിചാരിച്ചു ആയവസ്ഥ പൊലെ പതിനഞ്ചു ദിവസമെങ്കിലും ഒരു മാസമെങ്കിലും ഒരു പക്ഷത്തിനകമെങ്കിലും ഒരു അവധി കൊടുക്കെണം.

ഇതി പ്രതിഭൂവിധിഃ। [illegible]

പരഹസ്താൽ ഗൃഹീതംസംകുസീദവിധിനാത്വൃണം,

യെനയത്ര യഥാദെയംതദ്ദെയഞ്ചൊവൃത്തെഷുനാ,

തനിക്ക ആവിശ്യമുണ്ടായിട്ട ഒരുത്തനെറ കയ്യിൽ മാസം ഒന്നിന്നു ഇത്ര പലിശ കൂടി തരാമെന്നസമ്മതിച്ച വാങ്ങിക്കുന്നദ്രവ്യത്തിന്നു ഋണമെന്നു പെര. ആയതു ഇന്നവൻ വാങ്ങിച്ച കടം ഇന്നവൻ കൊടുക്കെണമെന്നും ഇന്നകാലത്ത കൊടുക്കെണമെന്നും ഇന്നകാര്യത്തിന്ന വാങ്ങിച്ചത കൊടുക്കെണമെന്നും ഇപ്രകാരമുള്ള ഇവിശെഷങ്ങളെ ചൊല്ലുന്നു. [illegible].

കാത്യായനഃ। യദ്യെവം പിതൃദ്രിന്നും തദാവെപ്രാത്തവുകൈഃ।

ധനംപുത്രവെന്നൈവ്യാദെയന്തസ്യാമിനെതദാ,

അച്ഛൻ വാങ്ങിയിരിക്കുന്ന കടം അച്ഛൻ കഴിഞ്ഞുപൊയാൽ പിന്നെത്തതിൽ പുത്രന്മാര കൊടുക്കെണം. പുത്രന്മാരില്ലെങ്കിൽ പൌത്രന്മാര കൊടുക്കെണം. [illegible].

പ്രജാപതിഃ। ദുർഭിക്ഷെ രാഷ്ട്രസംവാദെ യജ്ഞകാര്യെ തഥാപദി,

ഋണം ദെയമൂലമെവ ന വൃദ്ധിരിതി നിശ്ചയം.

മകന്മാരില്ലെങ്കിലും അധികമായിട്ടെങ്കിലും സംഘാതമരണം കൊണ്ടെങ്കിലും ദുർഭിക്ഷമുണ്ടായിരിക്കുന്ന സമയത്തെങ്കിലും ദുഷ്ടന്മാരായിട്ടുള്ള ചൊരന്മാരെക്കൊണ്ടു പ്രജകൾക്ക ക്ഷൊഭം വന്നിരിക്കുന്ന സമയത്തെങ്കിലും യജ്ഞകാര്യത്തിന്നായിട്ട കടം വാങ്ങി യജ്ഞത്തിൽ ചിലവിട്ടിരിക്കുന്ന കാര്യത്തിലും കടം വാങ്ങിച്ചവനു ആപത്തു വന്നിരിക്കുന്ന സമയത്തിലും മുതൽക്ക മുതലായിട്ട കടം കൊടുത്തുതീർക്കെണം. പലിശ കൊടുപ്പാൻ ആവിശ്യമില്ല. അപ്രകാരമെന്നെയജ്ഞശാസ്ത്രനിശ്ചയം. [illegible].

പൂർവ്വംപൈതാമഹന്ദെയംപിത്ര്യന്ദെയംതതഃപരം,

പശ്ചാദാത്മീയമെവന്ദെയമൃണംസുതൈഃ,

മുമ്പിൽ അച്ഛനെറ അച്ഛൻ വാങ്ങിച്ച കടം കൊടുക്കെണം. പിന്നെത്തതിൽ അച്ഛൻ വാങ്ങിച്ചതും പിന്നെ താൻ വാങ്ങിച്ചതും ഇപ്രകാരം ക്രമമായിട്ട പുത്രന്മാര കടം കൊടുത്തുതീർക്കെണം. [illegible].

ബൃഹസ്പതിഃ। പിതര്യുപരതെ പുത്രൈരൃണന്ദെയം യഥാംശതഃ,

വിഭക്തം അവിഭക്തം വായൊ വാതാമുദ്വഹെദ്ധുരം,

അച്ഛൻ മരിച്ചുപൊയെങ്കിൽ അച്ഛൻ വാങ്ങിയിരിക്കുന്ന കടം പുത്രന്മാരും പ

പകപകുത്തിട്ടുണ്ടെങ്കിൽ അവരവരുടെ വീതത്തിന അവരവര കൊടുക്കെ
ണം. പകുത്തില്ലെങ്കിൽ ഒന്നിച്ചു പാൎത്തുവെങ്കിലും വെവ്വെറെ പാൎത്തുവെങ്കി
ലും യാതൊരുത്തൻ പ്രമാണകാൎയ്യം വിചാരിച്ചുവരുന്നു എന്നാൽ ആയവൻ
കൊടുക്കെണം. പ്രമാണം—

നാരദഃ। ഋണമാത്മീയവൽപിത്ര്യം പുത്രൈൎദ്ദെയം വിഭാവിതം।
പൈതാമഹം സമന്ദെയം മദെയം തസ്യ തെനതു।

അഛ്ശൻ വാങ്ങിയിരിക്കുന്ന കടം താൻ വാങ്ങിച്ചപൊലെ കൂറിയ പലിശയും
മുതലും പുത്രൻ കൊടുക്കെണം. പിതാമഹൻ വാങ്ങിച്ച കടം പിതാമഹന്റെ
വസ്തുവക ഒട്ടുമില്ലെങ്കിൽ മെൽ എഴുതിയ കടം കൊടുത്തുതീൎപ്പാൻ ആവിശ്യമില്ല.
പ്രമാണം।

ക്രമാദഭ്യാഗതം പ്രാപ്തം പുത്രൈൎയ്യന്നൎണ്ണം സമുദ്ധൃതം।
ദദ്യുഃ പൈതാമഹം പൌത്രാഃ തച്ചതുൎത്ഥാന്നിവൎത്തതെ।

പുത്രന്മാരുടെ വാരിസ്സത്തിൽ ഉണ്ടായിരിക്കുന്ന വസ്തുവക ഒട്ടുന്നു അനുഭവി
ച്ചുകൊണ്ടു അഛ്ശൻ മുതലായവര കടം വാങ്ങിച്ചിരിക്കുന്ന ദ്രവ്യത്തിനെ പു
ത്രന്മാർ കൊടുത്തതീൎന്നില്ലെങ്കിൽ പുത്രന്മാരുടെ പുത്രന്മാരായിട്ടുള്ള പൌ
ത്രന്മാരെങ്കിലും കൊടുത്തതീൎക്കെണം. പൌത്രന്റെ പുത്രൻ കൊടുപ്പാൻ ആ
വശ്യമില്ല. പ്രമാണം।

യാജ്ഞവല്ക്യഃ। പിതരി പ്രൊഷിതെ പ്രെതെ വ്യസനാഭിപ്ലുതെ പി വാ।
പുത്രപൌത്രൈൎഋണം ദെയം നിഹ്നവെ സാക്ഷിഭാവിതം।

വാങ്ങിച്ച കടം കൊടുക്കാതെ അഛ്ശൻ ദെശാന്തരമെങ്കിലും മരിച്ചുപൊ
യെങ്കിലും വലുതായിട്ടുള്ള വ്യസനത്തൊടുകൂടിയെങ്കിലും പൊയാൽ പു
ത്രന്മാരും പുത്രന്മാരില്ലെങ്കിൽ പൌത്രന്മാരും മെൽ എഴുതിയ കടം കൊടു
ത്തതീൎക്കെണം. അഛ്ശൻ മുതലായവര വാങ്ങിച്ച കടത്തിനെ പുത്രന്മാൎക്ക
സംശയം വന്നാൽ ലിഖിതസാക്ഷ്യാദി പ്രമാണത്താൽ ബൊധം വരുത്തി
കൊടുക്കുന്ന ദ്രവ്യം കൊടുക്കെണം. പ്രമാണം।

കാത്യായനഃ। അനെകാൎത്ഥാഭിയൊഗെ തു യാവൽ സംസാധയെദ്ധനീ।
സാക്ഷിഭിസ്താവദെവാസൌ ലഭതെ നാധികന്തതഃ।

ധനധാന്യം വസ്ത്രം മുതലായ അനെകാൎത്ഥങ്ങളെ അഛ്ശൻ കടമായിട്ടു വാങ്ങിച്ചി
രിക്കുന്നതരുവിക്കൊണമെന്ന മകനെക്കൊണ്ടു ആവലാദി ബൊധിപ്പി

ശ്ചാൽ ആയത മകൻ ഏററെടുക്കിൽ ലിഖിതസാക്ഷ്യാദിപ്രമാണങ്ങളെക്കൊ
ണ്ടു എത്രെ അത്രയും ബൊധം വരുത്തി കൊടുക്കുന്നു എന്നാൽ ആയത അത്രെയും.
കൊടുപ്പിക്കെണം. ആവലാതി ബൊധിപ്പിച്ചതിൽ എതാനും അത്ര ബൊ
ധം വരുത്തി കൊടുത്തില്ലെങ്കിൽ ആയത വരികയില്ല. മനുസ്സ।

പിതൃമാതെ വിരൊഗാൎത്തെ ദെശാൽ പ്രൊഷിതെപിവാ।

വിംശാൽസംവത്സരാദൂൎദ്ധ്വം ഋണം പിതൃകൃതം സുതൈഃ।

അച്ശൻ ജീവിച്ചിരിക്കുമ്പൊൾ തന്നെ എത്രയും രൊഗിയായി പൊയി എങ്കി
ലും ദെശാന്തരം പൊയെങ്കിലും ചെയ്താൽ പുത്രൻ ഇരിവതസംവത്സരത്തിന
കം അച്ശൻ വാങ്ങിച്ച കടം കൊടുത്തീടെണം. മനുസ്സ।

എകസ്ഥായാപ്രവിഷ്ടാനാം ദായാദ്യായത്ത്രദൃശ്യതെ।

പ്രൊഷിതെ തസ്യ തത്സൎവ്വം പിത്രംശന്നൂകതസ്യതഃ।

നാലമ്പാതുരായിട്ട പ്രത്യെകം ജാമ്യം ഒരുത്തനെക്കൊണ്ടു മററൊരുത്തനെ ക
ടം കൊടുപ്പിച്ചു പെങ്കിൽ കടം വാങ്ങിച്ചവൻ തിരിയ കൊടുക്കാതെ ഓടിഒളി
ച്ചു പൊയാൽ ജാമ്യം ഏററവർ ആരെങ്കിലും കണ്ടാൽ അവനെക്കൊണ്ടു ക
ടം മുഴുവനും കൊടുപ്പിക്കെണം. ജാമ്യം ഏററവൻ ദെശാന്തരം പൊയെങ്കി
ലും മരിച്ചുപൊയെങ്കിലും അവന്റെ പുത്രൻ സമീപത്തിരുന്നാൽ അവനെക്കൊ
ണ്ടു അച്ശൻ ദ്രവ്യം മുഴുവനും കൊടുപ്പിക്കെണം. അച്ശൻ ജാമ്യം ഏററു ദ്രവ്യം കൊ
ടുത്തിനമുമ്പിൽ മരിച്ചു പൊയെങ്കിൽ അവന്റെ അംശം നവിതം ഉള്ളത മക
നെക്കൊണ്ടു കൊടുപ്പിക്കെണം. മനുസ്സ।

പിതാമഹഃ അപിദത്താ ഋണം ദദ്യുഃ പിതൃമാതൃകമെവവാ

തദഭാവെ പിദത്താശ്ച ഗൃതൈന പ്രദൎശിതം।

അച്ശൻ വാങ്ങിച്ച കടവും അമ്മ വാങ്ങിച്ച കടവും തിരിയ കൊടുക്കുന്നതിനു
മുമ്പിൽ അവര കഴിഞ്ഞു പൊയാൽ വസ്തുവകവകക്കാതെ അങ്ങനെ ഒടുങ്ങി
മയൊടു. ഒന്നിച്ച പാൎത്തിരിക്കുന്ന പുത്രൻമാര ആവക കടം കൊടുക്കെണം.
അവരുടെ ഇല്ലെങ്കിൽ വസ്തുവകവകത്ത വെറെ പാൎക്കുന്ന പുത്രന്മാര കൊടുക്കെ
ണം. അച്ശൻ കയ്യിൽ ദ്രവ്യം വാങ്ങിക്കാതെ ഇതുവണ്ണം ദാനമായിട്ട
തരാമെന്ന യാതൊരു കാൎയ്യമല്ലാതെ നിഷ്ഫലമായിട്ടു ഇകാൎയ്യത്തിൽ പ്രതിജ്ഞ

പൈതൃവെച്ച ആയതു കൊടുക്കാതെ മരിച്ചുപൊയാൽ ആയതം പുത്രന്മാർ പിന്നെത്തതിൽ കൊടുക്കാനാവിശ്യം ഇല്ല. പെഷക്കാരർ മുതലായ ആളുകൾക്ക കൊടുക്കുന്നത നിശ്ചലമെന്നറിഞ്ഞു കൊള്ളെണം. പറന്നുവു.

നാരദഃ। പിതൃണ്യൈണാപിദത്തെനഭ്രാതാവാച്യഃ ഋണം।

മാതൃാവായാൽ കുഡുംബാർത്ഥെ ദദ്യുസ്തദ്രിക്ഥിനൊഖിലം।

അച്ചനൊടുകൂടെ പിന്നെ വലിയച്ചൻ മുതലായവരെങ്കിലും സഹൊദരന്മാരെങ്കിലും അമ്മയെങ്കിലും ഉള്ളാതെയും ആരെങ്കിലും കുഡുംബം രക്ഷിപ്പാനായിട്ട കടം വാങ്ങിക്കുഡുംബത്തിൽ ചിലവിട്ടു പെച്ചതിരിയ കൊടുക്കാതെ കഴിഞ്ഞുപൊയാൽ അവരുടെ വസ്തു വക കൊടുക്കുന്നവകരമെൽ എഴുതിയ കടം മുഴുവനും കൊടുത്തതിരിക്കെണം. പറന്നുവു।

കാത്യായനഃ। നാപ്രാപ്തവ്യവഹാരസ്തു പി സ്വപരതെ ബാലിൽ।

കാലെനവിധിനാദെയം വസെയന്നരകെന്ന്യഥാ।

അച്ചൻ വാങ്ങിച്ച കടം കൊടുത്തതിന മുമ്പിൽ കഴിഞ്ഞുപൊയെങ്കിൽ പതിനാറുവയസ്സു കഴിഞ്ഞ മകനെ വ്യവഹാരം പറവാൻ പ്രാപ്തിവന്നതിന പിന്നെ അച്ചൻ വാങ്ങിച്ച കടം കൊടുക്കെണം. പ്രാപ്തിവരുന്നതിന മുമ്പിൽ കൊടുക്കയും ന്യായമില്ല. പ്രാപ്തിവന്നിട്ടും അച്ചൻ വാങ്ങിച്ച കടം വിധിപ്രകാരം മകൻ കൊടുക്കാഞ്ഞാൽ അച്ചൻ മുതലായവർ നരകത്തിൽ വസിപ്പാൻ ഇടവരും. പറന്നുവു

ദക്ഷഃ। തപസ്വീചാഗ്നിഹൊത്രീച ഋണവാന്മ്രിയതെയദി।

തപശ്ചൈവാഗ്നിഹൊത്രഞ്ച തത്സൎവ്വം ധനിനാം ധനം।

കടം വാങ്ങിച്ചതിരിയ കൊടുക്കാതെ മരിച്ചുപൊയെങ്കിൽ കടം വാങ്ങിച്ചവൻ ചെയ്തിരിക്കുന്നതപസ്സിന്റെ ഫലവും അല്ലാതെയുള്ള പുണ്യകർമ്മങ്ങളുടെ ഫലവും വാങ്ങിയിരിക്കുന്ന ധനത്തിന്നുപകാരമായിട്ട കടം കൊടുത്തവന സിദ്ധിക്കും. പറന്നുവു।

ബൃഹസ്പതിഃ। ഉദ്ധാമാദികമാദായസ്വാമിനെ ദാതിയഃ।

സതസ്യദാസൊഭൃത്യസ്ത്രീപശുൎവ്വാജായതെഗൃഹെ।

പെശപാടമായിട്ട വാങ്ങിച്ചതിരിയ കൊടുത്തു ഋണമൊചനം വരുത്തില്ലെങ്കിൽ കടം കൊടുത്തവന്റെ ഭവനത്തിൽ ദാസനായിട്ടെങ്കിലും ദാസിയായിട്ടെങ്കിലും ജനിക്കെണം. പറന്നുവു।

അതഃപുത്രെണ ജാതെന സ്വാൎത്ഥമുത്സൃജ്യയത്നതഃ।

ഋണാൽപിതാമൊചനീയൊയഥാനനരകംവ്രജെൽ।

ഋണമൊചനംവരുത്തിയെങ്കിൽ മെൽ ഷെശ്രിയപ്രകാരം ൨ ഇരട്ടി വരുന്നതി
നെളയത്നം ചെയ്ത ഋണമൊചനം വരുത്തെണം. അല്ലാഞ്ഞാൽ പുത്രനായിട്ടുള്ള
തെന്നൊവഷ്ട്രം നിവൃത്തിക്കയില്ല. ൧൧൨

യാജ്ഞവല്ക്യഃ। ഗൊപശൌണ്ഡികശൈലൂഷരജകവ്യാധയൊഷിതാം।
ഋണം ദദ്യാൽ പതിസ്താസാം യസ്മാദ്വൃത്തിസ്തദാശ്രയാ।

ഇടയർ മദ്യം ഉണ്ടാക്കുന്നവർ വെഷക്കാരര ജകൽ ഇപ്രകാരമുള്ളവൎക്കവരുടെ
സ്ത്രീകൾ ഹെതുവായിട്ടുള്ള വൃത്തികൊണ്ട ജീവനം ചെയ്തുവരുന്നവരാകകൊണ്ട സ്ത്രീ
കൾ വാങ്ങിച്ചിരിക്കുന്ന കടം അവരുടെ ഇഷ്ടത്തിൽ ഭൎത്താക്കന്മാര കൊടുക്കെണം. ൧൧൩

കാത്യായനഃ। റിഖ്നെ നരപരൈഷ്യ വ്യയൻ ഉത്തംശൌണ്ഡികാദിഭിഃ।
തൽസ്ത്രീണാം ഷപദൊക്താതു ദദ്യാദൃണമെവഹി।

ഇടയൻ മുതലായവര കടം വാങ്ങിച്ചതു തിരിയ കൊടുക്കാതെ മരിച്ചുപൊയെ
ങ്കിൽ അവരുടെ സ്ത്രീകളെ രണ്ടാംപ്രാവിശ്യം കെട്ടിരക്ഷിച്ചുവരുന്നവൻ മുമ്പിൽ
കെട്ടിയിരിക്കുന്നവന്റെ കടം കൊടുക്കത്തക്കതിരിക്കെണം. ൧൧൪

നാരദഃ। പരഃ പൂൎവ്വാഃ സ്ത്രിയസ്തിസ്രഃ സപ്ത പ്രൊക്താ യഥാക്രമം।
പുനൎഭൂസ്ത്രിവിധാ താസാം സ്വൈരിണീ തു ചതുൎവ്വിധാ।

രണ്ടാംപ്രാവിശ്യം കെട്ടുന്നസ്ത്രീകൾ മൂന്നുവിധം അതിൽ മൂന്നുവിധത്തിലുള്ളവരെ പു
നൎഭൂവ സ്വൈരിണി നാലുവിധം ഇപ്രകാരം എഴുവിധം ഒരൊരൊ വിധത്തെയും
ക്രമമായിട്ട ചൊല്ലുന്നു. ൧൧൫

കന്യൈവാക്ഷതയൊനിര്യാ പാണിഗ്രഹണദൂഷിതാ।
പുനൎഭൂഃ പ്രഥമാ പ്രൊക്താ പുനസ്സംസ്കാരമൎഹതി।

ഒരുത്തൻ മുമ്പിൽ പെണ്ണുകെട്ടിയിരിക്കുന്ന കന്യകയുടെ ഭൎത്താവ ഋതുവാകുന്നതി
ന്മുമ്പിൽ കഴിഞ്ഞുപൊയെങ്കിൽ രണ്ടാംപ്രാവിശ്യം മറ്റൊരുത്തനെ കെട്ടികൊടു
ക്കുന്ന കന്യക ഒന്നാമത്തെ പുനൎഭൂവ. ൧൧൬

ദെശധൎമ്മാനവെക്ഷ്യ സ്ത്രീ ഗുരുഭിൎയ്യാ പ്രദീയതെ।
ഉൽപന്നസാഹസാന്യസ്മൈ സാ ദ്വിതീയാ പ്രകീൎത്തിതാ।

ഒരുത്തനെ കെട്ടികൊടുത്തിരിക്കുന്ന സ്ത്രീക്കെ മറ്റൊരുത്തനൊട സംസൎഗ്ഗമുണ്ടാ
യി വ്യഭിചാരദൊഷം കണ്ടുവെങ്കിൽ പിന്നെ അതിൽ ആ സ്ത്രീയൊട ഗുരുജന
ങ്ങൾ കൂടി അതാതുദെശാചാരത്തിൻ വണ്ണം മറ്റൊരുത്തനെ കൊടുക്കുന്ന സ്ത്രീക്ക
രണ്ടാമത്തെ പുനൎഭൂവ. ൧൧൭

അസത്സുദെവരെഷു സ്ത്രീ ബാന്ധവൈൎയ്യാ പ്രദീയതെ।
സവൎണ്ണായ സപിണ്ഡായ സാ തൃതീയ പ്രകീൎത്തിതാ।

ഒരുത്തൻ മുമ്പിൽ പെണ്ണുകെട്ടിയിരിക്കുന്നവളുടെ ഭൎത്താവ മരിച്ചുപൊയാൽ ഭൎത്താവിന്റെ ജ്യെഷ്ഠാനുജന്മാരും ഇല്ലങ്കിൽ സമജാതിയിൽ പലരുണ്ടെങ്കിൽ ഒരുത്തന്ന ബന്ധുക്കൾ കൂട്ടി കൊടുക്കുന്നസ്ത്രീ മൂന്നാമത്തെ പുനൎഭൂവ। ൩൭൫।

സ്ത്രീ പ്രസൂതാപ്രസൂതാ വാ പത്യാവെവ തു ജീവതി।
കാമാത്സമാശ്രയെദന്യം പ്രഥമാ സ്വൈരിണീ തു സാ।

ഇസ്വൈരിണികളുടെ നാലുവിധത്തെ ചൊല്ലുന്നു। കെട്ടിയിരിക്കുന്ന ഭൎത്താവ സ്വസ്ഥനായിട്ടിരിക്കുമ്പൊൾ പ്രസവിച്ചവളെങ്കിലും പ്രസവിക്കാത്തവളെങ്കിലും കാമംകൊണ്ട മറ്റൊരുത്തനൊട സംസൎഗ്ഗം ചെയ്തുവരുന്നസ്ത്രീ ഒന്നാമത സ്വൈരിണി। ൩൭൬।

കൌമാരം പതിമുത്സൃജ്യ യാ ത്വന്യം പുരുഷമാശ്രിതാ।
പുനഃ പത്യുൎഗൃഹം യായാത് സാ ദ്വിതീയ പ്രകീൎത്തിതാ।

സുന്ദരനായിരിക്കുന്ന ഭൎത്താവിനെ വിട്ടുംവെച്ച അന്യപുരുഷസംസൎഗ്ഗം ചെയ്ത പിന്നെ അതിലും ഭൎത്താവിനെ ആശ്രയിച്ചുവരുന്നസ്ത്രീ രണ്ടാമത്തെ സ്വൈരിണി। ൩൭൭।

മൃതെ ഭൎത്തരി യാ നാരീ ദെവരാദീനപാസ്യ തു।
ഉപാഗച്ഛെൽ പരം കാമാൽ സാ തൃതീയാ പ്രകീൎത്തിതാ।

കെട്ടിയിരിക്കുന്ന ഭൎത്താവ കഴിഞ്ഞുപൊയിരിക്കുന്നതിന്റെ പിന്നെ ഭൎത്താവിന്റെ കൂടപ്പിറന്നവരെ വിട്ടുംവെച്ച അന്യപുരുഷനെ മൊഹംകൊണ്ട ആശ്രയിച്ചവരുന്നസ്ത്രീ മൂന്നാമത്തെ സ്വൈരിണി। ൩൭൮।

പ്രാപ്താ ദെശാദ്ധനക്രീതാ ക്ഷുൽപിപാസാതുരാ ച യാ।
തവാഹമിത്യുപഗതാ സാ ചതുൎത്ഥീ പ്രകീൎത്തിതാ।

വില്ക്കപ്പെട്ട സ്ത്രീയും ദ്രവ്യത്തിന ഗതിയില്ലാതെ ദെശാന്തരത്തിൽനിന്ന വന്നവനെ ഭാൎയ്യയായിട്ടിരിക്കാമെന്ന പറഞ്ഞ വന്നിരിക്കുന്നസ്ത്രീ നാലാമത്തെ സ്വൈരിണി। ൩൭൯।

അന്തിമാ സ്വൈരിണീനാം യാ പുനൎഭൂഃ പ്രഥമാ ച യാ।
ഋണന്തയൊഃ പ്രതിഗ്രഹം ദദ്യാൽ തത്ര ഉപവാസതെ।

മറ്റ നാലാമത്തെ സ്വൈരിണിയും ഒന്നാമത്തെ പുനൎഭൂവും രണ്ടാം പ്രാപിച്ചും കെട്ടിര

കഴിച്ചുവരുന്നവൻ ആസ്തികളുടെ മുമ്പിലെത്തെ ദത്താവപാങ്ങിച്ചിരിക്കുന്ന കടം വീ
ട്ടേണം. ഉനൃസ।

അധനസ്യഹ്യപുത്രസ്യ മൃതസ്യൊപൈതിയഃസ്ത്രിയം।

ഋണംവൊഢുസ്സഭജതെതദെവാസ്യധനംസ്മൃതം।

ധനഹീനനായിട്ടും പുത്രഹീനനായിട്ടും ഇരിക്കുന്നവൻ മരിച്ചുപൊയാൽ ആയവന്റെ
സ്ത്രീതന്നെ ധനമാകകൊണ്ട ആസ്ത്രീയെ രണ്ടാം പ്രാവിശ്യം കെട്ടുന്നവൻ മുമ്പിലെത്തെ ദത്താ
വപാങ്ങിച്ചിരിക്കുന്ന കടം തീക്കേണം. ഉനൃസ।

ധനസ്ത്രീഹാരിപുത്രാണാം ഋണഭാഗ്യൊധനംഹരെൽ।

പുത്രൊസതൊസ്ത്രീധനിനൊസ്ത്രീഹാരിധനിപുത്രയൊഃ।

മരിച്ചവന്റെ വസ്തുവകയെടുക്കുന്നവൻ ധനഹാരി മരിച്ചവന്റെ സ്ത്രീയെ രണ്ടാമതകെട്ടു
ന്നവൻ സ്ത്രീഹാരി അവന്റെ വകവകകളെടുക്കുന്നതിന അവകാശമുള്ളവൻ ഷണ്ഡൻ
പതിതൻ മുതലായ പുത്രൻ ഒരാളൊ [illegible] പുത്രവത്തിന്റെ [illegible]
ഇല്ലെന്നുവരികിൽ മരിച്ചുപൊയവന്റെ ധനത്തെ അവകാശംകൊണ്ടെടുക്കുന്ന
വൻ മുമ്പിൽ മരിച്ചവന്റെ കടംവീട്ടേണം. ഇതൃണസ്യദെയാദെയസ്യവിധിഃ ഉനൃസ।

ധർമ്മെണവ്യവഹാരെണഛലെനാചരിതെനച।

പ്രയുക്തംസാധയെദർത്ഥം പഞ്ചമെനബലെനച।

കടംകൊടുത്തതിരിയവാങ്ങിച്ചെടുക്കുന്ന ഉപായങ്ങളെ ചൊല്ലുന്നു. ഒന്നാമത ധർമ്മൊ
പായം. രണ്ടാമത വ്യവഹാരം. മൂന്നാമത ഛലനം. നാലാമത ആചരിതം. അഞ്ചാ
മത ബലം. ഇപ്രകാരമുള്ളതിൽ ഒരുഉപായത്താൽ വാങ്ങെണം. ഉനൃസ।

ബൃഹസ്പതിഃ। പ്രതിപന്നമൃണംദാപ്യഃ സാമാദിഭിരുപക്രമൈഃ।

ധർമ്മൊപധിബലാൽകാരൈഃ ഗൃഹസംരൊധനെനച।

സാമദാനഭെദങ്ങളാകുന്ന മൂന്നുവിധം ഉള്ള ഉപായങ്ങളെക്കൊണ്ടും മുമ്പിൽപറഞ്ഞി
ട്ടുള്ള ധർമ്മബലാൽകാരങ്ങൾകൊണ്ടും ഗൃഹസംരൊധനംകൊണ്ടും കൊടുപ്പി
ക്കേണം. ഉനൃസ।

സുഹൃത്സംബന്ധിസംദിഷ്ടൈഃ സാമൊക്ത്യാനുഗമെനച।

പ്രായെണചഋണീദാപ്യൊ ധർമ്മഏഷഉദാഹൃതഃ।

കടംവാങ്ങിച്ചവൻ ഒരാവശ്യത്തിന്നു കൊടുപ്പാൻ ശാഠ്യംപറഞ്ഞുവെച്ചാൽ ക
ടംവാങ്ങിച്ചവന്റെ ബന്ധുക്കളെയും വരുത്തി പറഞ്ഞു ബോധിപ്പിച്ചു കൊടുപ്പിക്കുന്ന
തു ധർമ്മോപായം- ശ്ലോകം.

ശ്രമനായ ഹിതം പാൽമാനിയപ്പെണ്ണാനായനി,

അന്നാതദ്ദ്രവ്യാപ്തുദ്ദാപ്യതെയത്ര സൊവധി.

കടംവാങ്ങിച്ചവൻ തിരിയ കൊടുക്കാതെ ശാഠ്യം പറഞ്ഞാൽ അനസരിച്ചവിട
ഉപെക്ഷ കൊണ്ടെ കാലം ചെന്നതിന്റെ പിന്നെ ഉത്സവം കല്യാണം മുതലായ സംഗതി
യിങ്കൽ അലങ്കാരത്തിന്നാഭരണം തരെണമെന്നു ഉത്സവം മുതലായത കഴിഞ്ഞു
കൂടുമ്പൊൾ തിരിയെ കൊണ്ടുവന്ന് തരാമെന്നു പറഞ്ഞാൽ കൊടുത്തിരിക്കുന്നദ്രവ്യ
ത്തിന പകരം വാങ്ങിക്കുന്നത ഛലൊപായം. ഇപ്രകാരം ഉള്ള സ്ഥലത്തിൽ ഇരുവ
ർക്കും വന്നാൽ ഒരുവ വാങ്ങിച്ചതും കടം കൊടുത്തദ്രവ്യവും സമമെന്നന്യായികളെ
ന്നം വിചാരിച്ച ദ്രവ്യം കൊടുപ്പിച്ചവരെ വ്യവഹാര കൊടുപ്പിക്കെണം. ശ്ലോകം.

ബന്ധ്വാപ്ത ഗൃഹമാനീയ താഡനാദ്യൈരുപക്രമൈഃ

ദ്ദണ്ഡി കൊദാപ്യതെയത്ര ബലാൽകാരസ്സ കീർത്തിതഃ.

വാങ്ങിച്ച കടം തിരിയ കൊടുക്കാതെ ശാഠ്യം പറഞ്ഞാൽ അവനെ ഭവനത്തിൽ കുട്ടി
ക്കൊണ്ടുവന്ന താഡനം മുതലായത ചെയ്തവാങ്ങിക്കുന്നതും അവ്വണ്ണം ചെയ്ത കൊടുപ്പി
ക്കുന്നതും ബലൊപായം. സാക്ഷി മുതലായ പ്രമാണങ്ങളെ കൊണ്ടിച്ചു വ്യവഹരിച്ചു വാ
ങ്ങിക്കുന്നതു വ്യവഹാരം മറിച്ചു കിടക്കുന്ന ഉപവാസം കിടത്തി വാങ്ങിക്കുന്നതു ആച
രിതം. ഇപ്രകാരം ഉള്ള ഉപായത്താൽ വാങ്ങിക്കയും കൊടുപ്പിക്കയും വെണം. ശ്ലോകം.

കർണ്ണാവിസമം കുര്യാൻ ധനികൊദ്ധമർണ്ണികഃ.

സമൊവത്കൃഷ്ട ജാതിശ്ചെദ്ദാപ്യാത്തെനൈവതദ്ധനം.

ഹീനജാതിം പരിക്ഷീണമൃണാർത്ഥം കർമ്മകാരയെൽ.

ബ്രാഹ്മണസ്തു പരിക്ഷീണൊ ശനൈർദ്ദാപ്യോ യഥോദയം.

കടംവാങ്ങിച്ചതിനെ തിരിയ കൊടുപ്പാൻ വകയും ശക്തിയും ഇല്ലാത്തവർക്കു ഋണമൊചനം
വരുത്തുവാനുള്ള ഉപായത്തെ ചൊല്ലുന്നു. കടംവാങ്ങിച്ചവൻ കടം കൊടുത്തവനൊടസ
മജാതിയെങ്കിലും വാങ്ങിച്ച ദ്രവ്യം കൊടുപ്പാൻ സംഗതിയില്ലെങ്കിൽ അവനെ കൊ

ഒ കടം കൊടുത്തവന യുക്തമായിട്ടുള്ള വെല എടുപ്പിച്ച ശെഷം കടം തീൎപ്പിക്കെണം
വെലയെടുക്കുന്നതു അവന്റെ ദ്രവ്യം പത്തിരട്ടി ഒരുധം ശൂദ്രാതെയും തീൎക്കുന്ന കടത്തൊ
ളവും വെല എടുപ്പിക്കെണം. കടം വാങ്ങിച്ചവൻ കടം കൊടുത്തവനെക്കാൾ വലിപ്പ
മുള്ള ജാതിയിൽ ജനിച്ചിരിക്കുന്നവനെങ്കിൽ അവനെക്കൊണ്ടു വെല എടുപ്പിക്കരുതു.
പകയും ഗതിയും പൊലെ നെടും കാലം അനവധി വെച്ചു കുറയകുറയ കൊടുപ്പി
ക്കെണം. ഇതി സത്യ.

യസ്മാൎശ്യന്തുല്യവൎണ്ണെന വെദയെദ്ധനികം നൃപെ।
സമാക്ഷെപ്തും ചതുൎഭാഗം ദദ്യാദ്ധനസ്യ ചതുൎധനം।

കടം കൊടുത്തവൻ കടം വാങ്ങിച്ചവനെ അനുസരിച്ചു നാട്ടുനടപ്പു പൊലെ കടം പി
ടിച്ചു വരുമ്പൊൾ അവൻ സംഗതിയില്ലാതെ കടം വാങ്ങിച്ചവൻ കൊയിമ്പക്കിൽ
അന്യായം വെച്ചാൽ വിചാരിക്കുമെടത്തിൽ കടം കൊടുത്തവൻ ന്യായപ്രകാരം
കടം പിടിച്ചു വരുന്നുവെങ്കിൽ ആയവനെക്കൊണ്ടു സംഗതിയില്ലാതെ അവിവാ
ദം ബൊധിപ്പിച്ചതിന്ന കടം വാങ്ങിച്ചവനെക്കൊണ്ടു കൊടുപ്പാനുള്ള ദ്രവ്യം
കൊടുപ്പിച്ചു ആ ദ്രവ്യത്തിൽ നാലിലൊന്നു പ്രായശ്ചിത്തം ചെയ്യിപ്പിച്ചു കൊള്ളെ
ണം. ഇതി സത്യ.

അനവെദ്യ തു രാജ്ഞെ യാ സന്ദിഗ്ദ്ധൊൎത്ഥെ പ്രവൎത്തതെ।
പ്രസഹ്യ സ വിനെയസ്സ്യാൽ സ ചാൎത്ഥൊസ്യ ന സിദ്ധ്യതി।

നമ്മുടെ തായിരിക്കുന്ന വ്യവഹാരത്തിൽ ഇടക്കുന്ന ദ്രവ്യത്തിന്ന കടം വാങ്ങിച്ചവ
നെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിച്ച കാൎയ്യം കെട്ടു വരുമ്പൊൾ കൊടുപ്പാൻ
കണ്ടെ വെങ്കിൽ കൊടുപ്പിക്കെണം. അല്ലെങ്കിൽ സിദ്ധിക്കയില്ല. ഇതി ഢ.

ആ പഞ്ചസംഖ്യയന്തരാജ്യഞ്ചയൊഗിവൈൽ
ഒട്ടെയാനാദായയൊ ഷ്ടാവി സന്ദിഗ്ദ്ധെൎത്ഥ ന്നികിതിതഃ।

ഞാനതു കൊടുക്കെണമെന്നും ഞാനതു കൊടുപ്പാനില്ലാത്തതാകുന്നു. ആയതി
ന്റെ സംഖ്യക്കും നിശ്ചയമില്ലാതെ വാദിപ്രതിവാദികളിൽ ഒരുത്തൻ സംശയി
ച്ചു വ്യവഹാരം പറഞ്ഞു വരുന്ന ദ്രവ്യം നമ്മുടെ പകയെന്നാണെന്നു തെ
ളിയെണം. ഇതി ഢ.

പീഡയെത്തു ധനീയത്ര ഋണികന്ന്യായവാദിനം।

തസ്മാദൎത്ഥാൽസഹീയെത തത്സമംപ്രാപ്നുയാദ്ദമം।

കടംവാങ്ങിച്ചവൻ ന്യായംപറഞ്ഞ ന്യായത്തിൽ തന്നെനിന്നാൽ കടംകൊടുത്ത
വൻ മൎയ്യാദതെറ്റെ പീഡിപ്പിച്ചുവെങ്കിൽ കടംകൊടുത്തവനവനു കിട്ടുവാനുള്ള
ദ്രവ്യത്തിനുഹാനിയുംവന്ന അത്രദ്രവ്യംപ്രായശ്ചിത്തംചെയ്യിക്കെണം।
ഇതുധൎമ്മം।

ഭരദ്വാജഃ। ഋണികസ്യധനാദാനെ വിക്രയശ്ചാനവസ്ഥിതഃ।

ക്ഷെത്രാദാവെ തഥാരാമഃ തസ്യാദാവെ ശപിക്രമഃ।

ഷികാദീനാം ഗൃഹാദാവെ കാലഹാരൊവിധീയതെ।

കടംവാങ്ങിച്ചവന കടംവീട്ടുവാനില്ലെങ്കിൽ നിലത്തിനെവിറ്റുകൊടുപ്പിക്കെണം।
നിലംഇല്ലെങ്കിൽ പുരയിടം ഇല്ലെങ്കിൽ ഉപനം ഇപ്രകാരക്രമമായിട്ട വസ്തുവകവിൽ
പ്പിച്ചുകൊടുപ്പിക്കെണം। ബ്രാഹ്മണരുടെ ഗൃഹമില്ലെങ്കിൽ കാലക്രമംകൊണ്ടെ
പയിവെപ്പിച്ചിപ്പിക്കെണം। ഇതുധൎമ്മം।

ബൃഹസ്പതിഃ। ഹിരണ്യെദ്വിഗുണീഭൂതെ മൃതെനഷ്ടെധമൎണ്ണികെ।

ദ്രവ്യംതദീയംസമ്പ്രാപ്യ വിക്രീണീതസസാക്ഷികം।

കടംവാങ്ങിച്ചവൻ കടംവാങ്ങിച്ചദ്രവ്യത്തിനിരട്ടി കൊടുക്കാതെ മരിച്ചുവെങ്കിലും ദെ
ശാന്തരം പൊയെങ്കിലും വാങ്ങിച്ചദ്രവ്യം പലിശയൊടുകൂട ഇരട്ടിച്ചാൽ പിന്നെ
അതിൽ ആയവന്റെ പൊൻ വെള്ളി ആട്ടുമാട കന്നുകാലി നിലം പുരയിടം മു
തലായവകകളെ നാലു നടന്മാരെകൊണ്ടെ വിലനിശ്ചയിച്ച വിൽപ്പിക്കെണം।
ഇതുധൎമ്മം।

രക്ഷെദ്ധാതൃതമൂലന്തു ദശാഹം ജനസംസദി।

ഋണാൎത്ഥം പരതൊ ഗൃഹീതാന്ന്യച്ചവൎജ്ജയെൽ। ഇതുധൎമ്മം।

സാധനഞ്ചക്ഷിതിർത്യുൎഗ്ഗണനാകുശലെന്തരൈഃ।

സംബന്ധജ്ഞാതിവിഹിതംപ്രഗൃഹ്ണീയാ വരാൎഘ്യയാൽ।

മെൽഎഴുതിയപ്രകാരം കടംവാങ്ങിച്ചതിരികെകൊടുക്കാതെ മരിച്ചുവെങ്കിലും ദെ
ശാന്തരം പൊയെങ്കിലും പൊയാൽ അവന്റെ വസ്തുവകകളെയും അവന്റെ ബന്ധു
ക്കളെയും അന്യന്മാരായുള്ള നടന്മാരെയും കൊണ്ടെ വിലനിശ്ചയിച്ചു ദ്രവ്യ
ത്തെയും എഴുതികൊടുത്തിരിക്കുന്ന കടംമുതലിൽ ഉള്ളമുതലും പലിശയും കണ

കാണെപനെ കൊണ്ടെഴുതിച്ച കടുപത്രത്തിനെ പത്തു ദിവസം സഞ്ജനങ്ങ
ളുടെ സദസ്സിൽ എഴുതിച്ചു സൂക്ഷിപ്പിക്കെണം। ഇതു ഉപഗ്രഹണവിധി। ഇത്യർത്ഥം।

ഋണം ദാതുമശക്തൊ യഃ കർത്തുമിച്ഛൻ പുനഃക്രിയാം।
സദത്വാ നിർജ്ജിതാം വൃദ്ധിം കരണം പരിവർത്തയെൽ।

കടം വാങ്ങിച്ച മുതൽ കൊടുത്തുവരുമ്പൊൾ പലിശ മുടങ്ങിയ പലിശയും കൊടു
പ്പാൻ സംഗതിയില്ലെങ്കിൽ കുറെയ പലിശ മാത്രം കൊടുത്തു മുൻ എഴുതി കൊടു
ത്ത ഓലയെ പൊളിച്ച പലിശ ഉൾപ്പെടാതെ അപ്പടി വെച്ച പിന്നെ എഴുതിക്കൊ
ടുക്കെണം। ഇത്യർത്ഥം।

അദർശയിത്വാ തത്രൈവ ഹിരണ്യം പരിവർത്തയെൽ।

ശരിക്കില്ലെങ്കിൽ പലിശയും മുതലും കൂടി കണക്കിട്ടു നാണയമാക്കി മെൽ എഴുതി
യ പൊലെ എഴുതിക്കൊടുക്കെണം। ഇതി കരണപരിവൃത്തി। ഇത്യർത്ഥം।

യാജ്ഞവല്ക്യഃ। രാജ്ഞാധമർണ്ണികൊ ദാപ്യഃ സാധിതാദ്ദശകം ശതം।
പഞ്ചകം ശതന്ദാപ്യഃ പ്രാപ്താർത്ഥൊ ഹ്യുത്തമർണ്ണികഃ।

കൊയിമയിൽ നൃപലാദി ബൊധിപ്പിച്ച വാദിപ്രതിവാദികളെ വരുത്തി വിസ്താ
രിച്ച കാര്യം നിശ്ചയിച്ച വിധിതസാക്ഷ്യാദിയുമാണെങ്കിൽ സിദ്ധിച്ച ദ്രവ്യ
ത്തിനെ സംഖ്യയിട്ടു പത്തിന്നര കടം കൊടുത്തിരുന്ന ഉത്തമർണ്ണനെ കൊണ്ടു
കൊടുപ്പിക്കെണം। ഇത്യർത്ഥം।

മനുഃ। ഋണെ ദെയെ പ്രതിജ്ഞാതെ പഞ്ചകം ശതമർഹതി।
അപഹ്നവെ തദ്വിഗുണം തന്മനൊരനുശാസനം।

കടം കൊടുത്തവൻ നൃപലാദികളെ ബൊധിപ്പിച്ച പ്രതിവാദിയെ വരുത്തി ചൊദി
ക്കുമ്പൊൾ കൊടുപ്പാനുള്ളതു തന്നെ എന്നു ഏറ്റുപെരുമ്പിച്ചാൽ ആയവനെ കൊണ്ടു
പത്തിനൊന്നര വീതവും പണ്ടാരവകയിൽ കെട്ടിവെപ്പിച്ചും കൊണ്ടു കാര്യം തീ
ർപ്പിച്ചു കൊടുക്കെണം। ഇത്യർത്ഥം।

യാജ്ഞവല്ക്യഃ। ഗൃഹീതാനുക്രമാദ്ദാപ്യൊ ധനിനാമധമർണ്ണികഃ।
ദത്വാതു ബ്രാഹ്മണായൈവ നൃപതെസ്തദനന്തരം।

ഒരുത്തനെക്കൊണ്ടു അനെകം പെരന്നുവലാദ്ദിപ്പെച്ച വെങ്കിൽ കൊടുക്കു
ക്കെണ്ടും ക്രമത്തെ ചൊല്ലുന്നു। സമജാതിയിൽ നാലഞ്ചാളായിട്ട വിച്ചിന്നുവ
ലാദ്ദിക്കവന്നു വെങ്കിൽ കടം മുമ്പിൽ കൊടുത്തവനും പിന്നെ കൊടുത്തവനും അതി
ൽ പിന്നെയും ഇപ്രകാരം ക്രമമായിട്ടു കൊടുക്കെണം। ബ്രാഹ്മണർ മുതലായ ഓ
രൊരൊ ജാതിയിൽ തന്നെ നാലഞ്ചാളൊടൊന്നിച്ച ഒരുത്തിച്ചെ കടം കൊടുത്തവര
ന്നിച്ചുവന്നു വലാദ്ദിക്കവന്നാൽ അപ്പൊഴ് കാര്യം കെൾക്കുന്നവരുടെ ഇഷ്ടം പൊലെ അ
ത്രെ കൊടുക്കെണ്ടും ക്രമമെന്നതാകുന്നു। ഇന്നധം।

നാരദഃ। ബ്രാഹ്മണസ്യ തു യദ്ദെയം തദ്വൈയസ്യ ച നാസ്തി ചെൽ।

സകുലെഭ്യസ്ത്രിവപെൽ തദഭാവെസ്യ ബന്ധുഷു।

ബ്രാഹ്മണനൊട വാങ്ങിച്ചദ്രവ്യത്തിനെ കടം കൊടുത്ത ബ്രാഹ്മണനില്ലെങ്കിൽ
ബ്രാഹ്മണന്റെ പുത്രന്മാരുടെ പക്കൽ കൊടുക്കെണം। പുത്രന്മാരില്ലെങ്കിൽ വ
ന്നുകുലയുള്ളവരെ പക്കൽ കൊടുക്കെണം। അവരുമില്ലെങ്കിൽ മുകുലയുള്ളവന്റെ
പക്കൽ കൊടുക്കെണം। അവരുമില്ലെങ്കിൽ ബന്ധുക്കളുടെ പക്കൽ കൊടുക്കെണം। ഇന്നധം।

യദാ തു ന സകുല്യാസ്യുർന ച സംബന്ധിബാന്ധവാഃ।

തദാ ദദ്യാൽ ദ്വിജാതിഭ്യസ്തെഷ്വസത്സ്വപ്സു നിക്ഷിപെൽ।

മെൽപറഞ്ഞിരിക്കുന്ന പ്രകാരമുള്ള ബന്ധുക്കളും ബന്ധുക്കളും ഇല്ലാതെ പൊയുള്ള സംബ
ന്ധക്കാരും ആരും തന്നെ ഇല്ലെങ്കിൽ ബ്രാഹ്മണരുടെ പക്കൽ കൊടുക്കെണം। ബ്രാ
ഹ്മണരുമില്ലെങ്കിൽ സമുദ്രം നദി തടാകം വാങ്ങിച്ച ദ്രവ്യം ഒന്നിച്ച കൊടുപ്പാൻ വക
യില്ലെങ്കിൽ കൊറയ കൊറയെ കൊടുത്ത പുറത്തൊലയും എഴുതി കൊടുക്കെണം।
കടം വാങ്ങിച്ചവനും കുറയ കുറയ പ്രവൃത്തിയും കൊണ്ടു പറയദ്രവ്യത്തിനെ താൻ കയ്യൊ
പ്പിട്ടു പറഞ്ഞിട്ടു കൊടുക്കെണം। ഇന്നധം।

നാരദഃ। അദത്വാ ദാതുമശക്തസ്തു ശെഷഹാനിം പ്രയാസയാൽ।

ദത്വാ പാടയെ പെല്പ്രസ്ഥെ വാ നൃകാരയെൽ।

സാക്ഷിമൽ ഭവെൽ ലിഖിതാദ്യം സസാക്ഷികം।

വാങ്ങിച്ചദ്രവ്യത്തിനു പറഞ്ഞിട്ടുള്ളതൊരെണ്ണമെന്നു ചൊദിച്ചാൽ പണം പറയുവാൻ പറഞ്ഞു
ഷിട്ടു കൊടുത്തില്ലെങ്കിൽ പറയുന്നിക്കെശിഷ്ടം പരുപാനുള്ള ദ്രവ്യം കൊടുത്തില്ലെങ്കിൽ

ഹാനിപത്രികയും ചെയ്യും, വാങ്ങിച്ച ദ്രവ്യം മുഴുവനും കൊടുത്തതിനാൽ പിന്നെത്ത
തിൽ എഴുതി കൊടുത്തിരിക്കുന്ന ശീട്ട വാങ്ങി കീറി കളയെണം - എഴുതി കൊടുത്ത
ശീട്ട കണ്ടില്ലെങ്കിൽ ദ്രവ്യം മുഴുവനും വാറിയ പ്രകാരവും മുമ്പിൽ വാങ്ങിച്ച ശീട്ട കണ്ടാൽ
കീറി കളയാമെന്നും വാചകം വെച്ച എഴുതി (വാങ്ങി)ക്കെണം - വാങ്ങുമ്പൊൾ സാക്ഷി വെച്ചി
ട്ടില്ലെങ്കിലും കൊടുക്കുമ്പൊൾ സാക്ഷി വെച്ച കൊടുക്കെണം, എന്നർത്ഥം,

ഭരദ്വാജഃ, ഋണികസ്യാർത്ഥസംബന്ധ ഉത്തമർണ്ണ ഭവെദ്യദി,
തസ്യാനന്തരിതം കാലെ തൽക്രയെണ വിവിച്യതെ,

കടം കൊടുത്തവനൊരുവകൻ വാണിഭം ചെയ്തിരുന്നെങ്കിൽ കടം തിരിയെ കൊടുക്കുമ്പൊൾ
ആയതവിലവെച്ചു ദ്രവ്യം തിരികെ വിറ്റു മുതലും കൊടുക്കെണം, എന്നർത്ഥം,

വ്യാസഃ, ആദാന ലബ്ധാദ്യാൽ ദ്വിഗുണം യദി കാരിതം,
മൂലമാത്രം പാത്രദാനം തദൂർദ്ധ്വം പാത്രമെവ ച,
ദ്വിഗുണാദധികം തെണെ പ്രദദ്യാൽ കൊലദണ്ഡിതം,,

പലിശയും മുതലും ഒന്നിച്ചു കെട്ടി കൊടുക്കാൻ വകയില്ലാത്തവരെക്കൊണ്ടു കൊടുപ്പി
ക്കേണ്ടും പ്രകാരത്തെ ചൊല്ലുന്നു - കാലം ചെന്ന പലിശ മുടങ്ങി പലിശ തന്നെ മുതൽദ്ര
വ്യത്തിന്നു ഇരട്ടിച്ചും മുതൽദ്രവ്യത്തിനു സമമായും വന്നാൽ പിന്നെത്തതിൽ പലിശ തന്നെ
ഇരട്ടിച്ചാൽ ഒന്നുവരെ തെളിച്ച മുതലത്രെയും പലിശയും മുമ്പിൽ ചൊല്ലിയ പ്രകാരം വന്നു
വകയിൽ ചിലർ മുടക്കാൻ തീട്ടും അരവാശിയും കാൽവാശിയും പലിശ കുറെയ വകത്തിൽ
കുറയ പലിശയും മുതലും ഒന്നിച്ചു കൊടുപ്പാൻ വകയില്ലെങ്കിൽ പലിശ മാത്രം മുമ്പിൽ
കൊടുപ്പിച്ചു പിന്നെത്തതിൽ മുതൽ കൊടുപ്പിക്കയും ആം,, മേൽ എഴുതിയ മൂന്നു വക്ക
ത്തിൽ പലിശയും മുതലും ഒന്നിച്ചു ഞെരുക്കം ചെയ്തു കൊടുപ്പിപ്പാൻ ആവിശ്യവും ഇല്ല,
ഇതു വ്യവഹാരമായിരിക്കുന്ന ഋണദാനപ്രകരണം സമാപ്തം, എന്നർത്ഥം, ഇനി ഉപനിധി
പ്രകരണം,

നാരദഃ, സ്വദ്രവ്യം യത്ര വിസ്രംഭാൽ നിക്ഷിപത്യവിശങ്കിതഃ
നിക്ഷെപൊ നാമ തൽ പ്രോക്തം വ്യവഹാരപദം ബുധൈഃ,

തന്റെ വകപൊൻ വെള്ളി വസ്തു മുതലായതിനെ രാജഭയം കൊണ്ടെങ്കിലും ചൊ

ൻമാരുടെ ഭയംകൊണ്ടെങ്കിലും ദായാദിക്കാരനെ വഞ്ചിക്കുന്നതിന്നായിട്ടെങ്കിലും നല്ല നെരുംവിശ്വാസമുള്ളവൻ്റെ പക്കൽ സൂക്ഷിച്ചു വെച്ചു തിരിയെ ചൊദിക്കുമ്പൊൾ തരെണമെന്നു വെക്കുന്ന ദ്രവ്യത്തിൻ്റെ സംഖ്യയും സ്വരൂപത്തെയും ഒരു സന്ദെഹമില്ലാതെ കൊടുത്തുവെങ്കിൽ ആ ദ്രവ്യം മുതലായതിന്ന വ്യവഹാര വിഷയമായിട്ടു ഉള്ള നിക്ഷെപമെന്നു പെര। ഇത്യർത്ഥഃ।

ബൃഹസ്പതിഃ। രാജചൊരാരാതിഭയാൽ ദായാദാനാംച വഞ്ചനാൽ।
സ്ഥാപിതെന്യഗൃഹെ ദ്രവ്യം ന്യാസസ്സ പരികീർത്തിതഃ।

മെൽപ്പെട്ടിയവരുടെ ഭയംകൊണ്ടെങ്കിലും ശത്രുഭയംകൊണ്ടെങ്കിലും അന്യൻ്റെ ഭവനത്തിൽ സൂക്ഷിച്ചു കൊള്ളെണമെന്നും വെച്ചു കൊടുക്കുന്ന ദ്രവ്യത്തിന ന്യാസമെന്നു പെര। ഇത്യർത്ഥഃ।

അന്വാഖ്യാതം ഖ്യാപിതം അസംഖ്യാതമദർശിതം।
മുദ്രാങ്കിതംച യദ്ദത്തം തദൌപനിധികം സ്മൃതം।

ദ്രവ്യം മുതലായത ഒരു പാത്രത്തിൽ വെച്ചു മുദ്ര ഇട്ട അതിലെ ഉള്ള ദ്രവ്യത്തിൻ്റെ സ്വരൂപത്തെ പറയാതെയും കാണിക്കാതെയും എണ്ണിക്കാതെയും മുദ്രയൊടും കൂടെ സൂക്ഷിച്ചു തരെണമെന്ന കൊടുക്കുന്നതിന്ന ഉപനിധിയെന്നു പെര। ഇത്യർത്ഥഃ।

കാത്യായനഃ। യച്ച സ്വകാര്യസിദ്ധ്യർത്ഥം ഭൂഷണാദ്യം യഥാതഥാ।
യാചിതാദ്വഹിതം യാചിതം തദുദാഹൃതം।

ഉത്സവം കല്യാണം മുതലായ അടിയന്തരത്തിന അലങ്കാരമായിട്ട ആഭരണം വസ്ത്രം മുതലായത എരവലായിട്ട തന്നെ തരെണമെന്നും അടിയന്തരം കഴിഞ്ഞിട്ട തിരിയെ തരാമെന്നും യാചിച്ചു ചൊദിച്ചു വാങ്ങിക്കുന്നവന യാചിതമെന്നു പെര। ഇത്യർത്ഥഃ।

അന്യസ്മാദ്ഗൃഹ്യ കാര്യ്യെ സ്വാമ്യനുജ്ഞാവചനാന്വയാ।
ദെയമന്വാഹിതിയദ്ദത്തം തദന്വാഹിതമുച്യതെ।

തൻ്റെ പക്കൽ ദ്രവ്യം മുതലായത ഉന്നവൻ്റെ പക്കൽ കൊണ്ടുചെന്ന കൊടുക്കെണമെന്നും വെച്ച ഒരുത്തൻ്റെ പക്കൽ കൊടുത്ത അവൻ അപ്രകാരം കൊണ്ടുചെന്ന ഉന്നവൻ തന്നെ വെച്ചുവെന്നും ഉയത സൂക്ഷിക്കെണമെന്നും പറഞ്ഞ കൊടു

കുന്നദ്രവ്യം അപഹരിക്കുന്നവർ. ഇത്യർത്ഥം.

മനുഃ। കുലജെ വൃത്തസമ്പന്നെ ധർമ്മജ്ഞെ സത്യവാദിനി

മഹാപക്ഷെ ധനിന്യാര്യെ നിക്ഷെപം നിക്ഷിപെൽ ബുധഃ।

നിക്ഷെപം സൂക്ഷിപ്പാൻ കൊടുക്കെണ്ടുന്നവന്റെ ഗുണങ്ങളെ വിവരങ്ങളെ ചൊല്ലുന്നു. വലിയ തറവാട്ടിൽ ജനിച്ചവനായും നല്ല ശീലത്തൊടു കൂടിയവനായും ധർമ്മജ്ഞനായും സത്യവാദിയായും അനെകം ബന്ധുക്കളൊടു കൂടിയവനായും ന്യായമുള്ളവനായും ഇരിക്കുന്നവന്റെ പക്കൽ നിക്ഷെപത്തെ സൂക്ഷിപ്പാൻ കൊടുക്കെണം. ഇത്യർത്ഥം.

ബൃഹസ്പതിഃ। സസാക്ഷികം രഹൊദത്തം ദ്വിവിധം സമുദാഹൃതം।

പുത്രവൽ പരിപാല്യം തൽ വിനശ്യന്ത്യുപെക്ഷണാൽ।

സൂക്ഷിപ്പാൻ ഏറ്റുവാങ്ങിച്ച നിക്ഷെപത്തെയും ശിശുക്കളെ പരിപാലിക്കുന്നതു പൊലെ പരിപാലിച്ചു സൂക്ഷിച്ചുവരെണം. ഉപെക്ഷ കൊണ്ടു കൂടക്കൂടെ നൊക്കാതെ ഇരുന്നാൽ നാശത്തെ പ്രാപിക്കും. ഇത്യർത്ഥം.

ദാതുര്യൽ ഭവെൽ പുണ്യം ഹെമരൂപ്യാംബരാദികം।

തസ്മാൽ പാലയതൊ ന്യാസം യഥാ ശരണാഗതം।

ന്യാസദ്രവ്യത്തിനെ രക്ഷിച്ചു കൊടുക്കുന്നവരുടെ ഫലത്തെ ചൊല്ലുന്നു. ദ്രവ്യം പൊൻ വെള്ളി വസ്ത്രം മുതലായതിനെ ദാനം ചെയ്താൽ വരുന്ന ഫലവും പെടിച്ചു ഗതിയില്ലാതെ ശരണം പ്രാപിച്ചു വരുന്നവനെ രക്ഷിച്ചാൽ വരുന്ന ഫലവും ന്യായമായിട്ടു തന്നെ ദ്രവ്യത്തിനെ സൂക്ഷിച്ചു തിരിയ കൊടുക്കുന്നവനു സിദ്ധിക്കും. ഇത്യർത്ഥം.

ഭർത്തൃദ്രൊഹെ യഥാ നാര്യാഃ പുംസഃ പുത്രസുഹൃദ്വധെ।

ദൊഷൊ ഭവെൽ തഥാ ന്യാസെ ഭക്ഷിതൊപെക്ഷിതെ നൃണാം।

ശത്രുഭയം കൊണ്ടെ ഭയം മുതലായതു രക്ഷിച്ചവരെന്നമെന്ന ഭർത്തൃവധത്തിൽ വരുന്ന ദൊഷവും അച്ഛനാൽ ചെയ്യപ്പെട്ട പുത്രസുഹൃത്തുക്കളുടെ വധത്തിൽ വരുന്ന ദൊഷവും സംഭവിക്കും. ഇത്യർത്ഥം.

ബൃഹസ്പതിഃ। ദൈവരാജൊപഘാതെന യദി നാശമവാപ്നുയാൽ।

ഗൃഹീതുർദ്രവ്യസഹിതഃ നഷ്ടൊ ദായിനഃ നഷ്ടസ്തഥാ।

അഗ്നിഭയം ജലഭയം ചൊരഭയം മുതലായ ദൈവൊപദ്രവം കൊണ്ടെങ്കിലും സൂ
ക്ഷിപ്പാൻ വാങ്ങിയിരിക്കുന്ന നിക്ഷെപത്തിന തന്റെ വകയായിട്ടുള്ള ദ്രവ്യത്തൊ
ടു കൂടെ നാശത്തെ പ്രാപിച്ചുവെങ്കിൽ നിക്ഷെപം സൂക്ഷിപ്പാൻ വാങ്ങിച്ചവനു ദൊ
ഷം വരികയില്ല എന്നാലും വാങ്ങിച്ചവന്റെ ഉപെക്ഷ കൊണ്ടു നിക്ഷെപം ന
ശിച്ചിരിക്കുന്നു എന്നതിന്ന് നിശ്ചയം വന്നുവെങ്കിൽ ആ മുതലിന്റെ ഒക്കെയും വാങ്ങി
ച്ചവന ദൊഷം സംഭവിക്കയെന്ന താല്പര്യം. ഇതി സ്മൃതി।

യാജ്ഞവല്ക്യഃ। ന ദാപ്യൊഽപഹൃതം തന്തു രാജദൈവികതസ്കരൈഃ।

മെൽ എഴുതിയ പ്രകാരം ഉള്ള ദൈവികരാജതസ്കരൊപദ്രവങ്ങളെ കൊണ്ടു നി
ക്ഷെപം നശിച്ചുപൊയെങ്കിൽ ആ പ്രകാരം നിശ്ചയം വന്നാൽ സൂക്ഷിപ്പാൻ വാങ്ങി
ച്ചവനെ കൊണ്ടു കൊടുപ്പിക്കയും അരുത। ഇതി സ്മൃ।

ബൃഹസ്പതിഃ। ഭെദെനൊപെക്ഷയാ ന്യാസം ഗ്രഹീതം യദി നാശയാൽ।

യാച്യമാനൊ ന ദദ്യാദ്വാ ദാപ്യസ്തം സൊദയം ഭവെൽ।

സൂക്ഷിപ്പാൻ വാങ്ങിച്ച ന്യാസദ്രവ്യത്തിനെ ഭെദം കൊണ്ടെങ്കിലും ഉപെക്ഷ കൊ
ണ്ടെങ്കിലും നശിച്ചുവെങ്കിൽ ആയവനെക്കൊണ്ടു വാങ്ങിച്ച ദ്രവ്യത്തിന്റെ ഉടയവൻ
ചൊദിക്കുമ്പൊൾ കൊടുത്തില്ലെങ്കിൽ ആയവനെക്കൊണ്ടും അന്നാൾ ദ്രവ്യത്തി
ന വൃദ്ധിശിഷ്ടം കൂടി കൊടുപ്പിക്കെണം। ഇതി സ്മൃ।

യാജ്ഞവല്ക്യഃ। ഭ്രെഷശ്ചെന്മാർഗ്ഗിതെ ദത്തെ ദാപ്യൊ ദണ്ഡം ച തത്സമം।

തന്നിരിക്കുന്ന നിക്ഷെപത്തിന്റെ ഉടയവൻ വന്ന ചൊദിക്കുമ്പൊൾ തിരിയെ കൊ
ടുത്തില്ലെങ്കിൽ പിന്നെത്തതിൽ ദൈവരാജൊപദ്രവം കൊണ്ടു നശിച്ചുപൊയെ
ങ്കിലും ചൊദിക്കാതെ ഇരുന്നതിന നിക്ഷെപം സമമായിട്ടു പ്രായശ്ചിത്തം ചെയ്യി
പ്പിച്ചു ഉടയവന്ന നിക്ഷെപം കൊടുപ്പിക്കെണം। ഇതി സ്മൃ।

വ്യാസഃ। ഭക്ഷിതം സൊദയം ദാപ്യഃ സമം ദാപ്യ ഉപെക്ഷിതം।

കിഞ്ചിന്ന്യൂനം പ്രദാപ്യഃ സ്യാൽ ദ്രവ്യമജ്ഞാനനാശിതം।

കൊടുത്ത

സൂക്ഷിപ്പാൻ കൊടുത്തിരിക്കുന്ന നിക്ഷെപത്തിനെ എടുത്ത് അടക്കിയവനെക്കൊണ്ടു വൃദ്ധിയ
പലിശയും മുതലും ഉപെക്ഷ കൊണ്ടു നശിപ്പിച്ചവനെക്കൊണ്ടും കുറവു വാങ്ങി

ദ്രവ്യത്തിന മാത്രവും പ്രമാദം കൊണ്ട നശിച്ചവനെക്കൊണ്ട പാലിച്ചതിൽ നാലിലൊന്ന കുറച്ച ശിഷ്ടം ഉണ്ണി ദ്രവ്യം ഉടയവന കൊടുപ്പിക്കെണം. ഇതിന്നു।

മനു। യൊ നിക്ഷെപം നാശയതി യശ്ചാനിക്ഷിപ്യ യാചതെ।

താവുഭൌ ചൊരവച്ഛാസ്യൌ ദാപ്യൌ വാ തത്സമം ദമം।

സൂക്ഷിപ്പാൻ ഏറ്റവാങ്ങിയിരിക്കുന്ന നിക്ഷെപത്തിനെ തിരെ തരെണമെന്ന ചൊദിക്കുന്നവനെക്കൊണ്ടും ആ നിക്ഷെപത്തിന സമമായിട്ട ഉടയവൻ ചൊദിക്കുമ്പൊൾ തിരിയ കൊടുക്കാതെ ഇരിക്കുന്നവനെക്കൊണ്ടും നിക്ഷെപം സൂക്ഷിപ്പാൻ കൊടുക്കാതെ ഇരിക്കുമ്പൊൾ തന്നൊട ഞാൻ വാങ്ങിയിരിക്കുന്ന നിക്ഷെപത്തെ തിരിയ തരെണമെന്ന ചൊദിക്കുന്നവനെക്കൊണ്ടും ആ നിക്ഷെപത്തിന സമമായിട്ട പ്രായശ്ചിത്തം ചെയ്യിക്കെണം. അല്ലെങ്കിൽ ചൊരദണ്ഡത്താൽ ദണ്ഡിപ്പിക്കെണം. ഇതിന്നു।

ബൃഹസ്പതിഃ। രഹൊദത്തെ നിധൌ യത്ര വിസംവാദഃ പ്രജായതെ।

വിഭാവകന്ത്ര സ്യാദുഭയൊരപി ചസ്ഥിതം।

രഹസ്യമായിട്ട സാക്ഷി വെക്കാതെ കൊടുത്തിരിക്കുന്ന നിധിയെ ഏടവെട്ട കാര്യത്തിൽ പിന്നെത്തതിൽ തർക്കം വന്നാൽ രണ്ടുപെരിൽ ഒരുത്തരെക്കൊണ്ട സത്യം ചെയ്യിച്ച നിശ്ചയിക്കെണം. ഇതിന്നു।

ഗൃഹീത്വാപഹ്നുതെ ചാസ്തു സാക്ഷിഭിശ്ചൊപലക്ഷിതഃ।

വിഭാവ്യ ദാപ്യെ യന്യാസം തത്സമം വിനയന്തഥാ।

വാങ്ങിച്ച നിക്ഷെപത്തിനുടയവൻ വന്ന പിന്നെത്തതിൽ ചൊദിക്കുമ്പൊൾ ഞാൻ നിക്ഷെപം വാങ്ങിയിട്ടില്ലെന്ന പറഞ്ഞുവെങ്കിൽ നിക്ഷെപം വെക്കുമ്പൊൾ സാക്ഷി വെച്ചിട്ടുണ്ടെങ്കിൽ ആ സാക്ഷിയെക്കൊണ്ട നിശ്ചയിക്കെണം. അല്ലെങ്കിൽ സത്യപ്രമാണത്താൽ നിശ്ചയിക്കെണം. സാക്ഷികൾ വന്ന നിക്ഷെപം കൊടുത്തിരിക്കുന്നതു വരമാത്രമെന്നും സത്യം ചെയ്തു പറഞ്ഞുവെങ്കിലും സത്യദൊഷം പറഞ്ഞുവെങ്കിലും ആയവനെക്കൊണ്ട ആ ന്യാസരൂപ നിക്ഷെപത്തെ ഉടയവനക്കൊടുപ്പിച്ച അത്രയും പ്രായശ്ചിത്തം ചെയ്യിപ്പിക്കെണം. ഇതിന്നു।

ഭിന്നൊദായഃ ഉതൊ യെന ഗൃഹീതൊ വിധിവത്തവാ

ഭിന്നവൽ പ്രദാതവ്യൊ യഥാദായസ്തഥാഗതഃ।

133

രഹസ്യമായിട്ട സാക്ഷിപ്പെടാതെ കൊടുത്തിരിക്കുന്ന നിക്ഷെപദ്രവ്യത്തിനെ
തിരിയവാങ്ങിക്കുമ്പൊൾ രഹസ്യമായിട്ട വാങ്ങിക്കെണം. സാക്ഷിക്കാർ കൊടുക്കു-
മ്പൊൾ ഉള്ളതിൻ പക്ഷം തന്നെ തിരിയ കൊടുക്കുമ്പൊഴും. ഭെദംവരാതെ
ഇരിക്കെണം. എന്നർത്ഥം.

സമുദ്രനാവിയാൽ ഇഞ്ചിട്ട ഉതന്നൊന്ന സംബന്ധരെൽ

അടയാളത്തൊടുംകൂടി കൊടുത്തിരിക്കുന്നതിനെ തിരിയ കൊടുക്കുമ്പൊൾ കാ-
ലം ചെന്ന ഹെതുവായിട്ടന്നതിന കണ്ടിരിക്കുന്ന വസ്തുവിനെ ഷിതന്മ-
ലായതിന്റെ ഉപദ്രവംകൊണ്ടെ ചെതംവന്നുവെങ്കിൽ കൈകൊണ്ടവർക്കും ചെതം
വന്നുവെങ്കിലും കുറവുവാങ്ങിയവനു ദൊഷംവരികയില്ല. കെട്ടുമുദ്ര വസ്ത്രംഎല്ലാം
ഇട്ടുവെങ്കിൽ കൈകൊണ്ടിരുന്നതിൻ പക്ഷം തന്നെ തിരിയ കൊടുക്കെണം. എന്നർത്ഥം.

നാരദഃ। ഏഷ ഏവ വിധിർദൃഷ്ടൊ യാചിതാന്വാഹിതാദിഷു।
ശില്പിഷൂപനിധൌ ന്യാസെ പ്രതിന്യാസെ തഥൈവ ച।

യാചിതാന്വാഹിതാദിദ്രവ്യങ്ങളിലും തട്ടാൻ മുതലായ ശില്പികളിടത്തിൽ പൊന്നാ-
ദിവസ്തു ചെയ്യിക്കുന്നതിനും നന്നാക്കുന്നതിനും കൊടുത്തിരിക്കുന്ന വസ്തുക്കളി-
ലും ഉപനിധിയിലും ന്യാസദ്രവ്യത്തിലും പ്രതിന്യാസത്തിലും സാക്ഷിക്കാർ കൊടുക്കുന്ന
നിധിയെയും തിരിയവാങ്ങിക്കുന്ന വിധിയും അതിൽ ഭെദംവരുത്തിയാൽ പ്രായ-
ശ്ചിത്തം ചെയ്യിക്കെണ്ടും വിധിയും മെലെപ്പൊലെ പ്രകാരമെ ആകുന്നു. പ്രതി-
ന്യാസം എന്റെ വകനിന്റെ വക എന്നും സാക്ഷിക്കാരൊടു പറഞ്ഞുകൊ-
ണ്ടു കൊടുക്കുന്നതു പ്രതിന്യാസം. എന്നർത്ഥം.

കാത്യായനഃ। ക്രയമൂല്യം ചാപി നിക്ഷെപമപഹരെത്തഥാ।
ചക്രവൃദ്ധ്യാ വിവൃദ്ധെത യാവൽ പഞ്ചഗുണം ഭവെൽ।

ക്ഷയദ്രവ്യം ഷിച്ചവാരത്തിൽ ഇടുക്കുന്നതും സാക്ഷിക്കാരൊടു വാങ്ങിച്ച ദ്രവ്യ-
ത്തെ ചൊദിക്കുമ്പൊൾ കൊടുത്തില്ലെങ്കിൽ ആയതവലിശക്കവലിശകൂടി കൊടുക്കെ-
ണം. ഇപ്രകാരമുള്ള പലിശ മുതൽക്ക അഞ്ചുവകൊക്കുന്നെടത്തൊളം വരിക്കും. എന്നർത്ഥം.

യാചിതാന്വാഹിതന്യാസനിക്ഷെപാദിഷ്വയം വിധിഃ।
ത്രിപക്ഷാൽ പരതൊ ദ്രവ്യം ത്രിമാസാൽ ത്രിഗുണം ഭവെൽ।
അന്തൊദയം പ്രവൎത്തെത ചക്രവൃദ്ധിവ്യവസ്ഥയാ।

ദാഴിതന്നെ ഭിതാദികളില്ലെം ഉടയവൻ ചൊദിക്കുമ്പൊൾ തിരിയെ കൊടുത്തി
ല്ലെങ്കിൽ അഞ്ചു വരെക്കും പലിശ പലിശെച്ചു വരും. ചൊദിച്ചനാൾ പത്തു ദിവസ
ത്തിനകം കൊടുത്തില്ലെങ്കിൽ മുതലിന്നു അരപ്പാതിയും കൂടിയും മൂന്നുമാസം കഴിഞ്ഞാ
ൽ മൂന്നു പങ്കും പിന്നെത്തതിലും കടന്നാൽ അഞ്ചു പങ്കു വരെയും പലിശക്കു പലിശ
യും കൂട്ടി കൊടുക്കെണം. ഇതി നിക്ഷെപപ്രകരണം. ൭൫ാമതു.

നാരദഃ । നിക്ഷിപ്തം വാ പരദ്രവ്യം നഷ്ടം ലബ്ധ്വാപഹൃത്യ വാ ।
വിക്രിയതെ സമക്ഷം യൽ തൽ ജ്ഞെയൊ സ്വാമിവിക്രയഃ ।

ഒരുത്തൻ സൂക്ഷിപ്പാൻ കൊടുത്തിരിക്കുന്ന നിക്ഷെപത്തെ എങ്കിലും ഒരുത്തന്റെ വ
ക കാണാതെ കളഞ്ഞുപൊയതിനെ മറ്റൊരുത്തൻ അപഹരിച്ചു വെങ്കിലും അന്യ
ന്റെ വക മൊഷ്ടിച്ചു വെങ്കിലും ഉടയവനെ ബൊധിപ്പിക്കാതെ ഉടയവൻ സമീപ
ത്തും ഇല്ലാതെ ഇരിക്കുമ്പൊൾ മറ്റൊരുത്തൻ വിറ്റു വെങ്കിൽ അയതിനെയും
അസ്വാമിവിക്രയമെന്നു പെരാകുന്നു.

യാജ്ഞവല്ക്യഃ । വിക്രെതുർദ്ദശനാച്ശുദ്ധിസ്സ്വാമിദ്രവ്യം നൃപൊ ദമം ।
ക്രെതാ മൂല്യമവാപ്നൊതി തസ്മാദ്യസ്തത്ര വിക്രയീ ।

ഒരുത്തന്റെ വക മറ്റൊരുത്തൻ അപഹരിച്ചു വിറ്റു വെങ്കിൽ ആ വക കയ്യെ വാങ്ങി
ച്ചവൻ തന്നിക്കു വിറ്റവനെ കാണിച്ചു വെങ്കിൽ വാങ്ങിച്ചവനു ദൊഷം വരിക
യില്ല. തനിക്കു ശുദ്ധി വരുവാനായിട്ടും കൊടുത്ത ദ്രവ്യം സിദ്ധിക്കുന്നതിനായി
ട്ടും വിറ്റവനെ കാണിക്കെണം. ഉടയവനു വാങ്ങിച്ചവനു വസ്തുവകയും കൊ
ടുപ്പിക്കെണം. വിറ്റവനെ കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കെണം. വിറ്റവി
ല വാങ്ങിച്ച ദ്രവ്യം കൊടുത്തവനു കൊടുപ്പിക്കെണം. എന്നത്രെ.

മനുഃ । അപഹാര്യൊ ഭവെച്ചൈവ സാന്വയൻ ഷൾശതം ദമം ।
നിരന്വയൊനപസരഃ പ്രാപ്തസ്സ്യാച്ചൊരകില്ബിഷം ।
അനെന വിധിനാ ശാസ്യഃ കുർവ്വന്നസ്വാമിവിക്രയം ।
അജ്ഞാനാൽ ജ്ഞാനപൂർവ്വന്തു ചൊരവദ്ദണ്ഡമർഹതി ।

മറ്റൊരു സഹായക്കാരനൊടു കൂടി മറ്റൊരുത്തന്റെ വക അപഹരിച്ചു മ
റ്റൊരുത്തനു വിറ്റു വെങ്കിൽ ആ സഹായക്കാരനും വിറ്റവനും വെവ്വെറെ അ

മുന്നൂറ്റ പണം പ്രായശ്ചിത്തം പിഴിച്ചു വാങ്ങിക്കെണം. സഹായക്കാരൻ ഇങ്ങിനെ ഒരുത്തനായിട്ട മെൽ എഴുതിയ പ്രകാരം ചെയ്യുന്നവനെ ചൊരനസമമായിട്ട ദണ്ഡിപ്പിക്കെണം. അറിയാതെ ഒരുത്തന്റെ വക മറ്റൊരുത്തന വിറ്റുവെട്ടിൽ ആയവനെ കൊണ്ടമെൽ എഴുതിയ പ്രകാരം അന്നൂറ്റ പണം പ്രായശ്ചിത്തം ചെയ്യിപ്പിക്കെണം. അതിന്റെ കൊണ്ടമറ്റ ഒരുത്തന്റെ വകയിൽ ഇരുന്നവനെ ചൊരനസമമായിട്ട ദണ്ഡിപ്പിക്കെണം. [illegible]

മനുഃ. അസ്വാമിനാകൃതൊയസ്തുദായൊവിക്രയ ഏവ വാ.

അകൃതസ്സതു വിജ്ഞെയൊ വ്യവഹാരെയഥാസ്ഥിതിഃ.

ഒരുത്തന്റെ വക ഉടയവന അറിയാതെ ഇരിക്കുന്ന മറ്റൊരുത്തൻ മറ്റൊരുത്തന വില്ക്കുന്നതും മറ്റൊരുത്തൻ വാങ്ങിച്ചതും സിദ്ധിക്കയില്ല. [illegible]

കാത്യായനഃ. അസ്വാമിവിക്രയം ദാനമാധിം ച വിനിവർത്തയെൽ.

ഉടയവൻ അല്ലാത്തവൻ വിറ്റതും ദാനം ചെയ്തതും പണയം വെച്ചതും വാങ്ങിച്ചവന സിദ്ധിക്കയില്ല. ഉടയവന താനെ കൊടുപ്പിക്കെണം. [illegible]

നാരദഃ. അദൃശ്യമസ്വാമിവിക്രീതം പൂർവ്വസ്വാമി തദാപ്നുയാൽ.

സംഭൊഗശ്ശുദ്ധത്വെയത്രതൂദ്ധത്വതാശമഃ.

ഖഷിൽ കാരണം യത്ര ന സംഭൊഗ ഇതി സ്ഥിതിഃ.

ഒരുത്തന്റെ വക മറ്റൊരുത്തൻ വിറ്റുപൊയെടത്തിൽ വകക്ക ഉടയവന തന്നെ ആ വക സിദ്ധിക്കും. വെലം വരയിട്ടം ഇരുവർ കരം കാലികൾ മുതലായ മറ്റൊരുത്തന്റെ വക മറ്റൊരുത്തൻ എഴുത്തവിറ്റുവെട്ടിൽ പിന്നെ അതിൽ ആ വകക്ക ഉടയവൻ ഞാനെന്നും രണ്ടുപെര തർക്കിച്ചുവന്ന വെട്ടിൽ തന്റെ വകയെന്നുള്ളതിന്ന പ്രമാണമെന്തെന്ന രണ്ടുപെരൊടും ചൊദിക്കുമ്പൊൾ ഒരുത്തൻ അനുഭവപ്രമാണത്തെയും മറ്റൊരുത്തൻ ലെഖ്യാദിപ്രമാണത്തെയും സാധകമായിട്ട പറഞ്ഞാൽ അപ്പൊൾ ലെഖ്യമുള്ളവന തന്നെ കാര്യം സിദ്ധിക്കും. [illegible]

യാജ്ഞവല്ക്യഃ. സ്വംലഭെതാന്യവിക്രീതം ക്രെതുർദ്ദൊഷൊപ്രകാശിതെ.

ഹീനാദ്രഹൊഹീനമൂല്യെ വെലാഹീനെ ച തസ്കരഃ.

ഒരുത്തന്റെ വക മറ്റൊരുത്തന വിറ്റുവെട്ടിൽ ആ വകക്ക ഉടയവന സിദ്ധിക്കും. വാങ്ങി

ച്ചവൻ തന്റെ വിറ്റവനെ കാണിച്ചിട്ടില്ലെങ്കിലും നാലുതട സമ്മാരെ വെച്ചുംകൊ
ണ്ട പ്രകാരമായിട്ട വിശേഷത്തുവില കൊടുത്ത വാങ്ങിച്ചുവെങ്കിൽ ദോഷം വരിക
യില്ല. പ്രകാരമല്ലാതെ രഹസ്യമായിട്ട വാങ്ങിച്ചുവെങ്കിലും ഒട്ടുംവകയില്ലാതെ
നിക്കുന്നവൻ വിലെക്കവിൽക്കാൻ കൊണ്ടുവന്നവക അവന എത്തു പ്രകാരമുണ്ട
യെന്നും ചോദിച്ചയോതെ ഇരക്ഷാള്ളയായിരിക്കുന്നവനൊട വാങ്ങിച്ചുവെങ്കി
ലും അതിന സമമായിട്ടുപകരം തലംവിട്ടു കൊടുക്കയെങ്കിലും ചെയ്യെണം.
വാങ്ങിച്ചവന സത്യമുണ്ടെങ്കിൽ വില ചെലവിച്ച വാങ്ങിച്ച ദ്രവ്യത്തിനെ തിരി
യെ കൊടുക്കയെങ്കിലും ചെയ്യെണം. അസ്വാമിവിക്രയപ്രകരണം. ഇനി സം
ഭൂയ സംസ്ഥാനപ്രകരണം. ശ്ലൊ.

വണിക്പ്രഭൃതയൊയത്ര കമ്മസംഭൂയ കുവ്വതെ।
തത്സംഭൂയ സമുത്ഥാനം വ്യവഹാരപദംസ്മൃതം।

അഞ്ചെട്ടുപേർ കൂടി ചെയ്യുന്ന കൂട്ടുകൃഷി പണിസംഗതി മുതലായതിന്റെ വിധി
യും ലാഭത്തിനായിട്ട അഞ്ചെട്ടു വ്യാപാരികൾ കൂടി ചെയ്യുന്ന കൂട്ടുകച്ചവടം മുതലായ
കമ്മത്തിന്റെ വിധിയും അതിൽ വരുന്ന ലാഭച്ചെതം വിഭാഗിക്കെണ്ടും പ്രകാരവി
ധിയും ഈ പ്രകാരം തന്നെ ബ്രാഹ്മണർ കൂടി ചെയ്യുന്ന ഗായത്രികൾ കൊടുക്കുന്ന ദ
ക്ഷിണ ദ്രവ്യത്തിനെ പകുത്തെടുക്കെണ്ടും പ്രകാരത്തെയും ചൊല്ലുന്ന പദത്തിന്നെ
വ്യവഹാരവിഷയമായിട്ടുള്ള സംഭൂയസംസ്ഥാനമെന്നു പെര. ശ്ലൊ൧.

ബൃഹസ്പതിഃ। അശക്താലസരൊഗാർത്തമന്ദഭാഗ്യവിശാശ്രയാഃ।
വാണിജ്യാദ്യാസഹൈതൈസ്തുനകർത്തവ്യാബുധൈഃക്രിയാ।

അശക്തന്മാരൊടും വെല എടുക്കുന്നതിന മടിച്ചിരിക്കുന്നവരൊടും മന്ദഭാഗ്യന്മാ
രൊടും മൂലധനമില്ലാത്തവരൊടും രൊഗികളൊടും മെൽ എത്തിയക്കൂട്ടുക
ച്ചവടം മുതലായത ചെയ്യരുത. ശ്ലൊ൨.

കുലീനദക്ഷാനലസൈഃ പ്രാജ്ഞൈർന്നാണകവെദിഭിഃ।
ആയവ്യയജ്ഞൈശ്ശുചിഭിശ്ശൂരൈഃ കുര്യാത്സഹക്രിയാ।

നല്ല കുഡുംബത്തിൽ ജനിച്ചവരായും സമർത്ഥന്മാരായും വെല ചെയ്യുന്നതിന ഉത്സാഹി
കളായും വിദ്വാന്മാരായും നാണയപരീക്ഷ ഗ്രഹിച്ചവരായും ആദായം ചിലവങ്ങളെ

യുന്നവരായും കപടമില്ലാത്തവരായും ശൌര്യമുള്ളവരായും ഇരിക്കുന്നവരൊടും
കൂട്ടു കച്ചവടം മുതലായത ചെയ്യെണം। ഈ പ്രകാരമുള്ള ഗുണങ്ങളിൽ കഴി
ക്കപ്പെട്ടിരിക്കുന്ന ഗുണമുള്ളവരൊടു കൂടെ ചെയ്തു കൊള്ളെണം। ഇതിന്നു।

നാരദഃ। സമൈതിരക്കാരിഭിർനൊപത്രാംശൊദയസ്യയദൃശം।
ക്ഷയവൃദ്ധിയെതഥാപ്രവൃദ്ധിഃ തത്ര തസ്യ തഥാവിധാഃ।

ഒരൊരുത്തരും കൂടിവിധിച്ച ധനം എടുത്ത ലാഭത്തിന്നായിട്ട ചെയ്യുന്നവരുടെ
കൂട്ടു കച്ചവടം കൂട്ടു കൃഷി മുതലായതിൽ അവനവൻ എടുത്തിരിക്കുന്ന ദ്രവ്യത്തിന്റെ
സംഖ്യപൊലെയും അവനവൻ എടുക്കുന്ന ദ്രവ്യ വൃദ്ധിപൊലെയും ആ ദ്രവ്യ
ത്തിന്റെ ലാഭം കൊടുക്കെണമെന്നും ചെലവിന്നു ഇന്ന പ്രകാരമെന്നും
ഒരൊരുത്തരും കൂടി സമ്മതിച്ച വെച്ചിരിക്കുന്ന ചട്ടത്തിൽ അതിന്റെ പലിശയും ലാഭ
ചെതം ചിലവ മുതലായതും വിധിച്ച അവരവരുടെ അംശത്തിന്നുള്ളത് അവരവർ
എടുത്തു കൊള്ളെണം। ഇതിന്നു।

പരീക്ഷ്യ ഭാക്തിരണ്ടുതയൈവവൊ ക്താപരസ്പരം।
സമുദ്ധൈതൽ വഞ്ചനായാം നചെച്ചിദ്ധെഷ സംശയം।

മെൽ എഴുതിയ പ്രകാരം ഒരൊരുത്തരും കൂടി വ്യവഹാരം മുതലായത ചെയ്യുന്നവരുടെ
ചാൾ വിററവകയിലെങ്കിലും വാങ്ങിച്ച വകയെങ്കിലും വിലക്കുറവിന്നു സംശയ മു
തലായത ഒരുത്തന്നെ നെട്ടത്തിൽ വന്നാൽ കൂടിയിരിക്കുന്നവരൊക്കെയും തമ്മിൽ ചെ
തമില്ലാത്തവരെങ്കിൽ അവര തന്നെ കൂടിയിരുന്ന വിചാരിച്ചു കൊള്ളെണം।
ഇതിന്നു।

കശ്ചിച്ചണക്ക തെഷാം വിക്രോതം ക്രയവിക്രയെ।
ശപഥൈസ്സവിശൊദ്ധ്യസ്സ്യാൽ സർവ്വവാദെഷ്വയംവിധിഃ।

കൂട്ടു കച്ചവടം മുതലായത ചെയ്യുന്നവരുടെ പക്ഷത്തിൽ തമ്മിൽ തെളിഞ്ഞില്ലെങ്കിൽ ഒരുത്തൻ
ഒരു ചരക്ക വിറ്റതിലെങ്കിലും വാങ്ങിച്ചതിലെങ്കിലും വിലവിത്യാസമായിട്ട
വഞ്ചനം ചെയ്തിരിക്കുന്നു എന്ന മറെറാരുത്തന്നു സംശയം വന്നാൽ അപ്പൊൾ
സത്യ സ്മാരസത്യ പ്രമാണം കൊണ്ടു ശുദ്ധനെന്നു നിശ്ചയം വരുത്തെണം।
ഇതിന്നു।

യാജ്ഞവല്ക്യഃ। ജിഹ്മം ത്യജെയുർന്നിർല്ലാഭമശക്തൊന്യെന കാരയെൽ।

മെൽ എഴുതിയ പ്രകാരം സത്യ പ്രമാണത്താൽ എങ്കിലും സാക്ഷിവിചാരത്താ

ലെങ്കിലും ക്രയവിക്രയങ്ങളിൽ വ്യാജവിശ്വാസം കാണിച്ച അശുദ്ധനെന്നു നിശ്ചയം
വന്നാൽ അവന്റെ വിത്തത്തിനു തക്കലാഭത്തെ എടുത്തുംകൊണ്ട അവനെ കൂട്ടുകച്ച
വടം മുതലായതിൽ നിന്ന ശെഷമുള്ളവരെല്ലാവരും കൂടി നീക്കിക്കൊള്ളെ
ണം. കൂടി കിടക്കുന്നതിൽ ഒരുത്തന കച്ചവടം മുതലായത കൂടായ്കരുന്നു ശ്രമിച്ചു
നടത്തുന്നതിന ശക്തി ഇല്ലെങ്കിൽ പെരിട്ടു നെരമായിട്ടുള്ളതിൽ ഒരുത്തനെ
ക്കൊണ്ട നടത്തിക്കൊള്ളെണം. ഇതിന്നു।

ക്ഷയഹാനിസ്ത്വാതതൊ ദൈവരാജകൃതാദ്ഭവെൽ।
സർവ്വെഷാമവസം പ്രൊക്താ കല്പിതിയായഥാംശതഃ।

മെലെഴുതിയപ്രകാരം കൂട്ടുകച്ചവടം മുതലായതിനെ ചെയ്യുമ്പൊൾ ദൈവൊ
പദ്രവം കൊണ്ടെങ്കിലും രാജൊപദ്രവം കൊണ്ടെങ്കിലും ചില മുതലായതിന ഹാ
നിവന്നുവെങ്കിൽ ആയതിനെ അനുസരിക്കാതെ പൊരുതപ്പെടുത്തിന ചെയ്തവ
രുത്തിയെങ്കിൽ ആയത ദ്രവ്യസംഖ്യയിട ശെഷം പത്ത അവന്തന്നെ കൊടുക്കെണം.
(ഇതിന്നു।)

നാരദഃ। ദൈവതസ്കരരാജാഗ്നിവ്യസനെ സമുപസ്ഥിതെ।
യസ്തൽ സ്വശക്ത്യാ രക്ഷെത്തസ്യാംശൊ ദശമസ്മൃതഃ।

ദൈവൊപദ്രവം കൊണ്ടെങ്കിലും ചൊരന്മാരുടെ ഉപദ്രവം കൊണ്ടെങ്കിലും ഒരു
ത്തൻ മെലെഴുതിയപ്രകാരം ദൈവഭയം മുതലായതിൽ നിന്നും ഹാനിവരാ
തെ രക്ഷിച്ചുവെങ്കിൽ ആയവനെ രക്ഷാംശമായിട്ട രക്ഷിച്ച ദ്രവ്യത്തിന പത്തി
നൊന്നു കൊടുക്കെണം. ഇതിന്നു।

ഏകസ്യ ചെത്പ്രമരണം ദായാദൊസ്യ തദാപ്നുയാൽ।
അന്യൊ വാസതി ദായാദെ ശാസ്ത്രഃ സർവ്വെ ഥവാപരാഃ।

ഒരുത്തൻ മരിച്ചുപൊയെങ്കിൽ അവന്റെ വകയായിട്ടുള്ള ദ്രവ്യം മുതലായത മെൽ
എഴുതിയപ്രകാരം കൂട്ടുകച്ചവടം മുതലായത ചെയ്യുന്നവരുമ്പൊൾ ദായാദിക്കാരൻ
മരിച്ചുപൊയവൻ നടത്തിവന്ന കാര്യത്തെയും നിർവ്വഹിച്ചുകൊള്ളെണം. ദായാദി
ക്കാരനില്ലെങ്കിൽ കൂട്ടുവ്യാപാരം മുതലായത ചെയ്യുന്നവരെല്ലാവരും ആ കാര്യം വി
ചാരിച്ച വിതം എടുക്കയും ആം. ഇതിന്നു।

ബൃഹസ്പതിഃ। രാജാ ദദ്യാത് ഷട്ഭാഗം നവമം ദ്വാദശന്തഥാ।

ക്ഷത്രവിൾശൂദ്രജാതാനാം വിപ്രാദ്യൈസ്ത്രിംശതാ।

മെൽ പറഞ്ഞ പ്രകാരം ഉള്ള ദ്രവ്യത്തിൽ ശൂദ്രന്റെ വക എങ്കിൽ ആറിലൊന്ന ക്ഷത്രിയന്റെ വക എങ്കിൽ ഒമ്പതിലൊന്ന വൈശ്യന്റെ വക എങ്കിൽ പന്ത്രണ്ടിലൊന്നും ബ്രാഹ്മണന്റെ വക എങ്കിൽ ഇരിവതിലൊന്നും രാജാക്കൾ എടുക്കെണം. ഇത്യൎത്ഥഃ।

മനുഃ। പ്രണഷ്ടസ്വാമികം രിക്ഥം രാജാ ത്ര്യബ്ദം നിധാപയെൽ।

അൎവാൿ ത്ര്യബ്ദാദ്ധരെൽ സ്വാമീ പരെണ നൃപതിൎഹരെൽ

മരിച്ചു പൊയവന്റെ വസ്തുവകകൾ ആരുടെ തന്നെ ഉടയവർ ഇല്ലെങ്കിൽ പണ്ടാരവകയിൽ തന്ന വസ്തുവകകൾ എഴുതിച്ച രാജാവ മൂന്നു സംവത്സരം വരെയും രക്ഷിച്ചു വെക്കെണം. മൂന്നു സംവത്സരത്തിന്നകം ഉടയവരാരും വന്നില്ലെങ്കിൽ പിന്നെ അതിനെ രാജാവ തന്നെ എടുത്തുകൊള്ളെണം. ഇത്യൎത്ഥഃ।

നാരദഃ। അസ്വാമികമദായാദം ദശവൎഷസ്ഥിതം തതഃ।

രാജാ തദാത്മസാൽ കുൎയ്യാൽ എവം ധൎമ്മൊ ന ഹീയതെ।

മരിച്ചു പൊയവന്റെ വസ്തുവക പണ്ടാരവകയിൽ തന്നെ കണ്ടെഴുതി വെച്ചു സംവത്സരം പത്തും രക്ഷിച്ച അതിന്നകം ആരും ഉടയവൻ വന്നില്ലെങ്കിൽ പിന്നെ അതിനെ രാജാവ എടുത്തുകൊള്ളെണം. ഇപ്രകാരം ചെയ്താൽ ധൎമ്മത്തിന്ന കുറവു വരികയില്ല. ഇതി വണിഗ്വിധിഃ। ഇത്യൎത്ഥഃ। ഇനി കൃഷികളുടെ വിധിയെ ചൊല്ലുന്നു।

ഋത്വിജം വ്യസനെ ചൈവ മനുഷ്യൽ കൎഷിതൈഃ।

ലഭെത ദക്ഷിണാഭാഗം സമസ്താൽ പരികീൎത്തിതം।

ഇത്യാദി വൈദിക വ്യവഹാരങ്ങൾ। ഇനി കൃഷിക്കാരുടെ വിധി। ഇത്യൎത്ഥഃ।

ശ്രൂയതാം കൎഷകാദീനാം വിധാനമിദമുച്യതെ।

ബാഹ്യകൎഷകമിത്രാദ്യൈഃ ക്ഷെത്രൊപാകരണെന ച।

യെ സമാനന്തു തെഷാം തു കൃഷിഃ കാൎയ്യാ വിജാനതാം। കൃഷിക്കു വെണ്ടുന്ന കാളകളും ആയുധങ്ങളും വിത്തുവക മുതലായതും ഇല്ലാതെ കലപ്പ മുതലായ ഉപകരണങ്ങളും ഓരൊ വകകളൊടു കൂടിയിരിക്കുന്നവരൊടു കൂടി കൃഷി ചെയ്യെണം. ഇത്യൎത്ഥഃ।

പശ്ചിമനഗരദ്വാരെ ശതഹസ്താ രാജാവ ... ച।

ഊഷരമൂഷികവ്യാപ്താ ക്ഷെത്രം യത്നെന വൎജ്ജയെൽ।

പൎവ്വതസമീപത്തിലും നഗരങ്ങളുടെ സമീപത്തിലും രാജാവ പൊറുക്കുന്ന മാൎഗ്ഗത്തി
ന്റെ സമീപത്തിലും ഇരിക്കുന്ന നിലങ്ങളും ഓരുള്ള ഇനിലവും കൃഷിക്കവൎജ്ജിതങ്ങ
ഇത്യൎത്ഥം।

ഗൎത്താന്വിതം സപാഷാണം സമന്താൽ ക്ഷെത്രസംവൃതം।
സ്വകൃഷ്ടം ച കൃതം കാലെ പാപയെൽഫലമശ്നുതെ।

വെള്ളം നിറെക്കുന്നതിന്റെ സമീപത്തിൽ ഉള്ളതായും വെള്ളം കെട്ടുവ
ന്നനനെ ചേൎന്ന്പ്രയാസമില്ലാത്തതായും നാലുപുറത്തിലും അയലുള്ളതായും
ഉഴുവാൻ പാടുള്ളതായും ഇരിക്കുന്ന നിലങ്ങളിൽ അതതു കാലത്തിൽ വിത്ത
കൃഷിയിട്ടാൽ അതിന്റെ ഫലം സിദ്ധിക്കും। ഇത്യൎത്ഥം।

കൃശാതിവൃദ്ധം ക്ഷുധാതരൊഗിണാം പ്രബലാദിനം।
കാണം പലമ്പനാദൃതാദ്യുൾപ്രാജ്ഞഃ കൃഷീബലഃ।

ഏറ്റെയും കൃശമായും വയസ്സു ചെന്നതായും രൊഗം പിടിച്ചതായും. ഉഴവിനു പൊരാ
തെ ഓടിയൊടി പൊകുന്നതായും മൂക്കു പൊട്ടിയതായും കൈകാൽ മുടങ്ങിയതായും
നാസമിതായും
ഇരിക്കുന്ന കാള ഉഴവിന്നരുത। സമൎത്ഥനായിട്ടുള്ള കൃഷിക്കാരൻ പെട്ടെന്നതൊ
ഷങ്ങൾ ഇല്ലാതെ ഇരിക്കുന്ന കാളയെ വാങ്ങെണം। ഇത്യൎത്ഥം।

ഏകാന്ത സമാപ്താൎത്ഥഃ കൎഷകാണാം പുരാതനഃ।

മെൽ പെട്ടതിൻപ്രകാരം ചെയ്യുന്നതു മുമ്പിലെ ഉള്ള കൃഷിക്കാരുടെ ധൎമ്മമെന്നും
ചൊല്ലപ്പെട്ടു। ഇതി കൎഷകവിധി। ഇത്യൎത്ഥം।

ഹെമകാരാദയൊ യത്ര ശില്പം സംഭൂയ കുൎവ്വതെ।
കൎമ്മാനുരൂപം നിൎദ്ദെശം ലഭെരംസ്തെ യഥാംശതഃ।

പണി ചെയ്യുന്ന ശില്പികൾ നാലഞ്ചാളായിട്ടു കൂടി ഒരു പണി ചെയ്യുമ്പൊൾ അ
വരവര ചെയ്ത പണിക്കു തക്ക പങ്കും അവരവൎക്കു വിതം ഉള്ള കൂലി അവരവൎക്ക്
സിദ്ധിക്കും। ഇത്യൎത്ഥം।

കാത്യായനഃ। ശിക്ഷകാഭിജ്ഞകുശലാചാൎയ്യാശ്ചെതി ശില്പിനഃ।
ഏകദ്വിത്രിചതുൎഭാഗാൻ ലഭെരംസ്തെ യഥൊത്തരം।

ശില്പികൾ നാലുവിധം। ശിക്ഷകനെന്നും കുശലനെന്നും ആചാൎയ്യനെന്നും ഇപ്രകാരം
നാലുവിധം। പണി ചെയ്യിക്കുന്നവൻ ശിക്ഷകൻ। ഗുണദൊഷം അറിയുന്നവൻ അ

ദിത്തൻ. പണിചെയ്യുന്നവൻ ഒരു പണം. ദിനം പണം മുതലായ പണികളുടെ പ്രമാണ
ങ്ങൾ ഞാൻ പറഞ്ഞിട്ടു കൊടുക്കുന്നവൻ ആചാര്യൻ. ഇവരെല്ലാവരും കൂടി
ചെയ്യുന്ന പണിയിൽ വരുന്ന ദ്രവ്യം ആചാര്യന്മാർക്കു നാലു പങ്കും പണിചെയ്യു
ന്നവനു മൂന്നു പങ്കും ചൊല്ലി കൊടുക്കുന്നവന് ഒരു പങ്കും. ഇപ്രകാരം വിഭജിച്ചു
കൊടുക്കേണം. എന്നത്രെ.

ബൃഹസ്പതിഃ. ഹൎമ്മ്യം ദെവഗൃഹം വാപി ധാൎമ്മികൊപസ്കരാണിച.
സംഭൂയ കുൎവ്വതാന്തെഷാം പ്രമുഖൊ ദ്വ്യംശമൎഹതി.

അമ്പെട്ടു ശില്പികൾ കൂടി മെട മുതലായതും ദെവാലയങ്ങളും ഉണ്ടാക്കിയാൽ അ
തിൽ മുഖ്യനായിരിക്കുന്നവന് അവർ പണിയിൽ വരുന്ന സമ്മാനം മുതലായ
ദ്രവ്യത്തിന് പാതി കൂടെ എല്ലാം കുറയ കൂടി കൊടുക്കേണം. തൊൽപണിചെ
യ്യുന്നവരുടെ വിധത്തെയും ഇപ്രകാരമെന്നു കല്പിക്കുന്നു. എന്നത്രെ.

നൎത്തകാനാമെഷ എവ ധൎമ്മ സത്ഭിരുദാഹൃതഃ.
താലജ്ഞൊ ലഭതെ ത്വൎദ്ധം ഗായകാസ്തു സമാംശിനഃ.

മൊഹിനിയാട്ടം മുതലായ ആട്ടക്കാൎക്കു ലഭിക്കുന്ന ദ്രവ്യം പകുത്തെടുക്കുന്ന വിധി ശില്പികളുടെ വിധി പൊ
ലെയത്രെ ആകുന്നു. ഇതിൽ വിശെഷം താളക്കാരനും ഉള്ളവന് രണ്ടു പങ്കും പാട്ടുകാര
നും ശെഷം എല്ലാവരും സമമായിട്ട് എടുത്തുകൊള്ളേണം. ഇതു ശില്പിനൎത്തകാനാം ദ്ര
വ്യവിഭാഗഃ. എന്നത്രെ.

കാത്യായനഃ. പരരാഷ്ട്രം ധനം യത്ര ആൽചൊരൈ സ്വാമ്യാജ്ഞയാഹൃതം.
രാജ്ഞെ ദശാംശം ദത്വാ തു വിഭജെരന്യഥാവിധി.

രാജാവിന്റെ ആജ്ഞ ഇരിക്കുന്ന കാവക്കാർ മുതലായ ചാരന്മാരെ വരുത്തിത്ത
ന്റെ ശത്രുവായിട്ടുള്ളവന്റെ രാജ്യത്തിൽനിന്ന കൊള്ളയിട്ട ദ്രവ്യങ്ങൾ കൊ
ണ്ടുവരെണമെന്നും പറഞ്ഞയച്ചു കല്പനയൊടും കൂടി മെലെഴുതിയ ചാരന്മാർ മു
തലായിട്ടുള്ളവർ ശത്രുവിന്റെ രാജ്യത്തിൽ ചെന്നു കൊള്ളയിട്ടു കൊണ്ടുവന്ന
ദ്രവ്യത്തിൽ രാജാവിനെ പത്തിലൊരു പങ്കു കൊടുത്ത ശിഷ്ടമുള്ള ദ്രവ്യങ്ങളെ
ചാരന്മാർ വിധിപ്രകാരം പകുത്തെടുത്തുകൊള്ളേണം. എന്നത്രെ.

ചാരണഃ കൃത്യഭൃതശ്ചതുരൊംശാന്തതൊഹരെൽ.
ശൂരൊംശന്തു സമന്താചെന ശെഷന്തൈകമെവചാ.

മെൽ എഴുതിയ ചൊരന്മാരിൽ പ്രമാണമായിട്ടുള്ളവനെ രാജഭാഗം തീർക്കെണ്ടു
മുള്ളതിൽ നാലുപങ്കും അതിൽ ശൂരനായിട്ട ആയുധം എടുത്ത യുദ്ധം ചെയ്യുന്നവന ര
ണ്ടുപങ്കും ശെഷമുള്ളവർ ഒരുപങ്കും വിധിച്ച എടുത്തു കൊള്ളെണം. എന്നാറെ।

തെഷാം ചെൽ പ്രസൃതാനാം യൊ ഗ്രഹണം സമവാപ്നുയാൽ।

തസ്മൈ രക്ഷണായ തദ്ദത്തം പരൈയ്യൽ ക്ഷതൊ ദശാംശതഃ।

ശത്രുരാജ്യത്തിൽ കൊള്ളയിടുവാൻ പൊയതിൽ ഒരുത്തനെ ശത്രുവിങ്കൽ പിടി
ച്ചെയാൽ ആയവനെ വിടുക്കുന്നതിനായിട്ട ചിലവിടുന്ന ദ്രവ്യങ്ങളും മെൽ എഴു
തിയ പ്രകാരം തന്നെ പ്രമാണക്കാരന നാലുപങ്കും ശെഷം ഉള്ളവർ വീതം പൊലെ
യും ചിലവിടെണം. എന്നാറെ।

ബദ്ധനാം സമ്മതൊ യസ്തു ദദ്യാദെ മൊചനം നരഃ।

കരണം കാരയെച്ചാപി സര്വൈരെവ കൃതം ഭവെൽ।

കൂട്ടുകച്ചവടം മുതലായതിൽ കൂടിയിരിക്കുന്ന എല്ലാവൎക്കും സമ്മതനായിട്ടിരിക്കുന്ന
വൻ ധനത്തെ കൊടുക്കയെങ്കിലും കരണം എഴുതി വാങ്ങിക്കയെങ്കിലും ചെയ്താൽ ആ
യത എല്ലാവരും കൂടി ചെയ്തതിന സമമെന്ന തൊന്നുകുന്നു. ഇതി സംഭൂയസമുത്ഥാന
പ്രകരണം സമാപ്തം. ഇനി ദത്താപ്രദാനവിധി. എന്നാറെ।

നാരദഃ। ദത്വാദ്രവ്യമസമ്യഗ്യഃ പുനരാദാതുമിച്ഛതി।

ദത്താപ്രദാനികം നാമ തദ്വിവാദപദം സ്മൃതം।

പശുമാൾക്കൊടായിട്ട ദാനം ചെയ്തും വെച്ച ആയതിനെ തിരിച്ചുതരെണമെന്ന ഇച്ഛിച്ചു
വെങ്കിൽ അപ്പൊൾ ഇന്ന ദാനം സിദ്ധിക്കുമെന്നും ഇന്നത സിദ്ധിക്കയില്ലെന്നും ഇന്ന
ത ദാനം ചെയ്യാമെന്നും ഇന്നത ദാനം ചെയ്യരുതെന്നും ഉള്ള വിധികളെ ചൊല്ലുന്നു.
വ്യവഹാരപദത്തിന ദത്താപ്രദാനമെന്ന പെര. എന്നാറെ।

അദെയമഥ ദെയഞ്ച ദത്തഞ്ചാദത്തമെവ ച।

വ്യവഹാരെഷു വിജ്ഞെയൊ ദാനമാൎഗ്ഗശ്ചതുർവ്വിധഃ।

ഇന്നവക ദാനം ചെയ്യുന്നതിന യൊഗ്യമായിട്ടുള്ളതെന്നും ഇന്നവക ദാനം ചെയ്വാൻ
യൊഗ്യമല്ലെന്നും ഇന്നപ്രകാരം ദാനം ചെയ്താൽ ആയതിനെ തിരിച്ചുവാങ്ങിക്കരുതെന്നും
ഇന്നപ്രകാരം ദാനം ചെയ്താൽ ആയതിനെ തിരിച്ചുവാങ്ങിപ്പാൻ ന്യായമുണ്ടെന്നും ഇപ്രകാ

രം ദാനമാൎഗ്ഗം നാലുവിധം। ൧൧।

തത്രാഷ്ടാവപ്യദേയാനി ദേയമേകവിധം സ്മൃതം।

ദത്തം സപ്തവിധം വിദ്യാദദത്തം ഷോഡശാത്മകം।

മെൽപ്പറ്റിയതിൽ ദാനം ചെയ്വാൻ പാടില്ലാത്തവക എട്ടുവിധം, കൊടുത്തവക തിരിച്ചു വാങ്ങിപ്പാൻ ന്യായമില്ലാത്തവക ഏഴുവിധം, ദാനം ചെയ്തുവെങ്കിലും തിരിച്ചുവാങ്ങിപ്പാൻ യൊഗ്യമുള്ളതു പതിനാറുവിധം, ൧൧൮।

നാരദഃ। അന്വാഹിതം യാചിതകമാധിസ്സാധാരണഞ്ച യത്।

നിക്ഷേപഃ പുത്രദാരശ്ച സൎവ്വസ്വഞ്ചാന്വയേ സതി।

അന്വാഹിതദ്രവ്യം ഒരുവനായിട്ടു വാങ്ങിച്ചതും പണയം വാങ്ങിച്ചതും അഞ്ചെട്ടു പെൎക്ക് ഒരുത്തനെപ്പോലെ എല്ലാവൎക്കും സമമായിട്ട സ്വതന്ത്രമുള്ള പൊരുളും സൂക്ഷിപ്പാൻ വാങ്ങിച്ചിരിക്കുന്ന നിക്ഷെപദ്രവ്യം പുത്രന്മാരും ഭാൎയ്യമാരും സന്തതി ഉണ്ടാകുമ്പൊൾ സന്തതിക്കു വരുത്തുവക വകയിൽ കൊടുക്കാതെ പൊരുൾ പലയായിട്ടു ഉള്ളതിരിക്കുമ്പൊൾ സൎവ്വസ്വവും ഇപ്രകാരമുള്ള എട്ടുവകകൾ ദാനം ചെയ്വാൻ യൊഗ്യമല്ലാത്തത പുത്രനെന്നു പറഞ്ഞതിൽ ഏകപുത്രനെന്നെയും എങ്കിൽ കൂടെ ഒരു പുത്രനെയും ബഹുപുത്രന്മാരെങ്കിൽ ആദിയിൽ ജ്യെഷ്ഠപുത്രനെയും ദാനം ചെയ്വാൻ പാടില്ലാ എന്നു താല്പൎയ്യം। ൧൧൨।

അവന്ധ്യാപിവിക്ഷ്യാന്യവൽമാനെന ദേഹിനാം।

അദേയാന്യാഹുരാചാൎയ്യാ യച്ചാന്യൽ പ്രതിശ്രുതം।

വല്യതായിട്ടു ഉള്ളൊരു ആപത്തു വന്നുവെങ്കിലും മെൽപ്പറ്റിയ എട്ടുവകകളും ഒരുത്തനു ഉള്ളതു ദാനം ചെയ്തതരാമെന്നും വാക്കുകൊണ്ടു പ്രതിജ്ഞ ചെയ്തു മറ്റൊരുത്തനെ ദാനം ചെയ്തുകൂടാ। ൧൧൩।

ക്രമാഗതം ഗൃഹക്ഷെത്രം പിത്ര്യം പൈതാമഹം തഥാ।

പുത്രപൌത്രസമൃദ്ധിന്യമദെയമിദമാജ്ഞയാ।

മുത്തപ്പൻ അപ്പൻ മുതലായ പൂൎവ്വന്മാരുടെ പാരമ്പൎയ്യമായിട്ട കുടുംബവകയായിരിക്കുന്ന ഭവനം നിലം പുരയിടം മുതലായതു പുത്രപൌത്രന്മാർ മുതലായിട്ടവരും കു വ്യം ചെത്തിൽ അതുകൾ ഉണ്ടായിരിക്കുമ്പൊൾ അവരൊട ചൊദിച്ചു സമ്മതം വരുത്തി

കൊള്ളാതെ ദാനം ചെയ്യരുത. ൬൭൫

മനുഃ. യജ്ഞാൎത്ഥം മനുഷ്യന്മാർ കൎമ്മിഷ്ടിദ്രാവതെയനം.

ശൂദ്രാശൂദ്രാദ്ധനാത്തൊദെയം തെനനത്ൎദ്ദവെൽ.

യാഗക്രിയ മുതലായത കഴിക്കെണ്ടുന്ന യാചകന്മാരെന്നമെന്ന ചൊദിച്ച ദ്രവ്യത്തെ വാങ്ങിച്ചും കൊണ്ട മെൽപറഞ്ഞ ക്രിയ കഴിക്കാതെ ഇരിക്കുന്നു എങ്കിൽ ആ ദ്രവ്യത്തെ തിരിച്ചു വാങ്ങിപ്പാൻ യാചകം കൊടുത്തവന ന്യായമുണ്ട. വാങ്ങിച്ചവൻ മെൽപറഞ്ഞ ക്രിയയും കഴിക്കാതെ ദ്രവ്യത്തെയും കൊടുക്കാതെ ഇരിക്കുന്നു എങ്കിൽ പ്രായശ്ചിത്തം ചെയ്യെണം. ൬൭൬

കുഡുംബഭരണാദ്ദ്രവ്യം യൽകിഞ്ചിദതിരിച്യതെ.

തദ്ദെയമപരദ്ദ്യാന്നാ ദദദ്ദൊഷമവാപ്നുയാൽ.

ദാനം ചെയ്‌വാൻ യൊഗ്യമായിട്ടുള്ളതിനെ ചൊല്ലുന്നു. കുഡുംബ പരിപാലനത്തിന വെണ്ടുന്നവ കനിക്കെ അധികമുണ്ടെങ്കിൽ ആയത ദാനം ചെയ്‌വാൻ യൊഗ്യമായിട്ടുള്ളതാകുന്നു. ആശ്രയിച്ചവരായിരിക്കുന്ന മാതാപിതാക്കന്മാൎക്കും ഭാൎയ്യാപുത്രന്മുതലായ കുഡുംബത്തിലുള്ളവൎക്കും ഭക്ഷണം മുതലായതിന ബുദ്ധിമുട്ടിച്ചുവെച്ച ദാനം ചെയ്യുന്നു എങ്കിൽ ആയവന ദൊഷം സംഭവിക്കും. ൬൭൭

ദാനമൈകാന്തികം പ്രാഹുസ്തദ്ദെവൈൎദ്ദത്തമൂൎദ്ധ്വകം.

പിനദ്ധൊയപ്രദാനെന യത്താനനവിദ്യതെ.

മെൽപറഞ്ഞ പ്രകാരം കുഡുംബം രക്ഷിച്ചനന്തരം ശെഷിച്ചുള്ളത ദാനം ചെയ്‌വാൻ യൊഗ്യമായിട്ടുള്ളത. ഐകാന്തികം യത്കാൎയ്യത്തിന ചെയ്യുന്ന ദാനമൊക്കയും ഉദകധാരപൂൎവ്വമായിട്ട ചെയ്യെണം. ഉദകധാരപൂൎവ്വമല്ലാതെ യത്ത ദാനമല്ല. ൬൭൮

കാത്യായനഃ. സൎവ്വസ്വം ഗൃഹവൎജ്ജം തു കുഡുംബഭരണാധികം.

യദ്ദ്രവ്യം തത്സ്വകം ദെയം നദെയം സ്യാത്തതൊന്യഥാ.

സൎവ്വസ്വദാനം ചെയ്യുന്നു എങ്കിൽ തന്റെ കുഡുംബത്തിന ആഹാരവൃത്തി കഴിച്ചപൊൾ വെണ്ടുന്നവ കനിക്കെ അധികമുള്ളതിൽ ഇരിക്കുന്ന ഭവനം ഒഴികെ ശിഷ്ടം തനിക്ക ഉള്ളതായായിട്ടുള്ളത സൎവ്വസ്വദാനം ചെയ്യാം. മെൽപറഞ്ഞ പ്രകാരമല്ലാതെ സൎവ്വദാനം ചെയ്യരുത. ൬൭൯

പണ്യമൂല്യം ഭൃതിസ്തുഷ്ട്യാ സ്നേഹാൽ പ്രത്യുപകാരതഃ।
സ്ത്രീശുല്കാനുഗ്രഹാൎത്ഥം ച ദത്തം സപ്തവിധം സ്മൃതം॥

ചരക്കുവാങ്ങിയതിന്റെ വിലയായിട്ടു കൊടുക്കുന്നതും വേല എടുത്തതിന്നു കൂലി കൊടുക്കുന്നതും സന്തോഷംകൊണ്ടു സമ്മാനമായിട്ടു വിദ്വാന്മാൎക്കും നാട്ടുകാൎക്കും മുതൽ ചെലവും കൊടുക്കുന്നതും സ്നേഹംകൊണ്ടു ബന്ധുജനങ്ങൾക്കു കൊടുക്കുന്നതും മുമ്പിൽ ഒരുത്തൻ ഉപകാരം ചെയ്തവന്നു പ്രത്യുപകാരമായിട്ടു കൊടുക്കുന്നതും ഇപ്രകാരമുള്ള ഏഴുവിധവും തിരിച്ചുവാങ്ങിക്കയില്ല। ന്നന്ന।

ബൃഹസ്പതിഃ। സൌദായികം ക്രമായാതം ശൌൎയ്യപ്രാപ്തഞ്ച യദ്ഭവേൽ।
സ്ത്രീജ്ഞാതിസ്വാമ്യനുജ്ഞാതം ദത്തം സിദ്ധിമവാപ്നുയാൽ॥

തന്റെ ഭാൎയ്യ സ്ത്രീധനമായിട്ടു കൊണ്ടുവന്നവക തന്റെ ഭാൎയ്യയുടെ സമ്മതംകൂടാതെ ഭൎത്താവു ദാനം ചെയ്തുവെങ്കിൽ ആയതും പൂൎവ്വന്മാരുടെ പാരമ്പൎയ്യമായിട്ടു വരുന്നതിലും പരാക്രമം മുതലായതിനാൽ പടക്കിച്ചേൎത്തതിലും ജ്ഞാതികളോടെ ചോദിച്ചു സമ്മതം വരുത്താതെ ഒരുത്തൻ ദാനം ചെയ്തുവെങ്കിൽ ആയതും സിദ്ധിക്കയില്ല। മേലെഴുതിയവരുടെ സമ്മതപ്രകാരമെങ്കിൽ ആയതു സിദ്ധിക്കും। ന്നന്ന।

യാജ്ഞവല്ക്യഃ। പ്രതിഗ്രഹഃ പ്രകാശഃ സ്യാൽ സ്ഥാവരസ്യ വിശേഷതഃ।
ദേയം പ്രതിശ്രുതഞ്ചൈവ ദത്വാ നാപഹരേൽ പുനഃ॥

ദാനം ചെയ്യുന്നതും പ്രതിഗ്രഹിക്കുന്നതും പ്രകാശമായിട്ടു ചെയ്യേണം। നിലം പുരയിടം വൃക്ഷങ്ങൾ മുതലായ സ്ഥാവരവസ്തുവിന്റെ ദാനപ്രതിഗ്രഹങ്ങൾ ചെയ്യേണമെങ്കിൽ വിശേഷിച്ചു ഏറ്റവും പ്രകാശമായിട്ടു സാക്ഷിയോടുകൂടി ചെയ്യേണം। അതല്ലാഞ്ഞാൽ വ്യവഹാരത്തിന്നിടവരും। ധൎമ്മകാൎയ്യത്തിന്നായിട്ടു ഇതു ഞാൻ തരാമെന്ന മറ്റൊരുത്തനോടു പ്രതിജ്ഞ ചെയ്തിട്ടുണ്ടെങ്കിൽ ആയവന്നു ധനം ഇല്ലാതെ വന്നില്ലെങ്കിൽ ആയതും കൊടുക്കേണം। ന്യായമായിട്ടു ദാനം ചെയ്തതിനെ അപഹരിക്കയും അരുത। ന്നന്ന।

കാത്യായനഃ। സ്വദ്രവ്യായ പ്രതിശ്രുത്യ ബ്രാഹ്മണായ പ്രതിഗ്രഹം।
ന ദദ്യാദൃണവദ്ദാപ്യഃ പ്രാപ്നുയാൽ പൂൎവ്വസാഹസം।

ഇനിക്കുഡുംബം നടക്കുന്നതിന വസ്ത്രം ദാനം തരെണമെന്ന ബ്രാഹ്മണൻ യാചിക്കവരാതെ ഇരിക്കുമ്പൊൾ തന്റെ ഇഷ്ടംകൊണ്ടു തന്നെ ധൎമ്മത്തിന കുറവു കൂടാതെ നടക്കുന്നത ആ ബ്രാഹ്മണനെ വിളിച്ച ഇന്ന ദാനം വാങ്ങിക്കൊള്ളെണമെന്ന വാഗ്ദാനം ചെയ്ത ബ്രാഹ്മണനും അപ്രകാരം തന്നെ എന്ന പ്രതിഗ്രഹിക്കയും സമ്മതിച്ചതിൽ പിന്നെ വാഗ്ദാനം ചെയ്തവൻ കൊടുത്തില്ലെങ്കിൽ ആയത കടം വാങ്ങിച്ച ദ്രവ്യം പൊലെ വാഗ്ദാനം ചെയ്തവനെക്കൊണ്ട കൊടുപ്പിച്ച പൂൎവ്വസാഹസത്തിലെ ഇരുനൂറു പണം ദുൎവ്വചനത്തിന കുറവ വരാതെ പ്രായശ്ചിത്തം ചെയ്യെണം. നാരദ.

പ്രതിശ്രുതസ്യാദാനെന ദത്തസ്യാപഹരണെന ച।

വിവിധാന്നരകാൻ യാതി തിൎയ്യഗ്യൊനൌ ച ജായതെ।

ധൎമ്മകാൎയ്യത്തിനായിട്ട ഇന്നത തരാമെന്ന വാഗ്ദാനം ചെയ്തും വെച്ച ആയത കൊടുത്തില്ലെങ്കിലും ന്യായമായിട്ട ദാനം ചെയ്തതിനെ തിരിയ അപഹരിച്ചുവെങ്കിലും അവനെകം വിധത്തിലുള്ള നരകപ്രാപ്തിയും പന്നി പക്ഷി മുതലായിട്ടുള്ള ജന്തുക്കളായിട്ട ജനിപ്പാൻ സംഗതി വരും. നാരദ.

നാദദ്യാൽ ഭയക്രൊധശൊകവെഗസമന്വിതൈഃ।

തഥൊൽക്കൊചപരിഹാസവ്യത്യാസഛലയൊഗതഃ।

സിദ്ധിതാന്തദാനത്തെ ചൊല്ലുന്നു. ഒരുത്തനെ ഭയപ്പെട്ട കൊടുത്ത ദ്രവ്യം, പുത്രൻ ദായാദിക്കാരരായിട്ടുള്ള വിരസം കൊണ്ട കൊപം വന്നിട്ടുള്ള ദ്രവ്യത്തിനെ മറ്റൊരുത്തന കൊടുത്തതും പുത്രശൊകം മുതലായത വന്നിരിക്കുമ്പൊൾ ധനത്തിൽ ഇനി എന്തൊരു പ്രയൊജനമെന്ന ആ സമയത്തിലെ തൊന്നുന്ന ബുദ്ധി കൊണ്ട മറ്റൊരുത്തന കൊടുത്തതും തന്റെ കാൎയ്യത്തിന്ന ഒര കുറവു കൂടാതെ സാധിപ്പിച്ച തരെണമെന്ന ഉദ്യൊഗസ്ഥന്മാൎക്ക കൈക്കൂലിയായിട്ട കൊടുക്കുന്നതും നെരമ്പൊക്കായിട്ടും പറഞ്ഞ കൊടുക്കുന്നതും അന്യനെ വഞ്ചിക്കുന്നതിനായിട്ട തനിക്ക ഞാൻ നാലുവെട്ടടസമയിൽ ഇത്ര ദ്രവ്യം തരാമെന്നും അപ്രകാരം ആയവർ തരുന്ന ദ്രവ്യം വാങ്ങിച്ചും കൊണ്ട ഞാൻ തന്നത തിരിയ ഒരവഹൃമായിട്ട ഇതെന്തെരുന്നമെന്നും വ്യാജം പറഞ്ഞ കൊടുക്കുന്നതും ദാനമാൎഗ്ഗമായിട്ട

ചെയ്തദാനമല്ലാകകൊണ്ടു മെൽ പറയപ്പെട്ട ഭയം മുതലായ ഹെതുക്കൾ നിവൃത്തിവരുമ്പൊൾ ആയതു തിരിച്ചുവാങ്ങിച്ചാലും കൊടുപ്പിക്കുന്നതിനും ന്യായമുണ്ടു। നാരദഃ।

ബാലമൂഢാസ്വതന്ത്രാർത്തമത്തൊന്മത്താപവർജ്ജിതം।

കർത്താമമായം കർമ്മെതി പ്രതിലാഭെച്ഛയാ ച യൽ।

ബാലനായെച്ചെന്നിരിക്കുന്ന മൂഢൻ കൊടുത്തതും അച്ഛൻ മുതലായവർ ഇരിക്കുമ്പൊൾ അസ്വതന്ത്രന്മാരായിരിക്കുന്ന പുത്രദാസന്മാരും അവരുടെ സ്വമെധ കൊണ്ടു കൊടുത്തതും രൊഗം കൊണ്ടു പരവശനായിരിക്കുന്നവൻ കൊടുത്തതും ഭ്രാന്തി പിടിച്ചു നടക്കുന്നവൻ കൊടുത്തതും। മദ്യപാനം ചെയ്തു ഓർമ്മ ഇല്ലാതായവൻ കൊടുത്തതും ഇതിന്നു പ്രത്യുപകാരം ചെയ്യണമെന്നു പറഞ്ഞു കൊടുത്തവൻ മുമ്പൊന്നും വാങ്ങിച്ചും കൊണ്ടു പ്രത്യുപകാരം ചെയ്യാഞ്ഞാൽ ആയതും ഇതിന്നു പ്രത്യുപകാരമായിട്ടു ഇന്നതു ചെയ്യണമെന്നു കൊടുത്ത ദ്രവ്യത്തെ വാങ്ങിച്ചും കൊണ്ടു പ്രത്യുപകാരം ചെയ്യാഞ്ഞാൽ ആയതും। ഇപ്രകാരം ചെയ്ത ദാനങ്ങൾ സിദ്ധിക്കായ്കകൊണ്ടു തിരിച്ചുവാങ്ങിപ്പാൻ ന്യായമുണ്ടു। നാരദഃ।

അപാത്രെ പാത്രമിത്യുക്തെ കാര്യെ ചാധർമ്മസംയുതെ।

ദത്തം യൽസ്യാദവിജ്ഞാനാദദത്തം തദപി സ്മൃതം।

ദാനത്തിനു പാത്രമല്ലാതെ ഇരിക്കുന്നവൻ പാത്രമാകുന്നു എന്നു പറഞ്ഞ വാക്യം വിശ്വസിച്ചു കൊടുത്തതും ധർമ്മത്തിൽ തന്നെ ചിലവു ചെയ്യും ഇവൻ എന്നു വിചാരിച്ചു ചെയ്യുന്നവൻ എന്നു വെച്ചു കൊടുത്തതും സിദ്ധിക്കയില്ല। മെൽ പറയപ്പെട്ട പ്രകാരം കൊടുത്തതുകളൊക്കെയും ദാനമായിട്ടു കൊടുത്തതാകുന്നു എങ്കിലും മറ്റൊരു വിധത്തിൽ കൊടുത്തതാകുന്നു എങ്കിലും മെൽ പറയപ്പെട്ട കാമക്രൊധാദി മുതലായ ഹെതുക്കൾ കൊണ്ടു ചെയ്യപ്പെട്ടതിനാൽ വിധിയല്ലാത്ത ദാനങ്ങൾ ഒക്കെയും ന്യായത്തെ സിദ്ധിക്കുന്നതല്ലായ്കകൊണ്ടു ആയതുകളൊക്കെയും തിരിച്ചുവാങ്ങിപ്പാനും കൊടുപ്പിപ്പാനും ന്യായമുള്ളതാകുന്നു। നാരദഃ।

കാത്യായനഃ। കാമക്രൊധാസ്വതന്ത്രാർത്തക്ലീബൊന്മത്തപ്രമൊഹിതൈഃ।

വ്യത്യാസപരിഹാസാച്ച യദ്ദത്തം തൽപുനർഹരെൽ।

കാമക്രോധം കൊണ്ടു പരവശപ്പെട്ടിരിക്കുമ്പോൾ ചെയ്യപ്പെട്ട ദാനവും കുഷ്ഠരോഗം ദ
ോഷവരുന്ന അജ്ഞന്മാരുമായവരുണ്ടായിരിക്കുമ്പോൾ തനിക്കു ബോധിച്ചപോലെ ദാനം
ചെയ്‌വാൻ സ്വാതന്ത്ര്യമില്ലാതെ ഇരിക്കുന്ന പുത്രന്മാരുമായവര ചെയ്ത ദാനവും രോ
ഗം കൊണ്ടു ബുദ്ധിക്കു സ്ഥൈര്യമില്ലാതെ ഇരിക്കുന്നവൻ ചെയ്ത ദാനവും നപുംസക
നായിരിക്കുന്നവൻ ചെയ്തിട്ടുള്ള ദാനവും, മത്തപ്രമത്തന്മാര ചെയ്ത ദാനവും ഉപായങ്ങളും
കൊണ്ടു ചെയ്ത ദാനവും നേരംപോക്കായിട്ടു പറഞ്ഞു ചെയ്ത ദാനവും സിദ്ധിക്കുന്ന
തല്ലായ്കകൊണ്ടു മേൽപ്പറഞ്ഞ പ്രകാരം ദാനം ചെയ്ത കൊടുത്തതിനെ സമ്മത
കകൊണ്ടു തിരിച്ചു ചോദിച്ചാൽ കൊടുത്തവന്നു സിദ്ധിക്കും. ന്നന്ന.

മൃതർത്തിയെ ദത്താം തതൽ സ്വത്താപഹം ദേവൽ,

നൈതദാതിമദത്തം പംക്തൈനിക്കതിനാസക്തമാൻ,

താൻ മരിച്ചതിൽപിന്നെ അനുഭവിച്ചു കൊള്ളണമെന്ന ദാനം ചെയ്തു കൊടു
ത്തവകളെ പ്രകാരം ദാനം ചെയ്തവൻ ജീവിച്ചിരിക്കുന്നവരെക്കും ദാനം ചെ
യ്തവൻ തന്നെ ഉടയവനാക കൊണ്ടു അവൻ മരിച്ചാൽ പിന്നെ അതിൽ അവകാ
ശക്കാരൻ ആവകകളുടയവനാകകൊണ്ടു മേൽപ്പറഞ്ഞ പ്രകാരം ചെയ്ത
വന അവകാശിയിൽ ദക്ഷിക്കയില്ല. ന്നന്ന.

കാത്യായനീയം ചൊല്ലുകായന്തു കാര്യ്യം ഉത്സലെ മൂൻ പ്രാചമാനയാൻ,

സദാവ്യ്യാന്തധനം ദ്വിഗുണം ദമ്മ മൈതദ്ദശാധികം,

കാര്യ്യവിചാരത്തിന്ന ചംപളം വെച്ചു ആക്കിയിരിക്കുന്ന ഉദ്യോഗസ്ഥന്മാർ പ്രജകളു
ടെ പക്കൽ കൈക്കൂലിയായിട്ടു ദ്രവ്യങ്ങളെ വാങ്ങിച്ചാൽ ആയവനെക്കൊണ്ടു പ
ണ്ടു ദ്രവ്യം കൈക്കൂലിയായിട്ടു കൊടുത്തവന്നു കൊടുപ്പിച്ചു ആ പണത്തിന്നു
റവ്യത്തോടെ അവസ്ഥ പോലെ പ്രായശ്ചിത്തം ചെയ്യിക്കണം. ന്നന്ന.

അറിയക്കന്തു കാര്യ്യാൎത്ഥ ഉല്ലോചായ ദ്യൂപാജ്ഞയാൽ,

ഉതംപ്രള്ളുപകാരാത്ഥം തസ്യാദോഷോനവിദ്യതെ,

ഉദ്യോഗസ്ഥന്മാരല്ലാതെ ഇരിക്കുന്നവർ തിരപ്പില്ലാതെ ഇരിക്കുന്നവന്റെ കാര്യ്യം
സാധിപ്പിച്ചു കൊടുത്തതിന്ന ഉപകാരമായിട്ടു അവരോട ദ്രവ്യങ്ങളെ വാങ്ങിച്ചു വെച്ചിരു
ന്നാലതു ഉപകാരപ്രത്യുപകാരമായിട്ടു ഉള്ളതാകകൊണ്ടു പാപമില്ല വന്ന ദോഷമില്ല.
ന്നന്ന.

പ്രാണസംശയമാപന്നാം യൊമായുത്തരയെദ്ദിജഃ,

സൎവ്വസ്വന്തസ്യ ദാസ്യാദി ദ്യുകണ്ഠിതമാദദേവൽ।

പ്രാണസംശയത്തിന്ന ഹേതുവായിട്ട വന്നിരിക്കുന്നാരനെങ്കിൽ അവൻ തന്നെ ഇന്നവരെ ഇല്ലം കൈവശമൊഴിഞ്ഞ ആയവൎക്ക സൎവ്വവും കൊടുക്കാമെന്ന പറഞ്ഞുവെങ്കിലും അവനിൽ തന്നെ കൈവശമെഴയവന ആയവൻ പറഞ്ഞതിൻവണ്ണം സൎവ്വസ്വം വരികയില്ല। ന്നൃയഃ

യദകാൎയ്യസ്യ സിദ്ധ്യൎത്ഥം മുൽകൊചംസ്യാൽ പ്രതിശ്രുതം।
തസ്മിന്നപി ഹി സിദ്ധേപി ന ദെയം സ്യാൽ കഥഞ്ചന।

ഒരു കാൎയ്യം സാധിപ്പിച്ചുതന്നാൽ ഇത്രപണം കൈക്കൂലിയായിട്ട തരാമെന്നം പറഞ്ഞ കെൾപ്പിച്ച ആയത കൊടുക്കുന്നതിന്റെ മുമ്പിൽ കാൎയ്യസിദ്ധിവരുത്തിതന്നവെങ്കിലും മുമ്പിൽ കൈക്കൂലിയായിട്ട തരാമെന്ന പറഞ്ഞിരിക്കുന്ന ദ്രവ്യത്തിന പിന്നെ അതിൽ ഉദ്യൊഗസ്ഥന്ന കൊടുപ്പാൻ ആവിശ്യമില്ല। ന്നൃയഃ

ലബ്ധം പ്രാംശുവശാത്തസ്യാൽ പ്രതിദാപ്യസ്സ തൽബലാൽ।
ദണ്ഡഞ്ചൈകാദശഗുണമാഹുൎഗ്ഗൎഗ്ഗാദയൊജനാഃ।

മെൽപ്പറഞ്ഞപ്രകാരം കാൎയ്യസിദ്ധിവരുത്തുന്നതിന്റെ മുമ്പിൽ തന്നെ കൈക്കൂലി കൊടുത്തുവൊ എങ്കിൽ ഉദ്യൊഗസ്ഥനെക്കൊണ്ട വാങ്ങിച്ച പണത്തിനെ തിരിയ ഉടയവന കൊടുപ്പിച്ച വാങ്ങിച്ച ദ്രവ്യത്തിന ഒന്നിന പതിനൊന്നുവീതം ഉള്ള ദ്രവ്യം പ്രായശ്ചിത്തം കെട്ടിവെപ്പിക്കെണം, ഇപ്രകാരമത്രെ യതിശ്രെഷ്ഠന്മാരായിരിക്കുന്ന ഋഷിശ്രെഷ്ഠന്മാര പറഞ്ഞിരിക്കുന്നത। ന്നൃയഃ।

നാരദഃ। സ്തെയസാഹസികൊദ്വൃത്ത പാരദാരികശാസനാൽ।
ദൎശനാദ്വൃത്തനഷ്ടസ്യ അഥാസത്യപ്രവൎത്തനാൽ। ന്നൃയഃ।
പ്രാപ്തമെതത്തു യൽകിഞ്ചിൽ തുഷ്ടൊ ദദ്യാന്തു തുഷ്ടിതഃ।
ന ദാതവ്യം ന ദണ്ഡ്യസ്യാൽ മദ്ധ്യസ്ഥശ്ചൈവ ദൊഷഭാൿ।

ഒരിക്കലും ദ്രവ്യം കൈക്കൂലിയായിട്ട തന്നില്ലെങ്കിൽ നിന്റെ ചെതമൊരുഷണ കാൎയ്യം വെളിയിൽ പ്രകാശിക്കുമെന്ന പറഞ്ഞ ബൊധിപ്പിച്ച മടക്കുന്നവനൊട വാങ്ങിച്ച ദ്രവ്യവും മെൽപ്പറഞ്ഞപ്രകാരം പറഞ്ഞ ഭയപ്പെടുത്തി വാങ്ങിക്കുന്ന ദ്രവ്യവും മറ്റൊരുത്തനൊട കൈക്കൂലി തന്നൊ ചൊദിച്ചെട്ട വിവിധ പരദാരാഭിലാഷസാഹസം ചെയ്തവരൊട അവനൊട പറഞ്ഞ വാങ്ങിക്കുന്ന ദ്രവ്യവും പരസ്ത്രീമുതലായതൊരു ദ്രൊഹം ഇല്ലാ കാൎയ്യം ചെയ്യുന്നവരൊട മെൽപ്പറഞ്ഞപ്രകാരം പറഞ്ഞ ഭയപ്പെടുത്തി വാങ്ങിക്കുന്ന ദ്രവ്യ

ദ്രവ്യം വാങ്ങി മുതലായുള്ളതു ഉള്ള കാൎയ്യം ചെയ്തു വരുന്നവനോടു ധൎമ്മമെഴുതിയപ്രകാരം പറഞ്ഞ
ദ്രവ്യമുള്ളതു വാങ്ങിക്കരുതു-
പ്രമാണത്തിനോടു കൈക്കൂലി വാങ്ങിയെന്നു ചൊല്ലപ്പെട്ടു. ഇപ്രകാരം കൈക്കൂലി കൊ
ടുത്തവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കരുതു. ദ്രവ്യനാശമായിട്ട് ഇരട്ടി പറഞ്ഞു
ബോധിപ്പിച്ചു കൈക്കൂലി വാങ്ങി കൊടുത്തവനെക്കൊണ്ടു കൈക്കൂലി വാങ്ങിച്ചവനെ
പോലെ പ്രായശ്ചിത്തം ചെയ്യിപ്പിക്കേണം. മനുവചനം.

യോഗാധമനവിക്രീതം യോഗദാനപ്രതിഗ്രഹൌ ।
യത്ര വാപ്യുപധിം പശ്യേത്തത്സൎവ്വം വിനിവൎത്തയേൽ ।

ഇതിന്റെ സാരമായിട്ടിരിക്കുന്ന ദാനം മുതലായതിനെ ചൊല്ലുന്നു. കാമക്രോധം മു
തലായ ഒരു ഉപാധിവശത്താൽ പണമായിട്ടു ചെയ്യപ്പെട്ടതും വിലക്കുവിറ്റതും ദാ
നം ചെയ്തതും പ്രതിഗ്രഹിച്ചതും ഇപ്രകാരമുള്ളതൊക്കെയും കൊണ്ടു ചെയ്യപ്പെട്ടതും
ഒക്കെയും സിദ്ധിക്കയില്ല. മേൽ എഴുതിയപ്രകാരം കൊടുത്തവനെക്കൊണ്ടു
[illegible]യും ആം. ഒരു വസ്തുവിൽ താൻ ഉടയവനെന്നു ദോഷത്തെ ഉണ്ടാക്കുന്നതിനെ
ഉപായമെന്നു വേണം. മനുവചനം.

നാരദഃ । ഗൃഹീത്വാ ദത്തം യോ മഹ്യം ... പ്രയച്ഛതി ।
ദണ്ഡനീയാവുഭാവേതൌ ...

യാതൊരുത്തനെങ്കിലും ദാനം ചെയ്വാൻ യോഗ്യമില്ലാതെ ഇരിക്കുന്ന വസ്തുവിനെയും
ദാനം ചെയ്വാൻ സിദ്ധിക്കില്ലാത്ത വസ്തുവിനെയും ദാനം ചെയ്കയും പ്രതിഗ്രഹിക്കയും ചെ
യ്യുന്നു എന്നാൽ അവരെക്കൊണ്ടു ദണ്ഡനായിരിക്കുന്ന രാജാവു പ്രായശ്ചിത്തം ചെയ്യി
ക്കേണം. മനുവചനം.

അദേയം യശ്ച ഗൃഹ്ണാതി യശ്ചാദേയം പ്രയച്ഛതി ।
താവുഭൌ ചോരവച്ഛാസ്യൌ ദാപ്യൌ ചോത്തമസാഹസം ।

മേൽ എഴുതിയപ്രകാരം ചെയ്തവരെക്കൊണ്ടു ചോരസമമായിട്ടു ദണ്ഡിക്കയെങ്കിലും
ഉത്തമസാഹസപ്രായശ്ചിത്തം ചെയ്യിക്കയെങ്കിലും കാൎയ്യത്തിന്റെ അവസ്ഥപോ
ലെ ചെയ്യേണം. മനുവചനം.

കാത്യായനഃ । സ്വസ്ഥേനാൎത്തേന വാ ദത്തം ശ്രാവിതം ധൎമ്മകാരണാൽ ।
അദത്ത്വാ തു മൃതേ ദാപ്യസ്തത്സുതോ നാത്ര സംശയഃ ।

സ്വസ്ഥനായിരിക്കുമ്പോൾ എങ്കിലും രോഗാദികൾ കൊണ്ടു ഭയപ്പെട്ടിരിക്കുന്നവനെ

ഇപ്രം യഥാശാസ്ത്രത്തെ നോക്കീട്ട പ്രതിജ്ഞ ചെയ്യപ്പെട്ടതും കൊടുക്കാതെ മറിച്ചുപോകയ ഇൽ മേലെഴുതിയ പ്രകാരം ചെയ്യുന്നവന്റെ പുത്രന്മാരെക്കൊണ്ടു ഇപ്രം സംശയം കൂടാതെ കൊടുപ്പിക്കേണം. ഇതി ദത്താപ്രദാനികം സമാപ്തം. ഇനി അഭ്യുപേത്യാശുശ്രൂഷാപ്രകരണം. നാരദഃ.

അഭ്യുപേത്യതു ശുശ്രൂഷാം യസ്താം ന പ്രതിപദ്യതേ ।
അശുശ്രൂഷാഭ്യുപേത്യൈതൽ വിവാദപദമുച്യതേ ।

ഒരുത്തന്റെ ആജ്ഞയാകെട്ടി നടക്കുന്നതു ശുശ്രൂഷ. ശുശ്രൂഷ ചെയ്യാമെന്നു ഏറ്റുകൊണ്ടു പിന്നെ അതിൽ ചെയ്യാതെ ഇരിക്കുന്നവന്റെ വിധിയെയും ശുശ്രൂഷകന്മാരുടെ വിധിയെയും ചൊല്ലുന്ന പദത്തിന്ന അഭ്യുപേത്യാശുശ്രൂഷ എന്നു പേര. നാരദഃ ।

ശുശ്രൂഷകഃ പഞ്ചവിധഃ ശാസ്ത്രേ ദൃഷ്ടോ മനീഷിഭിഃ ।
ചതുർവ്വിധഃ കർമ്മകരഃ ശേഷാ ദാസാസ്ത്രിപഞ്ചകാഃ ।
ശിഷ്യാന്തേവാസിഭൃതകാശ്ചതുർത്ഥസ്ത്വധികർമ്മകൃൽ ।
ഏതേ കർമ്മകരാ ജ്ഞേയാ ദാസാസ്തു ഗൃഹജാതയഃ । നാരദഃ ॥

ശിഷ്യനെന്നും അന്തെവാസിയെന്നും ഭൃതകനെന്നും അധികർമ്മകൃത്തെന്നും ദാസനെന്നും ഇപ്രകാരം ശുശ്രൂഷകൾ അഞ്ചുവിധപ്രകാരം ശുശ്രൂഷന്മാരുടെ ഭേദത്തിനെ അറിഞ്ഞുകൊള്ളേണം. നാരദഃ ।

ബൃഹസ്പതിഃ । വിദ്യാർത്ഥിതി സമാഖ്യാനന്തരം ശുശ്രൂഷാലക്ഷണം ।
ത്രൈവിദ്യം ഗുരുശുശ്രൂഷാം ഋഗ്യജുഃസാമവേദിഭിഃ ।

ഋഗ്വേദമെന്നും യജുർവ്വേദമെന്നും സാമവേദമെന്നും ചൊല്ലപ്പെട്ടിരിക്കുന്ന വേദങ്ങളിൽ, അതതു വേദവിദ്യയെ ഗുരുവിന്റെ അടുക്കലെ ശാസ്ത്രത്തിൽ ചൊല്ലിയിരിക്കുന്ന പ്രകാരം ഗുരുവിങ്കൽ വേണ്ടുന്ന ശുശ്രൂഷയും ചെയ്ത വേദാഭ്യാസം ചെയ്യുന്നവൻ ശിഷ്യൻ । നാരദഃ ।

അവിദ്യാഗ്രഹണാച്ഛിഷ്യഃ ശുശ്രൂഷേൽ പ്രയതോ ഗുരും ।
തദ്വൃത്തിർഗ്ഗുരുദാരേഷു ഗുരുപുത്രേ തഥൈവ ചാ ।

മെലെഴുതിയ വേദവിദ്യാഭ്യാസം ചെയ്യുന്നേടത്തോളം അന്തെയും പ്രതിദിനമത്തോളം കൂടെ ഗുരുവിന്നു ശുശ്രൂഷ ചെയ്യേണം. അപ്രകാരം തന്നെ ഗുരുപത്നിക്കും ഗുരുപുത്രനും ശുശ്രൂഷ ചെയ്യേണം. ഭിക്ഷ വാങ്ങി ഭക്ഷിച്ചു ഗുരുവിന്റെ സമീപത്തിൽ വസിച്ച വേദാ

ഭ്യാസം ചെയ്യെണമെന്ന താല്പൎയ്യം। നാരദഃ॥

വിജ്ഞാനമുച്യതെ ശില്പം ഹെമരൂപ്യാദ്യസംസ്കൃതെ।

നൃത്താദികഞ്ച തച്ഛിക്ഷെൽ ആചാൎയ്യാൽകൎമ്മ ഗുരൊ ഗൃഹെ। നാരദഃ।

സ്വശില്പമിച്ഛന്നാഹൎത്തും ബാന്ധവാനാമനുജ്ഞയാ।

ആചാൎയ്യസ്യ വസെദന്തെ കാലം കൃത്വാ സുനിശ്ചിതം।

പൊൻപണിവെള്ളിപ്പണിചെമ്പുപണിമരപ്പണികെട്ടുപണിമുതലായതു ചൊല്ലിയിരിക്കുന്ന ശാസ്ത്രവും സംഗീതശാസ്ത്രവും മന്ത്രശാസ്ത്രം മുതലായതും ശില്പശാസ്ത്രമെന്നു ചൊല്ലപ്പെട്ടും മെലെഴുതിയ ശില്പശാസ്ത്രത്തിന്റെ പലയമങ്ങളെ അറിഞ്ഞിരിക്കുന്നവൻ ആചാൎയ്യൻ ശില്പവിദ്യ അഭ്യസിക്കുന്നവൻ അന്തെവാസി വിദ്യാഭ്യാസം ചെയ്യെണമെന്ന പറഞ്ഞുവന്നവനെ ആചാൎയ്യൻ അഭ്യസിപ്പിക്കെണം। ആ അന്തെവാസിയും ആചാൎയ്യന്റെ ഭവനത്തിൽ പാൎത്ത പൊൻവെള്ളിമുതലായ പണി ചെയ്യെണം। പണിവെല അഭ്യസിപ്പാൻ പൊകുമ്പൊൾ അച്ഛൻ മുതലായവരുടെ സമ്മതത്തൊടും കൂടെ ആചാൎയ്യന്റെ അടുക്കെ ചെന്നാൽ ആചാൎയ്യൻ ഇത്രസംവത്സരം കൊണ്ടു അഭ്യസിപ്പിച്ചു തരാമെന്ന നിയമം പറകയും ആചാൎയ്യന്റെ ഭവനത്തിൽ തന്നെ പാൎത്ത വെല ചെയ്യണം പറഞ്ഞാൽ അപ്രകാരം സമ്മതിച്ച പാൎത്ത പണിവെല അഭ്യസിക്കെണം, നാരദഃ॥

ആചാൎയ്യഃ ശിക്ഷയെദെനം സ്വഗൃഹാദ്ദത്തഭൊജനം।

നചാന്യൽകാരയെൽകൎമ്മ പുത്രവച്ചൈനമാചരെൽ।

മെൽ എഴുതിയ പ്രകാരം സമ്മതിച്ച പാൎത്തിരിക്കുന്ന അന്തെവാസിക്കു അവന്റെ അപെക്ഷിച്ചവണ്ണം ഇരിക്കുന്ന പണിവെലയെ ആചാൎയ്യൻ ഭക്ഷണം കൊടുത്തു നല്ലവണ്ണം അഭ്യസിപ്പിച്ചു കൊടുക്കെണം। അന്തെവാസി ഉണ്ടാക്കുന്ന പണിയുടെ കൂലിയും ആചാൎയ്യന കൊടുക്കെണം. പണിവെല അല്ലാതെ പെറ്റെ ഒരുവെല എടുപ്പിക്കരുത। പണിവെല അഭ്യസിപ്പാൻ വന്നവനെ പുത്രനെപ്പൊലെ രക്ഷിക്കെണം, നാരദഃ॥

യസ്തു ന ഗ്രാഹയെച്ഛില്പം കൎമ്മാണ്യന്യാനി കാരയെൽ।

പ്രാപ്നുയാൽ സാഹസം പൂൎവ്വം തസ്മാൽ ശിഷ്യൊ നിവൎത്തതെ।

ആചാൎയ്യൻ പണിവെല മുതലായ ശില്പവെലയെ അഭ്യസിപ്പിച്ചു കൊടുക്കാതെയും വെറ്റെ ഇളവെലകളൊന്നും അന്തെവാസിയെക്കൊണ്ടു എടുപ്പിക്കയും ചെയ്താൽ ആചാൎയ്യനെക്കൊണ്ടു പൂൎവ്വസാഹസത്തിലെ ഇളവണ്ണം പ്രായശ്ചിത്തം

ചെയ്തുകൂടാക്കണം. അദ്ധ്യസിപ്പാൻ വന്ന അന്തെവാസിയും ആചാര്യനെ വി
ട്ടു മാറിക്കൊള്ളേണം. ഇത്യർത്ഥഃ।

ശിക്ഷയന്തമദുഷ്ടഞ്ച യ ആചാര്യം പരിത്യജെൽ।
ബലാദ്വാസയിതവ്യസ്സ്യാദ്വധബന്ധൌ ച സോർഹതി।

ഒരു ദോഷം കൂടാതെ നല്ലതിൻവണ്ണം അദ്ധ്യസിപ്പിച്ചവരുന്ന ആചാര്യനെ അദ്ധ്യ
സിപ്പാൻ വന്ന അന്തെവാസികളെങ്ങാനുമൊരുത്തൻ അദ്ധ്യസിപ്പാൻ പൊകാതെ ഉ
പെക്ഷിച്ചാൽ ആ അന്തെവാസിയെ പിടിച്ചുകെട്ടി അടിച്ചു ആചാര്യന്റെ സ
മീപത്തിൽ ഇരുത്തിക്കൊള്ളേണം. ഇത്യർത്ഥഃ।

നാരദഃ। ഗൃഹീതശില്പസ്സമയെ കൃത്വാചാര്യം പ്രദക്ഷിണം।
ശക്തിതശ്ചാനുമാന്യൈനമന്തെവാസീ നിവർത്തതെ।

ശില്പവിദ്യാഭ്യാസം കഴിഞ്ഞതിൽപിന്നെ ആചാര്യനെ പ്രദക്ഷിണം ചെയ്ത അവ
നവന്റെ ശക്തിപൊലെ ദക്ഷിണമുതലായത കൊടുത്ത സമ്മതിച്ച തന്റെ ഭവ
നത്തിൽ പൊയിക്കൊള്ളേണം. ഇത്യർത്ഥഃ।

ശിക്ഷിതൊപി കൃതം കാലമന്തെവാസീ സമാപ്നുയാൽ।
തത്ര കർമ്മ ച യൽ കുര്യാദാചാര്യസ്യൈവ തൽഫലം।

ആചാര്യന്മുമ്പിൽ പറഞ്ഞിട്ടുള്ള സംഖ്യ കഴിയുന്നതിന്നു മുമ്പിൽ തന്നെ ശില്പവി
ദ്യാഭ്യാസം ചെയ്തു കഴിഞ്ഞു എങ്കിലും കാലസംഖ്യ കഴിയുന്നെടത്തൊളം ആചാര്യ
ന്റെ ഭവനത്തിൽ തന്നെ പാർത്ത അവൻ അദ്ധ്യസിപ്പിച്ച ശില്പവേല ചെയ്ത അതിന്ന
വരുന്ന കൂലിയും ആചാര്യന തന്നെ കൊടുത്ത കാലസംഖ്യ കഴിഞ്ഞു കൂട്ടുമ്പൊൾ ആ
ചാര്യനസമ്മതിച്ച തന്റെ ഭവനത്തിൽ പൊയ്ക്കൊള്ളേണം. ഇത്യർത്ഥഃ।

ബഹുധാർത്ഥകൃതഃ പ്രൊക്തസ്തഥാ ഭാഗകൃതൊപരഃ।
ഹീനമദ്ധ്യൊത്തമത്വഞ്ച സർവ്വെഷാമെവ ചൊദിതം। ഇത്യാദി।
ഉത്തമസ്ത്വായുധീയൊത്ര മദ്ധ്യമസ്തു കൃഷീബലഃ।
അധമൊ ഭാരവാഹസ്സ്യാദിത്യെവം ത്രിവിധൊ ഭൃതഃ।

ഇതിൽ കൂലിക്കാരുടെ വിധിപ്പെട്ടതിൽ രണ്ടു വിധം അർത്ഥകൃതനെന്നും ഭാഗകൃതനെന്നും

ദിവസംപ്രതി കൂലിവാങ്ങി വേല ചെയ്തുവരുന്നവൻ അൎത്ഥഭൃതൻ വേല ചെയ്തു
അതുകൊണ്ടുണ്ടാകുന്ന ഫലത്തിനെ പകുത്തെടുക്കുന്നവൻ ഭാഗഭൃതൻ അവനവ
വൻ എടുക്കുന്ന തക്കവണ്ണം ഒരുപണവും രണ്ടുപണവും കൂലിവാങ്ങിച്ചു ഒരുപണത്തി
നുള്ള വേലക്കാരനെന്നും രണ്ടുപണത്തിനുള്ള വേലക്കാരനെന്നും മദ്ധ്യമനെന്നും
അധമനെന്നും അപ്രകാരം ഭൃതകന്മാരെ ഉത്തമം മൂന്നുവിധം അതിൽ ആയുധമെ
ടുത്തു സേവിച്ചുവരുന്നവൻ ഉത്തമൻ കലപ്പിക്കുമ്പോൾ കൂടെ വേല എടുത്തുവരു
ന്നവൻ മദ്ധ്യമൻ ചുമടു ചുമക്കുന്നവൻ അധമൻ ॥ ൬൭൭ ॥

ജാഹ്ലഷതിഃ । ദ്വിപ്രകാരോ ഭാഗഭൃതഃ കൃഷികൎമ്മോപജീവനാന്തഃ ।
ജാതസ്വാതന്ത്ര്യലാഭ ലഭതേ ചതിഭാഷിതം ।

ഭാഗഭൃതൻ രണ്ടുവിധം കൃഷിവേല ചെയ്തതിലുണ്ടാകുന്ന ഫലത്തിനെ പകുത്തെ
ടുക്കുന്നവൻ ഒന്നാമൻ, പശുക്കളെ രക്ഷിച്ച പശുവിന്റെ പാല മുതലായതു ലാഭത
വിരിച്ചുവാങ്ങിവരുന്നവൻ രണ്ടാമൻ ഇതിലും കൃഷിയിൽ ഫലമുണ്ടാകയാൽ അ
തിൽ ഇതുപണം തരെണമെന്നും അപ്രകാരം തരാമെന്നും പറഞ്ഞിട്ടുള്ളതിനെ പറഞ്ഞി
ട്ടുള്ള ഭാഗം കൃഷിക്കാരനും അപ്രകാരം തന്നെ പശുരക്ഷിക്കുന്നവനും ഭാഗവും പറ്റും ॥ ൬൭൮ ॥

അതെൽ ഷഡിതതൊയസ്യാൽ ക്ഷുദ്രം ബഹുത്വതൈവ ഹി ।
യോവികൎമ്മകരൊ ജ്ഞേയഃ ബലകൊ ദുൎമ്മതിഃകൃതഃ ।

മേൽപ്പെട്ടിയ വേലക്കാരിൽ ചുമതലായിട്ട വിചാരിക്കേണ്ടൻ അധികൎമ്മദേവനും അവ
നെയുള്ള കാൎയ്യങ്ങളിൽ വിചാരിക്കാനും ചുമതലായിട്ട വിചാരിക്കാനാകദേവ
വനും കുറ്റം ബഹുകാൎയ്യം വിചാരിക്കാനാകദേവനും ഉദ്യോഗത്തിനെന്നു ചൊല്ലി
ക്കെട്ടുന്നു ॥ ൬൭൯ ॥

ശൂദ്രകൎമ്മകരോ ഹ്യേതെ ചത്വാരഃ സമുദാഹൃതാഃ ।
അഥ ഷൾത്രിംശദ്ദാസാസ്തു ശേഷാ ദാസാസ്തു പഞ്ചകാഃ ।

മേൽപ്പെട്ടിയ പ്രകാരം ശിഷ്യനും അന്തെവാസിയും ഭൃതകനും അധികൎമ്മകനും ഇവ
ർ നാലു പെരും ശുഭകൎമ്മങ്ങളെ ചെയ്യുന്നവർ അശുഭകാൎയ്യങ്ങളെ ചെയ്യുന്നവർ
ദാസന്മാർ പതിനഞ്ചുവിധം ॥ ൬൮൦ ॥

കൎമ്മാദിയിവിധം പ്രൊക്തമശുഭം ശുഭമെവച ।
അശുഭം ദാസകൎമ്മോക്തം ശുഭം കൎമ്മകൃതം സ്മൃതം ।

അശുഭമെന്നും രണ്ടുവിധം ദാസന്മാരുടെ മൎമ്മശുഭം ശെഷമുള്ള കൎമ്മം ശുഭം. [illegible]

നാരദഃ। ഗൃഹദ്വാരാശുചിസ്ഥാന രഥ്യാവസ്കര ശോധനം,

ഗുഹ്യാംഗസ്പൎശനോച്ഛിഷ്ടവിണ്മൂത്രഗ്രഹണോജ്ഝനം। [illegible]

ഇഷ്ടതഃ സ്വാമിനശ്ചാംഗൈരുപസ്ഥാനമഥാന്തതഃ।

അശുഭം കൎമ്മ വിജ്ഞേയം ശുഭമന്യദതഃ പരം।

ദാസന്മാർ ചെയ്യെണ്ടുന്ന ശുഭകൎമ്മങ്ങളെ ചൊല്ലുന്നു. മുറ്റം മുതലായതിലുള്ളത

ൟക്കഷ്ടിൽ മുതലായത ശൊധന ചെയ്യുന്നതാകുക കുപ്പവാരിക്കളയുന്നതും പ

ശുനന്നാക്കുക വസ്ത്രശുദ്ധിവരുത്തുക രഹസ്യാംഗങ്ങളെ സ്പൎശിച്ച കഴുകുന്ന

തിന്റെ ഉച്ഛിഷ്ട മനസരിച്ചുപാൽ ഉച്ഛിഷ്ടം വിഷ്ഠമൂത്രംവാരിക്കളകതെച്ചുകള

യിക്കചെരുപ്പ വഴികൊടക്കുക ഇപ്രകാരമുള്ള കൎമ്മങ്ങൾ അശുഭങ്ങൾ। ഇത

ല്ലാതെ മുമ്പിൽ പറഞ്ഞ ശിഷ്ടശാന്തം മുതലായ കൎമ്മങ്ങൾ। [illegible]

കാത്യായനഃ। വിഷ്ഠാദൌജ്യ ജ്ഞാനചൈഷ്ഠ ന്യപകവരിതൽ ൿവരിമ।

ജ്ഞാനം പ്രായൊ ദാസിസ്യത് കൎമ്മാദ്യശാസ്ത്രഗ്രഹണബാധൽ,

മെൽപ്പറയിയ പ്രകാരമുള്ള കൎമ്മങ്ങളിൽ വിഷ്ഠമൂത്രങ്ങൾ കെട്ടുകളയുന്ന

തും നഗ്നനായിരിക്കുമ്പൊൾ കളിപ്പിക്കുന്നതും ഭവനത്തിൽ തന്നെ ഒരു പുറത്ത

ഉത്തമമായിട്ട പരകെട്ടികൊടുത്തിരുന്ന കൂടി മുതലായ വെല കെട്ടിപ്പിക്കുന്ന

തിന്റെ പാപിഷ്ടരിക്കുന്ന ഗൃഹദാസി മുതലായ ദാസികളുടെ മകൻ ചെയ്യെണം, [illegible]

നാരദഃ। ഗൃഹജാതസ്തഥാക്രീതൊ ലബ്ധൊ ദായാദുപാഗതഃ।

അനാകാലഭൃതസ്തദ്വദാഹിതസ്സ്വാമിനാശയഃ। [illegible]

മൊക്ഷിതൊ മഹതശ്ചൎണ്ണാൽ യുദ്ധപ്രാപ്തഃ പണെജിതഃ।

തവാഹമിത്യുപഗതഃ പ്രവ്രജ്യാവസിതഃ കൃതഃ। [illegible]

ഭക്തദാസശ്ച വിജ്ഞേയസ്തഥൈവ വഡവാഹൃതഃ,

വിക്രെതാചാത്മനശ്ശാസ്ത്രെ ദാസാഃ പഞ്ചദശാസ്മൃതാഃ।

ഗൃഹദാസ മുതലായ പതിനഞ്ചു വിധത്തിലുള്ള ദാസന്മാരുടെ ഭെദങ്ങളെ ക്രമമാ

യിട്ട ചൊല്ലുന്നു। ഭവനത്തിൽ തന്നെ ഉത്തമമായിട്ട ഒരു പുറത്ത കുടിയിരുത്തി

ദാസവൃത്തിചെയ്യുന്നതിന്നായിട്ട പാൎപ്പിച്ചിരിക്കുന്ന വെലക്കാരിയുടെ മകൻ
ഗൃഹജാതൻ. ദ്രവ്യം കൊടുത്ത വിലക്കവാങ്ങപ്പെട്ടവൻ ക്രീതൻ. ഒരുത്തനാ
ൽ കിട്ടിയവൻ ലബ്ധൻ. അച്ഛന്മാരുടെ കാലത്തിൽ തന്നെ ദാസ്യവൃത്തിചെ
യ്യുന്നവന്റെ വക പകുതിയിൽ കിട്ടിയവൻ ദായോപാഗ
തൻ. ദുൎഭിക്ഷകാലത്ത കഞ്ഞികുടിപ്പാൻ വകയില്ലാതെ മരിപ്പാൻ തുടങ്ങുന്ന
പനകഞ്ഞിമുതലായതകൊടുത്ത പിന്നെത്തതിൽ ദാസ്യവൃത്തിചെയ്യിപ്പാനാ
യിട്ടു സമയത്ത രക്ഷിക്കപ്പെട്ട ദാസൻ അനാകാലഭൃതൻ. വാങ്ങിച്ചിരിക്കു
ന്ന കടം കൊടുപ്പാൻ വകയില്ലാതെ ദാസ്യവൃത്തിചെയ്തിട്ടെങ്കിലും ഋണ
മൊചനം വരുത്താമെന്ന സമ്മതിച്ചുവന്നവൻ ഋണദാസൻ. യജമാനനാ
ൽ പണയം വെക്കപ്പെട്ടവൻ ആഹിതൻ. യുദ്ധത്തിൽ അപജയം വന്ന പിടി
ക്കപ്പെട്ടവൻ യുദ്ധപ്രാപ്തൻ. ചൊക്കട്ടാൻ ചൂതുമുതലായതിൽ ജയിക്കപ്പെ
ട്ടുവെങ്കിൽ നിനക്കുദാസനായിട്ട ഭവിക്കാമെന്ന പറയുന്നവൻ പണജി
തൻ. നിനക്കു ഞാൻ ദാസനായിരിക്കാമെന്നു താൻതന്നെ സമ്മതിച്ചുപോയ
വൻ സ്വയംവന്നൻ. പ്രവ്രജ്യാവസിതൻ ഇനിക്കുള്ളനാൾ വ
രെയും വെണ്ടും വസ്ത്രം ഭക്ഷണം, തന്നാൽ ഞാൻ ദാസ്യവൃത്തിചെയ്യാമെന്ന
പറഞ്ഞ ഭക്ഷണത്തിന്നായിട്ട വന്നവൻ ഭക്തദാസൻ. ഭവനത്തിൽ വെല
ചെയ്യുന്നതിന്ന പാൎപ്പിച്ചിരിക്കുന്ന ദാസിയെ അനുഗ്രഹിച്ചവനെ കൊണ്ടുചെ
ന്നവളുടെ യജമാനന ദാസനായിട്ട ഭവിക്കാമെന്നവന്ന ദാസൻ
ബഡവാഹൃതൻ. തന്നെത്താൻതന്നെ വിലക്കുവിറ്റ ദ്രവ്യം വാങ്ങിച്ചവൻ
ആത്മവിക്രയി. ഇപ്രകാരം ദാസന്മാര പതിനഞ്ചുവിധം. അതിൽ മുമ്പെ
യന്ന ചൊദിക്കപ്പെടുന്നതും ഇവരത്രെ ആകുന്നു. ഇവരൊട സ്വാതന്ത്ര്യക്കാ
രില്ലാത്തവരാകുന്ന അറിഞ്ഞുകൊള്ളണം. ൧൫ ദാസന്മ.

അത്രൈഷ ചതുൎവ്വൎഗ്ഗൊ ദാസത്വാന്നവിമുച്യതെ.

പ്രസാദാൽ സ്വാമിനൊന്യത്ര ദാസ്യമെഷാം ക്രമാഗതം.

മുമ്പിൽ പറഞ്ഞ പതിനഞ്ച ദാസന്മാരിൽ ഗൃഹജാതൻ മുതലായ നാല ദാസന്മാർ ദാ

സ്വാതന്ത്ര്യമുള്ളവരെന്നുമെങ്കിൽ എങ്ങ്മാനൻ പ്രസാദംകൊണ്ടുവരെണം ഇവ
രന്തന്റെ ദാസന്മാരാകകൊണ്ട ദാസ്യത്തിൽ നിന്ന മൊചനം വരികയില്ല। നാരദശ്ച।

വിക്രീണീതെ സ്വതന്ത്രസ്സൻ യഃ ആത്മാനം നരാധമഃ।
സ ജഘന്യതമസ്തെഷാം സൊപി ദാസ്യാന്ന മുച്യതെ॥

യാതൊരുത്തൻ താന്തന്നെ വിലയ്ക്കു ഒരുത്തനു വില കെട്ടുന്നൊ അവൻ എത്ര
യും ഇഷ്ടനായിട്ടുള്ള ദാസൻ ആയവൻ ദാസ്യത്തിൽ വരികയില്ല। നാരദശ്ച।

യാങ്കവകൃഃ। പ്രവ്രജ്യാവസിതൊ രാജ്ഞൊ ദാസ്സ ആമരണാന്തികഃ।

ഭ്രഷ്ടനായിട്ടുള്ള സന്ന്യാസി മരിക്കുന്നെടത്തൊളം രാജാവിനു ദാസ്യപ്രവൃത്തി
എടുത്ത ദാസനായിരിക്കണം। ഇതിന്റെ ദാസവിധി। നാരദശ്ച।

അനാകാലഭൃതൊ ദാസ്യാന്മുച്യതെ ഗൊയുഗന്ദദൽ।
ഭക്ഷിതാവാപി ദുർഭിക്ഷെ ന തച്ശുദ്ധ്യതി കർമ്മണാ॥

ദുർഭിക്ഷകാലത്തു രക്ഷിക്കപ്പെട്ടുംകൊണ്ട ദാസനായിട്ടുവന്നവൻ ദാസപ്രവൃത്തി
ചെയ്തില്ലെന്നുമെങ്കിൽ അവൻ ഭക്ഷിച്ചതിന്റെ ദ്രവ്യംവിലവെച്ച് ദ്രവ്യസംഖ്യ
പലിശയും കൂട്ടി കൊടുത്തുവെങ്കിൽ ദാസ്യമൊചനം വരും। അല്ലെങ്കിൽ
രണ്ടു ഗൊവിന്റെ വിലയെങ്കിലും കൊടുക്കെണം। അവൻ എടുത്ത വേല കൊണ്ട
തന്നെ ശുദ്ധി വരികയില്ല। നാരദശ്ച।

ആഹിതൊപി ധനന്ദത്വാ സ്വാമീ യദ്യേനമുദ്ധരെൽ।
ഋണന്തു സൊദയന്ദത്വാ ഋണീ ദാസ്യാൽ പ്രമുച്യതെ॥

പണയംവെക്കപ്പെട്ട ദാസനെ പണയംവെച്ചവൻ ദ്രവ്യംകൊടുത്ത എങ്ങ്മാനൻ വീ
ണ്ടെടുത്താൽ പണയംവാങ്ങിച്ചവനിടത്തിൽ നിന്ന ദാസ്യപ്രവൃത്തി വരുത്തണമെ
ന്ന ദാസൻ വാങ്ങിയിരിക്കുന്ന ദ്രവ്യം പലിശയും കൊടുത്താൽ ദാസ്യമൊചനം വരും। നാരദശ്ച।

യുദ്ധഃ പ്രാപ്തഃ പണജിതഃ തവാഹമിതി ചാഗതഃ।
പ്രതിശീർഷപ്രദാനെന മുച്യതെ തുല്യകർമ്മണാ॥

യുദ്ധത്തിൽ പിടിക്കപ്പെട്ടവനും പിന്നെ ചൂതിൽ അവരാൽ ജയിക്കപ്പെട്ടുവന്ന ദാസനും
നിന്റെ ~~[illegible]~~ ദാസനായിരിക്കുമെന്ന സ്വയമായിട്ടുവന്ന ദാസനും ദാസ്യ

ഋണത്തിൽ നിന്ന മോചനം വരെണമെങ്കിൽ പകരം ഇവിടെ കൊടുത്ത ദാസ്യ മോചനം വരുത്തിക്കൊള്ളണം. നാരദൻ.

ഉത്തമാലഭ്യ പരമാൽ ഉത്തമൈഃ പ്രതിവിശുദ്ധ്യതെ
ദത്വാന്യം വെ കൎമ്മണാ തൽസമൊ ദാസഃ പ്രമുച്യതെ
ഗൃഹാൽ ബഹിൎഭാവയഷ്കൃത അബദ്ധാവാപ്തഃ

ഇതു സംവത്സരം ദാസ്യ പ്രവൃത്തി എടുക്കാമെന്ന കാലസംഖ്യ വെച്ചിട്ടുണ്ടെങ്കിൽ കാലസംഖ്യ കഴിഞ്ഞുകൂടുമ്പോൾ ആയവന്ന ദാസ്യമോചനം വരും. നാരദൻ.

കാത്യായനഃ സ്വദാസീം യസ്തു സംഗച്ഛെൽ പ്രസൂതാ ച ഭവെത്തതഃ
അവെക്ഷ്യ ബീജം കാൎയ്യാ സ്യാൽ അദാസീ സാന്വയാ തു സാ.

തന്റെ വെലകൊടുത്തു വാങ്ങി ചിലവിടുന്ന ദാസിയോട സ്വാമിയായിട്ടിരിക്കുന്നവൻ സംസൎഗ്ഗം ചെയ്ത ഗൎഭം ഉണ്ടായാൽ പിന്നെത്തതിൽ ആ ദാസിയെ സന്തതിയോടുകൂടെ ദാസ്യമോചനവിധിപ്രകാരം ദാസ്യത്തിൽ നിന്ന മോചനം വരുത്തെണം. പിന്നെത്തതിൽ ദാസ്യപ്രവൃത്തി എടുപ്പിക്കരുത. നാരദൻ.

ദാസീസുതാൽ ദാസാൽ ദാസത്വം ന ച ഭവെൽ ഉൽകൃഷ്ടകൊ ജനിതൊ ദാസ്യാം ദാസസുതൊ ന ച

മെൽപ്പെട്ട ജാതിയിൽ ദാസിയെ കെട്ടിയവനെങ്കിലും മറ്റൊരുത്തനെങ്കിലും സംസൎഗ്ഗം ചെയ്തു സന്തതി ഉണ്ടായാൽ ആ സന്തതികൾ പിതൃജാതിസമമാക കൊണ്ട ദാസന്മാരായിട്ട ഭവിക്കയില്ല. നാരദൻ.

യശ്ചൈഷാം സ്വാമിനഃ കശ്ചിൽ മൊക്ഷയെൽ പ്രാണസംശയാൽ
സ ദാസത്വാൽ വിമുച്യെത പുത്രഭാഗം ലഭെത ച.

ഏതൊരു ദാസനെങ്കിലും സ്വാമിക്കു പ്രാണഭയം കൊണ്ട പ്രാണാപത്തു വന്നിരിക്കുമ്പോൾ ആ ഭയത്തിൽ നിന്നു സ്വാമിയെ രക്ഷിച്ചു വിട്ടിരിക്കുന്നു എന്നാൽ അന്നുമുതൽക്കു ആയവനെക്കൊണ്ട ദാസ്യപ്രവൃത്തി എടുപ്പിക്കരുത. പിന്നെത്തതിൽ ആയവനെ പുത്രനെപ്പോലെ രക്ഷിക്കെണം. അനാകാലകൃതദാസ്യമോചനപ്രകാരം. നാരദൻ.

സ്വദാസമിച്ഛേദ്യഃ കൎത്തുമദാസം പ്രീതമാനസഃ।
സ്കന്ധാദാദായ തസ്യാസൌ ഭിന്ദ്യാൽ കുംഭം സഹാംഭസാ। [illegible]
അക്ഷതാഭിസ്സപുഷ്പാഭിൎമ്മൂൎദ്ധന്യദ്ഭിരവാകിരെൽ।
നദാസ ഇത്യഥൊക്ത്വാ ത്രിഃ പ്രാങ്മുഖം തമഥൊത്സൃജെൽ।

ഒരു ദാസനായിരിക്കുന്നവന്ന ദാസ്യമൊചനം വരുത്തെണമെന്ന സ്വാമിക്കു ഇച്ശയുണ്ടായാൽ ആ ദാസനൊട കുടത്തിൽ വെള്ളം കൊരി തൊളിൽ നിന്നെടു(ത്ത) കുടം ഉടെച്ചു ആ ദാസന്റെ ശിരസ്സിൽ പുഷ്പവും അക്ഷതവും ~~[illegible]~~ കൂടട്ടി ട്ട ഇനി ദാസനല്ലെന്ന മൂന്നു പ്രാവിശ്യം പറഞ്ഞു പ്രാങ്മുഖനായിട്ട പൊകത്തക്കവ ണ്ണം പറഞ്ഞയക്കണം. പിന്നെയതിൽ ദാസ്യമൊചനം പെട്ട ദാസന്മാരൊക്കവെ രെപ്പൊലെ സംഭാഷണാദിയൊഗ്യരായിട്ട ഭവിക്കുമെന്നും ഇപ്രകാരം തന്നെ വെലപ്പെട്ടുവരുന്ന ദാസ്യത്തിങ്കൽ ദാസ്യമൊചനം വരുത്തും വിധിതന്നെ സ്മൃതിചന്ദ്രികയിൽ ചൊല്ലീട്ടുമുണ്ട. ഇതിന്നു ദാസ്യമൊക്ഷപ്രകരണം।
[illegible]

കാത്യായനഃ। ദാസെനൊഢാ ത്വദാസീ യാ സാപി ദാസീത്വമാപ്നുയാൽ।
യസ്മാൽ ഭൎത്താ പ്രഭുസ്തസ്യാഃ സ്വാമ്യധീനഃ പ്രഭുൎയ്യതഃ।

ദാസനായിരിക്കുന്നവൻ ഉത്തമയായിരിക്കുന്ന നാരിയെ വെളി കഴിച്ചു എങ്കിൽ ആ ദാസന്നു സ്വാമിയുണ്ടെന്നാൽ ആയവളും ആ ദാസന്റെ കെട്ടിയവളും ആ ദാസിയായിട്ട ഭവിക്കും।
[illegible]

ഭാൎയ്യാ പുത്രശ്ച ദാസശ്ച ത്രയ ഏവാധനാഃ സ്മൃതാഃ।
യത്തെ സമധിഗച്ശന്തി യസ്യ തെ തസ്യ തദ്ധനം।

ഭാൎയ്യയും പുത്രനും ദാസനും ദാസിയും ഉണ്ടാക്കുന്ന ധനത്തിന്ന അവരവർ അവകാശികളല്ല. അവർ ഏതൊരുത്തന്റെ ഭാൎയ്യ മുതലായവരായിരിക്കുന്നു അവനെ സംബന്ധിച്ചവരാകുന്നു. ആ സംബന്ധപ്രകാരം ഭാൎയ്യയുടെ ധനം ഭൎത്താവിന്നും പുത്രന്റെ ധനം അഛ്ശന്നും ദാസന്റെ ദാസിയുടെ ധനം സ്വാമിക്കും അവകാശം. ഭൎത്താവ മുതലായവര ഇരിക്കുമ്പൊൾ ഭാൎയ്യ മുത ലായവൎക്ക സ്വാതന്ത്ര്യമില്ലെന്നാകുന്നു. [illegible]

അസ്ത്രീയാ ത്വയാ ദാസീ ന ദാസ്യം ലഭതെ സാ ഭവെൽ।
നാദെവ ഭൂമ്യാദി ഗമെ ശ്രുതെനൊ ദാസതാം വ്രജെൽ।

ഒരുത്തന്റെ അടുക്കെ വെല എടുത്തവരുന്ന ദാസി അവന്നു ദാസിയായിരി
ക്കയില്ല. ദേവദാസികളിലവിന്ന കൊടുത്തു രക്ഷിച്ചവരുന്നവൻ ദേവദാസനാ
യിട്ടിരിക്കയില്ല. ന്യായം.

കാമാന്ത്യസംയുതായാന്തു ദാസികുൎവ്വ ബലാത്ക്രിയാ.

സംക്രമാദ്യെതവാന്ത്ര ദണ്ഡ്യഃ സ്യാദുത്തമാദപൈൽ.

ഒരുത്തി ഒരുത്തനെ കാമിച്ചു ശുശ്രൂഷിച്ചുവന്നാൽ അവൻ അവളെ ദാസിയാക്കി
യാലും പിന്നെ ഒരുത്തനൊട സംബന്ധിച്ചാലും ആയതവന്നു പാപമില്ല. ഇങ്ങി
നെ ചെയ്യുന്നവൻ ദണ്ഡ്യൻ. ന്യായം.

ബാലയാന്തിമദാസിഞ്ച ദാസിമിത്തിഹുവനക്കിയഃ.

പരിചാരകവത്തിം വാ പ്രാപ്തയാൽ പൂൎവ്വസാഹസം.

യാതൊരുത്തൻ ഉണ്ണനല്ല കൊടുത്തു രക്ഷിച്ചുവരുന്നവളെയും തന്റെ പുത്രന്റെ
ഭാൎയ്യയെയും തന്റെ ദാസിയെ ആലിംഗിച്ചുവരുന്നൊരുത്തനാൽ അവന്നു പൂ
ൎവ്വസാഹസദണ്ഡം വരും. ന്യായം.

അക്രോശമാനാം യൊദെനാ ദാസീം വിക്രീതവിക്ഷതി.

അനാപദിസ്ഥശക്തസ്സൻ പ്രാപ്തയാദിശതം ദമം.

തനിക്ക അടിമപ്പെട്ട വെലകാൎയ്യം എടുത്തുവരുന്ന ദാസിയെങ്കിലും ദാസനെങ്കിലും മ
റ്റൊരുത്തന വെലയെടുപ്പാൻ സമ്മതിക്കാതെ ഇരിക്കുമ്പോൾ തനിക്കും ഒരാപത്തി
ല്ലാതെ ശക്തനായിരിക്കുന്നവൻ ദ്രവ്യം മോഹിച്ച മറ്റൊരുത്തനു വില്പാൻ തുടങ്ങി
യാൽ ആയവനെക്കൊണ്ട ഇരുനൂറു പണം പ്രായശ്ചിത്തം ചെയ്യിപ്പിച്ച വിശ്വാസത്തെ
തിക്കണക്കപ്പെടും. ചട്ടം കെട്ടിക്കൊള്ളണം. അടിമപ്പെട്ടിരിക്കുന്ന ദാസിയെ ദാ
സന്മാർ വിലപ്പെടുന്നതു സമ്മതം തന്നെ എങ്കിലും തനിക്ക അടുക്കൽ പതിതാവസ്ഥ [illegible]
കില്ല. ഒന്നരാപത്തു വന്നപ്പൊഴും അടുപ്പിൽ ആകുമാറെന്നതാകുന്നു. ന്യായം.

[illegible]. [illegible] ദാസിം [illegible].

നൊ [illegible] പ്രശ്നൊദാഹരിതമൈവാതു [illegible].

ഒരുത്തന അടിമപ്പെട്ടിരിക്കുന്ന ദാസികളുടെ മെൽ മറ്റൊരുത്തൻ സംസൎഗ്ഗം ചെയ്തു

സന്തതി ഉണ്ടാക്കിയാൽ സന്തതിയുണ്ടാക്കിയവനു അവകാശമായിട്ടു വരികയില്ല। അതു
ദാസിയുടെ സ്വാമിക്കത്രെ അവകാശം। ഇപ്രകാരം ഒരുത്തന്റെ പശു കുതിര മുതലായതിൽ
മറ്റൊരുത്തന്റെ വൃഷഭം മുതലായതു ചേർന്നിട്ടുണ്ടാക്കിയ സന്തതിയിൽ വൃഷഭം മുത
ലായതിന്റെ ഉടയവനും അവകാശമായിട്ടുവരികയില്ല। മെൽ എഴുതിയപ്രകാരം അന്യ
സ്ത്രീകളോടു മറ്റൊരുത്തൻ സംസർഗ്ഗം ചെയ്തുണ്ടാക്കിയാൽ ആ സന്തതിയുണ്ടാക്കുന്നവ
നും അവകാശം സിദ്ധിക്കയില്ല। അത്ര ശ്ലൊ।

ഓഘവാതാഹൃതം ബീജം ക്ഷെത്രെയസ്യ പ്രരോഹതി।
ഫലഭാഗീ യതഃ ക്ഷെത്രീ ന ബീജീ ലഭതെ ഫലം॥

ഒരുത്തന്റെ വിത്തു കാറ്റുകൊണ്ടെങ്കിലും വെള്ളംകൊണ്ടെങ്കിലും മറ്റൊരുത്തന്റെ
നിലത്തു ചെന്നു ഫലമുണ്ടായാൽ ആ ഫലത്തിന്നും നിലം ഉടയവനെത്രെ അവകാശം। വിത്തി
ന്നുടയവന്നു വരികയില്ല। അത്ര ശ്ലൊ।

ക്ഷെത്രികാനുമതെ ബീജം യസ്യ ക്ഷെത്രെ സമുത്സൃജെൽ।
തദപത്യമുഭയൊരെവ ബീജിക്ഷെത്രികയൊർമ്മതം॥

അന്യസ്ത്രീകളുടയവനൊടു പറഞ്ഞ സമ്മതം വരുത്തി ഉണ്ടാക്കുന്ന സന്തതിയും ഇരുവർക്കും
അവകാശമെന്നു വിധിച്ച അന്യസ്ത്രീയൊടു മറ്റൊരുത്തൻ സംസർഗ്ഗം ചെയ്തുണ്ടാ
ക്കിയ സന്തതിയിൽ ഇരുവർക്കും അവകാശം ഉണ്ടു। ഇപ്രകാരം പറഞ്ഞുവെച്ച ഒരുത്ത
ന്റെ നിലത്തിൽ മറ്റൊരുത്തൻ വിതച്ചിട്ടു അതിൽ ഫലമുണ്ടായാൽ വിത്തുടയവനു
വരികയില്ല। ഇതി ദാസീപുത്ര നിർണ്ണയഃ। അത്ര ശ്ലൊ।

ത്രിഷു വർണ്ണെഷു വിജ്ഞെയം ദാസ്യം വിപ്രസ്യ ന ക്വചിൽ।
വർണ്ണാനാമാനുലൊമ്യെന ദാസ്യം ന പ്രതിലൊമതഃ॥

ക്ഷത്രിയ വൈശ്യ ശൂദ്രന്മാരും വൈശ്യൻ ശൂദ്രന്മാരെയും ഇപ്രകാരം ജാതിക്രമമായിട്ടു
ചെയ്യെണം। ജാതിക്രമം പൊലെ ദാസ്യപ്രവൃത്തി ചെയ്യിക്കുന്നതല്ലാതെ വ്യതി
മായിട്ടു ക്രമം വിട്ടു ചെയ്യരുത്। അത്ര ശ്ലൊ।

സമവർണ്ണെ ദ്വിജാതീനാം ദ്വാദശാബ്ദസ്യ ഭക്തകാരയെൽ।
ശീലാധ്യയനസമ്പന്നെ ന്യൂനം കർമ്മകാരതഃ॥

തസ്മിന്നാശൂദ്രം കർമ്മ പ്രകൃഷ്ടിത മിഥ്യൊത്തമഃ।

ബ്രാഹ്മണസ്യ തു ദാസത്വാൽ നൃപതേജോ വിഹന്യതെ।

ബ്രാഹ്മണനെക്കൊണ്ടു ബ്രാഹ്മണർ ദാസ്യവൃത്തി ചെയ്യിക്കരുത. എത്രയും വെദശാസ്ത്രസമ്പന്നനായും നല്ലശീലത്തോടു കൂടിയവനായും ഇരിക്കുന്ന ബ്രാഹ്മണനെ ശുശ്രൂഷ ചെയ്യെണമെന്ന മറ്റൊരു ബ്രാഹ്മണന ഇച്ശയുണ്ടെങ്കിലും അശുദ്ധമായിട്ടുള്ള കർമ്മങ്ങളെ ചെയ്യരുത. ബ്രാഹ്മണൻ ദാസ്യവൃത്തി ചെയ്താൽ ഇവന്റെ വൃത്തികൾക്കു ദൊഷം വരും എന്നത്രെ।

നാരദഃ। സ്വധർമ്മത്യാഗിനൊന്യത്ര ദാരവദ്ദാസതാ മതാ।

വിക്രീയ്യ ന്യൂനം കർമ്മ വർണ്ണദാസ്യെ ത്വിയൊജയെൽ।

തഥൈവ ഉത്തമസാഹസദണ്ഡഃ।

സന്യാസിയായിട്ടുള്ളവൻ സന്യാസധർമ്മത്തെ വിട്ടു ഭ്രഷ്ടനായാൽ ആ സന്യാസി വർണ്ണജാതിയിൽ ജനിച്ചവനാകുന്നു എങ്കിലും തന്നെക്കാൾ ഉയർന്ന ജാതിയിലും ദാസ്യവൃത്തി ചെയ്യുന്നതിന അവൻ തക്കുള്ളവൻ യാതൊരുത്തനെ എങ്കിലും തന്റെ സമജാതിയിൽ ജനിച്ചവനെക്കൊണ്ടു ദാസ്യവൃത്തി ചെയ്യിക്കുന്നു എന്നാൽ ആയവനെക്കൊണ്ടു ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിക്കെണം എന്നത്രെ।

കാത്യാ। അന്തരാ തയൊനസ്യ വർണ്ണേഷു നൈവ ദാസത്വമിഷ്യതെ।

വിദ്യാധികസ്യ ജാതിസ്വസമിണൊ ഗുരുവൊപി ച।

ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരാകുന്ന മൂന്നു ജാതികൾക്കും ഉന്നജാതിയിൽ ജനിച്ചവരെന്നും അഭിമാനം വരുത്തെണ്ടിരിക്കുന്നവനെക്കൊണ്ടും ദാസ്യവൃത്തി ചെയ്യിക്കയും അവരെക്കൊണ്ടു ചെയ്യിക്കയും അരുത. ഇപ്രകാരം വിദ്യാധികനെക്കൊണ്ടും സമജാതിയിൽ ജനിച്ചവനെക്കൊണ്ടും ദായാദിക്കാരനെക്കൊണ്ടും ഗുരുവിനെക്കൊണ്ടും ദാസ്യവൃത്തി ചെയ്യിക്കരുത എന്നത്രെ।

മനുഃ। ശൂദ്രം തു കാരയെദ്ദാസ്യം ക്രീതമക്രീതമെവ ച।

ദാസ്യായൈവ ഹി സൃഷ്ടൊസൌ ബ്രാഹ്മണസ്യ സ്വയംഭുവാ।

ബ്രാഹ്മണർ ശൂദ്രരെ ദാസ്യവൃത്തി ചെയ്യിക്കുന്നതിനായിട്ടു സ്വർണ്ണം കൊടുത്തു വിലക്കു മെടിച്ച ശൂദ്രനെക്കൊണ്ടും അല്ലാത്തവനെക്കൊണ്ടും ചെയ്യിക്ക

ക്കും ദാസ്യത്തിൽനിന്നൊഴിക്കാം। ഇതി ദാസാധികാരണം। അഭ്യുപെത്യാശുശ്രൂ
ഷാപദം സമാപ്തം। ഇനി വെദനാനപാകർമ്മപ്രകരണം। [illegible]

നാരദഃ। ഭൃത്യാനാം വെദനസ്യൊക്താ ദാനാദാനവിധിക്രിയാ।

വെദനസ്യാനപാകർമ്മ തദ്വിവാദപദം സ്മൃതം।

വെല ചെയ്യുന്നവർക്ക് ഇന്നവിധത്തിൽ കൂലി കൊടുക്കേണമെന്നും ഇന്നവിധത്തിലു
ള്ള വെലക്കാർക്ക് കൂലി കൊടുക്കേണ്ടാ എന്നും ഉള്ള വിധിയെ ചൊല്ലുന്ന വിവാദ
ത്തിനു വെദനാനപാകർമ്മമെന്നു പെര്। [illegible]

ഭൃതായ വെദനം ദദ്യാൽ കർമ്മസ്വാമീ യഥാക്രമം।

ആദൌ മദ്ധ്യെവസാനെ വാ കർമ്മണൊ യദ്വിനിശ്ചിതം।

വെല ചെയ്യിപ്പിക്കുന്നവൻ ചെയ്ത വെലക്കാർക്കും വെല ചെയ്യിക്കുന്ന എജമാനൻ
കൂലി കൊടുക്കേണം। ദിവസമൊന്നിന് ഇത്ര പണം തരാമെന്ന മുമ്പിൽ തന്നെ പറഞ്ഞ
നിശ്ചയിച്ചിട്ടുള്ള കൂലി എടുപ്പാൻ തുടങ്ങുമ്പൊൾ എങ്കിലും വെലയുടെ മദ്ധ്യത്തിങ്ക
ലും അന്തത്തിങ്കലെങ്കിലും കൊടുക്കേണം। [illegible]

ഭൃതാവനിശ്ചിതായാന്തു ദശഭാഗമവാപ്നുയാൽ।

ലാഭഗൊവീര്യസസ്യാനാം വണിഗ്ഗൊപകൃഷീവലാഃ।

കൂലി നിശ്ചയിക്കാതെ വെല ചെയ്യിച്ചു എങ്കിൽ അപ്പൊൾ കൂലി കൊടുക്കേണ്ട
ന്റെ പ്രകാരത്തെ ചൊല്ലുന്നു। കച്ചവടത്തിൽ വെല ചെയ്യിച്ചാൽ അതിൽ വ
രുന്ന ലാഭത്തിൽ പത്തിലൊന്നും പശുരക്ഷ കഴിക്കുന്നവർക്ക് പാലിൽ പത്തിലൊന്നും ഉ
ഴവു വെല ചെയ്യിച്ചാൽ വിളവിൽ പത്തിലൊന്നും ഇപ്രകാരം വെലക്കാർക്കു പങ്കു
ണ്ണ കൊടുപ്പിക്കേണം। [illegible]

ബൃഹസ്പതിഃ। ത്രിഭാഗം പഞ്ചഭാഗം വാ ഗൃഹ്ണീയാൽ സീരവാഹകഃ।

ഭക്താച്ഛാദഭൃതഃ സീരാൽ ഭാഗം ഗൃഹ്ണീത പഞ്ചമം।

ജാതസസ്യാൽ ത്രിഭാഗന്തു പ്രഗൃഹ്ണീതാപരൊഭൃതഃ।

ഒരുത്തൻ പ്രയത്നം ചെയ്ത കൃഷി ചെയ്യുന്ന ഉഴവുനിലത്തിൽ കൃഷി ചെയ്തു വിളവുണ്ടായാൽ
വിളവിൽ മൂന്നിലൊരു പങ്കെങ്കിലും അഞ്ചിലൊരു പങ്കെങ്കിലും കൃഷി ചെയ്യുന്നവ

കൊടുക്കെണം. ഭൃത്യദാസനെക്കൊൽ അഞ്ചിലൊരുപങ്കും മറ്റുള്ളദാസന്മാരെക്കൊ
ൽ മൂന്നിലൊരുപങ്കും കൊടുപ്പിക്കെണം. നൃസ്മൃ

പ്രജാപതിഃ। സമുദ്രയാനകുശല ദേശകാലാർത്ഥദർശിനഃ।
നിയച്ഛെയുസ്താം ഭൃതിയാനുസാര്യാൽ പ്രാഗനുക്തായധി।

ഇന്നവെലക്കുകൂലിതരാമെന്ന നിശ്ചയിക്കാതെ ഇരുന്നാൽ പിന്നെ അന്നത്തിൽ എജമാ
നന്മാവെലയെടുക്കുന്ന ദാസന്മാർക്ക്. പശുക്കളൊടും ഉൾപ്പെട്ട വ്യാപാരങ്ങളും
ദെശത്തിന്റെ അവസ്ഥയും അറിഞ്ഞിരിക്കുന്നവർ തിരിച്ചറിഞ്ഞു നിശ്ചയിക്കുന്നകൂലി
എജമാനൻ കൊടുക്കയും ദാസൻ വാങ്ങിക്കയും വെണം. നൃസ്മൃ

ബൃഹസ്പതിഃ। ഗൃഹീതവെതനഃ കർമ്മ നകരൊതി യദാ ഭൃതഃ।
സമർത്ഥശ്ചെദ്ദാപ്യസ്യാദ്ദ്വിഗുണന്തച്ച വെതനം।

വെല ചെയ്യാമെന്ന സമ്മതിച്ച കൂലിയും വാങ്ങിക്കൊണ്ടു രൊഗാദികൂടാതെ ശ
ക്തനായിരിക്കുമ്പൊൾ തന്നെ വെല ചെയ്യാതെ ഇരിക്കുന്നു എങ്കിൽ ആയവനെക്കൊ
ണ്ടു വാങ്ങിച്ച കൂലിയും ഇരട്ടിയും തിരിയെ കൊടുപ്പിച്ച ഗതിപൊലെ പ്രായശ്ചിത്തം
ചെയ്യിപ്പിക്കെണം. നൃസ്മൃ

നാരദഃ। കർമ്മാകുർവ്വൻ പ്രതിശ്രുത്യ കാര്യൊ ദത്വാ ഭൃതിം ബലാൽ
കാലെ പൂർണ്ണെ ത്യജൻ കർമ്മ ഭൃതിനാശമവാപ്നുയാൽ।

വെലക്കുവരാമെന്ന സമ്മതിച്ച വെച്ച വെലയെടുക്കുന്ന സമയത്തിൽ വെലയെടുക്കാതെ
ഇരുന്നു എങ്കിൽ ആയവന്നു കൊടുപ്പാനുള്ള കൂലിയും കൊടുത്ത ബലാൽക്കാരത്തൊ
ടെങ്കിലും വെലയെടുപ്പിച്ചുകൊള്ളെണം. ഇത്രദിവസം വെലയെടുക്കാമെന്ന സമ്മതി
ച്ചവന്ന വെലയെടുത്തവരുമ്പൊൾ ആയവധി കഴിയുന്നതിന്നു മുമ്പിൽ വെലയെടുക്കാതെ
മതിയെന്നു തന്നെ പൊയെങ്കിൽ മുമ്പിൽ എടുത്ത വെലെക്കുള്ള കൂലിയും ആയവന്നു വരിക
യില്ല. നൃസ്മൃ

ശംഖഃ। ക്രെതാ നാർത്തൊ നകുര്യാദ്യൊ ദർപ്പാൽ കർമ്മ യഥൊദിതം।
സ്വാമിനൊ ദൊഷാദപക്രാമൻ യാവൽകൃതമവാപ്നുയാൽ।

വെലയെടുക്കുന്നതിന്നു വന്നവനെ എജമാനൻ മര്യാദഭംഗമായിട്ട ശകാരിക്കുന്നുസ

സരിഷ്കാൻ വഹ്നാതെ ഒരു മാനകൻ ദൊഷം കൊണ്ട വെലപ്പെട്ടു പൊകുന്നവൻ
മദ്ധ്യത്തിൽ പെരയെട്ടിൽ ചെയ്ത പെല കൂലിയും ആയവനസിദ്ധിക്കും. ൻൻദ്ധ്യ।

മന്ത്രിഃ ഷ്ടിതൊനാമെഷാനമനുഷ്യാദ്വൈരാദ്യാൽ കല്പയെതോത്തം।
സദന്ന്യഃ കൃച്ഛ്രലാഘ്രമെഷ്ഷാമനമെദയശ്ചാനൃ പെദ്ദ്നഃ।

വെലപ്പെട്ടു പൊകുന്നവരിൽ മരുരൊഗാദികൾ കൂടാതെ സ്ഥാനത്തിരിക്കുമ്പൊൾ
ശ്രാദ്ധം കൊണ്ട വെലപ്പെട്ടിക്കാതെ ഉരുന്ന പെട്ടിൽ ആയവന കൂലിയുടെ ഫാന്തി
ആപത്തിന്ന അർദ്ധകൃച്ഛ്രം പ്രായശ്ചിത്തം ചെയ്യിക്കെണം. ൻൻ വചനം।

ആജ്ഞാവല്ക്യഃ അതാഭ്യെ ദെവികാനൃണാം ഭാണ്ഡം ദാപയെദ്ബാഹകൈ।
പ്രസ്ഥാനവിഘ്നകൃതഞ്ചൈവ പ്രദാപ്യൊഷ്ടഗുണം ഭൃതം।

മദ്ധ്യാദപൊലെ ആകുന്ന കൂലിയും നിശ്ചയിച്ച മദ്ധ്യകാരന്ത്ര (പാത്രം) ഇന്നാട്ടിൽ പത്തിനൊ
ന്നൊമത്തം പറഞ്ഞപെട്ടിച്ച പക്ഷം മദ്ധ്യതലൊയതന്റെ ഉടൽ എത്തിക്കാതെരാ
ജിക്കൈദെവികൊപദ്രവം കൂടാതെ ഉപെക്ഷ ദൊഷം കൊണ്ടെ മദനപാന്തി
പത്തിയാൽ മദ്ധ്യകാരനെ കൊണ്ട ഉടയവനവകരം മദ്ധ്യമതടക്കുല്യം അ
ന്തിനെ വില മെല്ലം കൊടുക്കിക്കെണം. ഇന്നമാസം ഇത്ര കിഴ്ച ഇന്ന ദിവസത്തിന്ന ഇത്ര
വൃദ്ധകവിവാഹം കല്യാണയാത്ര കാൎയ്യത്തിനായിട്ട ഇന്നടത്തിൽ പൊകെണമെന്നു
പിന്നെ പറഞ്ഞ കൂലിയും നിശ്ചയിച്ചു ചട്ടം കെട്ടിയിരിക്കുമ്പൊൾ ആ ദിവസത്തിന്ന
സമ്മതവരാമെന്ന ഏറ്റിരുന്നവൻ ആ സമയത്ത വരാതെ വിവാഹവിഘ്നം വരുത്തിയാൽ
ആയവനെ കൊണ്ട അവിടെ നിശ്ചയിച്ച കൂലി എട്ട കൊടുപ്പിക്കെണം. ൻൻ വചനം।

ദൃക്കമാന്തെ സ്വകം ഭാരം ത്യക്ത്വാ പെടിസന്നധെന।
ദീക്ഷിതർപ്പാദസംസ്കാരം പുത്രൊപൃന്ദു ദക്ഷിതൊവിധി।

ഇന്ന ദിവസത്തിൽ യാത്ര പുറപ്പെട്ടു പൊകെണമെന്നും അതിന്ന കൂലി ഇത്ര തരാമെന്നും
നിശ്ചയിച്ചിട്ടെ പൊരെണമെന്നും പറഞ്ഞ ഉത്തരം സമ്മതിച്ച ഏറ്റിരുന്നവൻ യാത്ര പുറപ്പെ
ട്ടിരുന്നതിന്റെ മുമ്പിൽ തന്നെ അപ്പൊൾ ഞാൻ വരികയില്ലെന്ന പറഞ്ഞു പെട്ടിൽ ആയവ
നെ കൊണ്ട നിശ്ചയിച്ചിരിക്കുന്ന കൂലിയിൽ ഏഴിലൊരു പങ്കും കറഞ്ഞായിരം
പിന്നം പെട്ട വിരിനന്തരത്തിൽ വിഘ്നം വരുത്തിയവനെ കൊണ്ട നാലിലൊരു
പങ്കും പാതിവഴി വന്നും പെട്ട പൊയതിൽ ആയവനെ കൊണ്ട നിശ്ചയിച്ചിരിക്കു
ന്ന കൂലി മുഴുവനും കൊടുപ്പിക്കെണം. അതിന്ന തന്നെ കൂലി പറഞ്ഞിട്ടുണ്ടെങ്കിൽ

ആയതും മെലെ ചൊല്ലിയ പ്രകാരമുള്ളതു കൊടുപ്പിക്കെണം. ഒരുത്തനെ ഒരുത്ത
ൻ പൊകുന്നതിനായിട്ട വരെണമെന്ന കല്പിച്ചും അയച്ചു പറഞ്ഞിരിക്കുന്നവ
നെ ത്തള്ളി വെറിട്ടാക്കി കൊണ്ടുപൊയാൽ മെൽ ചൊല്ലിയ പ്രകാരം പുരുഷകാര
നും ഒന്നെ മാനനെക്കൊണ്ടു കൊടുപ്പിക്കെണം. ന്യായം।

കാത്യായനഃ। ഗ്രാമെഷു ച പഥി സഹായസ്ത്വാനാരൊഗാൎത്ഥമെവ ച।
ബ്രഹ്മയാൻ സാഹസം പ്രാപ്തം ഗ്രാമമെത്യ മഹാലയൻ।

വഴിനടക്കുമ്പൊൾ സഹായത്തിനായിട്ടു വരുന്നവനെങ്കിലും ഒരു രൊഗ
മെങ്കിലും ഉണ്ടായാൽ ഉപെക്ഷിക്കുന്നവൻ ഒരു ഗ്രാമം മുതലായതിൽ ആയവനെക്കൂട്ടി
കൊണ്ടു ചെന്നിട്ടു മൂന്നുദിവസം താനും കൂടിയിരുന്നു രക്ഷിക്കെണം. ഈ പ്രകാരം
ചെയ്യാതെ വഴിമെൽ വെച്ചു തന്നെ ഇട്ടുവെച്ചുപൊയാൽ ആയവനെക്കൊ
ണ്ടു പ്രഥമസാഹസം പ്രായശ്ചിത്തം ചെയ്യിപ്പിക്കെണം. ഇതി യൊഗക്ഷെമാവധിഃ।
ന്യായം—

ശുല്കം ഗൃഹീത്വാ പണ്യസ്ത്രീ നെഛന്തീ ദ്വിഗുണം വഹെൽ।
അനിഛൻ ശുല്കദാതാപി ശുല്കഹാനിമവാപ്നുയാൽ।

യാതൊരു വെശ്യാസ്ത്രീ ഒരുത്തനൊടു ഭൊഗത്തിനായിട്ട ഇത്ര പണം ത
രെണമെന്ന നിശ്ചയിച്ചു പണം വാങ്ങിച്ചുംകൊണ്ടു പിന്നത്തതിൽ ഭൊഗത്തി
ന സമ്മതിച്ചില്ലെങ്കിൽ ആ വെശ്യാസ്ത്രീയെക്കൊണ്ടു വാങ്ങിച്ച ദ്രവ്യത്തിനെ ഇരട്ടി
കൊടുക്കുന്നവനെക്കൊടുപ്പിക്കെണം. പണം കൊടുത്തവൻ തന്നെ ഇവളുടെ ഭൊ
ഗത്തിന ഇഛയില്ലെന്നും തന്ന ദ്രവ്യത്തിനെ തിരിയെ തരെണമെന്നും ചൊ
ദിച്ചാൽ കൊടുത്തവന ദ്രവ്യം പരികയില്ല. ന്യായം।

ബൃഹസ്പതിഃ। പ്രാപ്തിനാ സൎവ്വമാപ്നൊതി ഗ്രാഹകസ്ത്വപരായണാ।
അശക്ത്യാ ച നാഗഛെദ്ദൈവവ്യാധ്യാദിവാസിതാ।

മെൽ ചൊല്ലിയ പ്രകാരം ദ്രവ്യം വാങ്ങിച്ചിരിക്കുന്ന വെശ്യാസ്ത്രീ ഒരു വ്യാധി
കൊണ്ടെങ്കിലും തളൎച്ചകൊണ്ടെങ്കിലും ഇഛയാതെ ആയിപ്പൊയിട്ട്
ചെൽകുമ്പൊൾ എങ്കിലും തന്റെ കാൎയ്യത്തിൽ വൃത്തിച്ചിരിക്കുമ്പൊൾ
എങ്കിലും ദ്രവ്യം കൊടുത്തവന ഇഷ്ടമായ സംസൎഗ്ഗം വരാഞ്ഞാലും വാ
ങ്ങിച്ച ദ്രവ്യത്തിന ഹാനി വരികയില്ല. ന്യായം।

നാരദഃ। ആക്രുശ്യ പണ്യസ്ത്രീയം ഗൃഹീത്വാ മദനസ്ത്രീയം।

ആ ക്രുദ്ധ ഏക സംഗങ്ങൾ ഖാദന്നന്നവധ്ധിദി॥

അയോനൌ യസ്സമാക്രാമേദ്ബഹുഭിർവ്വാപി വാസയേൽ।

ശുല്കേ അഷ്ടഗുണം ദാപ്യോ വിനയന്താവദേവ തു।

ഇതു മുമ്പം തരാമെന്ന പറഞ്ഞ വേശ്യാസ്ത്രീയോട ഭോഗം ചെയ്തും വെച്ച പി
ന്നെ അതിൽ കൊടുക്കാതെ ഇരുന്നാൽ ആയവനെ കൊണ്ടും ദന്തങ്ങൾ കൊ
ണ്ടും നഖങ്ങൾ കൊണ്ടും ഉപദ്രവിക്കയായിട്ട് അതിക്രമിച്ച ഭോഗിച്ചു ഭോഗി
ക്കുന്നവനെക്കൊണ്ടും യോനിദ്വാരം ഒഴിച്ച മറ്റുള്ള ദ്വാരങ്ങളിൽ ഭോഗി
ക്കുന്നവനെ കൊണ്ടും നിശ്ചയിച്ചുവെച്ചതിൽ എട്ടുവകക്കൂട്ടി വേശ്യാ
സ്ത്രീക്കും കൊടുപ്പിച്ച അത്രയും പണം അവനെ കൊണ്ട പ്രായശ്ചിത്തം
ചെയ്യിപ്പിക്കേണം॥

ഗൃഹീത്വാ വേതനം വേശ്യാ ലോഭാദന്യത്ര ഗച്ഛതി,

താം ദമന്താപയേദ്ദ്വിഗുണം ഭാടകം।

ഒരുത്തൻ വക്കൽ മുമ്പം വാങ്ങിച്ചും കൊണ്ട പിന്നെ അതിലോഭ ആശ കൊണ്ട
മറ്റൊരുത്തനിടത്തിൽ പോയാൽ ആയവളെ കൊണ്ട പ്രായശ്ചിത്തം ചെയ്യി
ച്ച അമ്പിൽ വാങ്ങിച്ച മുമ്പം തിരിയ കൊടുപ്പിക്കേണം॥

വസ്ത്രാദ്യുപയോഗാർത്ഥം കാമുകാന്നിത്യ ഗൃഹോഷിതാ।

തത്സമക്ഷം തു കാര്യേഷു ഇന്ദ്രിയൈന്നഃ പ്രകീർത്തിതഃ।

മേൽ എഴുതിയ കാൎയ്യങ്ങൾ കൊണ്ട വ്യവഹാരമുണ്ടായാൽ വേശ്യയുടെ
ഗൃഹത്തിൽ പതിവായിട്ട പാൎക്കുന്നവരായും വേശ്യാവരന്മാരായും ഇരി
ക്കുന്ന പുരുഷന്മാരെ കൊണ്ട കാൎയ്യം നിശ്ചയം വരുത്തേണം॥
ഇതി വേശ്യാസ്ത്രീവിധിഃ।

നാരദഃ। പരഭൂമൌ ഗൃഹം കൃത്വാ സ്തോമം ദത്വാ വസേത്തു യഃ।

സ തൽഗൃഹീത്വാ നിൎഗ്ഗച്ഛേത്തൃണകാഷ്ഠേഷ്ടകാദികം।

ഒരുത്തന്റെ തറയിൽ മറ്റൊരുത്തൻ ഭവനം കെട്ടി പാൎക്കുന്നവൻ കല ആൎത്താരയു
ടവിന മാസം തോറും മാസം ഒന്നിന ഇത്രപണം തരാമെന്ന നിശ്ചയിച്ചതിൻ

വല്ലം മാസത്തൊറും ഇത്ര ഭാടകപണം കൊടുത്തു പാൎത്തുകൊള്ളാം എന്നു
ഭവനം കെട്ടിയവൻ ആസ്ഥലം ഉപെക്ഷിച്ചു മറ്റൊരു സ്ഥലത്തിൽ പൊകുമ്പൊൾ
അവനായിട്ടു അന്നെരത്തിൽ കൊണ്ടുവന്നിട്ട ഓലത്തടികൾ മുതലായി
ട്ടുള്ളതൊക്കയും കൊണ്ടുപൊകയും ആം। ൧൧൧ ആമതു।

നിൎമ്മാണിനാപരിത്യക്താ ഉപൎദ്ദൃമാവനിഷ്ഠിതം।
നിശ്ചനൃണാന്തം ശ്രീ ഗൃഹിയാൽ കാരണാൽ। ൧൧൧ ആമതു।
യാന്യെവ തൃണകാഷ്ഠാദി ഇഷ്ടകം വാ നിവെശിതം।
നിൎഗ്ഗച്ഛൻ സൎവ്വമാദദ്യാൽ ഭൂമിസ്വാമിനിവെദയൻ।

മറ്റൊരുത്തന്റെ നിലത്തിൽ ഭവനം കെട്ടിയിരിക്കുന്നവൻ ആ ഭൂമിക്കു കൂലി
യായിട്ടു മാസം ൧ന്ന ഇത്ര പണം തരെണമെന്നു നിലത്തിന്റെ ഉടയവനൊടു മുമ്പിൽ തന്നെ
പറഞ്ഞ നിശ്ചയം ചെയ്യാതെ ഭവനം കെട്ടി ഇരിക്കുന്നവൻ താൻ ആ നി
ലം ഉപെക്ഷിച്ചു മറ്റൊരു ദിക്കിൽ പൊകുമ്പൊൾ അതിൽ വന്നതായിട്ടു കൊ
ണ്ടുവെച്ച ഇട്ടിക ഓല മരം മുതലായതു ഒന്നും ഭവനം കെട്ടിയവ
ൻ എടുക്കയില്ല। നിലത്തിന്റെ ഉടയവന്റെ പക്കൽ മെൽ എഴുതിയ വകകൾ ഒക്കെയും
ഏല്പിച്ചുവെച്ചു പൊകയും വെണം। ൧൧൨।

കാത്യായനഃ। ഗൃഹവാസ്തൂപണാദീനി സ്വാമിനൊനാഷ്ടകൃദ്വൻ।
താവൽ വൃദ്ധിം സഭാടകം।

ഒരുത്തന്റെ ഭവനമെങ്കിലും പെട്ടകം കൊടുക്കുന്ന പാത്രം മുതലായതും കച്ചവടം ചെ
യ്യുന്നതിനായിട്ടു കെട്ടിയിരിക്കുന്ന സ്ഥലവും വാങ്ങി അനുഭവിക്കുന്നവൻ
മാസം ഒന്നിന ഇത്ര ദ്രവ്യം തരാമെന്നും ഇത്ര മാസം ഇരിക്കുമെന്നും
എന്നും പറഞ്ഞു വാങ്ങിച്ച വകകൾ ആയവധി കഴിഞ്ഞിട്ടു കൊടുത്തി
ല്ലെങ്കിൽ പിന്നത്തിൽ കൊടുക്കുന്നാൾവരെയും കൂലിയും വാടകയും കൊ
ടുക്കണം। ൧൧൩।

നാരദഃ। സ്വാമ്യെ ഭാവിനി ബന്ധാനിയുക്തകാലാനുപാനയെൽ।
ഗൃഹിത്വാ ഉപയെൽ ഭൂമിം നാഷ്ടൊ ഭൊഗ്യ സൎവ്വഭാടകം।

[illegible] എണ്ണശർക്കര മുതലായത കെട്ടിനക്കിയ കൊണ്ടുവിന്നു മററൊരുത്ത
ന്റെ വകയായിട്ട തൊൽ ഉരുക്കൾ മുതലായതിനെ പാടകത്ത അവഴി വെച്ച വാങ്ങി
ച്ചിരുന്നാൽ ആയവഴിക്ക കിരിയെ കൊണ്ട ചെന്ന കൊടുക്കെണം. പാടകത്ത വാ
ങ്ങിച്ചിരുന്നവൻ പശുവിനെ ദൈവികരാങ്ങിക്കൂ ഉപെട്ടുവം കൂടാതെ വാങ്ങിച്ചവന്റെ
ഉപെക്ഷദൊഷം കൊണ്ട കുറയചെതമെങ്കിലും ചിലവൻ ഹാനിയെങ്കിലും വന്നാൽ
ആയത വൃത്താന്തമായിട്ട ഉചിത കൊടുക്കണമെങ്കിലും ആയതിന്റെ വില കൊടുക്കത്തക്ക
ങ്കിലും ചെയ്യെണം. ഇതിന്റെ വിധി വെതനന വാക്കൽ പടംസമാവതും. ഇത
ഇക്ഷാമിവ ദാഷിവിവാദം. ൧൧൨.

മനു. പശുഷു സ്വാമിനാം ചൈവ പാലനാഞ്ച വ്യതിക്രമെ।
വിവാദം സമ്പ്രവക്ഷ്യാമി യഥാവദ്ധർമ്മതത്വതഃ॥

പശുക്കളെ മെച്ചു രക്ഷിക്കുന്ന ഇടയൻ മുതലായവൎക്കും പശുവിന്റെ ഉടമസ്ഥന്മാ
നാം കൂലി മുതലായത കൂട്ടി തമ്മിൽ തൎക്കം വന്നാൽ അതെപ്പൊൾ നിശ്ചയിക്കെ
ണ്ടുന്ന വിധി പ്രകാരത്തെയും പശുക്കൾ ചെന്ന പാപത്തിൽ അകപ്പെട്ടാൽ അതിന്റെ ചെതം
മുതലായതിന്റെ വിധിയും സംഗതിവശത്താൽ ധൎമ്മതത്വത്തിൽ ചൊൽ പാനുഭൂതാക
കൊണ്ട ആയത ചൊല്ലുന്നു. ൧൧൩.

ഗവാം ശതാദ്വത്സതരീ ധെനുസ്സ്യാദ്ദ്വിശതാദ്ഭൃതിഃ।
പ്രതിസംവത്സരം ഗൊപെ സന്ദൊഹശ്ചാഷ്ടമെഹനി।
യത്രാധന്യൃതാക്ഷീരഭാഗൊ ദെയ ഇഷ്ട മെവിലം।

ആയ പശുക്കൾ മെച്ചു രക്ഷിക്കുന്നവൻ സംവത്സരത്തൊറും ഒരു നൂറായെതിൽ ഒരു പശു
ക്കിടാവും ഇരുനൂറു പശുവിനെ മെച്ചു രക്ഷിച്ചാൽ ആയവൻ കൂലിയായിട്ട ഒരു
പ(ശു)സത്തിന് ഒരിക്കൽ കറക്കുന്ന പശുവിന്റെ പാലാകെയും ഒരു സംവത്സരത്തിങ്കൽ
കറക്കുന്ന പശുവിനെയും അതിന്റെ കിടാവിനെയും കൊടുക്കെണം. ൧൧൪.

ഉപാനയെദ്ഗൊപായ പ്രത്യഹം രജനീക്ഷയെ।
ചീൎണ്ണാൻ പീതാംശ്ച താൻ ഗൊപഃ സായാഹ്നെ പ്രത്യുപാനയെൽ।
യഥാൎപ്പിതാൻ പശൂൻ ഗൊപഃ സായം പ്രത്യൎപ്പയെത്തഥാ।

ഉടമസ്ഥൻ കാലത്തു പശുക്കളെ എണ്ണിക്കൊടുത്ത വെളിയിൽ കൊണ്ടുചെന്ന

176

നഷ്ടത്തിൻ പങ്കം തിറ്റിവെള്ളം കൊടുത്ത അന്യമാനുഷമയത്നതാൽ കേടുവരാ

ത്തിനെ ഒക്കെയും ഉടയവന കൊടുക്കെണം. ഇ പ്രകാരം ദെവസംബന്ധത്തിലും

ചെയ്യെണം. ൧൧൭'

മനുഃ। ദെവതാദ്രവ്യകാലെ രാത്രൗ സ്വാമിനികൽ ഗ്രഹെ।

യൊഗക്ഷെമെ ഹൃതം ഹാരയെദ്യഃ പാലൊ ദ്രവ്യതാമിയാൽ। ൧൧൮।

യാജ്ഞവല്ക്യഃ। പ്രമാദമൃതനഷ്ടാംശ്ച പ്രദാപ്യഃ കൃതവെതനഃ।

പെറ്റിയിൽ കൊണ്ടുചെന്ന മാടു മെച്ചുവരുമ്പൊൾ നഷ്ടത്തിൻ പങ്കം രക്ഷിക്കാത്ത

ദൊഷം കൊണ്ടും ഇഷ്ടാതെശ ബന്ധം പൊറ്റിമെക്കുന്നവന്റെ ദൊഷം കൊണ്ടും

പകൽ പശുക്കൾക്ക അപകടം ഹാനിവന്നാൽ അവനെക്കൊണ്ട ഉത്തരം പറയി

ച്ച പശുക്കളെയും കൊടുപ്പിക്കെണം. ൧൧൯'

വ്യാസഃ। ബാലഗ്രഹെ ബന്ധഷാതെ തഥാ രാഷ്ട്രസ്യ വിഭ്രമെ।

യൽപ്രനഷ്ടം ഹൃതം പാപ്യാൽ ന ബാലന്തത്ര കിൽബിഷം।

പശുക്കൾക്ക നൊയി മുതലായതു കൊണ്ട ഹാനി വന്നു എങ്കിൽ ആയതും രാജ്യത്തി

ങ്കെ ഉപദ്രവം പറ്റിയിരിക്കുമ്പൊൾ നശിച്ചുപൊയതും മറൊരുത്തൻ അപഹരിച്ചു

കൊണ്ടുപൊയതും മാടു മെക്കുന്നവൻ ഉത്തരം പറവാൻ ന്യായമില്ല. ൧൨൦'

നാരദഃ। ക്ഷാമെ ഷൾഗൊപ്യസന്നം ഗൊപ്യായശ്ചൊന്നതശക്തിതഃ।

അശക്തസ്തു ഗൊഷ്ടഗതസ്വാമിനന്തന്നിവെദയെൽ।

പെറ്റിയിൽ മാടു മെച്ചുവരുമ്പൊൾ പ്രാണിമാൎഗ്ഗങ്ങളുടെ ഭയമെങ്കിലും ചൊരന്മാ

രുടെ ഭയമെങ്കിലും പശുക്കൾക്ക വന്നാൽ തന്നാലാകുന്നെടത്തൊളം തെളിവിലും

പ്രയത്നങ്ങൾ ചെയ്ത ആ ഭയത്തെ നിവൃത്തി വരുത്തെണം. ആയതിന ശക്തിയി

ല്ല എങ്കിൽ ഉടനെ തന്നെ ഓടിച്ചെന്ന പശുക്കളുടയവനെ ഗ്രഹിപ്പിക്കെണം. ൧൨൧

ആപ്ത്യായശ്ച ന പാലിക്കൊശൻ സ്വാമിനെ ചാന്നിവെദയെൽ।

ദാതുമർഹതി ഗൊപാലസ്താമിനയതണ്ഡം ച രാജനി।

മെൽ ചൊല്ലിയ പ്രകാരം പശുക്കൾക്ക ചൊരർ മുതലായവരുടെ ഉപദ്രവം കൊണ്ട

പറ്റിയിരിക്കുമ്പൊൾ ആയതിനു നിവൃത്തിക്കായ ഇങ്ങു പ്രയത്നം ചെയ്യാതെയും പ്രാണിമാൎഗ്ഗ

ങ്ങൾ വന്നാൽ തെളിവിലിച്ച പറയാതെയും ഇതിനു ശക്തിയില്ലെങ്കിൽ പശുവുടയ

വനെ ഉടമെപ്പനുഗ്രഹിക്കാതെയും ഇതുന്നാൽ പശുവെ മെയ്ക്കുന്നവൻ ചെതം
വന്നപൊലയ പശുക്കളെ ഉടയവനു കൊടുക്കുന്ന പ്രായശ്ചിത്തവും ചെയ്യെണം। ൧൧൫।

പാപമൊക്ഷാൎത്ഥിനാ ശക്ത്യാ പാലെ ദണ്ഡാവിഷിക്കയൊ।
അദ്യ ത്രയൊദശഗുണം സ്വാമിനൊ ദെയമെവ വാ।

പശുക്കളെ രക്ഷിപ്പാൻ നിക്കിയവൻ ഒരാവൻ നഷ്ടത്തിൻ പക്ഷം രക്ഷിച്ച രക്ഷിക്കാ
തെ ഉപെക്ഷിച്ചിരുന്ന കാരണത്താൽ പശുക്കൾക്കു ഹാനിവന്നാൽ ആയവ
നെക്കൊണ്ട പതിമൂന്നു പണം പ്രായശ്ചിത്തവും ചെയ്യിച്ചു നഷ്ടമായ പശുക്ക
ളുടെ വിലയെങ്കിലും പകരം പശുക്കളെങ്കിലും ഉടയവനു കൊടുക്കെണം। ൧൧൬।

നാരദഃ। അജാവികെ സംരുദ്ധെ വൃകൈഃ പാലെ ത്വനായതി।
പ്രസഹ്യ വൃകൈ ഹന്യാൽ പാലെ തൽ കിൽബിഷം ഭവെൽ।

ആടു മുതലായ പശുക്കളെ മെയ്പ്പ ഒരുത്തൻ ഏല്പിച്ചിരിക്കുമ്പൊൾ ചെന്നായ മുതലായ
ദുഷ്ടജന്തുക്കൾ പലരും ആടിനെ ഹിംസിപ്പാൻ വന്നാവെങ്കിൽ അവയൊടു ദുഷ്ടജന്തുക്കൾ
വന്ന കൊന്ന ആടു മുതലായതിനെ മെയ്ക്കുന്നവനെക്കൊണ്ട ഉടയവനു കൊടുപ്പി
ക്കെണം। ൧൧൭।

നഷ്ടം വിനഷ്ടം കൃമിഭിഃ ശ്വഹതം വിഷമെ മൃതം।
ഹീനം പുരുഷകാരെണ പ്രദദ്യാൽ ഗൊപ ഏവ തൽ।

രക്ഷിപ്പാൻ ഏല്പിച്ചിരിക്കുന്ന പശുവിനെ കള്ളൻ കൊണ്ടുപൊകകൊണ്ടും കൃമി
കളുടെ ഉപദ്രവംകൊണ്ട നശിച്ചുപൊയതും ചെന്നായ മുതലായ ദുഷ്ടജന്തുക്കൾ
കൊന്നതും കുഴികളിൽ വീണു മരിച്ചതും മെയ്ക്കുന്നവൻ രക്ഷിക്കാത്ത കാരണത്താ
ൽ വന്ന ദൊഷമാകുന്നു എങ്കിൽ ആയതു മെയ്ക്കുന്നവൻ തന്നെ ഉടയവനു കൊടു
ക്കെണം। തെറ്റിപൊയത അറിഞ്ഞിട്ടെ താൻ ഉടനെ രക്ഷിച്ചു എങ്കിൽ ആയതും ക്രിമി
കൾ മുതലായതു ഉപദ്രവം ഏല്ക്കാത്ത മെയ്ക്കുന്നവൻ ചെയ്യാൻ ഉള്ള പ്രയത്നങ്ങൾ ഒക്കെയും
ചെയ്തു രക്ഷിച്ചിരിക്കുമ്പൊൾ മരിച്ചുപൊയെങ്കിൽ ആയതും മെയ്ക്കുന്നവൻ ഉടയ
വനു കൊടുപ്പാനാവശ്യമില്ല। പകൽ ഉള്ള സമയം കാലത്തെ ഇരിക്കുന്നവെങ്കിൽ മെയ്ക്കുന്നവൻ

...നശിച്ചുപൊയവസ്തുവിന്റെ വിലമുതലായതകൊടുക്കെണം ഇതസത്യം

അനെനസർവ്വപാലാനാം വിവാദസ്സമുദാഹൃതഃ

[illegible] പാലസ്യ [illegible] ഇതസത്യം

മാഷാം ക്ഷെത്രെ ... പാലെനചപാലിതാഃ [illegible]

പശുസ്വാമിദ്രവ്യാണാം തെഷാം [illegible] നാൽ

പശുക്കളെ മെച്ചപ്പെടുത്തിൽ കൊണ്ടുചെന്ന തിറ്റികൊടുക്കുന്നു കഴിച്ചുവരുമ്പൊൾ അതിൽ വിലപശുക്കൾ മരിച്ചുപൊയാൽ മരിച്ചുപൊയ പശുവിന്റെ വാലും തലയും തൊലിയും കൊമ്പും നരമ്പും ഗൊരൊചനവും എടുത്തുവെച്ചവൻ കാണിക്കെണം. അല്ലെങ്കിൽ ഇവൻ തന്നെ അപഹരിച്ചുവെന്ന ഇങ്ങിനെ കല്പനതന്നെ ധനം ആയിട്ടവിക്കും. മെൽപറഞ്ഞിരിക്കുന്ന ഒന്നും കാണിച്ചുവെങ്കിൽ ശുദ്ധനാകും. അനെകർക്കിടയിൽ കൊടുക്കുന്നതുമുതലായതിന്റെ ഉടമസ്ഥൻ വിവാദം വന്നാൽ ഈ പ്രകാരമെ തെളിയിക്കുന്നതാ. ഇതസത്യം യാജ്ഞവല്ക്യഃ

യാജ്ഞവല്ക്യഃ ഗ്രാമ്യെച്ഛയാ ഗൊപ്രചാരം ഭൂമിരാജവശെനവാ

ധനുശ്ശതപരീണാഹൊ ഗ്രാമക്ഷെത്രാന്തരംഭവെൽ

പശുക്കൾ സഞ്ചരിക്കുന്നതിനായിട്ട ഗ്രാമത്തിന്റെ വിസ്താരത്തിന അനുസരിച്ചുകൊണ്ടു ഇങ്ങനെ സ്ഥലമായിട്ടു ഇരുപത്തു ഗ്രാമത്തിനും ഇടയിൽ വിട്ടിരിക്കണം. നടുവിൽ ഗ്രാമങ്ങൾ തമ്മിൽ ഒക്കെയും വിട്ടകൊടുക്കെണം. ഇതസത്യം

ദ്വെശതെ ഖർവ്വടസ്യസ്യാൽ നഗരസ്യ ചതുശ്ശതം

പട്ടണത്തിങ്കൽ ഇരിക്കുന്ന വിധത്തിന്റെ വിസ്താരമുള്ള ഭൂമിയും നഗരത്തിങ്കൽ നാലുവിധത്തിന്റെ വിസ്താരമുള്ള ഭൂമിയും പശുക്കൾ സഞ്ചരിക്കുന്നതിന വിട്ടകൊടുക്കെണം.

അന്വപതിത്യ [illegible] വിവിക്തസ്യഃ പശവൊ യദി

നതത്ര പ്രണയെ ദണ്ഡം പതിന്നിഃ പശുരക്ഷണം. ഇതസത്യം

പശുഗ്രാമവിവിസ്താരത്തെ ക്ഷെത്രെത്രൊ [illegible]

അകാമതഃ കാമചാരീ ചൊരവദ്ദണ്ഡമൎഹതി।

പലരും നടക്കുന്ന മാൎഗ്ഗത്തിന്റെ സമീപത്തിലും വസ്തുക്കൾ സമ്പാദിച്ചുകൊണ്ടു ക്ഷാനായിട്ടു പാൎക്കുന്ന കാലവും അനതിക്രമിക്കുന്ന കാരണം സമീപത്തിൽ ഉരക്കുന്ന നിലങ്ങളിൽ ഉഴുതിട്ടുണ്ടെങ്കിൽ അതിന്റെ ചുറ്റിൽ വെലികെട്ടി ഉറപ്പിക്കുന്നതിന്റെ ഉദ്ദേശം യിട്ടെണം. വെലികെട്ടായ്കിൽ ആ നിലങ്ങളിൽ വന്ന പശുക്കൾ പൈരുകളെ അശിച്ചാൽ ആ പശുവിനെ മെക്കുന്നവനു ദോഷം വരികയില്ല. മെക്കുന്നവൻ തന്നെ അരക്ഷിതമായിട്ടു പശുവിനെ വിട്ടു പൈരുകളെ അശിപ്പിച്ചാൽ അവന്നു ചൊരന്നുള്ള പ്രായശ്ചിത്തം മെക്കുന്നവനു വരികയും ചെയ്യും. ഇതിന്നു ഉദാഹരണം എന്നൎത്ഥം।

കാത്യായനഃ। പഥി ക്ഷേത്രേ വൃതിഃ കാൎയ്യാ യാമുഷ്ട്രോ നാവലോകയേൽ।

നലംഘയേൽ പശുൎന്നാശ്വോ നഭിന്ദ്യാദ്യാം ച സൂകരഃ।

ജനങ്ങൾ നടക്കുന്ന പെരുവഴിയുടെ സമീപത്തിൽ ഉരക്കുന്ന നിലങ്ങളിൽ പശുക്കൾ വന്നു വിളെച്ചിരിക്കുന്നതു അശിക്കാതെ ഇരിക്കത്തക്കവണ്ണം വെലികെട്ടെണം. ആ വെലി ഒട്ടകത്തിന്നു കാണാതെ ഉന്നതമായും പശുക്കൾ ചാടിപ്പിടാതെ ഇരിക്കത്തക്കവണ്ണം, പന്നിയും നായും മുഖമിട്ടു കടക്കാതെ ഇരിക്കത്തക്കവണ്ണവും വെലികെട്ടെണം എന്നൎത്ഥം।

നാരദഃ। അകൃതേ തു വൃതൌ ക്ഷേത്രേ പശുഭിൎന്നൈവ ദാപയേൽ।

മൂൎദ്ധ്വെ നഷ്ടിക്ഷേവാൽ ഗ്രൈവേയം സ്വാമിനസ്സാക്ഷിണാഃ।

മെൽ പെരുവഴിയിൽ നിലങ്ങളിൽ പൈരുകൾ കിടക്കുന്ന സമയത്തിൽ അതിന്നു പശുക്കൾ ചാടി അശിക്കാതെ ഇരിക്കത്തക്കവണ്ണം വെലിശക്കെട്ടിക്കൊള്ളെണം. വിതക്കൾ ചാടിക്കൊള്ളെ വിളഞ്ഞു സമ്പാദിച്ചു പശുക്കൾ വന്നു ഭക്ഷിച്ചു രസമുണ്ടു പോയാൽ പിന്നെ അതിൽ പശുക്കളെ ഉടയവന്മാൎക്കു കുറ്റം വരുന്നതാകകൊണ്ടു മുമ്പിൽ തന്നെ വെലിയെങ്കിലും പ്രയത്നം ചെയ്തു പിന്നെ കെട്ടിക്കൊള്ളെണം എന്നൎത്ഥം।

ഗോഭിസ്തു ഭക്ഷിതം ധാന്യം സ്വാമിനൈവ തു ദാപയേൽ।

ക്ഷേത്രിണോ ഗോമിനാ ചൈവ യഥാ ധാന്യം സമുദ്ഭവേ।

ഒരുത്തന്റെ ഉഴുതിരിക്കുന്ന നിലത്തിൽ മറ്റൊരുത്തന്റെ പശുക്കൾ വന്നു വിളഞ്ഞ

ഴിച്ചു എങ്കിൽ ആ നിലത്തിന്റെ സമീപത്തിൽ ഉള്ള അയൽക്കാരരുടെ ...ഴിവു

വന്ന പാകത്തെ ക്കണ്ടെഴുതിയവർ നിശ്ചയിക്കും പക്ഷെ ഉള്ള ധാന്യം നിലത്തിന്റെ

ഉടയവന ആ പാട്ടുടയവൻ കൊടുക്കേണം। ഇത്യർഥഃ।

കാത്യായനഃ। യാവത്സസ്യം വിനശ്യേത്തു താവത്ക്ഷേത്രീയഭിശോഷിതഃ

ഇതിന്നു മേൽ എഴുതിയ പ്രകാരമെ അർത്ഥമാകുന്നതു. ഇത്യർഥഃ।

യാജ്ഞവല്ക്യഃ। മാസാനഷ്ടൗ തു മഹിഷീ സസ്യഘാതസ്യ കാരിണീ।

ദണ്ഡനീയാ തദർദ്ധന്തു ഗൌസ്തദർദ്ധമജാവികം।

സമമേഷാം വിവീതെപി ഖരോഷ്ട്രം മഹിഷീസമം।

ഒരുത്തന്റെ നിലത്തിൽ മറ്റൊരുത്തന്റെ എരുമ ഇറങ്ങി പയിരു തിന്നു എങ്കിൽ ആ

എരുമ ഉടയവനെക്കൊണ്ടു എട്ടു മാഷ ആയിരിക്കും ഉള്ള സ്വർണ്ണവും പശു ഇറങ്ങി തിന്നു എ

ങ്കിൽ നാലു മാഷവും ആടെങ്കിൽ രണ്ടു മാഷവും സ്വർണ്ണം പ്രായശ്ചിത്തം ചെയ്യിക്കേണം,

ഇപ്രകാരം പശുക്കളെ തീറ്റിക്കുന്നതിന്നായിട്ടു ഒരുത്തൻ വിലക്കു വാങ്ങിക്കിനവള്ളെമാ

കയറിക്കുന്നവർക്കു ഉള്ള കാട്ടിൽ ചെന്നു മറ്റൊരുത്തന്റെ പശു എരുമ മുതലായവ

ഒന്നിച്ചു കിടക്കിച്ചു എങ്കിൽ ആ പശു ഉടയവനെക്കൊണ്ടു മേൽ എഴുതിയ പ്രകാ

രം പ്രായശ്ചിത്തം ചെയ്യിക്കേണം. കഴുതയും ഒട്ടകവും പയിരുകളെ തിന്നു എ

ങ്കിൽ എരുമ തിന്നതിന്നു സമമായിട്ടു പ്രായശ്ചിത്തം ചെയ്യിക്കേണം. ഇത്യർഥഃ।

നാരദഃ। വസതാമുപഹരണം ദണ്ഡം സ്വാമിനോ നാശപാലനം

ഒരുത്തന്റെ നിലത്തിൽ ഇറങ്ങി മറ്റൊരുത്തന്റെ എരുമ മുതലായവ പയിരുകളെ തി

ന്നു വെച്ചു നശിപ്പിച്ചു എങ്കിൽ മുമ്പിൽ പറഞ്ഞതിൽ പക്ഷെ ഉള്ള പ്രാ

യശ്ചിത്തത്തിന്നു ഇരട്ടിയും കിടാങ്ങളെ ഉരുക്കൾ കെട്ടിന പയിരു മുഴിച്ചു. വെച്ചു നശിപ്പി

ന്നതിന് ഇടന്ന വെങ്കിലും മുമ്പിൽ ചൊല്ലിയ പ്രായശ്ചിത്തത്തിന്റെ നാലു പങ്കും എരുമ

മുതലായതിന്റെ ഉടയവനെക്കൊണ്ടു കെട്ടിച്ചെയ്യിക്കേണം. ഇത്യർഥഃ।

ന തത്ര സ്വാമിനോ ദോഷഃ സസ്യഘാതപാലയെഷതി।

ചതുഷ്ടാത്തപാലേന സസ്യഘാതെന്യതൊദയെഃ। ഇതി

യാനഷ്ടാപാലദോഷേണാ ഗൊസ്സസ്യത്തിനാശയെൽ।

നതത്ര ഗോമിനോ ദണ്ഡഃ പാലസ്തദ്ദണ്ഡമൎഹതി।

പശുക്കളെ രക്ഷിക്കുന്നതിനായിട്ട കൂലിയും കൊടുത്ത ഒരുത്തനെ ആക്കിയിരുന്നവന്റെ അവ

കൻ പശുക്കളെ രക്ഷിക്കാതിരിക്കുമ്പോൾ ആ പശു ... ക്കുന്നവനെ കൊണ്ട പ്രായശ്ചിത്തം

ചെയ്യിക്കേണം। പശു ഉടയവനു പ്രായശ്ചിത്തം പറ്റുകയില്ല। പശുക്കളെ രക്ഷിപ്പാൻ ആ

ക്കിയിരിക്കുന്ന സ്ഥലത്തിലും ആ സ്ഥലത്തിന്റെ സമീപത്തിലും പശുക്കൾ പൈരുകൾ ഭക്ഷിച്ചുകളക

ന്നവൻ മുതലായ അനർത്ഥം ഉടയവനാക കൊണ്ട അധിപ്പം ചിലവും ഉടയവനെ കൊ

ണ്ടതന്നെ കെട്ടി കൊടുപ്പിക്കേണം എന്നൊ ശാസ്ത്രം। ഇതി

അദണ്ഡ്യാഹസ്തിനൊശ്വാ പ്രജാപാലസ്തൈത്രിതാഃ।

അദണ്ഡ്യാ സസ്യാനകൃദ്ഗ്രഹഷഭാഃ ഉതലക്ഷണാഃ। ഇതി

അദണ്ഡ്യാ ആഗന്തുഗൌപശ്ചാന്തികാ ഛാതിസാരിണീ।

അദണ്ഡ്യാ ശ്ചൊൽസവെദെവപശ്രാദ്ധാദ്യെഷ്വ പകല്പിതാഃ।

മഹൊക്ഷൊത്സൃഷ്ടപശവഃ സൂതികാഗന്തുകാദയഃ।

കൃഷികളെ രക്ഷിക്കുന്നതിനായിട്ട ഉണ്ടാക്കിയിരിക്കുന്ന ആനകുതിരകളും ഇരിക്കുന്ന പശു

ക്കളും ദേവകളെക്കുറിച്ചായിട്ടുള്ള ബലം ചാർത്തി വിട്ടിരിക്കുന്ന കാളകൾ പശുക്കൂട്ടത്തിൽ

നിന്നു ദിക്കറിയാതെ പോന്ന പശുവും സാരമുള്ള പശുവും പ്രസവിച്ച പത്തു ദിവസം കഴി

യാതെ ഇരിക്കുന്ന പശുവും ഗോക്കളെ ഉത്സവദിവസത്തിലും തന്റെ പിതാവ മുതലായിട്ടു

ള്ളവരുടെ ശ്രാദ്ധദിവസങ്ങളിലും ദേവകൾക്കു മായിട്ടിരിക്കുന്ന പശുവും മഹാവൃഷഭ

ങ്ങളും വൃഷോത്സൃഷ്ടമായിരിക്കുന്നതിൽ ഉടയവനാക കൊണ്ട നിയോഗിക്കപ്പെ

ട്ട പശുക്കളുടെ പൈരുകൾ അഴിച്ചെന്നാകിൽ ദണ്ഡങ്ങൾ ഇല്ല। ഇതി

കാത്യായനഃ। ഗവാം നിൎഗ്ഗച്ഛതാം കാമാൽ ക്ഷമിൽപാശെച്ഛമാദൃതഃ।

ഗസെനിഘ്നസസ്യഘ്നതൊ ദൊഷസ്സാമിപാലയെൽ।

പശുക്കളെ ഓടിച്ചുംകൊണ്ടുപോകുമ്പോൾ ഒരുപശു മൂന്നാമതുള്ളിന്നും ചെന്ന് പൊർവള്ളി

ന്റെ ഇളയ പൈരുകൾ കടിച്ചെങ്കിൽ അതൊപ്പോഴും പശു ഉടയവനും പശു രക്ഷിക്കുന്ന

വനും ദോഷം പറ്റുകയില്ല। ഇതി സസ്യഘാതദണ്ഡസ്വാമിപാലവിവാദപ്രകരണം

സമാപ്തം। ഇനി സമായനവാദം പ്രകരണം। ഇതി

ബൃഹസ്പതിഃ। ഗ്രാമശ്രേണിഗണാനാഞ്ച സങ്കേതസ്സമയക്രിയാ।

സാധ്യകാര്യ്യേ ഉത്സാഹകാര്യ്യേ ധർമ്മകാര്യ്യേ തഥൈവ ച॥

ഗ്രാമജനങ്ങളും സമൂഹക്കാരും ഇങ്ങിനെ ഒരോരൊ വിധത്തിലുള്ള ഉദ്യോഗക്കാരരും അവരവരുടെ ജാതിധർമ്മം നടക്കേണ്ടുന്നതിനായിട്ട ഗ്രാമധർമ്മം മുതലായതിനായിട്ടും പൊതുവിൽ ധർമ്മകാര്യ്യം നടക്കേണ്ടുന്നതിനായിട്ടും. ഗ്രാമജനങ്ങൾ എല്ലാവരും കൂടി സമ്മതം ചെയ്ത ആ ഗ്രാമത്തിൽ ഒരു കാര്യ്യമുണ്ടായാൽ എല്ലാവരും കൂടി വന്ന ഇപ്രകാരം നടക്കേണമെന്നും ഇന്ന ധർമ്മകാര്യ്യം ഇന്നപ്രകാരം നടക്കേണമെന്നും ഗ്രാമജനങ്ങൾ എല്ലാവരും കൂടി നിശ്ചയിച്ചു വെക്കുന്ന ചട്ടത്തിനും ഇപ്രകാരം ഉപാധികൾ മുതലായവരും ഉപാധ്യായർ മുതലായവർ ഇന്നപ്രകാരം നിശ്ചയിച്ചു വെക്കുന്ന ചട്ടത്തിനും സമയക്രിയ എന്നും സങ്കേതമെന്നും പേര। ഇതി॥

കോശേന ലേഖ്യക്രിയയാ മദ്ധ്യസ്ഥൈർവ്വാ പരസ്പരം।

വിശ്വാസം പ്രഥമം കാര്യ്യം കുര്യ്യുഃ കാര്യ്യാണ്യനന്തരം॥

മെൻ എഴുതിയ ഗ്രാമജനങ്ങൾ എല്ലാവരും കൂടി നിശ്ചയം ചെയ്തെങ്കിലും നടക്കേണ്ടും കാര്യ്യത്തിന എല്ലാവരും കൂടി ഒരു ഓലയെഴുതി വെച്ചെങ്കിലും തമ്മിൽ തമ്മിൽ സത്യം ചെയ്തെങ്കിലും മെൽ നടക്കേണ്ടും കാര്യ്യത്തിന ഒരുത്തരെ മദ്ധ്യസ്ഥരാക്കിയെങ്കിലും എല്ലാവരും കൂടി വിശ്വാസം വരുത്തി പിന്നെത്തതിൽ കാര്യ്യങ്ങളെ ചെയ്യെണം ഇതി॥

ബൃഹസ്പതിഃ। ദ്വിത്രാഃ പഞ്ച വാ കാര്യ്യാഃ സമൂഹഹിതവാദിനഃ।

കർത്തവ്യം വചനം തേഷാം ഗ്രാമശ്രേണിഗണാദിഭിഃ॥

ഗ്രാമകാര്യ്യം മുതലായതിനെ വിചാരിക്കുന്ന വിടത്തിൽ ഇന്നവണ്ണം നടക്കേണ്ടുന്നതിന്ന രണ്ടു പെരെങ്കിലും മൂന്നു പെരെങ്കിലും അഞ്ചു പെരെങ്കിലും അധികമിത്ര പെരെങ്കിലും നിശ്ചയിച്ച അവരെക്കൊണ്ട് ഇതിലധികം അറിവുണ്ടാക്കി അതിന അധികമായാൽ അവരവരുടെ ബുദ്ധി ഒരോരൊ പ്രകാരം പ്രവൃത്തിക്കുന്നതാകകൊണ്ട എല്ലാവരും കൂടി കാര്യ്യം നടത്തുവാൻ എത്രെയും പ്രയാസമായിട്ടുവരും എന്നതുകൊണ്ട പ്രാണികളെ അധികമായിട്ട് അറിയരുത। അവരുടെ വാക്കിനെ സമിച്ച ശെഷം ഉള്ളവരും നടക്കേണം ഇതി॥

വിദ്വേഷിണോ വ്യസനിനഃ ശാലീനാലസഭീരവഃ

183

ഷണ്ഡാന്ധവൃദ്ധബാലാശ്ച ന കാൎയ്യാഃ കാൎയ്യചിന്തകാഃ।

ഇതിൽ ചെകിടന്മാരായും നപുംസകന്മാരായും കണ്ണുപൊട്ടന്മാരായും
യവന്മാരായും ലുബ്ധന്മാരായും ആലസ്യംകൊണ്ടു പ്രവൃത്തി ചെയ്വാൻ മടിയുള്ളവന്മാരായും വൃ-
ദ്ധന്മാരായും ബാലന്മാരായും ഇരിക്കുന്നവരായും ഇരിക്കുന്നവരെക്കൊണ്ടു കാൎയ്യ-
ങ്ങൾ ആലോചിച്ചു നടക്കേണ്ടുന്നതിന്നു മന്ത്രികളായിട്ടു കൂട്ടരുത.

ശുചയോ വേദധൎമ്മജ്ഞാ ദക്ഷാ ദാന്താഃ കുലോത്ഭവാഃ।

സൎവ്വകാൎയ്യപ്രവീണാശ്ച മന്ത്രിണഃ കാൎയ്യചിന്തകാഃ।

പ്രാജ്ഞന്മാരായിരിക്കുന്നവരും ധൎമ്മശാസ്ത്രം അറിയുന്നവരായും സമൎത്ഥന്മാരായും ക്ഷമയുള്ള-
വരായും നല്ല കുലത്തിൽ ജനിച്ചവരായും എല്ലാ കാൎയ്യവും നടത്തുവാൻ ശക്തിയുള്ള-
വരായും ഇരിക്കുന്നവരെ മന്ത്രികളായിട്ടു രാജകാൎയ്യത്തിലാക്കേണം.

അവിരോധേന ധൎമ്മസ്യ നിൎദ്ദിഷ്ടം രാജശാസനം।

തൈസ്സ്വപാലനപരം പൂൎവ്വം കൎത്തവ്യന്നൃപാജ്ഞയാ।

വേദശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന ധൎമ്മത്തിന്നു വിരോധം കൂടാതെ രാജാവു ക-
ല്പിച്ചിരിക്കുന്ന ചട്ടത്തിന്നു കുറവു വരുത്താതെ രാജാജ്ഞപ്രകാരം ജനങ്ങൾ ഓൎക്കേണം.

ആജ്ഞാപ്രവൃത്തിതാൻ ധൎമ്മാൻ യോ നരോ ന പാലയേൽ।

സ പാപോ ദണ്ഡ്യശ്ച ലോപയൻ രാജശാസനം।

രാജാവിനാൽ വെക്കപ്പെട്ട ചട്ടത്തിൻ പ്രകാരമുള്ള ധൎമ്മങ്ങളെ പരിപാലനം ചെ-
യ്യാതെ അതിക്രമിച്ചു നടക്കുന്നവൻ രാജശാസനം അഴിക്കുന്നവനാകകൊണ്ടു
അവൻ പാപിയായും ദണ്ഡ്യനായും ഭവിക്കും. ഉത്സമയസ്ത്രിയാ.

ഗണ്ഡ്വ്യം ഹരേദ്ദ്രവ്യം സമ്പീഡ്യം ച ഫലയേൽ സഃ।

സൎവ്വസ്വാഹരണം ഉത്താരണ്ഡ്യാദി പ്രവാസയേൽ,

സൎവ്വസ്വം മുതലായ വെവ്വേറുതൽ അപഹരിക്കയും സൎവ്വസ്വം കാരമുതലായവര വെച്ചി-
രിക്കുന്ന ചട്ടമല്ലാത്തവ നടത്തിയ കാൎയ്യം വഴിപോലെ ചെയ്യേണം അല്ലെങ്കിൽ കാ-
ൎയ്യം സംഗതിപോലെയും ചെയ്യേണം.

മതൈദ്ദൃഷ്ടെവധെക്ഷിപ്രം വായസ്കമ്പിൽ കുശതെനരഃ।

ചതുസ്സുവർണ്ണാൻ ഷണ്ണിഷ്കാൻ തസ്യ ദണ്ഡാപയിതയതാ।

മതൃദംശം ചെയ്തനടക്കുന്നവനെക്കൊണ്ടു വെച്ചിരിക്കുന്ന ചുട്ടതിൻ പങ്കുള്ളകാ ർത്തനടത്തുവാൻ ശക്തിയുള്ളവനാകുന്ന നടത്താതെ ഉപെക്ഷിച്ചിരുന്നു എങ്കിൽ ആയവനെക്കൊണ്ടു നാലു സുവർണ്ണമെങ്കിലും ആറു മാഷമെങ്കിലും പ്രായശ്ചിത്തം ചെയ്യിക്കണം। ഇതര്യഥ്യ।

കാത്യായനഃ। ശവകേശൈർദ്ദുഷ്ടിമാനം ബ്രാഹ്മണസ്യ ഭക്ഷണം।

ഭക്ഷണം ശമയെദ്രാജാ ദുഷ്ടം സമെയലംഘിനം।

വെച്ചിരിക്കുന്ന സങ്കേതം അഴിച്ചു നടക്കുന്നവൻ ബ്രാഹ്മണനെങ്കിൽ ആദ്ദുഷ്ടനാ ബ്രാഹ്മണനെ തടവ വെച്ചിട്ടു ശവത്തിന്റെ കേശം കൊണ്ടു പിടിച്ചു നഗരത്തി ദ്രുപ്രസിദ്ധമെദ്ദൃഷ്ടിവാക്കു അവനെ പുറത്തിൽ കളയണം। ഇതര്യഥ।

ബൃഹസ്പതിഃ। അത്യന്തദണ്ഡ്യകപാടെദ്ദുത്സാഹസികഥാ।

ശത്രുസേവകൻ്വധിതൻ പഞ്ചമ്യശ്ചതനാഃ।

അത്യന്തദണ്ഡം രഹസ്യമായിട്ടൊരുവരും കുറ്റമില്ലാതിരിക്കുന്ന കാര്യത്തിനെ പുറത്തുപലരൊടു പറയുന്നവനെയും തമ്മിൽ പരമാർത്ഥമായിട്ടെദ്ദംപരുത്തിരിച്ച ഒന്നുണ്ടാക്കുന്നവനെയും സാഹസം ചെയ്യുന്നവനെയും ശത്രുക്കൾക്കു സ്വരുപ കാര്യം രാജാവിനെ ചെയ്തിട്ടിട്ടുള്ളവനെയും സംശയിക്കാതെ അധികൈഷ പമായിട്ടുള്ളവാക്കുപറയുന്നവനെയും ആസ്ഥാനം മുതലായതിൽ നിന്ന പുറത്തിൽ ആക്കിക്കളയണം। പിന്നെ അതിൽ അവരെക്കൊണ്ടുകൂടാ। ഇതര്യ।

ശത്രുസാധാരണം ഭൃത്യാൽ ക്ഷിപ്രമെവിദ്യമെവച।

സാക്ഷിക്രിയാം വിഹനൊയ്യാസന്തിഷ്ഠൂസു മതാഃപരാൽ।

എല്ലാവരും കൂടി പൊതുവായിട്ടു വെച്ചിരിക്കുന്ന ധർമ്മത്തിനെ ആധിക്ഷെപം ചെയ്യ ന്നവനെയും സാക്ഷി പറയുന്നതു അഴിക്കുന്നവനെയും ആസ്ഥാനസ്ഥാനത്തിൽ നിന്നു പുറത്താക്കിക്കളയണം। ഇതര്യഥ।

ഭക്ഷപരെദ്ദപത്രാം പാസം ഭക്തായെന ഘൊരപെത്,

കുർവ്വസ്തദാ ദണ്ഡ്യസ്തു ദൊഷമദൾയൻ,

ഒരുവൻ പന്തിയിൽ കൂടിയിരുന്ന ഭക്ഷിച്ചുവരുന്നവനെയും ഒരുപാത്രത്തിൽ ത
ന്നെ കൂടെ ഇരുന്ന ഭക്ഷിച്ചുവരുന്നവനെയും ഒരു സംഗതി കൂടാതെ ഈ നിര
യിരുന്ന ഭക്ഷിച്ചു വരുന്നതിൽ വിലക്കിയാൽ ആയവനെ കൊണ്ട സംഗതി പോലെ
പ്രായശ്ചിത്തം ചെയ്യിക്കെണം. പന്തിയിൽ കൂടിയിരുന്ന ഭക്ഷിക്കാൻ യൊഗ്യമില്ലാ
ത്ത ദോഷം ചെയ്തത ഈ പ്രകാരം ഗ്രഹിച്ചാൽ ആയവനെ വിലക്കിയതുകൊണ്ട
പ്രായശ്ചിത്തം വരികയില്ല. ൧൧ തസ്വ ൨

ആഹാരതഃ കുലശ്രേണിഗണാദിക്ഷാം ബഹിഷ്കൃതൈ പാപിനാം।
പാശ്ചാത്യദണ്ഡം പരിത്യാഗം പ്രദുഷ്ടഃ പാപകാരിണാം।

സമൂഹം മുതലായതിൻ പ്രമാണികളായിട്ടിരിക്കുന്നവർക്ക് ആ സമൂഹം മെടപട്ട
തിൽ ഒരുത്തൻ പിഴച്ചു എങ്കിൽ ആയവന് പ്രായശ്ചിത്തമായിട്ട പാശബന്ധവും വി
ശേഷബന്ധവും ആയവനെ ശിക്ഷിക്കയും ചെയ്യാം. ൧൧ തസ്വ ൨।

വധാം ശിക്ഷ്യ ദ്വിതീയസ്യ സംഗ്രതാ ദോഷ സംയുതാഃ।
രാജ്ഞാ തെഷിദ്വിദ്യാ ശാസ്ത്രാ ദൈവവാനുബന്ധതഃ।

സമൂഹം മുതലായതിൽ പ്രമാണികളായിരിക്കുന്നവരും ഷൾക്കാവരും കൂടി സമൂഹ
ത്തിൽ ഉള്ളതിൽ ഒരുത്തൻ രാജാവിൻ്റെ ദോഷത്തൊടും കൂടെ പറവതെന്തെ എങ്കിൽ
ആയത രാജാവായിരിക്കുന്നവർ വിചാരണ ചെയ്യാതെ ഇരിക്കാതെ അവ
ർക്കുതന്നെ വരുത്തി ഉപദ്രവിച്ചവരെ കൊണ്ട കാര്യസംഗതി പോലെ പ്രായ
ശ്ചിത്തം ചെയ്യിക്കെണം. ൧൧ തസ്വ ൩।

ശ്രേണ്യാദി സമൂഹാനാം സംവിവാദോ യദാ ഭവേൽ।
തദാ വിചാരയേദ്രാജാ സ്വധർമ്മെ സ്ഥാപയേച്ച താൻ।

സമൂഹം മുതലായതിൽ പ്രമാണികളായിട്ടുള്ള ആളുകൾക്കും അവരവര് പറയുന്ന ഇ
കൊണ്ടു നടന്നുവരുന്ന സമൂഹം മുതലായതിൽ ഉള്ള ആളുകൾക്കും തമ്മിൽ ഒരു കാര്യംകൊ
ണ്ടു വ്യവഹാരമുണ്ടായാൽ ആയത രാജാവായിരിക്കുന്നവർ വിചാരണ ചെയ്ത ആ വ്യ
വഹാരത്തിൽ കൊള്ളുന്ന ഷൾക്കാവരും സമ്മതം വരുത്തി മുമ്പിൽ ഇരുന്നതിൻ വണ്ണം പറഞ്ഞ
പ്രകാരം ചട്ടം കെട്ടിക്കൊള്ളെണം. ൧൧ തസ്വ ൪।

സാക്ഷിവശ്യാഃ സമൂഹകാര്യമായാതാൻ കാര്യ്യാലിസഞ്ചയെൽ।
സഭാസമാന സൽകാരൈഃ പൂജയിത്വാ വിസർജ്ജയേൽ।

സമൂഹകാര്യം കൊണ്ടുവന്നിരിക്കുന്ന ആളുകളുടെ കാര്യം വെഗത്താൽ അള

ശംപൊലെസായിച്ചു കൊടുത്ത ആശ്വാരെ സമ്മാനംമുതലായതകൊടുത്ത ചെ
ലമാനിച്ച താങ്കാവ പറഞ്ഞയക്കണം. ൭൭ ൪൭।

തതൊലെദെശയൽ സമൂഹ്വെഷ്വൊരമെപതസ്മം॰

സമൂഹകാര്യത്തിനായിട്ടപറിറിക്കുന്നവനംസമ്മാനംമുതലായതക്രിയയൊക്കെ
യും സമൂഹത്തിൽ കൊണ്ടുചെന്നഒപ്പിക്കെണം. പിന്നെ അതിൽ നഷ്ടാവതും കൂട്ട
പിടിച്ചുസമമായിട്ടെടുത്തുകൊള്ളണം. ൭൭ ൪൭।

കാത്യായനഃ। ദെയംപാരസ്പൃദ്ധാനാം ബാല ഉദരതെഷ്ടു,

യദന്യഃ പ്രാപ്തം രക്ഷിതംപാഗസ്താനെവാദ്ദിനം കൃതം।

രാജപ്രസാദലബ്ധം പസമെഷ്വെരമെപതൽക്ഷമാ।

മെൽഎഴുതിയസമൂഹക്കാരകൾ സമ്മാനമായിട്ടക്രിയയത അസാരമായിട്ടുളളപന്തപെ
കുൾ ആയത ഉദ്യൊഗസ്ഥരായിരിക്കുന്നവൎക്കം തൊഗംപിടിച്ച പരവശപ്പെട്ടിരിക്കുന്നവ
ൎക്കം. യാചകന്മാൎക്കും കൊടുക്കണം. സമൂഹത്തിൽ ആയതും രാജാവപ്രസാദിച്ചുകൊടു
ത്തതും സമൂഹകാര്യത്തിനായിട്ടുഒരുത്തൻ വാങ്ങിച്ചകടവും സമൂഹത്തിൽ ഉൾപ്പെട്ടവ
ൎക്കംസമമായിട്ടപിടിച്ചെടുക്കണം. ൭൭ ൪൭।

കാത്യായനഃ। ഗണമുദ്ദിശ്യ യൽകിഞ്ചിൽ കൃതമൃണം ഭക്ഷിതംഭവെൽ।

ആത്മാൎത്ഥംവിനിയുക്തം ദെയന്തൈരെവതൽഭവെൽ।

സമൂഹകാര്യത്തിനായിട്ടഒരുത്തൻ പൊയിരിക്കുന്നവൻ സമൂഹത്തിന്റെ പെ
രുംപറഞ്ഞകടംവാങ്ങിച്ചപൊയവൻ തന്നെ ഭക്ഷിച്ചഅവന്റെ സ്വന്തംകാര്യത്തി
നചിലവിട്ടുവെങ്കിൽ ആയത അവൻ ഒരുത്തൻതന്നെ കടംവീട്ടെണം. സമൂഹക്കാ
രകൊടുക്കെണ്ടതില്ല. സമൂഹകാര്യത്തിനപൊയവന മൎയ്യാദപൊലെ ചെല
വിനമാത്രം സമൂഹക്കാരര സമൂഹത്തിൽനിന്നകൊടുക്കെണം. ൭൭ ൪൭।

സമൂഹകാര്യപ്രഹിതൊ യല്ലഭെതതദൎപ്പയെൽ।

ഏകാദശഗുണംദാപ്യൊ യദ്യസൌ നാൎപ്പയെൽസ്വയം।

സമൂഹകാര്യത്തിനായിട്ട പൊയവന സമ്മാനംമുതലായ കിട്ടിയതൊക്കെയും ആ സ
മൂഹക്കാരര അറിഞ്ഞു ചൊദിക്കുന്നതിന്മുമ്പിൽ കൊണ്ടുചെന്നകൊടുക്കെണം. അ
തിൽ പക്ഷം കൊടുക്കാതെ പൊയവൻ തന്നെ എടുത്തു എങ്കിൽ ആയതിന
തൊണ്ടെളുക്കയുമുള്ളതിന ഒന്നിന പതിനൊന്നവീതം ഉളളതും പ്രായശ്ചി
ത്തം ചെയ്യിക്കെണം. ഇതുസംപിണ്ഡിതംക്രമേണ സംപിണ്ഡ്യ ക്രമപ്രകാരണം
സമാപ്തം. ഇതിസംവിദ്ധ്യതിക്രമപ്രകരണം। ൭൭ ൪൭।

നാരദഃ। വിക്രീയ പണ്യം മൂല്യേന യഃ ക്രേതുർന്ന പ്രയച്ഛതി।
വിക്രീയാസംപ്രദാനന്തദ്വിവാദപദമുച്യതെ।

ചരക്കിനെ വില നിശ്ചയിച്ച വിലയും വാങ്ങിച്ച വിറ്റും വെച്ച പിന്നെ അതിൻ ചരക്ക കൊടുപ്പാൻ സമ്മതിച്ചില്ലെങ്കിൽ ആ സംഗതിക്കുവേണ്ടി ഉളള വ്യവഹാരങ്ങളെ ചൊല്ലുന്ന പദത്തിന്ന വിക്രീയസംപ്രദാനമെന്നു പേര। ഇതിന്റെ।

ലോകെസ്മിൻ ദ്വിവിധം ദ്രവ്യം സ്ഥാവരം ജംഗമന്തഥാ।
ക്രയവിക്രയധർമ്മെഷു സൎവ്വന്തൽ പണ്യമുച്യതെ।

ലോകത്തിങ്കൽ സ്ഥാവരമെന്നും ജംഗമമെന്നും വസ്തുക്കൾ ദ്വിവിധം। സഞ്ചരിക്കാത്ത വസ്തു സ്ഥാവരം സഞ്ചരിക്കുന്ന വസ്തു ജംഗമം। ഈ രണ്ടുവിധത്തിലുളള വസ്തുവും വില നിശ്ചയിച്ച വിൽക്കയും വാങ്ങിക്കയും ചെയ്യുമ്പോൾ പണ്യമെന്നു ചൊല്ലപ്പെടും। പണ്യം ചരക്ക। ഇതിന്റെ।

ഷഡ്വിധസ്തസ്യ തു ബുധൈർദ്ദാനാദാനവിധിസ്മൃതഃ।
ഗണിമന്തുലിമമ്മെയം ക്രിയയാ രൂപതഃ ശ്രിയാ।

ചരക്കവിൽക്കുന്നതും വാങ്ങിക്കുന്നതും ആറുവിധം। എണ്ണം കണ്ടിട്ടവിൽക്കുന്നതും തൂക്കവിൽക്കുന്നതും അളന്നവിൽക്കുന്നതും ക്രിയകളെ പരീക്ഷിച്ചവിൽക്കുന്നതും സൌന്ദൎയ്യം കണ്ടുവിൽക്കുന്നതും ശോഭ കണ്ടുവിൽക്കുന്നതും ഇപ്രകാരം വിൽക്കയും ചെയ്യുന്നത ആറുവിധം। എണ്ണിവിൽക്കുന്നത പാക്കമുതലായത തൂക്കിവിൽക്കുന്നത പൊൻ വെളളി വെങ്കല പാത്രം മുതലായത അളന്നവിൽക്കുന്നത നെല്ലമുതലായത പരീക്ഷിച്ചവിൽക്കുന്നത ഗജങ്ങൾ മുതലായത। സൌന്ദൎയ്യം കൊണ്ടവിൽക്കുന്നത സ്ത്രീകളെ ശോഭ കൊണ്ടവിൽക്കുന്നത രത്നങ്ങൾ ഇപ്രകാരം ആറുവിധം।
ഇതിന്റെ।

സ്ഥാവരസ്യ ക്ഷയോ നാസ്തി ജംഗമസ്യ ക്രിയാഫലം।

വില വാങ്ങിച്ച കൊണ്ട വിറ്റ പറമ്പ മുതലായ ചരക്കിനെ വാങ്ങിച്ചവൻ തരേണമെന്ന ചോദിച്ചിട്ട വിറ്റവൻ കൊടുത്തില്ലെങ്കിൽ ആ ചരക്കിനെ കൊണ്ട വിറ്റനാൾ മുതൽ ഉളള ആദായ ദ്രവ്യവും ആ ചരക്കിനെ കൊടുക്കേണം। കന്നുകാലി മുതലായതിനെ ദ്രവ്യം വാങ്ങിച്ചും വിറ്റും വെച്ച കൊടുക്കാതെ തെളിവറഞ്ഞു പാൎത്തുവെങ്കിൽ ആ ചരക്കിനെ കൊണ്ട വിറ്റനാൾ മുതൽക്ക പാലനാദി ക്രിയക്കുളള ദ്രവ്യം കൂടി വിറ്റ പശു മുതലായതിനെയും കൊടുക്കേണം। ഇതിന്റെ।

അൎഘശ്ചെദപഹീയെത സൊദയം പണ്യമാവഹെൽ।
സ്ഥായിനാമെഷ നിയമഃ ദിഗ്ലാഭൊ ദിഗ്വിചാരിണാം।

വിലവാങ്ങിച്ചും കൊണ്ടു വിറ്റചരക്കിനെ ഉടയവൻ ചോദിക്കുമ്പൊൾ കൊടു
ക്കാതെ ഇരുന്നു എങ്കിൽ പിന്നെ അതിന്റെ വില കുറവു വന്നുപോയാൽ വിലക്കു
റവിൽ കുറയപ്പെട്ടതിന്നു ഉള്ള ചരക്കും അതിന്റെ പലിശയും കൂട്ടി വിറ്റചരക്കിനെ
വില കൊടുത്തു വാങ്ങിയവന്നു കൊടുക്കെണം. മറ്റൊരു ദിക്കിൽ കൊ
ണ്ടുചെന്നു വിറ്റാൽ എത്ര ലാഭം കിട്ടുമൊ എന്നാൽ അത്രയും കൂട്ടി കൊടുപ്പി
ക്കെണം. ഇത്യൎത്ഥഃ॥

യാജ്ഞവല്ക്യഃ। ഗൃഹീതമൂല്യം യഃ പണ്യം ക്രെതുൎന്നൈവ പ്രയച്ഛതി।
സൊദയം തസ്യ ദാപ്യൊസൌ ദിഗ്ലാഭം വാ ദിഗാഗതെ।

വിലനിശ്ചയിച്ചു വിലയും വാങ്ങി വിറ്റുപോയ പണ്ടം മുതലായ ചരക്കിനെ വാങ്ങി
ച്ചവൻ ചോദിച്ചിട്ടും കൊടുക്കാഞ്ഞാൽ ആയതിന്നു ഉദയൊപകാരമുള്ള പലിശ
യും ദേശാചാരത്തിൽ കൊണ്ടുചെന്നു വിൽപ്പാൻ വ്യാപാരികൾ വാങ്ങിച്ചതാകുന്നു
എങ്കിൽ ആ ദിക്കിൽ വിറ്റാൽ കിട്ടുന്ന ലാഭവും കൂട്ടി വിറ്റചരക്കിനെ വാങ്ങിച്ച
വ്യാപാരികൾക്കു കൊടുപ്പിക്കെണം. ഇത്യൎത്ഥഃ॥

ഉപഹന്യെത വാ പണ്യം ദഹ്യെതാപഹ്രിയെത വാ।
വിക്രെതുരെവ സൊനൎത്ഥൊ വിക്രീയാസംപ്രയച്ഛതഃ।

വിലനിശ്ചയിച്ചു വിലയും വാങ്ങിച്ചു വിറ്റുപോയ ചരക്കിനെ വാങ്ങിച്ചവൻ ചോദി
ക്കുമ്പൊൾ ഉടനെ കൊടുക്കാതെ വിറ്റവന്റെ പക്കൽ തന്നെ ചരക്കിരിക്കുമ്പൊഴു
ആ ചരക്കെ ചേതം വന്നുപോയെങ്കിലും അഗ്നിഭയം വന്നുപോയെങ്കിലും മോഷ്ടിച്ചുപോ
യെങ്കിലും വന്നാൽ ആ ചേതം ഒക്കെയും വിറ്റവൻ തന്നെ അനുസരിക്കെണം. വാങ്ങി
ച്ചവൻ അനുസരിക്കെണ്ട ആവിശ്യം ഇല്ല. ഇത്യൎത്ഥഃ॥

സ്വദെശപണ്യെ തു ശതം വണിഗ്ഗൃഹ്ണീത പഞ്ചകം।
പാരദെശ്യെ തു ദശകം യഃ സദ്യഃ ക്രയവിക്രയീ।

വ്യാപാരികൾ തങ്ങടെ ദേശത്തിൽ ചരക്കിനെ വാങ്ങിച്ചു ഉടനെ ആ ദേശത്തിൽ തന്നെ ലാ
ഭത്തിന്നായിട്ടു വിറ്റ പത്തിന്നര വീതവും ദേശാന്തരത്തിൽ വാങ്ങിച്ചു കൊണ്ടുവ
ന്ന ചരക്കാകുന്നു എങ്കിൽ പത്തിന്നൊന്നു വീതവും ലാഭം എടുത്തു കൊണ്ടു കൊ

ട്ടുക്കണം. ഷ്ടം. കം. ഷ്ട മട്ടു ക്രമേണയും കൂട്ടി കൊൾകയും ഇയല്ല കാരംലാഭം കൊടുക്കെ
ണമെന്നതാല്പര്യം. ൧൧ ന്യായം.

മനുഃ। ക്രീത്വാ വിക്രീയ വാ കിഞ്ചിദ്യസ്യേഹാനുശയോ ഭവേൽ।
സോന്തർദ്ദശാഹാത്തദ്ദ്രവ്യം ദദ്യാച്ചൈവാദദീത ച।

വിലകൊടുത്ത ചരക്കിനെ വാങ്ങിച്ചവനെങ്കിലും കൊടുത്തവനെങ്കിലും ചരക്കിന
ഒരുദെവസം കൊണ്ടുവന്നാൽ സംശയം വന്നു ദെവസത്തിനകം തിരിയവാങ്ങിക്കയും
വണം. വരെന്നു ദശാഹാന്നു ദെവസത്തിനകത്തെ പത്താവ പത്തു ദെവസം കഴിഞ്ഞാ
ൽ പിന്നെ ചരക്കിനെ തിരിയ കൊടുക്കയും കൊടുപ്പിക്കയും അരുത. ൧൧ ന്യായം.

ക്രീത്വാ പ്രാപ്തം ന ഗൃഹ്ണീയാൽ യോ ന ദദ്യാദദൂഷിതം।
സമൂല്യാദ്ദശഭാഗന്തു ദാപ്യഃ പണ്യാൽ ക്രയാൽ।

വിലകൊടുത്ത ചരക്കിനെ വാങ്ങിച്ചും വെച്ച പിന്നെത്താതിൽ ചരക്കിനെ കൊ
ടുത്തും കൊണ്ട താനന്ന ദ്രവ്യത്തിനെ തരെണമെന്ന വാങ്ങിച്ചവൻ ചൊദി
ച്ചാൽ കൊടുത്ത ദ്രവ്യത്തിനെ പത്തിനൊന്നു ഉള്ള പറെറണം. പിന്നവൻ
ചരക്ക കൊടുക്കാതെ തന്നദ്രവ്യത്തിനെ വാങ്ങിച്ച ദ്രവ്യത്തിൽ പത്തിലൊന്നു കൂട്ടി
കൊടുക്കണം. ൧൧ ന്യായം.

നാരദഃ। നിർദ്ദോഷം ദർശയിത്വാ തു സദോഷം യഃ പ്രയച്ഛതി।
മൂല്യന്തദ്വിഗുണന്ദാപ്യോ വിനയന്താവദേവ ച।

ചരക്കു വാങ്ങിച്ചാൽ വന്നപ്പൊഴെ ചരക്കിന്റെ മാതിരി കാണെണമെന്ന ചൊദി
ക്കുമ്പൊൾ നല്ലതിന്റെ പക്ഷം ഉള്ള ചരക്ക വാങ്ങിച്ച വില വാങ്ങിച്ചും കൊണ്ട പിന്നെ
ത്തതിൽ ദൊഷമുള്ള ചരക്കിനെ കൊടുത്താൽ പെക്ഷിൽ ന്യായപനെ കൊണ്ട ചരക്ക
വാങ്ങിച്ചവന ഇരട്ടി വില കൊടുപ്പിച്ച അത്ര പ്രായശ്ചിത്തവും ചെയ്യിക്കണം.
൧൧ ന്യായം.

ബൃഹസ്പതിഃ। ജ്ഞാത്വാ തു സദോഷം യഃ പണ്യം വിക്രീണീതേ വിചക്ഷണഃ।
തദേവ ദ്വിഗുണം ദാപ്യഃ പണ്യാത്തത്സമം വിനയന്തഥാ।

ചരക്കില്ലുള്ള ദൊഷത്തെ അറിഞ്ഞും കൊണ്ട ആ ദൊഷത്തെ വെളിയിൽ പറയാതെ
ത വിലവാങ്ങിച്ചും കൊണ്ട മറൊരുത്തന വിറ്റു വെങ്കിൽ ന്യായപനെ കൊണ്ട
ഷിരചരക്കിനു ഇരട്ടിവാങ്ങിച്ചവന കൊടുപ്പിക്കണം. അത്രെയും പ്രായ

ശിന്നവനും ചെയ്യിക്കെണം. എന്നൎത്ഥം।

വാക്ഷവക്രീസ്യം കാലഉൽകൃഷ്ടം ദ്രവ്യം ഗൃഹ്ണന്ത്യപൊദയെൽ।

ഒരുചരക്കിനവില നിശ്ചയിച്ചു വിലക്കപ്രകാരം ചൊതിരട്ടി കൈമാറെയാൽ ചരക്കിനെവിറ്റവൻ ഉടനെ കൊടുക്കാഞ്ഞിട്ട ആയവനെക്കൊണ്ടെവിന്നെന്നതിൽ ഉദയചരക്കിനെ കൊടുപ്പിക്കെണം. എന്നൎത്ഥം।

ഉദീയമാനന്നഗൃഹ്ണാതി ക്രീതംപണ്യഞ്ച യഃ ക്രയീ,

വിക്രീണാനസ്തദന്യത്ര വിക്രെതാ നാപരാധ്യതി। എന്നതു।

വിക്രീതമപി വിക്രെയം പൂൎവ്വെ ക്രെതൎയ്യഗൃഹ്ണതി।

ഹാനിശ്ചെൽ ക്രെതൃദൊഷെണ ക്രെതുരെവ പ്രസാദവെൽ।

വില കൊടുത്ത ചരക്കിനെ വാങ്ങിച്ചുംവെച്ച പിന്നെത്തതിൽ സംശയിച്ചു ചരക്കെവാങ്ങിക്കളയെണ്ടെന്നും പറഞ്ഞു എങ്കിൽ ആ ചരക്കിനെ മറൊരുത്തന് വിറ്റുകൊണ്ടെവിറ്റവനു പ്രായശ്ചിത്തം വരികയില്ല ചരക്കിനെ കെട്ടുന്നതുകൊണ്ടു പൊരായ്മ എന്നും പറഞ്ഞിട്ടും. കൊണ്ടുപൊകാതെ വിറ്റവൻ തന്നെ ഇട്ടുംവെച്ചപൊയാൽ ആ ചരക്കിനും വല്ലതും ചെതം വന്നാൽ ആ ചെതം വാങ്ങിച്ചവൻ തന്നെ അനുസരിക്കെണം വിറ്റവനു ചെതംവരികയില്ല. എന്നതു।

ദൈവരാജോപഘാതെന പണ്യെ ദൊഷമുപാഗതെ।

ഹാനിൎവിക്രെതുരെവാസൌ യാചിതസ്യാപ്രയച്ഛതഃ।

വിലവാങ്ങിച്ചുകൊണ്ടു വിറ്റുപൊയ ചരക്കിനെ വാങ്ങിച്ചവൻ തരെണമെന്നു ചൊദിച്ചിട്ടും വിറ്റവൻ കൊടുക്കാതെ പാൎത്തുപൊയെങ്കിൽ ആ ചരക്കിന നാശം ദൈവത്താലെങ്കിലും രാജാവാലെങ്കിലും ചെതം വന്നതൊക്കെയും വിറ്റവൻ തന്നെ അനുസരിക്കെണം. വാങ്ങിച്ചവൻ ചൊദിക്കാതെയും വിറ്റവൻ വെച്ചിട്ട കൊണ്ടുപൊകെണമെന്ന വാങ്ങിച്ചവനൊട പറയാതെയും ഇരുന്ന വിറ്റ ചരക്കിനെ ചെതം വന്നാല അപ്പൊൾ ഇരുവൎക്കും കുറവുള്ളതാകകൊണ്ടു ഇരുവരും ചെതം അനുസരിക്കെണം. എന്നതു।

ക്ഷയവൃദ്ധിൎവ്വണിജാമിത്യെഷ ക്രയവിക്രയനിയമം।

അഥ ക്രീത്വാനുശയാഖ്യം വിവാദപദം.

ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഒരുത്തൻ ചരക്കിനെ വില ഉറപ്പിച്ചു വിലയും വാങ്ങി
ച്ച ഉറപ്പായതിന്റെ ശേഷം ആ ചരക്കിന്റെ വിലയിൽ നിശ്ചയിച്ചപ്പോൾ കൊ
ടുക്കുന്നതല്ലാതെ വില കൊടുക്കയും വാങ്ങുകയും ചെയ്യാതിരുന്നാൽ ഒന്നും
തിരിച്ചു കാരണമായിട്ടു വരികയില്ല. വില കൊടുത്തുവെങ്കിലും ഇന്ന പ്രകാര
മെന്നതിനു വരും കൂടി ഉറച്ചു ദിവസം പറഞ്ഞു വെച്ചിട്ടുണ്ടെങ്കിൽ അപ്രകാ
രം നടന്നു കൊള്ളേണം. ഇതി ക്രയസംപ്രദാനപ്രകരണം സമാപ്തം. ഇ
നി ക്രീത്വാനുശയപ്രകരണം. [illegible]

ക്രീത്വാ മൂല്യേന യഃ പണ്യം ക്രേതാ ന ബഹു മന്യതേ।
ക്രീത്വാനുശയ ഇത്യേതദ്വിവാദപദമുച്യതേ।

വില കൊടുത്തു ചരക്കിനെ വാങ്ങിച്ചും വെച്ചു പിന്നെ അതിൽ ചരക്ക കൊള്ളു
വാൻ സംശയിച്ചു വാങ്ങിച്ചവൻ ഇരുന്നാൽ അപ്പോൾ വേണ്ടും പ്രായശ്ചിത്തിനെ
ചൊല്ലുന്ന പദത്തിനു ക്രീത്വാനുശയമെന്നു പേര്. [illegible]

ക്രീത്വാ മൂല്യേന യഃ പണ്യം ദുഷ്ക്രീതം മന്യതേ ക്രയീ।
വിക്രേതുഃ പ്രതിദേയം തത്തസ്മിന്നേവാഹ്ന്യവിക്ഷതം।

വില കൊടുത്തു ചരക്കിനെ വാങ്ങിച്ചതിൽ പിന്നെ സമ്മതമല്ല എന്നു ചരക്കിനെ തിരി
കെ കൊടുക്കുന്ന കൊള്ളേണമെന്നു സംശയിച്ചു പറഞ്ഞാൽ വാങ്ങിച്ചവൻ അന്നു ച
രക്കിനെ ദോഷം വരുത്താതെ വാങ്ങിച്ചതിൻ വണ്ണം തന്നെ തിരിയെ കൊടുക്കേണം. [illegible]

ദ്വിതീയേഹ്നി ദദത്ക്രേതാ മൂല്യാത്ത്രിംശാംശമാവഹേത്।
ദ്വിഗുണന്തത്തൃതീയേഹ്നി പരതഃ ക്രേതുരേവ തത്।

വില കൊടുത്തു വാങ്ങിച്ച ചരക്കിനെ രണ്ടാം ദിവസം കൊണ്ടുചെന്നു ചരക്കിനെ മട
ക്കുത്തും കൊണ്ടു ഞാൻ വിലതന്നു കൊള്ളുകയില്ലെന്നു തിരിയത്തരേണമെന്നു പറഞ്ഞാൽ കൊ
ടുത്ത വിലയിൽ മുപ്പതിലൊന്നു പൊളിച്ചു മൂന്നാം ദിവസം കൊണ്ടുചെന്നു കൊടുത്താൽ
പതിനഞ്ചിലൊന്നു പൊളിച്ചു ശിഷ്ടം ഉള്ള വില കൊടുത്തവൻ പറ്റേണം. മൂന്നു
ദിവസം കഴിഞ്ഞാൽ ചരക്കു വിറ്റവൻ തിരിയെ ചരക്കു വാങ്ങിക്കേണ്ടുന്ന ന്യായമില്ല, മൂന്നു
ദിവസത്തിനകം വാങ്ങിച്ചവൻ തിരിയെ കൊണ്ടുചെന്നു കൊടുക്കുന്ന പൊഴുത ചരക്കിനു
വാങ്ങിച്ചതിനു പിന്നെ ചേതം വന്നിട്ടുണ്ടെങ്കിൽ അതിനു തക്കവണ്ണം പരിശോധിക്ക

ന്നതിൻ പങ്കു ക്ഷുദ്രപിലയും കൊടുത്താൽ ചരക്കേയും കൊടുക്കണമെന്നതാകു ന്നു. ഉക്തഞ്ച

യാജ്ഞവല്ക്യഃ। ക്ഷയവൃദ്ധിഞ്ച വണിജാ പണ്യാനാമവിജാനതാ।

ക്രീത്വാനുശയഃ കാൎയ്യഃ കുൎവ്വൻ ഷൾഭാഗദണ്ഡഭാക്॥

ചരക്കിന്റെ ഗുണദോഷം നന്നിൽ വങ്കം അറിഞ്ഞിരിക്കുന്നവ്യാപാരി ചരക്കിനെ പരീ ക്ഷിച്ചവില കൊടുത്തവാങ്ങിയും പെച്ച പിന്നെത്തതിൽ സംശയം പറയരുതാ ന്നർക്കാ യാപാരി ... വെച്ചുകൊണ്ടു ചരക്കവിലയിൽ ആറിലൊന്നു പ്രായശ്ചിത്തം ചെയ്യെണം। ഉക്തഞ്ച।

ബൃഹസ്പതിഃ। പരീക്ഷേത്സ്വയം പണ്യമന്യേഷാഞ്ച പ്രദൎശയേൽ।

പരീക്ഷിതം ബഹുമതം ഗൃഹീത്വാ ന പുനസ്ത്യജേൽ।

ചരക്കുവാങ്ങിക്കുമ്പോൾ താൻതന്നെ നന്നായി വങ്കം ചരക്കു പരീക്ഷിച്ച ചരക്കി ന്റെ ഗുണദോഷമറിഞ്ഞിരിക്കുന്ന വ്യാപാരികളെക്കാണിച്ചിട്ടും പറഞ്ഞിട്ടു നന്നായിതിൻ വില കൊടുത്തവാങ്ങെണം। ഇപ്രകാരം പരീക്ഷിച്ചവാങ്ങിയ ചരക്കിനെ തിരികെ കൊടുക്കരുതാ। ഉക്തഞ്ച।

വ്യാസഃ। ചൎമ്മകാഷ്ഠേഷ്ടകാസൂത്രധാന്യാസവരസസ്യ ച।

വസുരൂപ്യഹിരണ്യാനാം സദ്യ ഏവ പരീക്ഷണം।

ചൎമ്മങ്ങൾ ചന്ദനങ്ങൾ ചെങ്കൽ നൂൽ ധാന്യങ്ങൾ മദ്യം തേൻ മുതലായ രസദ്രവ്യങ്ങൾ പശുക്കൾ കുതിരകൾ ഇങ്ങിനെയുള്ള ദ്രവ്യങ്ങൾ ... സ്വൎണ്ണങ്ങൾ ... ഇവകളെ ... തന്നെ പരീക്ഷിച്ചു വില കൊടുത്തു വാങ്ങിക്കെണം। ... ങ്ങളെ വില കൊടുത്തു വാങ്ങിച്ചു പിന്നെ തിരികെ കൊടുക്കരുതാ എന്നതാകുന്നു। ഉക്തഞ്ച।

പരീക്ഷ്യാഭിമതം ക്രീതം വിക്രേതുൎന്ന ഭവേൽ പുനഃ।

ചരക്കിനെ പരീക്ഷിച്ചു സമ്മതിച്ചു വിലയും കൊടുത്തു വാങ്ങിച്ചതു പിന്നെ തിരികെ കൊണ്ടുചെന്നു ചരക്കു ... ന്നതിനെ ... വാങ്ങിച്ചവന്നും ... ചരക്കു കൊടുത്തവന്നും ... ചരക്കിനെ തിരിയ കൊടുക്കരുതാ। ഉക്തഞ്ച।

ദേശകാലവ്യവഹാരസ്യ ഹാനൌ ...

... പരീക്ഷണം।

വില കൊടുത്തു വാങ്ങിച്ച ചരക്കിനെ ... തിരികെ കൊണ്ടു ചെന്നു കൊടുക്ക

ണമെ ഇൽ ഉത്ര ദിവസത്തിന കം കെട്ടെഞ്ചെന്ന കൊടുക്കണെ ദൊമന്ന ഇളു അവധിയെ
ചൊല്ലുന്നു। യദ്ദു മുതലായ ഷിണ്ണുവ തംഗങ്ങളിൽ പന്ത്ര ദിവസത്തിന കവും ഇരിപവര
പാങ്ങിക്കിരുന്ന ദിവസം തന്നെയും കാള കുതിര മുതലായതിന അഞ്ചു ദിവസത്തിനയ
ക്കും. മറവും വിഷം മുതലായ രക്ഷന്തങ്ങൾ ഒന്നിൽ ഏഴു ദിവസത്തിനയക്കും [illegible]
കള്ള ഇൽ ഒരു മാസത്തിന കവും കാവ്യ ഇള വസ്ത്ര മുതലായതെങ്കിൽ മൂന്നു ദിവസത്തിന
കവും [illegible] ചെയ്യുന്നവർ ഭക്ഷ്യാദികളിൽ പതിനഞ്ചു ദിവസത്തിനകവും
പരിക്ഷ ചെയ്യുന്നതിന്നുള്ള ഇൽ [illegible] കൊണ്ടു ചെന്ന കൊടുക്കുന്നതിനും വിറവൻ
പാങ്ങിക്കുന്നതിന്നു [illegible] പരിക്ഷിച്ച പാങ്ങിച്ചതെങ്കിൽ തിരിയക്കൊ
ടുക്കാൻ [illegible] ഇല്ല। ൧൧ അന്നു।

ബൃഹസ്പതിഃ। [illegible]
[illegible]

പരിക്ഷിക്കാതെ പാങ്ങിച്ച ചരക്കിൽ [illegible] കണ്ടുവെങ്കിൽ [illegible]
അവസ്ഥ [illegible] ചരക്കിനെ കെട്ടിവരുത്താതെ കൊടുക്കണം। [illegible]
കണ്ടുവന്നാൽ വിററ ചരക്കിനെ പാങ്ങിച്ചവൻ കൊണ്ടുവന്നാൽ [illegible] തിരിയക്കൊ
ടുക്കാൻ ന്യായമുണ്ടു। ൧൧ അന്നു।

[illegible]
[illegible]

ഒരു ചരക്കിൽ മറെറാരു ചരക്കു [illegible] കൂടെ ചേർന്ന ചരക്കിനെയും വിലപിടിച്ച
ചരക്കിനെയും [illegible] ചരക്കിനെയും [illegible] മുതലായതിൽ
[illegible] ചരക്കിനെ [illegible] വിററാൽ വിററവന
[illegible] ൧൧ അന്നു।

നാരദഃ। [illegible]
[illegible]

[illegible] പാങ്ങിച്ചവൻ വിററവൻ [illegible]
[illegible] വിലസമയം [illegible] പാങ്ങിച്ചവൻ വിററതിൽ [illegible]
[illegible] കൊണ്ടുചെന്ന [illegible] വിലകൊടുക്കന്ന [illegible] വിററ
വൻ [illegible] പാങ്ങിച്ചവൻ വിററതിൽ [illegible] കൊണ്ടുചെന്നതാൻ

നന്നിരിക്കുന്ന വില പതാരെണ്ണമെന്ന ചൊല്ലപ്പെട്ടിരിക്കുന്നവൻ ആ പണ്ടത്തെനെ താ
ൻ വാങ്ങിച്ചും കൊണ്ട വില കൊടുപ്പാൻ ന്യായമില്ലാ എന്ന അത്ഥം।

സാധാരണസ്യ ഉൽകൃഷ്ടം നേനകൊടുക്കാനരായമഃ।

നമ്പ്രാനപ്രസ്തിയാൽ നാഥിസ്ഥിയാനുമ ലംഭിഹി,

അതെങ്ങ പെട്ടാളുകൾക്കു പൊതുവെപ്പെട്ടതിലെ വൃദ്ധിം മുതലായതിനെ അതിന്റെ
ഉടയവനായിരിക്കുന്നവരെയും ബോധിപ്പിക്കാതെ വിൽക്കയും ദാനം ചെയ്കയും ചെ
യ്തിരുന്നാൽ താൻ വാങ്ങിക്കയും അരുത. ഇതിപ്പോൾ ദൃഷ്ടാന്തകാലഃ എന്നർത്ഥം।

അർഘക്ഷയാത്ത വദ്ധം വദ്ധം ശാപവശഃ ക്രയാൽ।

യാവൽക്ഷീണോ ദശാംശഃ ക്രീണാതു ഷഷ്ഠന്ത്യമംക്ഷയെ।

വില കൊടുത്ത വാങ്ങിച്ച കൊടുവന്നു അലക്കിയെങ്കിൽ കൊടുത്ത വിലയിൽ പത്തിലൊ
ന്നുവരെ വിലയും ദണ്ഡിപ്പാവിക്കും അലക്കിയാൽ പെട്ടിൽ രണ്ടുപങ്കുവിലയും മുന്നാ
വിശ്വം അലക്കിയാൽ പെട്ടിൽ മൂന്നുപങ്കുവിലയും നാലുപ്രാവിശ്യം അലക്കിയാൽ കൊ
ടുത്ത വിലയിൽ പാതിയും അഞ്ചുപ്രാവിശ്യം അലക്കിയാൽ പെട്ടിൽ അഞ്ചുപ
ങ്കും ഇപ്രകാരം അലക്കിയപന്തത്തിന വില കുറച്ചു പറ്റും. ആറുപ്രാവിശ്യം അലക്കി
യതെങ്കിൽ കൊടുക്കുന്നവനെയും വാങ്ങുന്നവനെയും സമ്മതപ്രകാരം വില
പറ്റും. ഇതല്ലാതുള്ള പക്ഷം കൊണ്ടുമിട്ടിരുന്നവന്റെ വില കുറവ। എന്നർത്ഥം

ന്ദ്രവ്യപണ്യാംശ ത്രൈശതംശ്ചിയയോജനം।

ത്രിദ്വിയാത്ത്യെ ദശാപൂർവം ശേഷം ശോനപണ്യമിം എന്നർത്ഥം।

ക്രീത്വാ പണ്യയാനുപാതി ദ്വാദശാഭിഃ ലിഖിതം।

ദാദ്യപൂർവ്വഞ്ചാ ദ്വാദശാംശംപണ്യയോസ്ഥൂപ്യതെ।

ഒരുപദാർത്ഥത്തെ വില കൊടുത്ത വാങ്ങിച്ച അതിനെ കൊണ്ടവൻ നാലുദിവസം)
നെരിയ കൊടുത്ത വിലവാങ്ങിച്ചുകൊള്ളുക. എന്നാൽ വെള്ളത്തിൽ വില
യിൽ മുപ്പതിലൊന്നും മുന്നാം ദിവസമെങ്കിൽ പതിനഞ്ചിലൊന്നും കുറച്ചു കൊടുത്ത
വിലതിരിയെ തരെണം. ഇപ്രകാരം വില കുറച്ചു കൊടുത്തിട്ടു കൊടുക്കുന്നതിന
വാങ്ങിച്ചവര തന്നെ വിലവിളി ദിവസം കൊടുത്താൽ പിന്നെ നാലു
ചെറെ കാങ്ങിച്ച വില തിരിച്ചു അഞ്ചു ദിവസത്തിനെ അഞ്ചുപങ്കാകുന്നതിൽ

ന്നവക്കൊൾക്കുതല്ലൊം ഉഭയ കാലാദിയും ഉഭയകാലവുമാക്കി കൽപ്പിച്ചു ന്ന
ദിവസത്തിന കണക്കിലെ പതിറ്റെ കൊടുക്കാതെ അവധിയും തിരുനക്കാളൂ ത്തിര ന്ന
വരുവിലയും ഉഭയകാവിലയും ഉദ്ദി ത്തിനെ വിലയാക്കി കല്പിച്ചത്തിൽ ദാനാ
ന്നുള്ളതു ദാനച്ച വില കൊടുപ്പിച്ചു കൊള്ളേണം। ന്ന ദിവസത്തിന്റെമെലായാൽ
വക ഉദ്ദി കെട്ടുതലാക്കി മെൽ കൊടുത്തിയ ക്രയകാരം നടത്തി കൊള്ളേണം। ൧൭൩൨

ശ്രീഹാക്ഷതിഃ। മണി ഭാണ്ഡാച്ഛാദനാനാം ശതമൊ മൂല്യകൽപ്പനാ।
ദ്വിഭാഗയാവണ്ണന്നാം ഗൊദ്രവ്യാന്തു ദ്രയബാധാ।

രത്നങ്ങൾ നൂറുകുതിര ഗൊവ കളുമെരവ കക്കോഴില വെച്ചവിൽ കൊന്നെ ഇഷ്ടർ
രാജാവിങ്കൽ ബൊധിപ്പിച്ചു രത്നം പതിക്കച്ചതലായന്ന ദാനം തിരിക്കുന്നവര
കൊണ്ടവില നിശ്ചയിക്കേണം। പശുവിനും ഭൂമിക്കും വിൽക്കുന്നവന്റെയും വാങ്ങി
ക്കുന്നവന്റെയും ഉദയസമസ്ത കാരണവിലവെക്കേണം। ഇതി വിവാദഗണമുള്ളവി
ഭാഗഃ। ൧൭൩൩

പ്രാഗ്‌ദത്തം । ആത്മിനാം പിജ്ഞാനിയം ദേവ ദാദായലാഗതഃ।
ഭയമൂല്യസ സന്താഗ ജ്ഞപമൊകൾപന്ദനം।

തന്റെ ഉള്ളത്തൊനെ മറൊരുത്തന്റെ കയ്യിൽ കൊടുത്തവനെ കയ്യിൽ നിന്നും
ഒരുവസ്തുവിനെ വാങ്ങിച്ചാൽ ആത്തിന്റെ വില എന്നു പെരു ഈ പ്രകാരമെല്ലാം ഉള്ളതൊ
ന്നുരണ്ടു പെർക്കും ഒരൊരൊന്നു വിലയും ബലവും സ്വാമിത്വവും മാറി വരും। ൧൭൩൪

പരിഗൃഹീതം ദത്തം ഭവെ വിത്തമസ്വമെ।
പെഷമൊ ചക്രം പൊകനാ മിശ്രെ വിനയമന്ത്രതഃ। ൧൭൩൫
അധാദികെന ദേവൽ നമിത്തിന്വാ പരിവർത്തനാ।
ക്ഷയം പാദ വെദ്യന്നാള പരിതാസമാവദെന്ന।
ഛത്ര കൊട നരം പിടിച്ചാൽ ഗുരു പരമെശ്വരൻ।

ഒരുനിലം കൊടുത്ത അതിനു പകരം സമമായിരിക്കുന്ന മറൊരു നിലമവാങ്ങിക്കുന്ന
തും ഒരു കുതിര കൊടുത്ത മറൊരു കുതിര വാങ്ങിക്കുന്നതും ഇപ്രകാരം ഒരു
വസ്തു കൊടുത്ത അതിനു സമമായിട്ട മറൊരു വസ്തുവിനെ വാങ്ങിക്കുന്നതും ഒരെ
ത്തരം പരിവർത്തമെന്നു പെര। രണ്ടു പ്രകാരത്തിലുള്ള വസ്തുക്കളെ കൊടുത്ത
ഒരു പ്രകാരത്തിലുള്ള വസ്തുവിനെ വാങ്ങിച്ചാൽ വിനിമയമെന്നു പെര പരിവ

ത്തിന്റെ ഭേദം വിസ്മയത്തിന്നും ഭയം പോലെ തന്നെ ൨ ഷം ഒരു വസ്തു കൊടുത്ത
തിനു സജാതിയമായിരിക്കുന്ന വസ്തു വാങ്ങിച്ചാൽ അതിലെ ഒന്നു അരവാശി
കുറെ മേല്പട്ടുള്ളതിൻ അപരിവർത്തനക്രയമായിട്ടു തന്നെ ഭവിക്കും. ഇതി വചനം॥

ആധിക്യന്യൂനതാചാംശെ അസ്തിനാസ്തിത്വമെവച।
അഭോഗഭുക്തിസ്സീമാ ച ഷൾഭൂവാദസ്യ ഹെതവഃ।

ഭൂമിസംബന്ധമായിട്ടു വരുന്ന വ്യവഹാരങ്ങൾ ആറുവിധം. അതിന്റെ ഹേതുക്കളും
ആറുവിധം. ഉന്നതിക്കിൽ ഉൽപന്നങ്ങൾ തന്നെ കൊള്ളുന്നതിക്കൽ അധികം ഉണ്ടെങ്കിലും
ഉണ്ടെന്നും അധികമില്ലെന്നും വരുന്ന വ്യവഹാരം ആധിക്യം ഹേതുവായിട്ടു വരു
ന്നതും. ഉന്നതിക്കൽ ഉൽപന്നങ്ങൾ ഉണ്ടെന്നും വാദിയും അതിന കുറച്ചി
ട്ടുള്ളു എന്നു പ്രതിവാദിയും പറഞ്ഞുണ്ടാകുന്ന ന്യൂനത ഹേതുവായിട്ടു വരുന്ന
തും. ഉന്നതിക്കൽ ഉൽപന്നങ്ങളും ഉണ്ടാകുന്നതെന്നും വാദിയും നരംഭിക്കൽ
തന്നെയും ഉള്ളൂ തന്നെ ഉണ്ടെന്നും അപ്രകാരം തന്നെ പ്രതിവാദിയും തമ്മിൽ ത
ർക്കിച്ചു പറഞ്ഞ അസ്തിത്വം നാസ്തിത്വങ്ങൾ ഹേതുവായിട്ടു രണ്ടുവിധമായിട്ടു വരുന്ന
തും. ഉന്നതിക്കൽ ഉൽപന്നത്തിൽ അനുഭവിക്കാത്തതിലത്തിനെ ഇപ്പോൾ അ
നുഭവിച്ചു വരുന്നു എന്നും അനുഭവം ഹേതുവായിട്ടു വരുന്നതും. എന്റെ നിലത്തി
ന്റെ എല്ലെ ഇന്ന സ്ഥലത്തിലെന്നും അവിടെ അല്ലെന്നും എല്ലുകെട്ടം കൊണ്ടു
വരുന്നതും. ഇപ്രകാരം ആറുവിധം. ഇതി വചനം॥

ഉപവാപിതടാകാനി ചൈത്യാരാമസുരാലയാഃ।
ജലനിർഗ്ഗമനസ്രോതഃശ്മശാനമഠാശ്രയാഃ।
പ്രകാശചിഹ്നം ഉന്നതാനി സീമായാഃ കാരയെന്നൃപഃ॥ ൩൭।

എല്ലെക്കുടെ സന്ധിപ്രദേശങ്ങളിൽ കിണറുകൾ കുളങ്ങൾ കെട്ടിയ കിണറുകൾ കുളം
ങ്ങൾ കൊണ്ടുണ്ടാക്കിയതായ നീർപ്രവാഹങ്ങൾ ശ്മശാനം മുതലായതുണ്ട വിശേഷങ്ങൾ
പരദേശങ്ങൾ ദേവാലയങ്ങൾ ഇപ്രകാരമുള്ള അടയാളങ്ങൾ ഇതി വചനം॥

മനുഃ। അശ്മനോസ്ഥീനി ഗോവാലാൻ തുഷാൻ ഭസ്മകപാലികാഃ।
കരീഷമിഷ്ടകാംഗാരശർക്കരാവാലുകാസ്തഥാ।
യാനി ചൈവം പ്രകാരാണി കാലാൽ ഭൂമിർന്ന ഭക്ഷയെൽ।

താനിസന്ധിഷു സീമായാമപ്രകാശാനി കാരയെൽ।

ഭോഗസ്യ ബാലാനാം ഭയത്തെന പ്രദർശയെൽ।

ചെറിയ കല്ലുകളും പശുക്കളുടെ അസ്ഥികളും വാലിൽ ഉള്ള രോമങ്ങളും ഉമിയും ചാമ്പലും ശർക്കോടുകളും ഉണങ്ങിയ ചാണകവും ഇഷ്ടികയും കരിക്കട്ടയും ചരൽക്കല്ലുകളും മണലും ഇതിൻവണ്ണം. ഭൂമിക്കു ചെന്നാൽ ഹാനിവരാതെ ഇരിക്കുന്ന വസ്തുക്കളെ കുടത്തിനകത്തിട്ടു ഭൂമിയുടെ അന്തർഭാഗത്തു സ്ഥാപിക്കേണം. ഇതിനെ ബോധമുള്ള ബാലന്മാരെ കാണിച്ചു സ്ഥാപിക്കേണം. എന്നർത്ഥം॥

വാദ്യകൈശ്ച ശിശൂനാം തേഷ്വേവ നിത്യം ദൈവാച।

ഏവം പരമ്പരാജ്ഞാനെ സീമാഭ്രാന്തിർന്ന ജായതെ।

ഇപ്രകാരമുള്ള അടയാളങ്ങളെ സ്ഥാപിക്കുമ്പോൾ കൂടിയിരിക്കുന്ന കണ്ടിട്ടുള്ള ബാലന്മാർക്കും വാർദ്ധക്യം വന്നാൽ അവരുടെ ബാലന്മാരെ ഗ്രഹിപ്പിക്കേണം. ഇപ്രകാരം ചെയ്താൽ എല്ലകൾക്കു പിഴക്കയില്ല. എന്നർത്ഥം॥

ഏതൈർല്ലിംഗൈർന്നയെൽ സീമാം രാജാ വിവദതാം നൃണാം।

എല്ലകൾക്കു കൊണ്ടു വിവാദമുണ്ടായി തങ്ങളിൽ വന്നാൽ രാജാവായിരിക്കുന്നവർ മേൽ എഴുതിയ അടയാളങ്ങളെക്കൊണ്ടു എല്ലകൾ നിശ്ചയം വരുത്തേണം. എന്നർത്ഥം॥

യദി സംശയ ഏവ സ്യാൽ ലിംഗാനാമപി ദർശനെ।

സാക്ഷിപ്രത്യയ ഏവ സ്യാൽ സീമാവാദവിനിർണ്ണയം।

മേൽ എഴുതിയ അടയാളങ്ങളെക്കൊണ്ടു എല്ലകളുടെ സംശയം തീർന്നില്ല എങ്കിൽ മേൽ എഴുതിയ അടയാളങ്ങളെയും എല്ലകളുടെ സ്ഥിതിയും അറിഞ്ഞിരിക്കുന്ന സാക്ഷികളെക്കൊണ്ടു എല്ലകൾ നിശ്ചയം വരുത്തേണം. എന്നർത്ഥം॥

സാക്ഷ്യഭാവെ തു ചത്വാരൊ ഗ്രാമസീമാവിനിശ്ചയം।

കുര്യുഃ പ്രയതാ രാജസന്നിധൌ।

മേൽ എഴുതിയ സാക്ഷികളും ഇല്ലെങ്കിൽ തർക്കം വന്നിരിക്കുന്ന എല്ലക്കകത്തുള്ള നാലു സാമന്തന്മാരെ വരുത്തി അവരെക്കൊണ്ടു എല്ല നിശ്ചയം വരുത്തേണം. എന്നർത്ഥം॥

സാമന്തായനാഃ। സാദ്ധ്യസിദ്ധ്യൈ പ്രത്യെക്ഷു സാമന്തെഷു ചതുരവാൽ।

തസ്യാസക്കെന്ത്രതന്ത്രവൃദ്ധാരൊ ഗാത്രസംശതാൽ।

മെൽ എഴുതിയ സാമന്തന്മാരും ന്യായം പറയാതെ രാഗ ദ്വെഷാദികൾ കൊ
ണ്ടു മുഷ്യന്മാരായി ഭവിച്ചു എങ്കിൽ ഒന്നു വിട്ടു ആ സാമന്തന്മാരെക്കൊണ്ടു എ
ഴുതനിശ്ചയം വരുത്തെണം. ഇതിൽ സംശയമില്ല. ഇന്നവറ്റ

മനു: ശിരൊഭിസ്തെ ഗൃഹീത്വൊർവീം സ്രഗ്വിണൊ രക്തവാസസഃ।

സുകൃതൈഃ ശാപിതാഃ സ്വൈഃ സ്വൈർ നയെയുസ്തെ സമഞ്ജസം।

മെൽ എഴുതിയ സാമന്തന്മാർ ഭൂമിയിൽ കിടക്കുന്ന ചെങ്കല്ലെടുത്തു ശിരസ്സിൽ ധരിച്ചു ര
ക്തവസ്ത്രമായിരിക്കുന്ന മാലയും വസ്ത്രവും ധരിച്ചും കൊണ്ടു സാമന്തന്മാർ ബ്രാഹ്മണരെ
ങ്കിൽ ബ്രാഹ്മണർ സാക്ഷിപ്രകരണത്തിൽ ചൊല്ലിയിരിക്കുന്ന സത്യങ്ങളും ചെയ്തു ഇ
പ്രകാരം അതാതജാതിയിൽ ചൊല്ലിയിരിക്കുന്ന സത്യങ്ങളെ അതാതങ്ങൾ ചെയ്തി
ട്ടു ആ സാമന്തന്മാർ ചെയ്ത സത്യം കൂടാതെ എല്ലകനിശ്ചയം ചെയ്യെണം. ഇന്നവറ്റ

നാരദഃ। തെ ചെൽ ഭിന്നാ നയെയുഃ സീമാം നരാഃ സ്രഗ്വസനാന്വിതാഃ।

ഗൃഹീത്വാ മൃൽക്കാഷ്ഠ്യം മൂർദ്ധ്നി ലിംഗൈസ്താ ചെൽ പ്രദർശിതാഃ।

നല്ലവണ്ണം എല്ലകത്തിന്റെ അറിഞ്ഞിരിക്കുന്നവനാകുന്നു എങ്കിൽ എല്ലകനിശ്ച
യം വരുത്തുന്നതാ. ഇന്നവറ്റ।

എകൊയദി നയെൽ സീമാം ഉഭയൊരപി സമ്മതഃ।

വാദി പ്രതിവാദികൾ രണ്ടുപെർക്കും എല്ലകനിശ്ചയിക്കുന്നതിന ഒരുത്തൻ സമ്മതമാ
യിരിക്കുന്നു എങ്കിൽ അവൻ ഒരാൾ ആയിട്ടു എല്ലനിശ്ചയം വരുത്താം. ഇന്നവന

നാരദഃ। സീമാവാദെ തഥാ കൊശെ പാദൈർ ദൈവിക ഏവച।

ത്രിപക്ഷപര്യവസാനാൻ ദൈവരാജികൃതാന്തിമാ

സത്യം ചെയ്ത എല്ലനിശ്ചയം വരുത്തിയതിനുശെഷം കൊശപാനംചെയ്തവാക്കി
ന്നാലും മാതാപിതാക്കന്മാർ മുതലായ ഗൃഹക്കാരുടെ പാടങ്ങളെ തൊട്ടു സത്യംചെ
യ്തവർക്കും നാൽപത്തെട്ടു ദിവസത്തിനകമെങ്കിലും എഴുതിയ ദിവസത്തിന്നു എഴുതി
യവർക്കും നാൾ അഞ്ചുദിവസത്തിനകമെങ്കിലും മെൽ എഴുതിയവർക്കു ദൈവരാജൊപദ്രവം സംഭ
വസത്തിന്നകമെങ്കിലും മെൽ എഴുതിയവർക്കു ദൈവരാജൊപദ്രവം സംഭ
വിക്കുന്നതിന്നു നിമിത്തമായിട്ടാണം. അസത്യദൊഷം കണ്ടുവെങ്കിൽ മുമ്പിൽ നിശ്ച
യിച്ച തടസ്ഥന്മാരെ ദണ്ഡിപ്പിച്ച വെറെ ആളുകളെക്കൊണ്ടു പരത്തി എല്ലകനിശ്ചയം വരു
ത്തെണമെന്നതാല്പര്യം. ൯൯।

നാരദഃ। അഥ ചേദ്ദൃതം ക്ഷേത്രയോഃ സാമന്താന്തശ്ചിതിജ്ഞയോ।

സഭൈശ്ച പൃഥക് പൃഥക് ദണ്ഡ്യാസ്തേ മദ്ധ്യമസാഹസം।

എല്ലാ കനിശ്ചയം വരുത്തിയതിൽ അസത്യവാദികൾതന്നെ അറിയപ്പെട്ടു സാമന്തന്മാരെക്കൊണ്ടു പ്രത്യേകം പ്രത്യേകം മദ്ധ്യമസാഹസത്തിലുള്ള ഉത്തമ പ്രായശ്ചിത്തം ചെയ്യിക്കേണം। ൨൭൧

യാജ്ഞവല്ക്യഃ। അദാപയന്നാദദാനോ ഘാതിനാം രാജാന്തികൃന്തകഃ।

സമൈദ്ര്യാന്യഷു രാജ ദക്ഷോ യന്ത്രമൈന്ദ്രവസാമഹീ।

എല്ലായുടെ തിട്ടം അറിഞ്ഞിരിക്കുന്ന സാക്ഷി മുതലായവരും എല്ലാ അടയാളമാകിട്ടുള്ള വൃക്ഷങ്ങൾ കിണറുകൾ മുതലായതും ഇല്ലെങ്കിൽ അപ്പോൾ രാജാവായിരിക്കുന്നവൻ നോക്കി എല്ലാ കനിശ്ചയം വരുത്തേണം। രാജാവ് നിശ്ചയിച്ചതിൻ്റെ പക്ഷം വാദിപ്രതിവാദികൾ ഇരുവരും അനുസരിക്കേണം। ൨൭൨

അന്യഥാ നദേവപക്ഷോ വാ നരാണാം രാജദൈവികാ।

ക്ഷയോദയൌ ജീവനഞ്ച ദൈവരാജവശങ്ങനാം

അതിനാൽ സർവ്വേഷ്ടകാര്യേഷു തന്നെ വിചാലയേൽ

രാജാവിനാൽ നിശ്ചയിക്കപ്പെട്ട കാര്യത്തിലും ദൈവവശാൽ വന്നിരിക്കുന്ന കാര്യത്തിലും അന്യഥാ ആയിട്ടു പറയരുത്। ജനങ്ങൾക്കു ഉദയക്ഷയങ്ങളും ജീവനവും രാജവശത്താലും ദൈവവശത്താലും വന്നതാകകൊണ്ട് അപ്രകാരമുള്ള കാര്യത്തിനു എതിരായി ഒന്നും പറയരുത്। ൨൭൩

ക്ഷേത്രം സസസ്യം കുർവ്വൻ ഭക്ഷിതം നാശയേദാപയേത്।

നദീസ്രോതഃ പ്രവാഹേന പൂർവ്വസ്വാമി വിലംഘിതാം।

ഒരുത്തൻ്റെ നിലത്തെ മറ്റൊരുത്തൻ പണയമായിട്ടും പാട്ടമായിട്ടും ഒഴിയാതെ വാങ്ങി കൃഷിചെയ്തു അടച്ചുവരുമ്പോൾ നദിപ്രവാഹങ്ങൾ മുതലായതുകൊണ്ട് കൃഷികൾ മുടങ്ങി നിലങ്ങൾ നശിച്ചുപോകയാൽ കൃഷിചെയ്യുന്നതിനു യോഗ്യമില്ലാതെ പോകയാൽ അവിടുത്തെ കരമൊഴിവായിട്ടിരിക്കുന്നവൻ തന്നെ അനുഭവിക്കയും ചെയ്തുകൊള്ളേണം। ൨൭൪

യാജ്ഞവല്ക്യഃ। മര്യാദായാഃ പ്രഭേദേ തു ക്ഷേത്രസ്യ ഹരണേ തഥാ।

ക്ഷേത്രം കൂപവിധിർദ്ദേശ്യൊവഷ്ടാം ഭൂപ്രവഹാശ്ച।

പുരയിടങ്ങൾ വാലയങ്ങൾ കിടക്കുന്ന ഉണ്ടാക്കിയിരിക്കുന്ന തോട്ടങ്ങൾ

ഗ്രാമങ്ങൾ കിണറുകൾ മുതലായ ഭവനങ്ങൾ ഓരോന്നുകൾ എല്ലാതങ്ങൾക്കും മുതലായവ

വന്നാൽ ആ ക്ഷേത്രം വാശ്യം വരുത്തേണ്ടുന്നവിധിയെ മേൽപ്പെട്ടതിന്നുകാരണ

ത്തെങ്ങു കൂടുന്നുവെന്ന അറിഞ്ഞുകൊണ്ടെങ്ങനെ। വെണ്ടും പായുന്നതിന്റെ

താൽത്തിന്നും ഈ പ്രകാരമെത്രെ വിധി। ൧൧൫।

പ്രാസ്। യാ രാജ്ഞാ ക്രോധലോഭേന ശൂലപാത്രായെന്ന വാദ്യതാ।

പ്രതത്താന്നു സ്വന്ത്രരെഷ ന നസ്യാൽ സിദ്ധമവാപ്നുയാൽ।

രാജാവിനെ ഓരോരെ ക്രോധങ്ങളെക്കൊണ്ടും ലോഭം കൊണ്ടെങ്കിലും പ്രാജ്ഞമായിട്ടുംന്യായ

മായിട്ടും ആയവന്റെ വെക്കനിലത്തിനെ അപഹരിച്ചു മറ്റൊരുത്തന് സന്തോഷം കൊണ്ടു

താൻ കൊടുക്കുന്നു എങ്കിൽ ആയവനു സിദ്ധിക്കയില്ല। ഇങ്ങനെ സീമാവി

വാദനിശ്ചയഃ। ൧൧൬।

നാരദഃ। പരക്ഷെത്രസ്യ മദ്ധ്യെ തു സെതുർന്ന പ്രതിഷിദ്ധ്യതെ

മഹാഗുണൊല്പദൊയന്തു വൃദ്ധിരൽപ്പാ ക്ഷയെസതി।

സീമാവിവരത്തിലൊന്നെ കൃഷികൾക്കു വെള്ളം തിരിച്ചുവെക്കുന്നതും വരുത്തുന്ന സമയത്തിൽ

ഒരുത്തന്റെ നിലത്തിൽ അണകെട്ടിയവെള്ളംവഴിയിട്ടു ചെറുനിലങ്ങൾക്കുവെ

ള്ളം പോകുമ്പോൾ ഉപകാരം വന്നതായും അണകെട്ടുന്ന നിലത്തിന്റെ കുറയച്ചെലവും

വന്നതായും ഇരുന്നുവെങ്കിൽ ആ നിലത്തുടയവനൊടു ചോദിച്ചു വെങ്കിലും അവിടെ

കൊടുത്തിട്ടെങ്കിലും ചോദിച്ചാൽ അണകെട്ടുന്നതിനു നിലത്തിന്റെ ഉടയ

വൻ ഫലം കൊടുക്കേണം। ആയതിന്നു തടയരുത്। ൧൧൭।

പരഭൂമിന്നഹരെൽ കൂപൊ സ്വല്പക്ഷെത്രെ ബഹൂദകെ।

സ്വാമിനെ നിവെദ്യ ക്ഷെത്രസ്വാമി പ്രകല്പയെൽ।

ഉ ക്ഷെത്രാമിനൊദൊഷഃ തദാദാ വെ മഹീവതെഃ।

ഒരുത്തന്റെ നിലത്തിൽ ആ നിലത്തിന്റെ ഉടയവനെ ബോധിപ്പിക്കാതെ വെള്ളം

ഉണ്ടാക്കുന്ന കിണറുകളെങ്കിലും അണകളെങ്കിലും മറ്റൊരുത്തന് തന്നനിലത്തിൽ ആ നില

ത്തിന്റെ ഉടയവനെ ബോധിപ്പിക്കാതെ വെള്ളം ഉണ്ടാക്കുന്ന കിണറുകളെങ്കിലും വെ

ളും പാഴുന്നതിനായിട്ടുണ്ടാക്കിയാൽ ആവെള്ളം കൊണ്ടുണ്ടാകുന്നഫലം തന്നെ
ഭവം ചെയ്കേണം. കൃഷ്ട നിലത്തിന്റെ ഉടയവനു സിദ്ധിക്കും. ആ നിലത്തിനുടയവ
ന്റെ ദത്തിൽ രാജാവിനു സിദ്ധിക്കും. വൃത്ത।

നാരദഃ । സേതുശ്ച ദ്വിവിധോ ജ്ഞേയഃ ഖേയോ ബന്ധ്യസ്തഥൈവ ച ।
തോയപ്രവർത്തനാത് ഖേയോ ബന്ധ്യഃ സ്യാത്തന്നിവർത്തനാത് ।

ഖേയമെന്നും ബന്ധ്യമെന്നും സേതു രണ്ടുവിധം. വെള്ളമൊഴുക്കി മറ്റൊരേടത്തേ
ക്കു കൊണ്ടുപോകുന്നതിനായിട്ടുണ്ടാകുന്ന സേതുവിനെ ബന്ധ്യമെന്നു ചൊ
ല്ലി. ചിറയെന്നും അണയെന്നും പെരമ്പാകെന്നും പറയുന്നത സേതു. വൃത്ത।

ക്ഷേത്ര സ്വാമിനമപൃഷ്ട്വാ തദ്ധം ശ്രാവയിത്വാ തഥൈവ ച ।
രാജാനമാമന്ത്ര്യ തസ്മാത് കുര്യാത് സേതുപ്രവർത്തനം ।

സേതു കെട്ടിയുണ്ടാക്കുവാൻ യോഗ്യമായിട്ടുള്ള നിലത്തിനുടയവൻ മരിച്ചുപോ
യെങ്കിൽ അവന്റെ ദായാദിക്കാരനെ ബോധിപ്പിച്ചിട്ടു വേണം ഉണ്ടാക്കേണ്ടൂ.
ആയവനും മരിച്ചുപോയാൽ ആ നിലത്തിനുടയവരാരുമില്ലെങ്കിൽ രാജാവുടയവ
നാകകൊണ്ടു രാജാവിനെ ബോധിപ്പിച്ചിട്ടുണ്ടാക്കിക്കൊള്ളേണം. വൃത്ത।

കാത്യായനഃ । അസ്വാമികന്തു ദൈവസംസ്കാരം കുരുതേ തു യഃ ।
ശ ഹോത്രാന്തരാകാനാം സംസ്കാരാദ്ദേവതാനതു ।

ഒരുത്തന്റെ വക ദേവസ്വം തൊട്ടു കുളം മുതലായതിനെ ഉടയവനെ ബോധിപ്പി
ക്കാതെ മറ്റൊരുത്തൻ നന്നാക്കിയാൽ ആ ദേവസ്വം മുതലായതിനെ നന്നാക്കിയ
പാത്രവായിട്ടുണ്ടാകുന്ന ഫലം ആ ദേവസ്വം മുതലായതിന്റെ ഉടയവനു സിദ്ധിക്കും
നന്നാക്കാതെ ഉടയവനെ ബോധിപ്പിക്കാതെ നന്നാക്കിയവനു സിദ്ധിക്കയില്ല. വൃത്ത।

ദേവസ്വാമിഭ്യോ യാത്തേന പൂർവ്വവ്യയാത് ।
അഥ വൃദ്ധ്യഥക്തഗന്ധത്ത ദൈവപ്യയം ।

ഒരുത്തന്റെ വകനിലത്തിൽ മറ്റൊരുത്തൻ കിണറു മുതലായതുണ്ടാക്കേണ
മെങ്കിൽ ആ നിലത്തിന്റെ ഉടയവനെ ബോധിപ്പിക്കേണം. മേലെഴുതിയതി
ൽ ഒരുത്തനോടും ബോധിപ്പിക്കാതെ ഉള്ളവരൊടെങ്കിലും ബോധി
പ്പിക്കേണം. അവരുമില്ലെങ്കിൽ രാജാവിനെ ബോധിപ്പിക്കേണം. മേൽ
ഴുതിയതിൽ ഒരുത്തനോടും ബോധിപ്പിക്കാതെ ചിലവിട്ടു കിണ
റുണ്ടാക്കിയതിന്റെ ശേഷം ആ നിലത്തിന്റെ ഉടയവൻ വന്നുവെങ്കിൽ

ഉണ്ടാക്കിയ വന ഫല വിട ഉല്പം സിദ്ധിക്കുന്നതല്ലാതെ ഉണ്ടാക്കിയെന്നുള്ള
തലൊളം അതിലുണ്ടാകുന്ന ഫലം സിദ്ധിക്കയില്ല। ॥ സ്മൃ ॥

ഇങ്ങിനെ ജലപ്രവാഹാദി ഉല്പന്ന വിധിഃ।

നാരദഃ। അശക്ത പ്രെതനഷ്ടെഷു ക്ഷെത്രികെഷ്വനിവാരിതഃ।
ക്ഷെത്രഞ്ചെ ദ്വികൃഷെൽ കശ്ചിൽ ദശ്നുവീതതൽഫലം।

നിലത്തിന്റെ ഉടയവൻ കൃഷിയിടുന്നതിന അശക്തം തടവ ചെയ്തില്ല എങ്കിൽ ആ കൃ
ഷിയിൽ ഉണ്ടാകുന്ന വിളവിൽ ഉടയവന്റെ ഓഹരി ഒഴിക്ക ശെഷം ഉള്ള ഫ
ലം കൃഷിയിട്ടവന സിദ്ധിക്കും। ॥ സ്മൃ ॥

വികൃഷ്യമാണെ ക്ഷെത്രികാം പുനരാവ്രജെൽ।
വിലൊപചാരാന്തഃ സർവ്വം ദത്വാപ്യം ക്ഷെത്രമാപ്നുയാൽ।

ഒരുത്തൻ തന്റെ വക നിലത്തിനെ കൃഷിയിടാതെ തരിശിട്ടുവെച്ച മറ്റൊരുത്തരിക്കൽ
വെച്ചിരിക്കുമ്പൊൾ ആ നിലത്തിൽ മറ്റൊരുത്തൻ വെട്ടി നന്നാക്കി, ഓരം ഉ
ഴുതൂന്ന കൃഷിയിടുവാൻ തുടങ്ങുമ്പൊൾ ആ നിലത്തിന്റെ ഉടയവൻ വന്നു വെ
ട്ടിൽ മറ്റൊരുത്തൻ ചില വിട്ടതും കൂലിയും കൊടുത്തു ഉടയവൻ നിലം കൃഷി
ചെയ്തു കൊള്ളെണം। ॥ സ്മൃ ॥

അശക്തിനൊന ദുഷ്ടാശ്ചെൽ വിലാഭാഭയഃ കൃതൊല്പുഥഃ।
തദഷ്ട ഭാഗവിന്നസ്തു ക്ഷെത്രിയഃ ഫലമാപ്നുയാൽ।

മെൽപ്പറഞ്ഞ പ്രകാരം ഒരുത്തന്റെ നിലത്തിൽ മറ്റൊരുത്തൻ ചില വിട്ടിരി
ക്കുന്ന വിത്തും കൂലിയും കൊടുക്കുന്നതിന നിലം ഉടയവന പക്കയില്ലെങ്കിൽ
കൃഷിയിട്ട വിളവ് എടുക്കുമ്പൊൾ എടുക്കുന്ന വിളവിൽ എട്ടിലൊന്നു കു
ടിൽ നിലത്തു വെല ചെയ്തവന കൊടുത്തു ശിഷ്ടം ഫലം ഉടയവൻ എ
ടുത്തു കൊള്ളെണം। ॥ സ്മൃ ॥

സംവത്സരെണാർദ്ധ വിഷ്ടം ഖിലം സ്യാദബ്ദൈസ്ത്രിഭിഃ।
പഞ്ചവർഷാവസന്നന്തു ക്ഷെത്രം സ്യാദടവീസമം।

കൃഷി ചെയ്തു വരുന്ന നിലത്തിനെ ഒരു സംവത്സരം കൃഷിയിടാതെ ഇരുന്നാ
ൽ വെച്ചിരിക്കിൽ ആ നിലം നെർപാതി ഖിലം. മൂന്നു സംവ
ത്സരം കൃഷിയിടാതെ തരിശായിട്ട് ഇട്ടുവെച്ചിരിക്കിൽ ആ നിലം അത്രെയൊ
ന്നു മുഴുവനും ഖിലമായിട്ട് അഞ്ചു സംവത്സരം തരിശായിട്ട് കിടന്നുവെ
ച്ചിരിക്കിൽ ആ നിലം വനത്തിന സമമായിട്ട് ഭവിക്കും। ॥ സ്മൃ ॥

പ്രാസ്। ക്ഷേത്രം ഹരിച്ചായ്‌ കഴിന്നകൃത്യാന്നചകാരയെൽ।
സ്വാമിനെസ്സദശന്ദാപ്യോ രാജ്ഞ്യാ ദണ്ഡ്യോ നസംശയഃ।

ഒരുത്തന്റെ നിലത്തിനെ കൃഷി ചെയ്യാമെന്ന ധനം കൊണ്ടു പിന്നെ അതിൽ കൃഷി ചെയ്യാതെയും മറ്റൊരുത്തനെക്കൊണ്ടു ചെയ്യിക്കാതെയും ഇരുന്നാൽ അവനെക്കൊണ്ടു ആ നിലത്തിന്ന് അയൽക്കാരായിട്ടു ഉള്ള സാമന്തക്കാരും ശൊഷിക്കുന്നതിന്റെ വണ്ണം ഉള്ള പാട്ടം നിലത്തിന്റെ ഉടയവന്ന കൊടുപ്പിച്ചു അവനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കേണം। വ്യാസഃ।

ചിരവാസന്നെ ദശ ദമം. കൃഷ്യ് ഭൂന്നെ തഥാവഷ്ടമം।
നൃസം നൃന്നെ ഉദ്ധിക്കുന്യാൽ പരികല്പ്യം യഥാ ഇതി।

അതിനെ അസാവധാനതരിശായിട്ടു കിടന്ന നിലത്തിനെ വെട്ടിത്തിരുത്തി കൃഷി ചെയ്യാമെന്നു ഏറവും മറ്റൊരുത്തൻ കൃഷിയിട്ടു വെച്ചാൽ അതിൽ ഉണ്ടാകുന്ന ഫലത്തിൽ പത്തിലൊന്നും ഉഴുത വെട്ടിത്തിരുത്തി നിലത്തിന്റെ ദായപരുത്തിയിരുന്നാൽ പിന്നെ അതിൽ ഫലത്തിലൊന്നും നഷ്ടത്തിന്റെ വണ്ണം പണം പരുത്തിയിരിക്കുന്ന നിലത്തിലെങ്കിൽ ആറിലൊരുപങ്ക നിലം ഉടയവനു കൊടുത്ത ശിഷ്ടം ഉഴവൻ എടുക്കേണം। ഈ വിവില കൃഷ്ണപക്ഷ। വ്യാസഃ

ഗ്രാമചയമര്യാദാദെദെ ദശിശതം ക്ഷേത്ര
മര്യാദാ ദെദെ ദശിശതം ക്ഷേത്ര മര്യാദാദെദെ
ഷ്ടശതം സീമാതിക്രമണെ ഷ്ടസഹസ്രാൽ ക്ഷേത്രാൽ
ക്ഷേത്രൊദകഹരണെ തദ്വപരാധെനാ
ഷ്ടശതദണ്ഡഃ ശംപഃ। സീമാ ദെത്താരക്ഷ
ത്തമസാഹസം ദണ്ഡയിത്വാം പുനസ്സീമാം കാരയെൽ।

അതു ഗ്രാമത്തിന്റെ അതിരിലുള്ള എല്ലക വെട്ടിമാറ്റിയവനെക്കൊണ്ടു ആയിരുവു പണവും ഒരു നിലത്തിന്റെ അതിർ ഇടിച്ചു ഉരിക്കുന്ന എല്ലക വെട്ടി മാറ്റിയവനെക്കൊണ്ടു എണ്ണൂറു പണവും എല്ലകല്ലം പിഴച്ചു മറ്റൊരു [illegible]ത്തിലുള്ള നിലത്തിനെ ചലെ നകരെ [illegible] കയ്യിവിടുന്നവനെക്കൊണ്ടു എണ്ണായിരം പണവും പ്രായശ്ചിത്തം ചെയ്യിപ്പിക്കേണം। എല്ലക വെട്ടിയെടുത്തു പരുത്തിയവനെക്കൊണ്ടു ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിച്ചു അവനെക്കൊ

ന്നു തന്നെ അനുഭവിക്കയും ഇട്ടിക്കണമെന്ന ശംഖനെന്ന മഹർഷിയാൽ ചൊല്ലപ്പെട്ടു। ഇതി സീമാവാദവ്യവസ്ഥാവിധി। ൨൭൬।

കാത്യായനഃ। സീമാമദ്ധ്യേ തു ജാതാനാം വൃക്ഷാണാം ക്ഷേത്രയോർദ്വയോഃ।

പുഷ്പം ഫലഞ്ച സാമാന്യം ക്ഷേത്രസ്വാമിഷു നിൎദ്ദിശേൽ।

രണ്ടു നിലങ്ങൾ അതിരിട്ടിരിക്കുന്നവറ്റിൽ ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ പുഷ്പഫലം അതു രണ്ടു നിലത്തിന്റെ ഉടയവൎക്കും പൊതുവെ ഉള്ളതാകകൊണ്ടു ഇരിവരും പകുത്തെടുക്കേണം। ൨൭൭।

അന്യക്ഷേത്രേ തു ജാതാനാം ശാഖാ യത്ര വ്രജന്തി ചേൽ।

സ്വാമിനം തം വിജാനീയാൽ യസ്യ ക്ഷേത്രോപരി സ്ഥിതാഃ।

ഒരുത്തന്റെ നിലത്തിൽ ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ ശാഖാഗ്രങ്ങൾ മറ്റൊരുത്തന്റെ പറമ്പിൽ ചെന്നു വ്യാപിച്ചാൽ ആ ശാഖാഗ്രങ്ങൾക്ക് ആ പറമ്പിന്റെ ഉടയവൻ സ്വാമിത്വം ഉള്ളവനാകകൊണ്ടു ആ ശാഖാഗ്രങ്ങളിൽ ഉണ്ടാകുന്ന ഫലത്തെ ആ പറമ്പുടയവൻ തന്നെ എടുക്കേണം। ൨൭൮।

ഛിന്നേ തു തത്ര യാ ശാഖാ ദ്വേ ദ്രുമാ(?) ക്ഷേത്രജേ ശതേ(?)।

ഭാവം ശാഖാ ക്ഷേത്രന്യസ്താം സ്വാമിഭാഗം പ്രശസ്യതേ।

മറ്റൊരുത്തന്റെ നിലത്തിൽ വ്യാപിച്ചിരിക്കുന്ന ശാഖാഗ്രങ്ങളിൽ ഉണ്ടാകുന്ന ഫലങ്ങളെ മൂന്നു പങ്കായിട്ടു പകുത്ത ആ വൃക്ഷത്തിന്റെ ഉടയവനു ഒരു പങ്കും ശാഖാഗ്രങ്ങൾ ചെന്നിരിക്കുന്ന പറമ്പുടയവനു രണ്ടു പങ്കും ആയിട്ടു പകുത്തെടുക്കേണം। ൨൭൯।

യദ്രുതേനാവരോധ്യന്ത്യ ഛായാഭിന്നാഗ്രരോഹിണാം।

കണ്ടകിച്ഛേദനാൽ തത്ര സ്വാമ്യം പരദോഷദാൽ।

ഒരുത്തന്റെ നിലത്തിൽ ഉണ്ടാകയിരിക്കുന്ന വൃക്ഷഛായ കൊണ്ടു മറ്റൊരുത്തന്റെ നിലത്തിനു ചേതം വരുന്നു എങ്കിൽ മേൽ എഴുതിയ പ്രകാരം പകുത്തു കൊടുക്കേണം। പാശ്ചാത്യം ഒന്നത്രെ ആ പ്രകാരം ഉള്ള വൃക്ഷങ്ങളുടെ ഉടയവനു തന്നെ ഫലം സിദ്ധിക്കും। മറ്റവനു പകുത്തു കൊടുക്കാനാവിശ്യം ഇല്ല। ൨൮൦।

കാത്യായനഃ। പരക്ഷേത്രേ സമുത്പന്നാ ക്ഷേത്രേ ഫലന്തി യാഃ।

ശാഖാശ്ച ദൂരം ഗതാ ന ഫലം പ്രാപ്നുവന്തി തേ।

ഒരുത്തന്റെ നിലത്തിൽ വ്യാപിച്ച ഫലമുണ്ടായാൽ ആ ശാഖകളെ വെട്ടിക്കളകയും അതിലുണ്ടാകുന്ന ഫലം പകുത്തു കൊടുക്കിലും ചെയ്യേണം। ഇ വൃക്ഷാന

ദേവപാലവിധി। ഇതിസ്സീമാവിവാദപ്രകരണം സമാപ്തം। ഇനി വാക്പാരുഷ്യ പ്രകരണം। വൃദ്ധവ്യാസ।

നാരദഃ। ദേശജാതികുലാദീനാമാക്രോശന്യംഗസംയുതം।
യദ്വചഃ പ്രതികൂലാർത്ഥം വാക്പാരുഷ്യം തദുച്യതേ।

ഒരു ദേശത്തെക്കൊണ്ടും ഒരു ജാതിയെക്കൊണ്ടും ഒരു കുലത്തെക്കൊണ്ടും നിന്ദിച്ചു പറയുന്നതും മറ്റൊരുത്തന്റെ ദേഹം പൊരുവാൻ തക്കവണ്ണം പറയുന്നതും വാക്പാരുഷ്യമെന്ന ചൊല്ലപ്പെട്ടു। വൃദ്ധവ്യാസ

കാത്യായനഃ। ഹുങ്കാരകാസനഞ്ചൈവ ലോകെ യച്ച വിഗർഹിതം।
അനുകുര്യാദനുബ്രൂയാദ്വാക്പാരുഷ്യം തദുച്യതേ।

ഹുങ്കാരം ചെയ്യുന്നതും ധിക്കരിച്ചു വാക്കിനെ പറയുന്നതും വാക്പാരുഷ്യമെന്ന കാത്യായനനാൽ ചൊല്ലപ്പെട്ടു। വൃദ്ധവ്യാസ

ഭഗിനീമാതൃസംബന്ധമുപപാതകശംസനം।
പാരുഷ്യമധ്യമം പ്രോക്തം യാപികം ശാസ്ത്രവേദിഭിഃ।

മാതാവിനോടും സഹോദരിയോടും സംബന്ധം ചെയ്ക പ്രകാരവും ദോഷത്തെ ചെയ്തു വന്നുള്ള ഉപപാതകദോഷം കൊണ്ടു ദൂഷിച്ചു പറയുന്നതു മദ്ധ്യമമായിട്ടുള്ള വാക്പാരുഷ്യമെന്ന ചൊല്ലപ്പെട്ടു। വൃദ്ധവ്യാസ

അഭക്ഷ്യാപേയകഥനം മഹാപാതകദൂഷണം।
പാരുഷ്യമുത്തമം പ്രോക്തം തീവ്രം മർമ്മവിഘട്ടനം।

അഭക്ഷ്യഭക്ഷണം പുംസ്ത്വനാശം മുതലായ മഹാപാതകങ്ങൾ ഇപ്രകാരമുള്ള ദോഷങ്ങളെക്കൊണ്ടു നിന്ദിച്ചു പറയുന്ന വാക്ക് പാരുഷ്യത്തിൽ വലുതായിട്ടുള്ള മർമ്മഭേദിയായിട്ടു പറയുന്ന വാക്പാരുഷ്യമെന്ന ചൊല്ലപ്പെട്ടു। വൃദ്ധവ്യാസ

സമാനയോസ്സമോ ദണ്ഡഃ ... ഗുണയോസ്തഥാ।
ന്യൂനമധ്യാധികാനാം ... വാക്പാരുഷ്യേ പരസ്പരം।

സമജാതികളായുള്ളവർ തമ്മിൽ വാക്കിനെ പറഞ്ഞ പക്ഷം വിധിച്ചിരിക്കുന്ന ദണ്ഡത്തിൽ ഒന്നു പാതിയും ഇപ്രകാരം വാക്പാരുഷ്യത്തിൽ ദണ്ഡനം ചൊല്ലപ്പെട്ടു। വൃദ്ധവ്യാസ

വിച്യായ ... ഗുണം പരസ്ത്രീ ... ।
ദണ്ഡപ്രണയനം കാര്യം ... ഉത്തരായണൈഃ।

ജാതികൊണ്ടെങ്കിലും ഗുണം കൊണ്ടെങ്കിലും സമന്മാരായിരിക്കുന്നവരെക്കാൾ ഉൽ

ക്രുദ്ധം. വാക്കിലെ റെറം പറഞ്ഞുവെങ്കിൽ പിടിച്ചിരിക്കുന്ന ദണ്ഡത്തിൽ പകുതിയും
തന്നെ കാൾകൾ ഉൽക്രുദ്ധനെയും പതിതന്മാരെയും വാക്കിലെ റെറം പറഞ്ഞുവെങ്കിൽ അവ
യവന ഇരട്ടി ദണ്ഡവും ഇപ്രകാരം ഉത്തമാധമ ഭാവം വിചാരിച്ചു പ്രായശ്ചിത്തം
ചെയ്യിക്കേണം. ൧൧൧൪।

നാരദഃ। മദാന്മദാൽ സംജ്ഞാന്താൽ പ്രിത്യൈവൊക്തം മയെത്യപി।
ഭൂയൊ നൈവ വക്ഷ്യാമി തെ വദാമ്യൊ ദണ്ഡഭാക്।

മദം കൊണ്ടും പ്രമാദം കൊണ്ടും പരിഹാസമായിട്ടും സ്നേഹം കൊണ്ടും ഇപ്രകാര
മുള്ള വാക്കിലെ റെറം ചെയ്യിക്കേണം. ൧൧൧൫।

സമജാതിഗുണാനാന്തു വാക്പാരുഷ്യെ പരസ്പരം।
വിനെയൊദ്ധിതഃ കാര്യഃ പണാൻ ദദ്യാത്തയൊ ദശ।

ജാതി കൊണ്ടും ഗുണങ്ങൾ കൊണ്ടും സമമായിരിക്കുന്നവർ തമ്മിൽ വാക്കിലെ റെറം
പറഞ്ഞുവെങ്കിൽ ആയവർ കൊണ്ടുവരുന്ന പണം പ്രായശ്ചിത്തം ചെയ്യിക്കേണം.
൧൧൧൬

കാണം വാപ്യഥവാ ഖഞ്ജമന്യം വാപി തഥാവിധം।
തഥ്യേനാപി ബ്രുവൻ ദാപ്യൊ ദണ്ഡം കാർഷാപണാവരം।

അന്ധനായിരിക്കുന്നവനെ നൊണ്ടനെന്നും നൊണ്ടിയായിരിക്കുന്നവനെ
അന്ധനായിരിക്കുന്നവനെ നൊക്കി നൊണ്ടിയെന്നും ഇതുപോലെ ഉള്ള അംഗവിഹീനനെ നിന്ദ
മറ്റൊരുത്തൻ പറഞ്ഞുവെങ്കിൽ ആയവനെ കൊണ്ടു താമ്രികപണമെങ്കിലും
പ്രായശ്ചിത്തം ചെയ്യിക്കേണം. ൧൧൧൭।

യാജ്ഞവല്ക്യഃ। അഭിഗന്താസ്മി ഭഗിനീം മാതരം വാ തവേതി ച।
ശപന്തം ദാപയേദ്രാജാ പഞ്ചവിംശതികം ദമം।

തന്റെ സഹോദരിയോടും മാതാവിനോടും ഞാൻ സംസർഗ്ഗം ചെയ്യുമെന്ന അവ
രായമായിട്ടുള്ള വാക്കിലെ റെറം പറയുന്നവനെ കൊണ്ടു നാല്പത്തഞ്ചു പണം പ്രായശ്ചി
ത്തം ചെയ്യിക്കേണം. ൧൧൧൮।

ബാഹുഗ്രീവാനേത്രസക്ഥിവിനാശേ വാചികേ ദമഃ।
ശത്യസ്തദർദ്ധികഃ പാദനാസാകർണ്ണകരാദിഷു।

തന്റെ ബാഹുക്കളെ ഞാൻ ഖണ്ഡിക്കുമെന്നും തന്റെ നേത്രങ്ങളെ കുത്തിക്കള
യുമെന്നും തന്റെ തുട ഖണ്ഡിക്കുമെന്നും ഇപ്രകാരം പറയുന്നവനെ കൊണ്ടു നൂ
റു പണവും പാദങ്ങൾ നാസികചെവികൾ ഹസ്തങ്ങൾ ഇപ്രകാരമുള്ള അംഗങ്ങളെ
ഖണ്ഡിക്കുമെന്ന പറയുന്നവനെ കൊണ്ടു അൻപതു പണവും പ്രായശ്ചിത്തം ചെയ്യിക്കേണം.
൧൧൧൯

അശക്തസ്തു വദന്നേവം ദണ്ഡനീയഃ പണാന്ദശ ।

തഥാ ശക്തഃ പ്രതിഭുവം ദാപ്യഃ ക്ഷേമായ തസ്യ ച ।

മേൽ ചൊല്ലിയപ്രകാരം അംഗഭേദം ചെയ്യുന്നതിന ശക്തിയില്ലാതെ പാദഹസ്തം മുതലായതു കൊണ്ടു തന്റെ ശക്തിയെ പ്രാപിച്ചിരിക്കുന്ന ദുർബ്ബലനായുള്ളവൻ തന്നെ കാൽ ബലവാനായിരിക്കുന്നവനെ മേൽ ചൊല്ലിയ കാര്യങ്ങളെ വാക്കിലെ ററം പറഞ്ഞുവെങ്കിൽ അവനെ കൊണ്ടു മുമ്പിൽ പറഞ്ഞതിൻവണ്ണം ഉള്ള പണം പത്തും പ്രായശ്ചിത്തം ചെയ്കിൽ ദുർബ്ബലനെന്നും അംഗഭേദം ചെയ്യാതെ ഇരിക്കുന്നതിന ഒരു ജാമ്യം വാങ്ങിക്കേണം. എന്നർത്ഥം ।

മാതരം പിതരം ജായാം ഭ്രാതരം തനയം ഗുരും ।

ആക്ഷാരയൻ ശതം ദാപ്യഃ പന്ഥാനം ചാദദൽ ഗുരോഃ ।

അച്ഛൻ അമ്മ സഹോദരൻ പുത്രൻ ഗുരുക്കന്മാർ ഇപ്രകാരം ഉള്ളവര ദോഷം കാണിച്ചുവെങ്കിലും അവരെ വാക്കിലെ ററം പറയുന്നവനെ കൊണ്ടും ഗുരുവിന മാർഗ്ഗം വിട്ടുകൊടുക്കാതെ ഇരിക്കുന്നവനെ കൊണ്ടും നൂറു പണം പ്രായശ്ചിത്തം ചെയ്യിക്കേണം. എന്നർത്ഥം

ഷീവാൻ സ്വപ്രാദിതേന ത്ര്യാൽ പഞ്ചാശൽ പണികോ ദമഃ ।

ഉടൽ പിറന്നവൻ മുതൽ പേര അധിക്ഷേപം പറയുന്നവനെ കൊണ്ടു അമ്പതു പണം പ്രായശ്ചിത്തം ചെയ്യിക്കേണം. എന്നർത്ഥം ।

മനു । ശതം ബ്രാഹ്മണമാക്രുശ്യ ക്ഷത്രിയോ ദണ്ഡമർഹതി ।

വൈശ്യോപ്യർദ്ധശതം ദ്വേ വാ ശൂദ്രസ്തു വധമർഹതി ।

ബ്രാഹ്മണനെ അധിക്ഷേപം പറയുന്ന ക്ഷത്രിയനെ കൊണ്ടു നൂറു പണവും വൈശ്യനെ കൊണ്ടു നൂററമ്പതു പണവും ശൂദ്രനെ ഇങ്ങിനെ താഡനം മുതലായ ശരീരദണ്ഡവും പ്രായശ്ചിത്തം ചെയ്യേണം. എന്നർത്ഥം ।

പഞ്ചാശൽ ബ്രാഹ്മണോ ദണ്ഡ്യഃ ക്ഷത്രിയസ്യാഭിശംസനെ ।

വൈശ്യേ സ്യാദർദ്ധപഞ്ചാശച്ഛൂദ്രേ ദ്വാദശകോ ദമഃ ।

ക്ഷത്രിയനെ വാക്കിലെ ററം പറയുന്ന ബ്രാഹ്മണനെ കൊണ്ടു അമ്പതു പണവും വൈശ്യനെ വാക്കിലെ ററം പറയുന്ന ബ്രാഹ്മണനെ കൊണ്ടു ഇരുപത്തഞ്ചു പണവും ശൂദ്രനെ വാക്കിലെ ററം പറയുന്ന ബ്രാഹ്മണനെ കൊണ്ടു പന്ത്രണ്ടു പണവും ഇ

പ്രകാരം പ്രായശ്ചിത്തം ചെയ്യിക്കേണം. ൻ്റസ॥

സശൂദ്രസ്യായമുദ്ദിതോപിതൈയോനാപരാധിനഃ।

ഗുണഷ്ഠിതസ്യ പാദശ്ചൈ ബ്രാഹ്മണോനാപരാദ്ധ്യതി

ഒരു ദോഷം ചെയ്യാതെ ഇരിക്കുന്ന ശൂദ്രനെ ബ്രാഹ്മണൻ ഒരു സംഗതി കൂടാതെ വാക്കിലെററം പറഞ്ഞു എങ്കിൽ ആ ബ്രാഹ്മണനെ കൊണ്ട പന്ത്രണ്ടു പണവും പ്രായശ്ചിത്തം ചെയ്യിക്കേണം. ഗുണമില്ലാത്തവനായും ദോഷയുക്തനായും ഇരിക്കുന്ന ശൂദ്രനെ ബ്രാഹ്മണൻ വാക്കിലെററം പറഞ്ഞു എങ്കിൽ ആ ബ്രാഹ്മണനു പ്രായശ്ചിത്തം വരികയില്ല. ൻ്റസ॥

വൈശ്യസ്തു ക്ഷത്രിയാക്രോശെ ദണ്ഡനീയശ്ശതം ദ്വിവൽ।

തദ്ധ്യാ ക്ഷത്രിയോ വൈശ്യാക്ഷെപെ പഞ്ചാശതം ദമം।

ക്ഷത്രിയനെ വാക്കിലെററം പറയുന്ന വൈശ്യനെ കൊണ്ട നൂറു പണവും വൈശ്യനെ അധിക്ഷേപം പറയുന്ന ക്ഷത്രിയനെ കൊണ്ട അമ്പതു പണവും പ്രായശ്ചിത്തം ചെയ്യിക്കേണം. ൻ്റസ॥

ശൂദ്രാക്രോശെ ക്ഷത്രിയസ്യ പഞ്ചവിംശതികോ ദമഃ।

വൈശ്യസ്യ ചെയമദ്ധിഗുണം ശാസ്ത്രവിൽ ദ്വിരുദാഹൃതഃ।

ശൂദ്രനെ അധിക്ഷേപം പറയുന്ന ക്ഷത്രിയനെ കൊണ്ട ൨൫ പണവും വൈശ്യനെ കൊണ്ട അമ്പതു പണവും പ്രായശ്ചിത്തം ചെയ്യിക്കേണമെന്ന ശാസ്ത്രജ്ഞന്മാരായിരിക്കുന്ന ഋഷികളാൽ ചൊല്ലപ്പെട്ടു. ൻ്റസ॥

വൈശ്യമാക്ഷാരയൻ ശൂദ്രഃ ദാപ്യസ്യാൽ പ്രഥമം ദമം।

ക്ഷത്രിയമദ്ധ്യമഞ്ചൈവ വിപ്രമുത്തമസാഹസം।

വൈശ്യനെ അധിക്ഷേപം പറയുന്ന ശൂദ്രനെ കൊണ്ട പ്രഥമസാഹസത്തിലെ ഉള്ള പണം ഇരുനൂറ്റമ്പതും ക്ഷത്രിയനെ വാക്കിലെററം പറഞ്ഞു എങ്കിൽ മദ്ധ്യമസാഹസത്തിലെ ഉള്ള പണം അഞ്ഞൂറും ബ്രാഹ്മണനെ വാക്കിലെററം പറഞ്ഞു എങ്കിൽ ഉത്തമസാഹസത്തിലെ ഉള്ള പണം ആയിരവും പ്രായശ്ചിത്തം ചെയ്യിക്കേണം. ൻ്റസ॥

ഏകജാതിർ ദ്വിജാതീംസ്തു വാചാ ദാരുണയാ ക്ഷിപൻ।

ജിഹ്വായാഃ പ്രാപ്നുയാച്ഛേദം ജഘന്യപ്രഭവോഹിസഃ।

ശൂദ്രൻ ഉപനയനാദികൾ ഒക്കെ ഉള്ള ജാതിയായിട്ടുള്ള ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാരെ ഏററവും കഠിനമായിട്ടുള്ള വാക്കുകളെ കൊണ്ട ശകാരിച്ചു എങ്കിൽ

ശൂദ്രൻ ദ്വിജാപവാദം ചെയ്ക ദണ്ഡം വൃത്തസ്യ।

നാമജാതിഗ്രഹന്ത്വെഷാമഭിദ്രൊഹെണ കുൎവ്വതഃ।
നിക്ഷെപ്യൊയൊമയശ്ശംകുൎജ്വലന്നാസ്യെ ദശാംഗുലഃ।

ഉൽകൃഷ്ടന്മാരായിരിക്കുന്ന ബ്രാഹ്മണക്ഷത്രിയവൈശ്യന്മാരുടെ പെരും ജാതിയും എടുത്ത ദ്രൊഹബുദ്ധിയാലെ പറയുന്ന ശൂദ്രന്റെ വായിൽ വഹ്നിയിൽ നിറമുള്ള ഇരിമ്പാണിയായം പഴുപ്പിച്ച് ഇടെണം। വൃത്തസ്യ

ധൎമ്മൊപദെശം ദൎപ്പെണ വിപ്രാണാമസ്യ കുൎവ്വതഃ।
തപ്തമാസെചയെത്തൈലം വക്ത്രെ ശ്രൊത്രെ ച പാൎത്ഥിവഃ।

ബ്രാഹ്മണക്ഷത്രിയവൈശ്യന്മാൎക്ക ശൂദ്രനായിട്ട ഇവർ അഹങ്കാരം കൊണ്ട ധൎമ്മൊപദെശം ചെയ്യുന്നെങ്കിൽ ആ ശൂദ്രന്റെ വായിലും ചെവിയിലും എണ്ണ തിളപ്പിച്ച ഒഴിക്കണം। വൃത്തസ്യ।

യമഃ। വെദധ്വനിം ശൂദ്രസ്യ ശൃണ്വതശ്ശാസനം ശൃണു।
ത്രപുണാ ജതുനാ സാൎദ്ധം ശ്രൊത്രെ സമ്പൂരയെൽ।

ബ്രാഹ്മണർ വെദാദ്ധ്യയനം ചെയ്യുമ്പോൾ അടുക്കെ നിന്ന കെട്ടുവരുന്ന ശൂദ്രന്റെ ചെവിയിൽ ത്രപുവായ ഈയവും അരക്കും രണ്ടും ഉരുക്കി ഒഴിക്കണം। വൃത്തസ്യ

ഖഡ്ഗശഃ। ഛെദയെജ്ജിഹ്വാഗ്രം വെദമുദാഹരെൽ।

വെദവാക്യത്തെ ഉച്ചരിക്കുന്ന ശൂദ്രന്റെ ജിഹ്വാഖണ്ഡം ഖണ്ഡമായിട്ട ഛെദിക്കണം। വൃത്തസന।

നകിൽബിഷെണാപവദെച്ഛാസ്ത്രതഃ കൃതപാവനം।
നരാജ്ഞാ ധൃതദണ്ഡശ്ച ഭാൎഗ്ഗവ കൃതമാൽ।

ഒരുത്തൻ ഒരു പാപം ചെയ്തു പിന്നെ ശാസ്ത്രപ്രകാരം പ്രായശ്ചിത്തം ചെയ്ത ശുദ്ധനായാൽ അവനെ പിന്നെത്തതിൽ പാപം ചെയ്തവനെന്നും അപവാദം പറയരുത। പിന്നെത്തതിലും അപവാദം പറഞ്ഞാൽ പറയുന്നവന പ്രായശ്ചിത്തം വരും। വൃത്തസ്യാ।

വ്യാസഃ। പാപൊപാപാപവാദീനാമെകപാപാനതശംസതഃ।
ശൂദ്രമെവത്തമാൻ ദണ്ഡാദ്ദുൎണ്ണിതെ യഥാൎത്ഥമാ।

സാമാന്യമായിട്ടു ഇവന്മാരെ ചൊല്ലി ദൂഷ്യം പറയുന്നവനെ കൊണ്ടു
പ്രഥമസാഹസവും ശൌചാദി മുതലായ ഉപപാതങ്ങളെ ചൊല്ലി ദൂഷിക്കുന്ന
വനെ കൊണ്ടു ഉത്തമസാഹസവും ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കേണം। ഇത്യർത്ഥഃ

യാജ്ഞവല്ക്യഃ। ത്രൈവിദ്യനൃപദേവാനാം ക്ഷേപ ഉത്തമസാഹസം।

മദ്ധ്യമോ ജാതിപൂഗാനാം പ്രഥമോ ഗ്രാമദേശയോഃ।

വേദശാസ്ത്രജ്ഞനായിരിക്കുന്ന ബ്രാഹ്മണശ്രേഷ്ഠനെയും ജനങ്ങളെ പരിപാലിച്ചുവ
രുന്ന രാജാവിനെയും ദേവന്മാരെയും ഒരുത്തൻ ആക്ഷേപം പറഞ്ഞുവെങ്കിൽ
ആയവനെ കൊണ്ടു ഉത്തമസാഹസം ചെയ്യിക്കേണം। കുലശ്രേഷ്ഠന്മാരുടെ
സംഘങ്ങളെ ആക്ഷേപം പറഞ്ഞവനെ കൊണ്ടു മദ്ധ്യമസാഹസവും ഒരു
ഗ്രാമത്തെ എങ്കിലും ദേശത്തെ എങ്കിലും ആക്ഷേപം പറഞ്ഞു ദൂഷിക്കുന്നവനെ
കൊണ്ടു പ്രഥമസാഹസം പ്രായശ്ചിത്തം ചെയ്യിക്കേണം। ബ്രാഹ്മണനും ക്ഷ
ത്രിയനും സംസർഗ്ഗം ചെയ്യാതിരിക്കുന്നവൻ കുലദ്രോഹി ആകുന്നു ആയവൻ ബ്രാഹ്മണ
നെ കൊല്ലുന്നതിൽ ക്ഷത്രിയനെ കൊല്ലുന്നതിൽ ഇത്യർത്ഥഃ।

നാരദഃ। അവമത്യ ച രാജാനം പത്ഥ്യ നിന്ദേദ്വിവക്ഷിതം।

ജിഹ്വാച്ഛേദാൽ ഭവേച്ഛുദ്ധിസ്സർവ്വസ്വഹരണേന വാ।

ഹിതപ്രകാരം രക്ഷ്യപരിപാലനം ചെയ്തുവരുന്ന രാജാവിനെ അവമാനിച്ചു ആ
ക്ഷേപം പറഞ്ഞുവെങ്കിൽ ആയവന്റെ ജിഹ്വാഛേദനമെങ്കിലും സർവ്വസ്വഹരണ
മെങ്കിലും ചെയ്താൽ ആയവന്നു ദോഷനിവൃത്തി വന്നു ശുദ്ധിവരും। ഇത്യർത്ഥഃ।

നാരദഃ। ലോകേസ്മിൻ ദ്വാവവദ്ധ്യൌ ച പ്രകീർത്തിതൌ।

ബ്രാഹ്മണശ്ചൈവ രാജാ ച തൌ ഹീദം ബിഭൃതോ ജഗൽ।

ബ്രാഹ്മണരുടെ അനുഗ്രഹം കൊണ്ടും രാജാവിന്റെ നിഗ്രഹം കൊണ്ടും രാജ്യത്തിന്ന സം
രക്ഷണം വരുന്നതാക കൊണ്ടും ബ്രാഹ്മണരെയും രാജാവിനെയും ആക്ഷേപം
പറകയും താഡനാദികൾ കൊണ്ടു ദണ്ഡിക്കയും അരുത്। ഇത്യർത്ഥഃ।

വസിഷ്ഠഃ। പതിതം പതിതേത്യുക്ത്വാ ചോരം ചോരേതി വാ പുനഃ।

വചനാത്തുല്യദോഷസ്സ്യാൻമിഥ്യാദ്വിർദ്ദോഷഭാഗ്ഭവേൽ।

പാതിത്യദോഷം ചെയ്തിരിക്കുന്നവനെ പതിതനെന്നു പറകയും ചോരനെ കൊണ്ടു

[illegible]

ചൊരനെന്നും പറകയും ചെയ്താൽ അപ്രകാരം പറഞ്ഞവനു അതുദോഷം സമമായിവ
രും. പാതിത്യദോഷം തലയാക്കെ ചെയ്യാതെ ഇരിക്കുന്നവനെ പതിതനെന്നു മിഥ്യാ
പവാദം പറഞ്ഞാൽ അവന്ന പാതിത്യദോഷം ഇരട്ടിയായിട്ടവരും. ॥ ഉക്തഞ്ച ॥

ഉശനാഃ യത്രനൊക്താ ദമസ്തേഷു തെഷ്വേതാരന്ത്യാഷ്ട മഹർഷിഭിഃ।
തത്രകാര്യം പരിജ്ഞായ തത്വപ്രതിദണ്ഡധാരണം।

ലോകത്തിൽ കാര്യങ്ങൾ ബഹുവിധങ്ങളായിട്ടുണ്ടായിവരുന്നതാകകൊണ്ടയാതൊ
രുകാര്യത്തിൽ മഹർഷികൾ പ്രായശ്ചിത്തം വിശേഷിച്ചു ചൊല്ലീട്ടില്ലയൊ അ
ന്നാൽ ആ കാര്യത്തിൽ ബലാബലം വിചാരിച്ചു ആ കാര്യത്തിന്റെ അവസ്ഥ
പോലെ പ്രായശ്ചിത്തം ചെയ്യേണം. ഇതി വാക്പാരുഷ്യപദം സമാപ്തം. ഇ
നി ദണ്ഡപാരുഷ്യത്തിനെ ചൊല്ലുന്നു ॥ ഉക്തഞ്ച ॥

ബൃഹസ്പതിഃ। ഹസ്തപാഷാണലഗുഡൈഃ ഭസ്മകർദ്ദമപാംസുഭിഃ
അസൃഗ്ഭൈശ്ച പ്രകരണം ദണ്ഡപാരുഷ്യമുച്യതെ

ഹസ്തങ്ങൾ കല്ല കമ്പ് ഇതുകളിൽ ഒന്നു കൊണ്ടെങ്കിലും ചാമ്പൽ ചളി പൊടി ഇ
തിൽ ഒന്നു കൊണ്ടെങ്കിലും ഒരുത്തന്റെ ശരീരത്തിൽ മറ്റൊരുത്തൻ ഉപദ്ര
വം ചെയ്യുന്നതു ദണ്ഡപാരുഷ്യം. ॥ ഉക്തഞ്ച ॥

തസ്യാപി ദൃഷ്ടം ത്രൈവിധ്യം ഹീനമദ്ധ്യോത്തമക്രമാൽ।
അവഗോരണനിഃശങ്കപാതനക്ഷതദർശനൈഃ।

ദണ്ഡപാരുഷ്യം അവഗൂരണമെന്നും നിഃശങ്കപാതനമെന്നും ക്ഷതദർശനമെ
ന്നും ഇപ്രകാരം മൂന്നുവിധം. ॥ ഉക്തഞ്ച ॥

ഹീനമദ്ധ്യോത്തമാനാന്തു ദ്രവ്യാണാം സമതിക്രമൈ।
ത്രീണിസാഹസാന്യാഹുസ്തത്ര കണ്ഡകശോധനെ।

ഹീനമെന്നും മദ്ധ്യമമെന്നും ഉത്തമമെന്നും ഇപ്രകാരം ദ്രവ്യങ്ങൾ മൂന്നുവിധം. അവ
റ്റിൽ ഹീനദ്രവ്യത്തെ അതിക്രമിച്ചാൽ പ്രഥമസാഹസമെന്നും മദ്ധ്യമദ്രവ്യത്തി
നെ അതിക്രമിച്ചാൽ മദ്ധ്യമസാഹസമെന്നും ഉത്തമദ്രവ്യത്തിനെ അതിക്രമിച്ചാൽ
ഉത്തമസാഹസമെന്നും ഇപ്രകാരം സാഹസം മൂന്നു പ്രകാരം. ॥ ഉക്തഞ്ച ॥

യാജ്ഞവൽക്യഃ। ഭസ്മപങ്കരജഃസ്പർശെ ദണ്ഡോ ദശപണസ്മൃതഃ।
അമെദ്ധ്യപാർഷ്ണിനിഷ്ഠ്യൂതസ്പർശനെ ദ്വിഗുണസ്മൃതഃ।

ഒരുത്തന്റെ ശരീരത്തിൽ മറ്റൊരുത്തൻ ഭസ്മം കൊണ്ടെങ്കിലും ചളി കൊണ്ടെ

ളിലും പുഴുത്തെ കൊണ്ടെളിലും എങ്കിൽ ഞ്ഞാൽ അവനെ കൊണ്ടെ പഞ്ചപണവും
അമെദ്ധ്യം പുരീഷം മുതലായ അശുദ്ധദ്രവ്യങ്ങളെ ഒരുത്തൻ മറെറാരുത്തന്റെ ശ
രീരത്തിൽ ഇടുന്നവനെയും കാഷ്ഠിന്റെ പിൻവശം കൊണ്ടെ മറെറാരുത്തനെ ച
വിട്ടുകയും കാറെറുകയും ചെയ്യുന്നവനെ കൊണ്ടെ മെൽ എഴുതിയ പ്രകാരം
പഞ്ചപണത്തിന്റെ ഇരട്ടി ഇരിവത്തുപണം പ്രായശ്ചിത്തം ചെയ്യിക്കേണം. പുറനാസ്॥

സമമെഷ്വപവൎണ്ണ്യേഷു ദ്വിഗുണന്തമെഷുച।
ഹീനെഷ്വർദ്ധമൊമൊഹമദാദിഭിരദണ്ഡനം।

തമ്മിൽ സമജാതിയായിട്ടും ഗുണങ്ങൾ കൊണ്ടെ സമമായിട്ടും ഇരിക്കുന്നവനെ
ഒരുത്തൻ മെൽ എഴുതിയ പ്രകാരം ദണ്ഡപാരുഷ്യം ചെയ്താൽ അവനെ കൊ
ന്നു മെൽ എഴുതിയ പ്രകാരവും പരസ്ത്രീകൾക്കും തന്നെക്കാൾ ഉൽകൃഷ്ടമായി
രിക്കുന്നവരെയും ദസ്യാദികൾ കൊണ്ടെങ്കിൽ ഞ്ഞാൽ മെൽ എഴുതിയ പ്രകാരം പ്ര
ായശ്ചിത്തത്തിന്റെ ഇരട്ടി പ്രായശ്ചിത്തം ചെയ്യിക്കേണം. മൊഹം കൊണ്ടും
മദ്യപാനം ചെയ്ത മദം കൊണ്ടും മെൽ എഴുതിയ ദണ്ഡപാരുഷ്യം ചെയ്തവനെ
പ്രായശ്ചിത്തം ചെയ്യിക്കരുത. തന്നെക്കാൾ നികൃഷ്ടനായിരിക്കുന്നവനെ ദസ്യാ
ദികൾ കൊണ്ടെങ്കിൽ ഞ്ഞാൽ അവനെ കൊണ്ടെ മുമ്പിൽ പറഞ്ഞ പഞ്ചപണ
ത്തിലും ഇരിവത്തുപണത്തിലും ഒന്നു പാതി പ്രായശ്ചിത്തം ചെയ്യിക്കേണം. പുറനാസ്॥

കാത്യായനഃ। ഛർദ്ദിമൂത്രപുരീഷാദ്യൈരാപാദ്യോ യശ്ചതുർഗുണം।
ഷൾഗുണഃ കായമദ്ധ്യെ സ്യാന്മൂൎദ്ധ്നി ത്വഷ്ടഗുണോ ഭവെൽ।

ഒരുത്തൻ മറെറാരുത്തന്റെ ശരീരത്തിൽ ഛർദ്ദിക്കയും മൂത്രം കൊണ്ടും മലം കൊണ്ടും അ
ശുദ്ധം വാരുന്നുകയും ചെയ്താൽ അവനെ കൊണ്ടും ഉലം ചൊര മുതലായത
മറെറാരുത്തന്റെ ശരീരത്തിൽ ഇടുന്നവനെ കൊണ്ടും മുമ്പിൽ പറഞ്ഞ പഞ്ചപ
ണത്തിൽ നാലു പങ്കു ഇരിവത്തു പണവും. ഛർദ്ദിമൂത്രം മുതലായ അശുദ്ധദ്രവ്യങ്ങളെ
ശരീരമദ്ധ്യത്തിൽ ഇടുന്നവനെ കൊണ്ടെ മുമ്പിൽ പറഞ്ഞ ദണ്ഡത്തിൽ അറു
പങ്കു മുപ്പതു പണവും. മെൽ എഴുതിയ അശുദ്ധവസ്തുക്കളെ തലയിൽ ഇ
ടുന്നവനെ കൊണ്ടെ നാല്പതു പണവും പ്രായശ്ചിത്തം ചെയ്യിക്കേണം. പുറനാസ്

ഉൽഗുരണെ തു ഹസ്തസ്യ കാര്യോ ദശകോ ദമഃ।
സമയെവ ദ്വിഗുണം പ്രൊക്താ പാതനെതു സമുച്ചയെ।

സമൎത്ഥാക്കിയൊഴിച്ചിരിക്കുന്ന ഒരുത്തനെ തല്ലുന്നതിനായിട്ടു കയ്യോങ്ങിയാൽ അ
വനെക്കൊണ്ടു പന്ത്രണ്ടു പണവും തല്ലിയാൽ അവനെക്കൊണ്ടു ഇരുപത്തുനാലു പണ
വും പ്രായശ്ചിത്തം ചെയ്യിക്കേണം. ൟ(?)ന്ത്യ

ബൃഹസ്പതിഃ। ഉദ്ഗൂൎണ്ണെ കൊവല കാരെഷ്വന്ത്യാദയൊ ദ്വിമാഷതാഃ।
ദ്വിഗുണം ശൊണിതൊൽഭെദെ ദണ്ഡം കാൎയ്യൊ മനീഷിഭിഃ।

ചെങ്കൽ നെയ്ക്കമ്പി വിറകുകളിൽ ഒന്നുകൊണ്ടു മറ്റൊരുത്തനെ പരുക്കെ തല്ലിയാൽ
അവനെക്കൊണ്ടു രണ്ടു മാഷവും ചോര കാണത്തക്കവണ്ണം തല്ലിയാൽ അ
വനെക്കൊണ്ടു നാലു മാഷവും പ്രായശ്ചിത്തം ചെയ്യിക്കേണം. ൟ(?)ന്ത്യ

യാജ്ഞവല്ക്യഃ। ശൊണിതെന വിനാ ദുഃഖം കുൎവ്വൻ കാഷ്ഠാദിഭിൎന്നരഃ।
ദ്വാത്രിംശതം പണം ദണ്ഡ്യഃ ദ്വിഗുണം ദൎശനെ ഽസൃജഃ।

വിറകുകൊമ്പു മുതലായതുകൊണ്ടു ചോര കാണാതെ ഉപദ്രവിക്കത്തക്കവണ്ണം മറ്റൊരുത്ത
ന്റെ ശരീരത്തിൽ തല്ലിയാൽ അവനെക്കൊണ്ടു മുപ്പത്തിരണ്ടു പണവും ചോര കാ
ണത്തക്കവണ്ണം തല്ലിയവനെക്കൊണ്ടു അറുപത്തിനാലു പണവും പ്രായശ്ചിത്തം
ചെയ്യിക്കേണം. ൟ(?)ന്ത്യ

മനുഃ। ത്വഗ്ഭെദകഃ ശതം ദണ്ഡ്യൊ ലൊഹിതസ്യ ച ദൎശകഃ।
മാംസഭെത്താ തു ഷൺനിഷ്കാൻ പ്രവാസ്യസ്ത്വസ്ഥിഭെദകഃ।

തൊലി പൊട്ടത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു നൂറു പണവും ചെയ്യിക്കേ
ണം. മാംസം വെളിയിൽ വരത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു ആറു നിഷ്കം
പ്രായശ്ചിത്തം ചെയ്യിക്കേണം. എല്ലും ഞരമ്പും മുറിയത്തക്കവണ്ണം അടിച്ചവ
നെ നാട്ടിൽനിന്നു പുറത്താക്കുകയും വേണം. ൟ(?)ന്ത്യ

ത്വഗ്ഭെദെ പ്രഥമൊ ദണ്ഡഃ മാംസഭെദെ തു മദ്ധ്യമഃ।
ഉത്തമസ്ത്വസ്ഥിഭെദെ തു ഘാതനെ ച പ്രമാപണം।

തൊലി പൊട്ടത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു നൂറു പണത്തിനു കുറവു
കൂടാതെ പ്രഥമസാഹസവും മാംസം വെളിയിൽ കാണത്തക്കവണ്ണം അടിച്ച
വനെക്കൊണ്ടു അഞ്ഞൂറു പണത്തിനു കുറവു കൂടാതെ മദ്ധ്യമസാഹസ
വും എല്ലു മുറിയത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു ആയിരം പണത്തിനു

കൂറവുകൂടാതെ ഈ ഉത്തമസാഹസവും ശിക്ഷ കൂടാതെ പ്രായശ്ചിത്തം ചെയ്യിക്കേണം. [illegible]। കൊന്നവനെ കൊല്ലേണം.

കാത്യായനഃ। കണ്ഠോഷ്ഠഘ്രാണപാദാക്ഷിജിഹ്വാശിശ്നകരസ്യ ച।

ഛേദനേ ചോത്തമോ ദണ്ഡഃ ഭേദനേ മധ്യമഃ സ്മൃതഃ।

കണ്ഠങ്ങൾ ചുണ്ടുകൾ മൂക്കു പാദങ്ങൾ നേത്രങ്ങൾ നാക്കു ശിശ്നം കരം ഈ അംഗങ്ങളിൽ ഒന്നു ഛേദിക്കുന്നവനെക്കൊണ്ടു ഉത്തമസാഹസവും മുറിയിക്കുന്നവനെ മധ്യമസാഹസവും പ്രായശ്ചിത്തം ചെയ്യിക്കേണം. [illegible]।

മനുഃ। മനുഷ്യാണാം പശൂനാം ച ദുഃഖായ പ്രഹൃതേ സതി।

യഥാ യഥാ മഹദ്ദുഃഖം ദണ്ഡം കുര്യാത്തഥാ തഥാ।

മനുഷ്യരെ എങ്കിലും പശുക്കളെ എങ്കിലും ദുഃഖം വരുവാൻ തക്കവണ്ണം ഒരുത്തൻ പ്രഹരിച്ചാൽ അപ്രഹാരം കൊണ്ടു മനുഷ്യർക്കും പശുക്കൾക്കും ഉണ്ടായിരിക്കുന്ന ഉപദ്രവത്തിന്റെ അവസ്ഥപോലെ വിചാരിച്ചു പ്രായശ്ചിത്തം ചെയ്യിക്കേണം. [illegible]

നാരദഃ। യേനാംഗേനാവരോ വർണ്ണഃ ബ്രാഹ്മണസ്യാപരാധ്നുയാത്।

തദേവ തസ്യ ഛേത്തവ്യമേവം ശുദ്ധിമവാപ്നുയാത്।

ബ്രാഹ്മണജാതിയിൽ കീഴെ ഇരിക്കുന്ന ജാതിയിൽ ജനിച്ചവൻ ബ്രാഹ്മണനെ യാതൊരംഗം കൊണ്ടു ഉപദ്രവം ചെയ്യുന്നു എന്നാൽ അവന്റെ ആ അംഗത്തിനെ ഛേദിക്കേണം. ഛേദിച്ചാൽ ശുദ്ധിയെ പ്രാപിക്കുന്നു. [illegible]।

ബ്രാഹ്മണം ഹന്തി യഃ ശൂദ്രോ ജ്ഞാനതോഽജ്ഞാനതോഽപി വാ।

മഹിഷീപാദയോർബദ്ധ്വാ [illegible]।

ബ്രാഹ്മണനെ ജ്ഞാനപൂർവ്വമായിട്ടെങ്കിലും അജ്ഞാനപൂർവ്വമായിട്ടെങ്കിലും അപായപ്പെടുത്തിയ ശൂദ്രനെ എരുമയുടെ കാലിൽ കെട്ടി ജീവൻ പോകുന്നേടത്തോളം വലിപ്പിക്കേണം. [illegible]।

യമഃ। യേന കേനചിദംഗേന ഹിംസ്യാച്ഛ്രേയാംസമന്ത്യജഃ।

ഛേത്തവ്യം തത്തദേവാസ്യ തന്മനോരനുശാസനം।

അന്ത്യജനായി ജനിച്ചിരിക്കുന്നവൻ തന്നെക്കാൾ ഉത്കൃഷ്ടനായിരിക്കുന്നവനെ യാതൊരംഗം കൊണ്ടു ഹിംസിക്കുന്നു എന്നാൽ അവന്റെ ആ അംഗത്തിനെ ഛേദിക്കേണമെന്നു മനുമഹർഷിയുടെ അനുശാസനം. [illegible]।

സഹാസനമഭിപ്രെപ്സുരുൽകൃഷ്ടസ്യാപകൃഷ്ടജഃ।

കട്യാം കൃതാങ്കൊ നിൎവ്വാസ്യഃ സ്ഫിചം വാസ്യാവകൎത്തയെൽ।

നികൃഷ്ടജാതിയിൽ ജനിച്ചവൻ ഉൽകൃഷ്ടജാതിയിൽ ജനിച്ച ബ്രാഹ്മണരകുല ലായവരെ ഒരാസനത്തിൽ കൂടെ ഇരിക്കെണമെന്നു ഭാവിച്ചാൽ അവന്റെ കടിപ്രദെശത്തിങ്കൽ എന്നും കാണെത്തക്കവണ്ണം ഉൾഅടയാളം വെച്ച് അവനെ പട്ടണത്തിൽ നിന്നു കളകയെങ്കിലും ആസനപ്രദെശത്തെ ഛെദിക്കയെങ്കിലും ചെയ്യെണം॥ ൨൮൧

അവനിഷ്ഠീവതൊ ദൎപ്പാദ്ദ്വാവൊഷ്ഠൌ ഛെദയെന്നൃപഃ।

അവമൂത്രയതൊ മെഢ്രമവശൎദ്ധയതൊ ഗുദം।

ഒരുത്തന്റെ ശരീരത്തിൽ മറ്റൊരുത്തൻ ഗൎവ്വം കൊണ്ടു തുപ്പിയാൽ അവന്റെ ചുണ്ടു രണ്ടും ഛെദിക്കെണം। ഒരുത്തൻ മറ്റൊരു ശരീരത്തിൽ അഹങ്കാരം കൊണ്ടു മൂത്രം ഒഴിക്കുന്നവന്റെ ലിംഗവും മലം ഇടുന്നവന്റെ ആസനപ്രദെശവും ഛെദിക്കെണം॥ ൨൮൨

കെശെഷു ഗൃഹ്ണതൊ ഹസ്തൌ ഛെദയെദവിചാരയൻ।

പാദയൊൎന്നാസികായാഞ്ച ഗ്രീവായാം വൃഷണെ തഥാ।

മറ്റൊരുത്തന്റെ തലമുടി പിടിച്ചു വലിക്കുന്നവന്റെ ഹസ്തങ്ങൾ ഇരണ്ടും മറ്റൊരുത്തന്റെ പാദങ്ങൾ ഇരണ്ടും നാസികയും കണ്ഠപ്രദെശം വൃഷണം ഇവകളിൽ ഒന്നിനെ പിടിച്ചു വലിക്കുന്നവന്റെ ഹസ്തങ്ങൾ ഇരണ്ടും ഒരു സംശയം കൂടാതെ ഛെദിക്കെണം॥ ൨൮൩

അംഗാവപീഡനെ ചൈവ ഛെദനെ ഭെദനെ തഥാ।

സമുത്ഥാനവ്യയം ദാപ്യഃ കലഹാപഹൃതഞ്ച യൽ।

സമുത്ഥാനവ്യയം ബാധെന്ദണ്ഡം ദാപ്യണരൊ പണാൽ।

ഒരുത്തൻ മറ്റൊരുത്തന്റെ അംഗത്തിനെ പീഡിക്കെങ്കിലും മുറിക്കെങ്കിലും പിളൎക്കെങ്കിലും ചെയ്താൽ അവനെ കൊണ്ടു മുറിവു ഉണങ്ങുന്നതിനു ചിലവിടെണ്ടും ദ്രവ്യങ്ങൾ ഒക്കെയും അവനെക്കൊണ്ടു അവനു കൊടുപ്പിക്കെണം॥ ൨൮൪

മനു। ദ്രവ്യാണി ഹിംസ്യാദ്യൊ യസ്യ ജ്ഞാനതൊ ജ്ഞാനതൊപി വാ।

പ്രാപ്താപരാധാസ്താഡ്യാസ്സ്യൂ രജ്ജ്വാ വേണുദളേന വാ।

ഭാര്യാ പുത്രൻ വേലക്കാരൻ ദാസൻ വിദ്യാഭ്യാസത്തിന്നു വന്നിരിക്കുന്ന ശിഷ്യൻ കൂടപ്പിറന്ന സഹോദരൻ ഇതിൽ ഒരുത്തരൊരു കുറ്റം ചെയ്താൽ ആയവനെ ചെറിയ കയറു കൊണ്ടെങ്കിലും ചെറിയ ഓടത്തണ്ടു കൊണ്ടെങ്കിലും അടിക്കണം। [illegible]

പൃഷ്ഠതസ്തു ശരീരസ്യ നോത്തമാംഗേ കഥംചന।

അതോന്യഥാ തു പ്രഹരൻ പ്രാപ്തസ്സ്യാച്ചൌരകില്ബിഷം।

ഭാര്യമുതലായവരെ മേൽ എഴുതിയ പ്രകാരം കയറു മുതലായതു കൊണ്ടു അടിക്കുന്നതും ശരീരത്തിന്റെ പുറത്ത അടിക്കെണം, ഈ പ്രകാരമല്ലാതെ വ മേലൊത്തു കൊണ്ടും ശരീരത്തിന്റെ പിൻപുറത്തും ശിരസ്സിലും പ്രഹരിച്ചാൽ ആയവന്നു ചോരദണ്ഡം വരും। [illegible]

നാരദഃ। പുത്രാപരാധേന പിതാ ന വശ്യാൽ ശുനി ദണ്ഡഭാക്।

ന മക്ക് ദ്യൈത്ര തസ്വാമീ തൈരേവ പ്രഹിതോ നചേൽ।

മകന്റെ സ്വമേധ കൊണ്ടു ഒരു ദോഷം ചെയ്തുവെങ്കിൽ അവന്നച്ഛൻ ദണ്ഡം അനുഭവിക്കയില്ല, ശ്വാനനെയും കുരങ്ങിനെയും വളർക്കുന്നവൻ പറയാതെ ശ്വാനനെങ്കിലും കുരങ്ങെങ്കിലും മറ്റൊരുത്തനെ കടിച്ചാൽ അതിന്നു വളർക്കുന്നവർക്കു പ്രായശ്ചിത്തം വരികയില്ല, വളർക്കുന്നവൻ പറഞ്ഞിട്ടു കടിച്ചുവെങ്കിൽ ആയവന്നു പ്രായശ്ചിത്തം വരും। [illegible]

യാജ്ഞവൽക്യഃ। ശക്തോ ഹ്യമോക്ഷയൻ സ്വാമീ ദംഷ്ട്രിണാം ശൃംഗിണാം തഥാ।

പ്രഥമം സാഹസം ദദ്യാദ്വിക്രുഷ്ടേ ദ്വിഗുണം തഥാ।

ദന്തവക്കു കൊണ്ടും കൊമ്പുകൾ കൊണ്ടും ഹിംസിക്കുന്ന മൃഗജന്തുക്കളെ വശത്തു വെച്ചു വളർക്കുന്നവൻ അടുക്കൽ ഇരിക്കുമ്പോൾ മേൽ എഴുതിയ ജന്തുക്കൾ ചെന്നു മറ്റൊരുത്തനെ ഉപദ്രവിച്ചാൽ ആയതിനെ വിലക്കാതിരിക്കുന്നതിന്നു വളർക്കുന്നവൻ ശക്തനായിരിക്കുന്നതു കൊണ്ടു വരുത്തുകയെങ്കിലും ഓടിക്കാതെങ്കിലും ചെയ്യാതെ ഇരുന്നാൽ അപ്പോൾ വളർക്കുന്നവനെ കൊണ്ടു പ്രഥമസാഹസമെന്ന വദ്ധ്യം കൊണ്ടെവൻ വിലക്കണമെന്നവൻ പറഞ്ഞതു കെട്ടു കൊണ്ടു വിലക്കാതിരിക്കുന്നവനെ കൊണ്ടു പ്രഥമസാഹസത്തിന്റെ ഇരട്ടിയും പ്രായ

ശ്ചിത്തം ചെയ്യിക്കേണം. വ്യവസ്ഥ.

ബൃഹസ്പതിഃ। വിവിക്തേ താഡിതോ യസ്തു ഹതോ ദോഷാദ്ഭവേൽ।
ഹന്താ തദ്വന്മാനേന വിജ്ഞേയശ്ച വശേന വാ।

ആൾ സഞ്ചാരമില്ലാതെ ഇരിക്കുന്ന രഹസ്യപ്രദേശത്തിൽ വെച്ചു ഒരുത്തൻ മറ്റൊരുത്തനെ അടിക്കയെങ്കിലും കൊല്ലുകയെങ്കിലും ചെയ്താൽ കൊല്ലപ്പെട്ടവനെ കൊല്ലുന്നതല്ലാതെ കൊന്നവനെ കണ്ടില്ലെങ്കിൽ കൊല്ലപ്പെട്ടവനശേഷിയായിട്ടു ഇവരാരെന്നും അവനൊടു കുറിച്ചെങ്കിലും ആയുധം മുതലായതെടുത്തുകൊണ്ടുപൊയിട്ടുണ്ടോ എന്നും വിചാരിച്ചറിവാൻ കൊണ്ടെങ്കിലും ഊഹത്താൽ നിശ്ചയം വന്നില്ലെങ്കിൽ സത്യപ്രമാണത്താലെങ്കിലും ശത്രുക്കന്മാരുടെ നിശ്ചയം വരുത്തേണം. വ്യവസ്ഥ.

ദ്വയോഃ പ്രഹരതോർ ദണ്ഡം സമയോസ്തു സമസ്തഥാ।
ആരംഭതോ ബലീചൈവ പ്രോക്തസ്താഡികന്ദമം।

ഒരു കാലത്തിൽ വാദിപ്രതിവാദികൾ രണ്ടു പെരും തമ്മിൽ അടിച്ചവരാകുന്നു എങ്കിൽ രണ്ടു പെരും ദണ്ഡം സമമായിട്ടു വരും. അതിൽ ഒരുത്തൻ മുമ്പിൽ അടിച്ചവനെങ്കിൽ ആയവനും അടിപിടിച്ചാൽ പിന്നെ അതിൽ ഏറ്റം അടിച്ചവനും പാപത്തിന്റെ അധികം പ്രായശ്ചിത്തം അധികം വരും. വ്യവസ്ഥ.

ബൃഹസ്പതിഃ। അക്രുഷ്ടസ്തു സമാക്രോശൻ താഡിതഃ പ്രതിതാഡയൻ।
ഹത്വാതതായിനം ചൈവ നാപരാധീ ഭവേന്നരഃ।

ഒരുത്തൻ വാക്കിലെ ഏറ്റം പറഞ്ഞവനു പകരമായിട്ടു മറ്റൊരുത്തനും വാക്കിലെ ഏറ്റം പറഞ്ഞാൽ ആയവനും ഒരുത്തൻ അടിച്ചാൽ അതിനു പകരം അടിക്കുന്നവനും ആയുധം മുതലായതുകൊണ്ടു വെട്ടുകയും കൊൾവാനായി ഓടി വന്നവനെ കൊന്നവനും രാജദണ്ഡം വരികയില്ല. വ്യവസ്ഥ.

കാത്യായനഃ। ആശ്രയഭൃത്യദാസാനാം നരാണാം പാപകാരിണാം।
മത്തോന്മത്തപ്രമത്താനാം താഡനന്നാർത്ഥതോ ദമഃ।

ശിഷ്യന്മാരും ഭൃത്യന്മാരും വേലക്കാരുമായിരിക്കുന്ന ദാസന്മാരും ഉന്മത്തന്മാരായിരിക്കുന്ന ... സ്ത്രീയൊടു നികൃഷ്ടജാതിയിൽ ജനിച്ചവൻ സാഹസം ചെയ്താലുണ്ടായിരിക്കു

ണവന്നും. ഒരു കുററം കാണിച്ചുവെങ്കിൽ അവനെക്കൊണ്ടു പണം പ്രായശ്ചിത്തം വാങ്ങിക്കരുത. അടപ്പിക്കെണം. വൃദ്ധമനു।

യാജ്ഞവല്ക്യഃ। ദുഃഖെച ശൊണിതൊല്പാദെ ശാഖാംഗഛെദനെ തഥാ।
ദണ്ഡഃ ക്ഷുദ്രപശൂനാംസ്യാദ്ദ്വിപണപ്രഭൃതിക്രമാൽ।

ആട് മുതലായ ക്ഷുദ്രപശുവിനെ അടിച്ചവനെക്കൊണ്ടു രണ്ടുപണവും ചൊര വരുത്തക്കവണ്ണം അടിച്ചവനെക്കൊണ്ടു നാലുപണവും കൊമ്പുമുറിച്ചവനെക്കൊണ്ടു ആറുപണവും കൈകാൽ മുറിച്ചവനെക്കൊണ്ടു എട്ടുപണവും പ്രായശ്ചിത്തം ചെയ്യിക്കെണം। വൃദ്ധമനു।

ലിംഗസ്യഛെദനെമൃത്യൗമദ്ധ്യമൊമൂല്യമെവച।
മഹാപശൂനാമെതെഷുസ്ഥാനെഷുദ്വിഗുണൊദമഃ।

ആട് മുതലായ ക്ഷുദ്രപശുക്കളുടെ ലിംഗത്തിനെ ഛെദിക്കയും ക്ഷുദ്രപശുക്കളെ കൊല്ലുകയും ചെയ്താലായവനെക്കൊണ്ടു മദ്ധ്യമസാഹസം പ്രായശ്ചിത്തം ചെയ്യിച്ചു ഉടയവന്നു വിലയും കൊടുപ്പിക്കെണം. മഹാപശുക്കളായിരിക്കുന്ന ഗൊക്കളെ അടിക്കെണമെങ്കിലും അംഗഛെദനം ചെയ്കെണമെങ്കിലും ചെയ്താൽ മുമ്പിൽ പറഞ്ഞിട്ടുള്ള രണ്ടുപണം മുതലായ ദണ്ഡത്തിനു ഇരട്ടി ദണ്ഡം ചെയ്യിക്കെണം। വൃദ്ധമനു।

ത്രിപണൊദ്വാദശപണൊവധെതുമൃഗപക്ഷിണാം।
സർപ്പമാർജ്ജാരനകുലശ്വസൂകരവധെനൃണാം।

മൃഗവധം ചെയ്യുന്നവനെക്കൊണ്ടു മൂന്നുപണവും സർപ്പങ്ങളെയും സർപ്പം പൂച്ച കീരി നായ പന്നി ഇവ വധിക്കുന്നവനെക്കൊണ്ടു പന്ത്രണ്ടുപണവും പ്രായശ്ചിത്തം ചെയ്യിക്കെണം। വൃദ്ധമനു।

മനുഃ। ശൊകമാരിണെവപശൂനാംക്ഷതാണാം വൃഷഭദണ്ഡനം।
വാഹയൻസാഹസംപൂർവ്വം പ്രാപ്നുയാദുത്തമംവധെ।

നല്ല പശുവിനെയും ഒട്ടെ പലമാൽ ഹിതിക്കുന്ന പശുവിനെയും മഹാവൃഷഭത്തെയും കൊണ്ടു ഉഴമടവലെടുപ്പിച്ചാൽ അവനെക്കൊണ്ടു പ്രഥമസാഹസവും മെൽപ്പെട്ടി പശുക്കളെ വധിച്ചവനെക്കൊണ്ടു ഉത്തമസാഹസവും പ്രായശ്ചിത്തം ചെയ്യിക്കെണം.

വൃദ്ധമനു।

വിഷ്ണുഃ । ഗജാശ്വോഷ്ട്രഗോഘാതിന്യേകകരപാദതഃ ।
കാര്യ്യാ മാംസവിക്രയിച ഗ്രാമ്യപശുഘാതികഃ ।
ഷ്കാവണശതന്ദണ്ഡ്യം പശുസ്വാമിനശ്ച തന്മൂല്യന്ദ
ദ്യാൽ പരസ്യ പശുഘാതകഃ ഗോപഘാതികഷ്കാവണം ।

ഗജങ്ങൾ അശ്വങ്ങൾ ഒട്ടകം ഗോവ ഇവകളെ വധിച്ചവൻ്റെ ഒരു കാലും ഒരു കയ്യും ഛെദിക്കെണം. അഭക്ഷ്യമായിട്ടുള്ള മാംസങ്ങൾ വിൽക്കുന്നവനെയും മെൽപ്പറഞ്ഞപ്രകാരം ചെയ്യെണം. ശ്വാനൻ പന്നി മുതലായതിനെ കൊല്ലുന്നവനെ കൊണ്ട ഒരു കാർഷാപണം പ്രായശ്ചിത്തം ചെയ്യിക്കെണം. കൊന്നവനെക്കൊണ്ട ഉടയവന വിലയും കൊടുപ്പിക്കെണം. പിടത്തിനെ വധിച്ചവനെക്കൊണ്ട ഒരു കാർഷാപണം പ്രായശ്ചിത്തം ചെയ്യിക്കെണം. വ്യവഹാര //

മനുഃ । മനുഷ്യമാരണെ ക്ഷിപ്രം ചൊരവൽകിൽബിഷം ഭവെൽ ।
പ്രാണഭൃത്സു മഹത്സ്വർദ്ധം ഗോഗജോഷ്ട്രഹയാദിഷു ।

മനുഷ്യനെ മരിപ്പിച്ചാൽ അയവനെക്കൊണ്ട ഉത്തമസാഹസത്തിലുള്ള പണം ആയിരത്തെണ്പതും പ്രായശ്ചിത്തം ചെയ്യിക്കെണം. ഗോക്കളെയും ഒട്ടകങ്ങളെയും അശ്വങ്ങളെയും മരിപ്പിച്ചവനെക്കൊണ്ട മദ്ധ്യമസാഹസത്തിലുള്ള പണം അഞ്ഞൂറിനാല്പതും പ്രായശ്ചിത്തം ചെയ്യിക്കെണം. ചൊരകിൽബിഷം ഉത്തമസാഹസമെന്നും അയതത്തിൻ്റെ അർദ്ധം മദ്ധ്യമമെന്നും മനുവ്യാഖ്യാനത്തിൽ പറഞ്ഞിട്ടുമുണ്ട. വ്യവഹാര //

കാത്ത്യായനഃ । പ്രമാപണെ പ്രാണഭൃതാം പ്രതിരൂപന്തു ദാപയെൽ ।
പശൂനാന്തു തു മൂല്യന്തു ദാപയെദ്ധി വിനിശ്ചയം ।

പശുക്കൾ മുതലായ പ്രാണികളെ കൊന്നവനെക്കൊണ്ട പശുവുടയവന പകരം പശുവെങ്കിലും ആ പശുവിൻ്റെ വിലയെങ്കിലും കൊടുപ്പിക്കെണം. വ്യവഹാര //

യാജ്ഞവല്ക്യഃ । പ്രരോഹിശാഖിനാം ശാഖാസ്കന്ധസർവ്വവിദാരണെ ।
ഉപജീവ്യദ്രുമാണാന്തു വിംശതെർദ്വിഗുണൊ ദമഃ ।

കൊമ്പുകൾ വെട്ടി മുറിച്ചാൽ പിന്നെയും കുരുത്തു വളരുന്ന ആൽ മുതലായ വൃക്ഷങ്ങളുടെ ശാഖങ്ങളെ വെട്ടി മുറിച്ചവനെ കൊണ്ട ഇരുപതു പണവും ആ വൃക്ഷങ്ങളെ കൂടെ മുറിച്ചവനെ കൊണ്ട അമ്പതു പണവും ഫലാദ്യുപജീ

ണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെ ശാഖാച്ഛേദനം മുതലായതു ചെയ്യുന്നവനെ കൊണ്ടു മേൽ എഴുതിയ പ്രകാരം തന്നെ പ്രായശ്ചിത്തം ചെയ്യിക്കേണം. ൨൭൩൯

വനസ്പതീനാം സർവ്വേഷാമുപഭോഗോ യഥാ യഥാ।
തഥാ ദമഃ കാര്യ്യോ ഹിംസായാമിതി ധാരണാ॥

യാതൊരു വൃക്ഷത്തെ എങ്കിലും ഛേദിക്കുന്നതാകിൽ ആ വൃക്ഷം കൊണ്ടുണ്ടാകുന്ന അനുഭവത്തിന്റെ അവസ്ഥ വിചാരിച്ചു ഛേദിച്ചവനെ കൊണ്ടു പ്രായശ്ചിത്തം ചെയ്യിക്കേണം. ൨൭൪൦

ചൈത്യശ്മശാനസീമാസു പുണ്യസ്ഥാനേ സുരാലയേ।
ജാതദ്രുമാണാം ദ്വിഗുണോ ദമോ വൃക്ഷേ ച വിശ്രുതേ॥

മാർഗ്ഗങ്ങളിൽ നടക്കുന്ന ജനങ്ങൾക്കു ഇരുന്നു വിശ്വാസം വരുന്നതിനായിട്ടു ഉള്ള കൽത്തറയും കെട്ടിടങ്ങളിലും അതിന്റെ സമീപപ്രദേശങ്ങളിലും ശ്മശാനപ്രദേശങ്ങളിലും എല്ലാ കരസന്ധിയിലും പുണ്യസ്ഥലങ്ങളിലും ദേവാലയങ്ങളിലും ഉണ്ടായിരിക്കുന്ന വൃക്ഷങ്ങളുടെയും ശാഖകളെ വെട്ടിമുറിച്ചവനെ കൊണ്ടു മുമ്പിൽ പറഞ്ഞ ദണ്ഡത്തിന്റെ ഇരട്ടി നാല്പതു പണവും മുന്നം ശാഖകളെ ഛേദിച്ചവനെ കൊണ്ടു എൺപതു പണവും തടിയോടു മുറിച്ചവനെ കൊണ്ടു നൂറാമ്പതു പണവും പ്രായശ്ചിത്തം ചെയ്യിക്കേണം. ൨൭൪൧

കാത്യായനഃ। യാഗം മുതലായ ക്രിയകൾക്കു യോഗ്യമായിരിക്കുന്നവയെ പലാശവൃക്ഷം മുതലായതു ഛേദിച്ചവനെ കൊണ്ടു ഇപ്രകാരം തന്നെ പ്രായശ്ചിത്തം ചെയ്യിക്കേണം. ൨൭൪൨

കാത്യായനഃ। വാക്പാരുഷ്യേ യഥൈവോക്താഃ പ്രതിലോ
മാനുലോമതഃ തഥൈവ ദണ്ഡപാരുഷ്യേ
പാത്യോ ദണ്ഡോ യഥാക്രമം॥

ഉൽകൃഷ്ടജാതിയിലുള്ളവൻ നികൃഷ്ടജാതിയിലുള്ള സ്ത്രീയോടു സംസർഗ്ഗം ചെയ്തു ഉണ്ടാക്കിയവനെ ഒരുത്തൻ അടിക്കുകയെങ്കിലും മറ്റൊരുത്തൻ ദണ്ഡപാരുഷ്യം കാണിച്ചാൽ ആയവന്റെ ദണ്ഡഭേദവും ജാതിയുടെയും ഗുണങ്ങളുടെയും അവസ്ഥ വിചാരിച്ചു വിധിച്ചാനുള്ള ദണ്ഡഭേദവും വാക്പാരുഷ്യത്തിൽ ചൊല്ലിയിരിക്കുന്നതിൻവണ്ണമെത്രെ ദണ്ഡപാരുഷ്യമാകുന്നതു. ഇതി ദണ്ഡപാരുഷ്യപ്രകരണം സമാപ്തം. ഇനി സാഹസപ്രകരണം

൨൭൪൩

മനു:। സാഹസംസ്യാദന്വയവൽ പ്രസഭം കൎമ്മ യൽ കൃതം।

നിരന്വയം ഭവെൽ സ്തെയം ഹൃത്വാപവ്യയതെ ചയൽ।

ഉടയക്കാരൻ ദ്രവ്യങ്ങളെ വെച്ചു സൂക്ഷിച്ചോണ്ടായിട്ട തന്നെ വെച്ചുകൊണ്ടിരി
ക്കുമ്പൊൾ മറ്റൊരുത്തൻ തന്റെ ബലാൽക്കാരം കൊണ്ടു അപഹരിക്കുന്നതും
ഉടയക്കാരനില്ലാതിരിക്കുമ്പൊൾ അവനെ അപഹരിച്ചും വെച്ചു പിന്നെ അതിനെ ചൊദിക്കുമ്പൊൾ
ഞാൻ അപഹരിച്ചില്ലെന്നു പറയുന്നതും സ്തെയമെന്നു ചൊല്ലപ്പെട്ടും സ്തെയമൊന്നു
ണം। [illegible]

നാരദഃ। തദപി ത്രിവിധം പ്രൊക്തം ദ്രവ്യാപെക്ഷം മനീഷിഭിഃ।

ക്ഷുദ്രമദ്ധ്യൊത്തമാനാം തു ദ്രവ്യാണാമപകൎഷണാൽ।

ക്ഷുദ്രദ്രവ്യമെന്നും മദ്ധ്യമദ്രവ്യമെന്നും ഉത്തമദ്രവ്യമെന്നും മൂന്നുവിധം। അവററിൽ
ക്ഷുദ്രദ്രവ്യത്തെ അപഹരിച്ചാൽ അതിന്നു പ്രഥമസാഹസമെന്നും മദ്ധ്യമ
ദ്രവ്യാപഹാരത്തിന്നു മദ്ധ്യമസാഹസമെന്നും ഉത്തമദ്രവ്യത്തിന്നു ഉത്തമസാഹസ
മെന്നും ഇപ്രകാരം ദ്രവ്യഭെദം കൊണ്ടു മെൽപറഞ്ഞ സാഹസവും മൂന്നുവിധ
മെന്നു മഹൎഷികളാൽ ചൊല്ലപ്പെട്ടു। [illegible]

മൃൽഭാണ്ഡാസനഖട്വാസ്ഥിദാരുചൎമ്മതൃണാദി യൽ।

ശമീധാന്യം കൃതാന്നഞ്ച ക്ഷുദ്രദ്രവ്യമുദാഹൃതം।

മൺകലം മുതലായ മൺപാത്രം പലക മുതലായ ആസനം കട്ടിൽ അസ്ഥി മരം തോൽ
പുല്ലു വകകൊണ്ടു മുതലായതു ഞങ്ങൾ ഉഴുന്നു പയറു മുതലായ ചെറുധാന്യം ചോററു
വകകൾ ഒക്കെയും ക്ഷുദ്രദ്രവ്യങ്ങൾ। [illegible]

വ്യാസഃ। കൌശെയവൎജ്ജം വസനം ഗൊവൎജ്ജം പശവസ്തഥാ।

ഹിരണ്യവൎജ്ജം ലൊഹഞ്ച മദ്ധ്യം വ്രീഹിയവാ അപി।

പട്ടുവസ്ത്രം നീക്കീട്ടുള്ള വസ്ത്രങ്ങളും ഗൊവ നീക്കീട്ടുള്ള ക്ഷുദ്രപശുക്കളും സ്വ
ൎണ്ണം നീക്കീട്ടുള്ള ലൊഹങ്ങളും. നെല്ലു നീക്കീട്ടുള്ള നവധാന്യവും മദ്ധ്യമ
ദ്രവ്യം [illegible]।

ഹിരണ്യരത്നകൌശെയസ്ത്രീപുംഗൊഗജവാജിനഃ।

ദെവബ്രാഹ്മണരാജ്ഞാഞ്ച ദ്രവ്യം വിജ്ഞെയമുത്തമം।

സ്വൎണ്ണം രത്നം പട്ടുവസ്ത്രാദികൾ പുരുഷന്മാർ ഗൊക്കൾ ആന കുതിര ഈ വകകൾ
ഒക്കെ ഉത്തമദ്രവ്യങ്ങൾ। ഇതു സ്തെയസാഹസലക്ഷണം। [illegible]

പ്രകാശാശ്ചതസ്കരാദ്വിവിധാസ്തു താഃ।

ചിഹ്നൈരേവ വിജ്ഞേയാശ്ചോരാസ്തസ്കരവേദിഭിഃ।

പ്രകാശങ്ങളായിട്ടു മോഷ്ടിക്കുന്നവരും അതു മറയൊതെ രഹസ്യമായിട്ടു മോഷ്ടിക്കുന്നവരും ഈ പ്രകാരം തസ്കരന്മാർ രണ്ടുവിധം। ഈ പ്രകാരമുള്ള തസ്കരന്മാരുടെ ലക്ഷണങ്ങളെ അറിഞ്ഞിരിക്കുന്നവർ ഇവരുകളെ അന്വേഷിച്ച ചാരന്മാരുടെ ചിഹ്നങ്ങളെ കൊണ്ടു അറിയെണം। ന്നു।

നാരദഃ। പ്രകാശവഞ്ചകാസ്തത്ര കൂടമാനതുലാശ്രിതാഃ।

ഉൽകോചകാശ്ചോപധികാഃ കിതവാ പണ്യയോഷിതഃ। ന്നു

പ്രതിരൂപകരാശ്ചൈവ മംഗലാദേശവൃത്തയഃ।

ഇത്യേവമാദയോ ജ്ഞേയാഃ പ്രകാശതസ്കരാ ഭുവി।

അളക്കയിരിക്കുന്ന നെല്ലാക്കിയിരിക്കുമ്പോൾ കള്ളക്കണ്ണനാഴിഇടങ്ങഴി മുതലായതുകൊണ്ടും തൂക്കുന്നതിലൊട്ടു മുതലായതുകൊണ്ടും അളക്കുന്നതിലും തൂക്കുന്നതിലും ദ്രവ്യങ്ങളെ അപഹരിക്കുന്നവരും ദ്രവ്യങ്ങളെ ഇടങ്ങഴി മുതലായതു കൊണ്ടു അപഹരിക്കുന്നവരും കള്ളച്ചിറപ്പാക്കുന്നവരും ദ്രവ്യക്കാരരും ചൂതന്മാരും വെശ്യസ്ത്രീകളും ഇരുമ്പമൊരാട്ടം ചെയ്യുന്നവരും കാവിവസ്ത്രം മുതലായതുള്ള യൊഗിവെഷന്മാരുടെ വെഷധാരിയായിട്ടു വന്നു ദ്രവ്യങ്ങളെ അപഹരിക്കുന്നവരും പ്രകാശതസ്കരന്മാർ, ഇതു പ്രകാശതസ്കരലക്ഷണം। ന്നു।

നാരദഃ। അപ്രകാശാസ്തു വിജ്ഞേയാ ബഹിരരണ്യവാസിനഃ।

സന്ധിഛിന്നാ പ്രമത്താശ്ച ... യെ നരാഃ॥

ഉറങ്ങുന്നവരെയും മദ്യപാനം ചെയ്തിട്ടു ചിത്തഭ്രമം കൊണ്ടു മയങ്ങിയിരിക്കുന്നവരെയും വഞ്ചിച്ച അകത്തും പുറത്തും സഞ്ചരിച്ചു ദ്രവ്യങ്ങളെ അപഹരിക്കുന്ന മനുഷ്യർ അപ്രകാശതസ്കരന്മാർ। ന്നു।

സന്ധിഛിദഃ പാന്ഥമുഷോ ദ്വിചതുഷ്പാദഹാരിണഃ।

ഉത്ക്ഷേപകാശ്ച സംഹാരാ ജ്ഞേയാഃ പ്രച്ഛന്നതസ്കരാഃ।

ഭവനങ്ങളുടെ മദ്ധ്യത്തിൽ വെച്ചിരിക്കുന്ന ദ്രവ്യത്തിയെ ഇടിച്ച അകത്തു കടന്ന ദ്രവ്യത്തെ അപഹരിക്കുന്നവരും ഒരുവസ്ത്രത്തിൽ കെട്ടിവെച്ചിരിക്കുന്ന ദ്രവ്യങ്ങളെ ഉടയവന്റെ അജാഗ്രതനൊക്കി അവസ്ത്രത്തൊടു കൂടി അപ

ഹരിച്ചു കൊണ്ടുപൊകുന്നവരും അപ്രകാശതസ്കരന്മാരെന്നറിഞ്ഞു കൊള്ളെണം. ന്നു ൧।

ഉൽക്ഷെപകസ്സന്ധിഭെത്താ പാന്ഥമുൽഗ്രന്ഥിഭെദകഃ।

സ്ത്രീപുംസാശ്വപശൂനാം യശ്ചൊരൊ നവവിധഃ സ്മൃതഃ।

വസ്ത്രങ്ങളിൽ കെട്ടിവെച്ചിരിക്കുന്ന ദ്രവ്യം മെൽപറഞ്ഞപ്രകാരം അപഹരിക്കുന്നവനും ഭിത്തിഭെദിച്ച അപഹരിക്കുന്നവനും വഴിയിൽ വെച്ചു പിടിച്ചു വധിച്ച അപഹരിക്കുന്നവനും കെട്ടഴിച്ച അപഹരിക്കുന്നവനും. ഇപ്രകാരം ചൊരന്മാർ ഒമ്പതുവിധം. ഇതിനുത്തരലക്ഷണം സ്ത്രീകളെ പിടിച്ചുകൊണ്ടുപൊകുന്നവനും പുരുഷന്മാരെ പിടിച്ചുകൊണ്ടുപൊകുന്നവനും പശുവിനെ പിടിച്ചുകൊണ്ടുപൊകുന്നവനും കുതിരയെ കൊണ്ടുപൊകുന്നവനും ഇപ്രകാരം ചൊരന്മാർ ഒമ്പതുവിധം ഇതിനുത്തരലക്ഷണം. ന്നു।

മനു: । താന്വിദിത്വാ സുചരിതൈർഗൂഢൈസ്തൽകർമ്മകാരിഭിഃ।

ചാരൈശ്ചാനെകസംസ്ഥാനൈഃ പ്രൊത്സാദ്യ വശമാനയെൽ।

ചൊരന്മാരുടെ ലക്ഷണമറിഞ്ഞു പിടിക്കുന്നതിനു സമർത്ഥന്മാരായിരിക്കുന്ന ചാരപുരുഷന്മാരെ നാലുദിക്കുകളിലും അക്കി ചൊരന്മാരെ പിടിപ്പിക്കുമ്പൊൾ അവർക്കു വെണ്ടുന്ന സമ്മാനം കൊടുക്കാമെന്ന പറഞ്ഞു സന്തൊഷിപ്പിച്ച അവരെക്കൊണ്ട ചൊരന്മാരെ പിടിക്കെണം. ന്നു।

തെഷാം ദൊഷാനഭിഖ്യാപ്യ സ്വെ സ്വെ കർമ്മണി തത്വതഃ।

കുർവീത ശാസനം രാജാ സമ്യൿ സാരാപരാധതഃ।

മെൽപറഞ്ഞപ്രകാരം ചൊരന്മാരെ പിടിച്ച അവർ ചെയ്ത ദൊഷം മുതലായ കർമ്മങ്ങളിൽ ഉണ്ടായിരിക്കുന്ന ദൊഷങ്ങളെ പ്രസിദ്ധപ്പെടുത്തി അവർ ചെയ്ത ദൊഷങ്ങളുടെ അവസ്ഥക്കു തക്കവണ്ണം സമ്യക്കായിട്ട രാജാവ ദണ്ഡിപ്പിക്കെണം. ന്നു।

പരമായത്നമാതിഷ്ഠെൽ സ്തെനാനാം നിഗ്രഹെ നൃപഃ।

സ്തെനാനാം നിഗ്രഹാദസ്യ യശൊ രാഷ്ട്രഞ്ച വർദ്ധതെ।

ചൊരന്മാരെ ദണ്ഡിപ്പിക്കുന്നതിന്ന രാജാവ നല്ലവണ്ണം യത്നം ചെയ്യെണം.

ചോരന്മാരെ വിശേഷിച്ചു ദണ്ഡം ചെയ്താൽ അതുകൊണ്ടു രാജാവിനു യശസ്സും രാജ്യവും വൎദ്ധിച്ചു വരും। നാര।

അശാസംസ്തസ്കരാന്യസ്തു ബലിംഗൃഹ്ണാതിപാൎത്ഥിവഃ।
തസ്യപ്രക്ഷുഭ്യതെരാഷ്ട്രംസ്വൎഗ്ഗാച്ചപരിഹീയതെ।

സത്യകായിട്ടു ചോരന്മാരെ വിചാരിച്ചു ശിക്ഷിക്കാതെ പ്രജകളോടു കരം വാങ്ങിച്ചു വരുന്ന രാജാവിന്റെ രാജ്യം ക്ഷയത്തെ പ്രാപിക്കും। ആ രാജാവിനു പരലോകഹാനിം വരും। ഇതിന്നു തഥാവിധി। നാസ।

വ്യാസഃ। തുലാമാനവിശേഷേണലേഖ്യനാശനേനച।
അത്യന്തവൃദ്ധിംഗ്രാസേനമത്തിവഞ്ചനരഃ।
തുലാശാസനമാനാനാംകൂടകൃന്നാണകസ്യച।
ഏഭിശ്ചവ്യവഹൎത്താച സദാപ്യോദണ്ഡമുത്തമം।

തുലാസു കൊണ്ടു തൂക്കുന്നതിലും ഇടങ്ങഴി മുതലായതു കൊണ്ടു അളക്കുന്നതിലും ലേഖ്യങ്ങളിൽ കൂട്ടിയും കുറച്ചും എഴുതിയും എണ്ണുന്നതിൽ കുറച്ചും ഇപ്രകാരം വ്യാജമായിട്ടു വ്യവഹാരികൾ ദ്രവ്യങ്ങളെ അപഹരിക്കും। വ്യാജമായിട്ടു കൂട്ടിയും കുറച്ചും തിരാശും വട്ടിയും ഉണ്ടാക്കിവെക്കയും വ്യാജമായിട്ടു ലേഖ്യം എഴുതി ഉണ്ടാക്കുകയും ഇടങ്ങഴി മുതലായതിൽ കൂട്ടിയും കുറച്ചും ഉണ്ടാക്കിവെക്കയും കള്ളക്കമ്മട്ടം അടിക്കയും ചെയ്യുന്നവരെക്കൊണ്ടു ഇപ്രകാരം വ്യാജം ചെയ്യുന്നവരെന്നറിഞ്ഞുകൊണ്ടു അവരോടു കൂടി നടക്കുന്നവരെക്കൊണ്ടു ഉത്തമസാഹസം ആയിരത്തെമ്പതു പണം പ്രായശ്ചിത്തം ചെയ്യിക്കേണം। നാസ।

യാജ്ഞവല്ക്യഃ। ഭേഷജസ്നേഹലവണഗന്ധധാന്യഗുഡാദിഷു।
പണ്യെഷുഹീനംക്ഷിപതഃപണാഃദാപ്യാസ്തുഷോഡശഃ।

ഔഷധങ്ങൾ എണ്ണകൾ ഉപ്പു ഗന്ധവസ്തുക്കൾ ശൎക്കര മുതലായതു ഇങ്ങിനെ ഉള്ള ചരക്കുകളിൽ ലാഭം എടുക്കേണ്ടുന്നതിന്നു കൂട്ടി ചേൎത്തു വില്ക്കുന്നവരെക്കൊണ്ടു പതിനാറു പണം പ്രായശ്ചിത്തം ചെയ്യിക്കേണം। നാസ।

മിഥ്യാവാദൻ പരിമാണം ശുൽകസ്ഥാനാദപാക്രമൻ।
ദാപ്യസ്ത്വഷ്ടഗുണം യശ്ച സവ്യാജക്രയവിക്രയീ।

ശുംകസ്ഥലങ്ങളിൽ കൊണ്ടുവന്നിരിക്കുന്ന ചരക്കിനെ ശുംകസ്ഥലങ്ങളിൽ ഉ-
ള്ളവർക്ക് എത്രയുണ്ടെന്ന ചൊദിക്കുമ്പൊൾ ഒട്ടായിട്ടു കുറച്ചുപറയു-
ന്നവനെക്കൊണ്ടും തീരുവ കൊടുക്കാതെ ശുംകസ്ഥലം കടന്നചരക്കുകൊണ്ടുപൊ-
യവനെക്കൊണ്ടും വ്യാജചരക്കായിട്ട് ക്രയം വിക്രയം ചെയ്യുന്നവനെ-
ക്കൊണ്ടും ആ ചരക്കിന്റെ വിലയിൽ ഒന്നിനെട്ടുപങ്കു പ്രായശ്ചിത്തം ചെ-
യ്യിക്കെണം। ഇതി സന്ധ।

അഷ്ടപ്രക്ഷേപണാദ്വിംശം ഭാഗം ശുൽകം നൃപോ ഹരേൽ।
വ്യാസിദ്ധം രാജയോഗ്യം ച വിക്രീതം രാജഗാമി തൽ।

ചരക്കുകൾ രാജാക്കന്മാരു കൊണ്ടു വെച്ചിരിക്കുന്ന വിലയിൽ ഇരുപതിലൊ-
ന്നു ശുംകം വാങ്ങിക്കെണം। ഇന്നചരക്കു ഇന്നൊളം കൊണ്ടുചെന്നവിൽക്കരു-
തെന്ന ചട്ടം വെച്ചിരിക്കുമ്പൊൾ അതു നിഷിദ്ധചരക്കു। രാജയൊഗ്യ-
ങ്ങളായിട്ടു ഇരത്നങ്ങളെ രാജാവിനെ ബൊധിപ്പിക്കാതെ വിറ്റുവെങ്കിൽ
അതും വില കൊടുക്കാതെ രാജാവിനു സിദ്ധിക്കും। ഇതി സന്ധ।

ബൃഹസ്പതിഃ। അജ്ഞാത്വൗഷധമന്ത്രാംസ്തു യസ്തു വ്യാധേരതത്വവിൽ।
രൊഗിഭ്യൊ വിത്തമാദത്തെ സ ദണ്ഡ്യശ്ചൊരവൽ ഭിഷക്।

ഔഷധങ്ങളുടെ സ്വരൂപത്തെയും മന്ത്രങ്ങളുടെ സ്വരൂപത്തെയും വ്യാധികളുടെ
സ്വരൂപത്തെയും അറിയാതെ തന്നൊന്നായിട്ട വൈദ്യം ചെയ്ത രൊഗി-
കളൊടു ദ്രവ്യത്തെ വാങ്ങിക്കുന്ന വൈദ്യനെ ചൊരനെ പൊലെ ദണ്ഡിപ്പി-
ക്കെണം। ഇതി സന്ധ।

ചികിത്സകാനാം സർവ്വേഷാം മിഥ്യാപ്രചരതാം ദമഃ।
അമാനുഷേഷു പ്രഥമഃ മാനുഷേഷു തു മദ്ധ്യമഃ।

ഔഷധമറിയാതെയും വ്യാധിയുടെ തിട്ടമറിയാതെയും ഇന്നവ്യാധികളെന്ന
ഔഷധം കൊണ്ടു തീരുമെന്ന ഒട്ടായി പറഞ്ഞ സമ്പാദിക്കുന്ന വൈ-
ദ്യന്മാർ മനുഷ്യന്മാർ തിര്യക്കുകളായിട്ടുള്ള പശുക്കൾ മുതലായതിൽ ചെൽപ്പെട്ടിരിയ-
പ്രകാരം ഔഷധപ്രയൊഗം ചെയ്താൽ പ്രഥമസാഹസവും മനുഷ്യരൊടു പ്രയൊ-
ഗിച്ചാൽ മദ്ധ്യമസാഹസവും പ്രായശ്ചിത്തം ചെയ്യിക്കെണം। ഇതി സന്ധ।

യാജ്ഞവല്ക്യഃ। കൂടസ്വര്ണ്ണവ്യവഹാരീ വിമാംസസ്യ ച വിക്രയീ।
ത്ര്യംഗഹീനസ്തു കര്ത്തവ്യോ ദാപ്യശ്ചോത്തമസാഹസം।

സ്വര്ണ്ണത്തിന് ചെമ്പു മുതലായതു ചേര്ത്തു വില്ക്കുന്നവനെയും ദുര്മ്മാംസം വില്ക്കുന്നവനെയും മൂന്ന അംഗങ്ങള് മുറിച്ചു ഉത്തമസാഹസം പ്രായശ്ചിത്തം ചെയ്യിക്കേണം। വ്യാസഃ।

വാസനസ്ഥ പണാ ദണ്ഡ്യോ രത്നകൃത്തു പരാം ശതം।
വിക്രയാവക്രയാധാനയാചിതേഷു പണാ ദശ।

അലക്കുവാന് കൊടുത്തിരിക്കുന്ന വസ്ത്രങ്ങളെ രജകന് തന്നെ എടുത്തു ഉടുത്താല് അവനെക്കൊണ്ടു മൂന്നു പണവും മേല് എഴുതിയ പ്രകാരമുള്ള വസ്ത്രങ്ങളെ വില്ക്കയും മാറി കൊടുക്കയും പണയം വെക്കയും ഇരവലായിട്ടു മറ്റൊരുത്തന്നു കൊടുക്കയും ചെയ്യുന്ന രജകനെ കൊണ്ടു പത്തു പണം പ്രായശ്ചിത്തം ചെയ്യിക്കേണം। വസ്ത്രങ്ങള് വില്ക്കയും കളകയും ചെയ്താല് വസ്ത്രത്തിന്റെ അവസ്ഥ പോലെ ഉള്ള വില രജകനെ കൊണ്ടു ഉടയവനു കൊടുപ്പിക്കേണമെന്ന താത്പര്യം। വ്യാസഃ।

മൃച്ചര്മ്മമണിസൂത്രായഃകാഷ്ഠവല്കലവാസസാം।
അജാതൌ ജാതികരണേ വിക്രേയാഷ്ടഗുണോ ദമഃ।

ബൃഹസ്പതിഃ। അക്ഷമദ്ധ്യസംസ്കാരനയന്തി ബഹുമൂല്യതാം।
സ്ത്രീബാലകാന്വഞ്ചയന്തി ദണ്ഡ്യാസ്തേഽര്ത്ഥാനുസാരതഃ।

ഒരു വില വില്ക്കാതെ ഇരിക്കുന്ന വസ്തുവില് ലാഭത്തിന്നായിട്ടു മറ്റൊരു വസ്തു ചേര്ത്തു വില്ക്കുന്നവന്റെ ദണ്ഡത്തെ ചൊല്ലുന്നു। നല്ല മണമുള്ള ഗന്ധങ്ങള് ചേര്ത്തു വില്ക്കയും ദുഷ്ടത്തൊലിയില് പുളി ഇരിക്കുന്ന പുളിയെന്ന പറഞ്ഞു വില്ക്കയും ശുഭ്രകത്തിന് കറായ കറുവപ്പട്ടയെന്നു കാണിച്ചു വില്ക്കയും പരുത്തിനൂലില് ചായം കയറ്റി പട്ടുനൂലെന്നു പറഞ്ഞു വില്ക്കയും ഇരുമ്പില് വെള്ളി പൂശി വെള്ളിയെന്നു പറഞ്ഞു വില്ക്കയും വില കുറഞ്ഞ ഗന്ധങ്ങള് ഗന്ധവസ്തുക്കളെ കൊണ്ടു വാസന കൊടുത്തു നല്ലതെന്നു നല്ലതെന്ന പറഞ്ഞു വില്ക്കയും പരുത്തിനൂല് കൊണ്ടുണ്ടാക്കിയ വസ്ത്രത്തില് ചായം കൊടുത്തു പട്ടെന്നു പറഞ്ഞു വില്ക്കയും ഇപ്രകാരം ചെയ്യുന്നവനെ കൊണ്ടു മതിപ്പു കുറഞ്ഞ നല്ല ചരക്കിന്റെ വിലയില് എട്ടു പങ്കു പ്രായശ്ചിത്തം ചെയ്യിക്കേണം। ഇപ്രകാരം വില പിടിയാത്ത വസ്തുവില് കൂട്ടു ചേര്ത്തു സ്ത്രീബാലന്മാരെ വ

ഷിച്ചവരെ വിലകാണാത്ത അംശം ഉണ്ടാക്കിയതിൽ കൂടുന്ന അത്രാന്തരവ
മായിട്ട പ്രായശ്ചിത്തം ചെയ്യിക്കെണം। അനുസന്ധ।

മനു। സൎവ്വകണ്ടകപാപിഷ്ഠം ഹേമകാരന്തു പാൎത്ഥിവഃ।

പ്രവൎത്തമാനമന്യായെ ഛെദയെല്ലവശഃ ക്ഷുരൈഃ।

ലോകത്തിൽ ഉള്ള ചോരന്മാരിൽ ഏറ്റവും പാപിഷ്ഠനായും വളരെ അന്യായത്തിന്നു തന്നെ പ്രവൎത്തിച്ചവനായും ഇരിക്കുന്ന തട്ടാനെ വിശേഷം കത്തികൊണ്ടു ഖണ്ഡം ഖണ്ഡമായിട്ടു ഛേദിക്കെണം। ഇപ്രകാരങ്ങൾക്കു ദണ്ഡവിധി। അനുധ।

നാരദഃ। ലോഹാനാമപി സൎവ്വേഷാം ഹേതുരഗ്നിക്രിയാവിധൌ।

ക്ഷയസ്സംക്രിയമാണാനാം തേഷാം ദൃഷ്ടോഽഗ്നിസംഗമാൽ।

പൊൻ വെള്ളി ഇരിമ്പ മുതലായവപ്പെട്ട ലോഹങ്ങളെ അഗ്നിയിലിട്ട പഴുപ്പിച്ചാൽ അവക്കു പൊൾ കുറവുണ്ടാകുന്നതിൽ ഇട്ടം വരുന്നതാകകൊണ്ടു മേൽ എഴുതിയവപ്പെട്ട ലോഹങ്ങൾ ഉരുകുമ്പോൾ കുറവിൽ അഗ്നിഹേതുവായിട്ടുള്ളത। അനുധ൧।

യാജ്ഞവല്ക്യഃ। അഗ്നൌ സുവൎണ്ണമക്ഷീണം രജതെ ദ്വിപലം ശതം।

അഷ്ടൌ ത്രപുണി സീസെ ച താമ്രെ പഞ്ചദശായസി।

നസ്സു സ്വൎണ്ണത്തിനെ അഗ്നിയിലിട്ട എത്രപ്രാവിശ്യം പഴുപ്പിച്ചാലും അതിന കുറവു വരിക യില്ല। എന്നതുകൊണ്ടു നൂറ രണ്ടുണ്ടാകുന്നതിന്ന തട്ടാന്മാരുടെ കയ്യിൽ കൊടുക്കെട്ടം വരു അപ്പൊൾ സ്വൎണ്ണത്തിനെ കൊടുത്താൽ അത്രയും കാണിച്ച നൂറ രണ്ടുണ്ടാക്കികൊടുക്കെണം। വെള്ളിയിൽ നൂറു പലത്തിന രണ്ടു പലവും നാഗത്തിലും ഈയത്തിലും എട്ടു പലവും ചെമ്പിൽ അഞ്ചു പലവും ഇരിമ്പിൽ പത്തു പലവും ത്രാഷ്ണി അഗ്നിക്കുമ്പോൾ കുറവു വരും। അനുധ൨।

മനു। തന്തുവായൊ ദശപലം ദദ്യാദെകപലാധികം।

അതൊന്യഥാ വൎത്തമാനൊ ദാപ്യൊ ദ്വാദശകം ദമം।

വസ്ത്രം നെയ്യുന്നതിന നൂൽ കൊടുത്താൽ വസ്ത്രമായിട്ട കൊടുക്കുമ്പോൾ പത്തുപലത്തിന ഒരു പലം അധികം കൂട്ടി കൊടുക്കെണം। ഇപ്രകാരം ചെയ്യാതെ കുറവു വരുത്തിയാൽ അവനെക്കൊണ്ട പന്ത്രണ്ടു പണം പ്രായശ്ചിത്തം ചെയ്യിക്കെണം। അനുധ൩।

യാജ്ഞവല്ക്യഃ। ശതെ ദശപലാ വൃദ്ധിരൌൎണ്ണെ കാൎപ്പാസസൌത്രികെ।

മദ്ധ്യെ പഞ്ചപലം ജ്ഞെയം സൂക്ഷ്മെ തു ത്രിപലാ മതം।

കരിമ്പടം ഉണ്ടാക്കുന്നതിന്ന അജവിശെഷത്തിന്റെ രൊമങ്ങളും മൃഗവിശെഷത്തിന്റെ
രൊമങ്ങളും അരപലത്തിനെ പത്തുപലമധികമായിട്ടും അഞ്ചുപലം കുറ്റി നൂൽകളെ
കിവന്നും നെയ്യുന്നതിനെ കൊടുത്താൽ മെൽ എഴുതിയപ്രകാരം പത്തുപലത്തിലധികമായി
ട്ടു നൂറ്റിരുപത്തിൽ ഉള്ള നൂൽ കൊടുത്താൽ നൂറ്റെന്നഞ്ചുപലവും നൂറ്റെട്ടു മായിട്ടുള്ള
നൂലും കൊടുത്താൽ നൂറ്റെന്നമുന്നുപലവും വന്നുമായിട്ടു കൊടുക്കുമ്പൊൾ അധികമാ
യിട്ടു കുറ്റി കൊടുക്കെണം. നാരദൻ

നാരദഃ। ത്രിംശാംശൊ രൊമബദ്ധസ്യ ക്ഷയശ്ചൈവ കൃതസ്യ ച।
കൌശെയവല്കലാദീനാം നൈവ വൃദ്ധിർന്ന ച ക്ഷയഃ।

വസ്ത്രം ഉണ്ടാക്കുന്നതിന കൊടുത്ത രൊമങ്ങളിലും ഉരുത്തിവെച്ചവ
യത്നം ഉണ്ടാക്കുന്നതിന കൊടുത്ത തൊലുകളിലും ഉരുക്കുണ്ടാകുമ്പൊൾ മുപ്പ
തിലൊന്നു കുറവുവരും. പട്ടു നെയ്യുന്നതിന കൊടുത്ത പട്ടുനൂലിലും വല്കലത്തിലും ഉ
ണ്ടാകും കുറവു വരികയില്ല. വല്കലം വൃക്ഷവിശെഷത്തിന്റെ തൊല. നാരദൻ

വിഷ്ണുസ്മൃതി। ഷണ്മാസികമഥൊ വാസസ്തത്ത്വതൊ വീക്ഷ്യ ലെഖയെൽ।
ഉപയുക്തസ്യ വാരണം യഥാ ഭൊഗവയൊ ഥവാ।
ദെശകാലപ്രയൊഗഞ്ച ജ്ഞാത്വാ ദ്രവ്യബലാബലം
ദ്രവ്യാണാം കുശലാ ബ്രൂയുഃ യത്തദ്ദാപ്യമസംശയം।

വസ്ത്രം മുതലായതൊക്കെ തന്റെ പക്കൽ കൊടുത്തിരിക്കുമ്പൊൾ കളഞ്ഞുപൊ
യാൽ ആറുമാസം ഉപയൊഗിച്ച വസ്ത്രം മാസം ഒരുവർഷം അനുഭവിച്ചതാകുന്നു എങ്കിൽ ആ കാല
ത്തിന്റെയും അനുഭവത്തിന്റെയും അവസ്ഥ വിചാരിച്ചു നാലുപെർ പറഞ്ഞതിന്
വസ്ത്രം ഉള്ള വിലകളഞ്ഞവനെക്കൊണ്ടു ഒരുസംശയം കൂടാതെ കൊടുപ്പിക്കെണം
മുതലൊഹാദീനാം ക്ഷയവൃദ്ധി. നാരദൻ

സദ്ധി. ഭൂപാലുഭയശെഷം രാത്രൌ കുർവ്വന്തി ഗൎഹ്നം।
തെഷാം ന്യാസവൈരൂപ്യം രാജശുല്കനിപാതയെൽ।

രാത്രികാലത്തിൽ ദ്രവ്യം മുതലായതിനെ ചൊരന്മാർ മൊഷ്ടിച്ചു അകത്ത് ഇടുന്ന
ദ്രവ്യങ്ങളെ മൊഷ്ടിക്കുന്ന ചൊരന്മാരുടെ പക്കൽ നിന്നു ഉള്ളതു മെൽ എഴുതിയ
ചൊരന്മാരെ ശൂലത്തിലിരിയിക്കെണം. നാരദൻ

വ്യത്ഥാണാം കുലീനാനാം നാരീണാഞ്ച വിശെഷതഃ।
മുഖ്യാനാഞ്ചൈവ രത്നാനാം ഹരണെ വധമർഹതി।

വലിയതറവാട്ടിൽ ജനിച്ചിരിക്കുന്ന പുരുഷന്മാരെ അപഹരിച്ചുകൊണ്ടു പൊകുന്നവ
നെയും സ്ത്രീകളെ അപഹരിച്ചുകൊണ്ടു പൊകുന്നവനെയും വലുതായിട്ടു ഉള്ള രത്നങ്ങ
ളെ അപഹരിച്ചുകൊണ്ടു പൊകുന്നവനെയും വധിക്കെണം. അറുക്കുന്നതും കൊല്ലുന്ന
തും; ഇങ്ങനെ ഉപദ്രവിക്കുന്നതും വധശബ്ദത്തിന്റെ അർത്ഥം. അതാത കാര്യത്തിന്റെ
അവസ്ഥ പൊലെ ഇതിൽ ഒന്നിനാൽ ദണ്ഡിപ്പിക്കെണമെന്നു താല്പര്യം. ന്നുവധ്യ।

സ്ത്രീഹൃൽ ലൊഹശയനെ ദഗ്ദ്ധവ്യൊ വൈ കടാഗ്നിനാ।
നരഹൃൽ ഹസ്തപാദൌ തു ഛിത്വാ സ്ഥാപ്യശ്ചതുഷ്പഥെ।

സ്ത്രീകളെ അപഹരിക്കുന്നവനെ ഇരുമ്പവാളും പഴുപ്പിച്ച അതിലിട്ടു ദഹിപ്പിക്കെണം।
പുരുഷന്മാരെ അപഹരിക്കുന്നവന്റെ ഹസ്തത്തിനെയും പാദത്തിനെയും ഛെദിച്ച
നാലുവഴി കൂടുന്ന സന്ധിപ്രദെശത്തിൽ വെക്കെണം. ന്നുലന।

പാന്ഥമുൽക്രുഷ്ടദെശെഷു ബദ്ധ്വാ വൃക്ഷെ വിലംബയെൽ,
തെഷാം സർവ്വസ്വമാദായ രാജാ ശൂലെ നിവെശയെൽ,
സ്വദെശഘാതിനൊ യെ സ്യുസ്തഥാ മാർഗ്ഗനിരൊധിനഃ।

വഴിയിൽ നടക്കുന്നവരെ വഴിമദ്ധ്യെ തടഞ്ഞ അവരുടെ വകയെ ഉപദ്രവങ്ങളെ വി
ളിച്ചപെച്ച അപഹരിക്കുന്നവന്റെ സർവ്വസ്വവും എടുത്ത് അവനെ ശൂലത്തിലിരി
ക്കെണം. ബൃഹധ।

നാരദഃ। രാജ്ഞഃ കൊശാപഹർത്തൄംശ്ച പ്രകൃതിഷ്വവസ്ഥിതാൻ।
അരീണാമുപജാപസ്ഥാനയെ ഘാതയെച്ചിത്രവധൈഃ।

രാജാവിന്റെ മൂലധനത്തെ അപഹരിക്കുന്നവനെയും രാജാവിങ്കൽ പ്രവർത്തനം ചെ
യ്യുന്നതിന പ്രവൃത്തിച്ചിരിക്കുന്നവരെയും രാജാവിന ശത്രുവായിരിക്കുന്നവരു
ടെ അടുക്കെ ചെന്ന രാജ്യത്തിന്റെ മന്ത്രങ്ങളെ രഹസ്യമായിട്ടു ഉപദെശിക്കുന്നവ
രെയും അനെകവിധമായിട്ടു ഉള്ള വധദണ്ഡത്താൽ ശിക്ഷിക്കെണം. ന്നുവധ്യം।

ബൃഹസ്പതിഃ। ഗൊഹർത്തുർന്നാസികാം ഛിത്വാ ബദ്ധ്വാ ചാംഭസി മജ്ജയെൽ,

ഗൊവിനെ അപഹരിക്കുന്നവന്റെ മൂക്കു മുറിച്ച കെട്ടി വെള്ളത്തിൽ മുക്കെണം।
ന്നുസുദ്ധ।

യാജ്ഞവല്ക്യഃ। ബന്ദിഗ്രാഹാൽ തഥാ വാജികുഞ്ജരാണാം ച ഹാരിണഃ।
പ്രസഹ്യഘാതിനശ്ചൈവ ശൂലമാരൊപയെന്നരാൻ।

സ്ത്രീഹാരികളെയും ആന കുതിരകളെയും ആനകുതിര അപഹരിക്കുന്നവരെയും ബ

ലാൽ കാത്ത ചെയ്ത ജനങ്ങളെ ഹിംസിക്കുന്നവരെയും ശൂലത്തിലിടിക്കെണം. അത്ര

യാജ്ഞവല്ക്യഃ। ഉൽക്ഷെപകഗ്രന്ഥിഭെദൌ കരസന്ദംശഹീനകൌ।

കാര്യൌ ദ്വിതീയാപരാധെ കരപാദൈകഹീനകൌ।

അംഗുലീഗ്രന്ഥിഭെദസ്യ ഛെദയെൽ പ്രഥമെ ഗ്രഹെ।

ദ്വിതീയെ ഹസ്തചരണൌ തൃതീയെ വധമർഹതി।

മടിശ്ശീല മുതലായതിൽ വെച്ചിരിക്കുന്ന ദ്രവ്യം സമയം നോക്കി കെട്ടഴിച്ചു കൊണ്ടു പോകുന്നവനെയും കത്തി മുതലായതുകൊണ്ടു ദ്രവ്യങ്ങൾ കൊണ്ടുപോകുന്നവനെയും ആദ്യമായിട്ടു കണ്ടതിനെ ഹെതുവായിട്ടു ഈ അംഗുഷ്ഠതർജ്ജനിയെന്ന വിരലും ഛെദിക്കെണം. ഈ പ്രകാരം കരിക്കൽ ചെയ്തിട്ട രണ്ടാം പ്രാവിശ്യം തുടങ്ങിയാൽ അവന്റെ ഒരു കയ്യും കാലും ഛെദിക്കെണം, മൂന്നാം പ്രാവിശ്യം തുടങ്ങിയാൽ വധിക്കെണമെന്നതാല്പര്യം। പത്തുകുംഭം അളവു ഉള്ള ധാന്യത്തിനെക്കാൾ അധികം അപഹരിച്ചുവെങ്കിൽ വധദണ്ഡവും അതിൽ കുറച്ച അപഹരിച്ചാൽ അപഹരിച്ച ധാന്യത്തിന്റെ വിലക്കു [illegible] ന പതിനൊന്നു വീതം കൂട്ടി പ്രായശ്ചിത്തം ചെയ്യിക്കെണം. ഒരു വൃത്തിയുള്ളവനെ ഒരു സംവത്സരം ഭക്ഷിക്കുന്നതിന വരവൃത്തമായിട്ട വെച്ചിരുന്ന ധാന്യം പത്തുകുംഭം അളവു ഉള്ളതു. അത്ര മനുഃ।

തുലാധാരിമമെയാനാം ശതാദഭ്യധികെ വധഃ।

സുവർണ്ണരജതാദീനാമുത്തമാനാഞ്ച വാസസാം।

പഞ്ചാശതസ്ത്വഭ്യധികെ ഹസ്തഛെദനമിഷ്യതെ।

ശെഷെത്വെകാദശഗുണം മൂല്യാദ്ദണ്ഡം പ്രകല്പയെൽ।

തൂക്കിട്ടുമളക്കുന്ന പൊൻ വെള്ളി മുതലായതിനെ അനന്തു ദെശത്തെപ്പറ്റി അപഹരിക്കുന്നതിൽ വക്കും അധികം [illegible] മുതലായ പരിമാണത്തിന അധികം അപഹരിക്കുന്നവന വധദണ്ഡം വരും. അമ്പതു കഴഞ്ചിന മെലെ നൂറിനകമെ ഇങ്കിൽ അപഹരിക്കുന്നവന്റെയും പട്ടുവസ്ത്രം മുതലായത അമ്പതു [illegible] അധികം അപഹരിക്കുന്നതിന്റെയും ഹസ്തഛെദം ചെയ്യെണം. കുറച്ച അപഹരിച്ചുവെങ്കിൽ ഒരു [illegible] പതിനൊന്നു വീതം ഉള്ള വില പ്രായശ്ചിത്തം ചെയ്യിക്കെണം. അത്ര മനുഃ।

മനുഃ। പരിധ്യക്ഷെ തെഷു ധാന്യെഷു ശാകമൂലഫലെഷു ച।

നിരന്വയെ ശതം ദണ്ഡഃ സാന്വയെऽർദ്ധശതം ദമഃ।

വഴിയിൽ മുതലായതിനെക്കാണെ കളത്തിൽ കൂട്ടിയിരിക്കുന്ന ചെറുധാന്യങ്ങളെക്കൊയും അപഹരിക്കുന്നവനെക്കൊണ്ടു നൂറു പണവും അതിൽ കുറെ അപഹ

രിക്കുന്നവനെക്കൊണ്ട അപ്പതപ്പണവും പ്രായശ്ചിത്തം ചെയ്യിക്കെണം. അന്യത്ര.

വ്യാസഃ. അശ്വയാന്യാപഹരണെ ക്ഷീരെ ദ്വിത്രിത്രം തഥാ.

സ്വാമിനെ തദ്ദ്വിമൂല്യം ദാപ്യോ ദണ്ഡസ്ത്രിഗുണനരഃ.

പരക്കു ചാമച്ചതലരായ അശ്വയാന്യങ്ങളെയും പാൽതയിർനെയ്യ് മുതലായതിനെയും അപഹരിക്കുന്നവനെക്കൊണ്ട അതിന്റെ വിലയിരട്ടിയും പ്രായശ്ചിത്തം ചെയ്യിച്ച അപഹരിച്ചതിന്റെ മൂന്നു വില ഉടയവനു കൊടുപ്പിക്കെണം. അന്യത്ര.

യന്ത്രരജ്ജുഘടകൂപാദ്യെതൽ ഭിന്നം ച യഃ പ്രവാം.

സദണ്ഡഃ പ്രാകൃതം മാസം നഷ്ടം തത്തിൽ സമാഹരെൽ.

വെള്ളം കൊരിക്കുന്ന കിണറ്റിൽ കയിൽ പെച്ചിരിക്കുന്ന കയറും കുടവും അപഹരിക്കുന്നവനെക്കൊണ്ടും തണ്ണീർപന്തൽ പൊളിച്ചുകൊണ്ടുപോകുന്നവനെക്കൊണ്ടും ഒരുമാസം പ്രായശ്ചിത്തം ചെയ്യിച്ച കയറും കുടവും കിണറും കരയിൽ കൊണ്ടുപോന്ന പെച്ചിച്ച തണ്ണീർപന്തലും ഉണ്ടാക്കെണം. അന്യത്ര.

യാജ്ഞവല്ക്യഃ. ക്ഷുദ്രമദ്ധ്യമഹാദ്രവ്യഹരണെ സാരതൊ ദമഃ.

ദെശകാലവയശ്ശക്തി സഞ്ചിന്ത്യം ദണ്ഡകർമ്മണി.

ൺപാത്രം മുതലായ ക്ഷുദ്രദ്രവ്യങ്ങളെയും പരുത്തിനൂൽ കൊണ്ടുണ്ടാക്കുന്ന വസ്ത്രം മുതലായ മദ്ധ്യമദ്രവ്യങ്ങളെയും പട്ടുവസ്ത്രം മുതലായ ഉത്തമദ്രവ്യങ്ങളെയും കട്ടതാൽ അപഹരിച്ചുവെച്ചതിന്റെ അവസ്ഥ പൊലെയും അപഹരിച്ചവന്റെ ശക്തി വയസ്സു പൊലെയും ദെശകാലത്തിന്റെ സംഗതി പൊലെയും വിചാരിച്ച് അപരാധത്തിനു തക്കവണ്ണം പ്രായശ്ചിത്തം ചെയ്യിക്കെണം. അന്യത്ര.

കാത്യായനഃ. യെനയെന പരദ്രോഹം കരൊത്യംഗെന തസ്കരഃ.

ഛിന്ദ്യാത്തത്തദംഗമസ്യ ന കരൊതി യഥാ പുനഃ.

യാതൊരംഗം കൊണ്ട തസ്കരൻ മറ്റൊരുത്തനെ ഉപദ്രവിക്കുന്നു എന്നാൽ പിന്നെ അതിൽ അങ്ങനെ അംഗം കൊണ്ട ഉപദ്രവിക്കാതെ ഇരിപ്പാൻ തക്കവണ്ണം ആ അംഗത്തെ ഛെദിക്കെണം. അന്യത്ര.

ബൃഹസ്പതിഃ. ദ്വിപദാദ്യാൻ വാൻ ബന്ധനൈകരൊതി യഃ.

സ്വാമിനെ ചധനം ദാപ്യഃ പ്രായശ്ചിത്തം പെകാര്യ്യതെ.

നല്ലശീലത്തൊടും വെദാധ്യായനത്തൊടും കൂടിയിരിക്കുന്നവൻ മൊഷ്ടിച്ചുവെ
ങ്കിൽ അവനെ ഒരു ദിവസം തടവിലും ആക്കി പ്രായശ്ചിത്തം ചെയ്യിച്ചു ഉട
യവനു മുതലും കൊടുപ്പിക്കെണം. ന്യാസം ॥

ചൊരംപ്രദാപ്യാപഹൃതംഘാതയെദ്വിവിധൈർവ്വധൈഃ।
സചിഹ്നംബ്രാഹ്മണംകൃത്വാ സ്വരാഷ്ട്രാദ്വിപ്രവാസയെൽ।

ബ്രാഹ്മണർ ഒഴിക്കിട്ടുള്ള ചൊരന്മാര മൊഷ്ടിച്ച ദ്രവ്യം അവരെക്കൊണ്ടു ഉട
യവന കൊടുപ്പിച്ചു അനെകവിധത്തിലുള്ള വധദണ്ഡങ്ങളാൽ ദണ്ഡിപ്പി
ക്കണം. മൊഷ്ടിച്ച ബ്രാഹ്മണനെ നെറ്റിമെൽ കാണത്തക്കവണ്ണം അടയാളം ഇട്ട രാജ്യ
ത്തിന പുറത്ത കളയെണം. ന്യാസം ॥

മനു। നഹൊഢെന വിനാ ചൊരം ഘാതയെദ്ധാർമ്മികൊ നൃപഃ।
സഹൊഢം സൊപകരണം ഘാതയെദവിചാരയൻ।

മൊഷണം ചെയ്ത ആളെയും കൊണ്ടുമുതലായതു കാണാതെയും ഇരിക്കുമ്പൊൾ
ശങ്ക കൊണ്ടു ചൊരനെന്നും പെട്ടന്നു വിധിക്കരുതു. അതുതാനൊണ്ടു മുത
ലായതു കണ്ടുവെങ്കിൽ ഒരു സംശയം കൂടാതെ ഹനിക്കയും വെണം. ഇതു തസ്കര
ന്മാരുടെ ദണ്ഡവിധി। ന്യാസ ॥

നാരദം। ഗൊപാദിഷു പ്രനഷ്ടെഷു ദ്രവ്യെഷ്വപഹൃതെഷു ച।
പദെനാന്വെഷണം കുർവ്വന്തു മൂലാഭിജ്ഞാ ദിടാങ്ങനാഃ।

ഗൊക്കൾ മുതലായ ദ്രവ്യങ്ങൾ കാണാതെ പൊയെങ്കിലും മൊഷണം പൊകയെ
ങ്കിലും ചെയ്താൽ അതിന്റെ കാൽചുവട്ടും അപഹരിച്ചവന്റെ കാൽചുവട്ടും
നൊക്കി ചൊരന്മാരുടെ ലക്ഷണമറിഞ്ഞിരിക്കുന്നവൻ മൊഷ്ടിച്ചവനെ അന്വെ
ഷിക്കെണം. ന്യാസം ॥

സഭാപ്രപാപൂപശാലാവെശമദ്യാന്നവിക്രയാഃ।
ചതുഷ്പഥാശ്ചൈത്യവൃക്ഷാഃ സമാജാഃ പ്രെക്ഷണാനി ച।
ജീർണ്ണൊദ്യാനാന്യരണ്യാനി കാരുകാവെശനാനി ച।
എവംവിധാന്നൃപൊ ദെശാൻ ഗുല്മൈഃ സ്ഥാവരജംഗമൈഃ।
തസ്കരപ്രതിഷെധാർത്ഥം ചാരൈശ്ചാപ്യനുചാരയെൽ।

പങ്ക്തിധനാകാരചേഷ്ടാൽ സന്ദിഗ്ധാപിരപെട്ടനാൽ।

ദ്യൂതസ്ത്രീപാനസക്താശ്ചനിരായവ്യയകൎമ്മിഭിഃ।

ഏതൈരപ്യവഗന്തവ്യാനഹോഢൈരേവകേവലം।

ചോരന്മാരെ അന്വേഷിച്ചറിയെണ്ടും പ്രകാരത്തെ ചൊല്ലുന്നു। രാജാവതുംവന്നിരിക്കുന്ന പൊതുസ്ഥലത്തും തങ്ങിർ വന്നമ്പിലും മറ്റും ചൊർ മുതലായതവിൽക്കുന്നസ്ഥലത്തിലും നാലുവഴിക്കൂടുന്നസന്ധിസ്ഥലങ്ങളിലും ആൽത്തറയിലും ഒഴിഞ്ഞായിരിക്കുന്നതൊടങ്ങളിലും നടൻ മുതലായശില്പികളുടെവീടുകളിലും ഒറ്റുകളെഅയച്ചു ചോരന്മാരെ അന്വേഷിപ്പിക്കെണം। കാവൽക്കാരരും ചോരന്മാരെ അന്വേഷിപ്പാൻ പോകുമ്പൊൾ അവരവരുടെമെൽ വെച്ച ഒരുത്തനെ ടൂറ്റതും വെറ്റും ചെല്ലാൽമുഖത്തിൽ ഏറെവെച്ചും പ്രാപിക്കുന്നതുകൊണ്ടും അവൻ പറയുന്നസ്വരങ്ങൾകൊണ്ടും അവന്റെ ആകൃതികൊണ്ടും ഊറ്റതും വെറ്റും സംശയിച്ചു പറയുന്നതുകൊണ്ടും ചോരന്മാരെ അറിയെണം। ഇപ്രകാരം ചൂതുവിളയാട്ടസ്ത്രീസംഗമം മദ്യപാനം ഇതിൽ പൂരെമൊഹമുള്ളവനും ഒരു വരവുമില്ലാതെ ഇരിക്കുമ്പൊൾ വളരെചിലവിടുന്നവനും ഇതിൽവണ്ണം സംശയമുള്ളവരെയും വരുത്തി സംശയനിവൃത്തിവരുവാൻ തക്കവണ്ണം ചൊദിക്കെണം। ന്യായം।

അസത്യാസ്സത്യസങ്കാശാസത്യാശ്ചാസത്യസന്നിഭാഃ।

ദൃശ്യന്തെ വിവിധാഭാവ തസ്മാദ്യുക്തംപരീക്ഷണം।

മൊഷ്ടിക്കാതെ ഇരിക്കുന്നവൻ മൊഷ്ടിച്ചവനെപ്പോലെയും മൊഷ്ടിച്ചവൻ മൊഷ്ടിക്കാത്തവനെപ്പോലെയും ചിലരെ കാണുന്നതാകകൊണ്ടു ശങ്കിച്ചവനെ ആക്ഷിയവനെന്നിവണ്ണം പരീക്ഷിച്ചു ശുദ്ധനെന്നും അശുദ്ധനെന്നും അറിയെണം। ന്യായം।

നാരദഃ। ഏതെനൈവപാദെയെന പൈശാച്യകൊണിരിപ്പന്തിതഃ।

കൈനാദാജാനിയുക്തിയാൻ സ്വൈരാചാരവരഞ്ചെവചാ।

ഗ്രീഷ്മവഴിയി ചെ പ്രകാരമുള്ള ഉപായങ്ങളെക്കൊണ്ടും ഇതരൊപായങ്ങളെക്കൊണ്ടും രാജാവ മുഖ്യസംപ്രത്യെവെക്കാതുകൂടാതെ തന്റെരാജ്യത്തിലും

അന്യരാജ്യത്തിലും ചൊരന്മാരെ അന്വെഷിച്ചിട്ടു ശിക്ഷിക്കെണം. ഇതു

ചൊരാന്വെഷണപ്രകരണം। അതസ്യ।

ഗ്രാമെഷ്വപി ച യെ കെചിൽ ചൊരാണാം ഭക്തദായകാഃ।

ഭാണ്ഡാവകാശദാശ്ചൈവ സൎവ്വാംസ്താനപി ഘാതയെൽ।

വ്യാസഃ। യെചാസ്യ ഭാണ്ഡാന്ദ്ധകമത്രാവകാരണെ തഥാ।

ഭക്താവകാശദാശ്ചൈവ തെപി തദ്ദൊഷിണഃ സ്മൃതാഃ।

ഗ്രാമങ്ങളിൽ മുതലായതിൽ എവിടെയും ചൊരന്മാൎക്ക ഭക്ഷണം കൊടുക്കയും മൊഷ്ടിച്ചാൽ പാത്രങ്ങളും പാൎക്കുന്നതിന സ്ഥലങ്ങളും അഗ്നിജലം കാഷ്ഠം മുതലായ സാധനങ്ങളും ഉപകാരങ്ങൾ കൊടുക്കയും മൊഷ്ടിക്കുന്നതിന വെണ്ടുന്ന ഉപായമന്ത്രങ്ങളെ ഗ്രഹിപ്പിക്കയും ചെയ്താൽ അവരും മൊഷ്ടിച്ചവരൊടു തുല്യദൊഷികളാകകൊണ്ട അവരെയും ചൊരന്മാരെ പൊലെ ശിക്ഷിക്കെണം। അതസ്യ

തൽകാരശ്ചൈവ ഭാണ്ഡാനാം പ്രതിഗ്രഹണമെവ ച।

സമദണ്ഡാസ്മൃതാഹ്യെതെ യെ ച പ്രച്ഛാദയന്തി തെ।

മൊഷണം ചെയ്യപ്പെട്ടവയിൽ കൂടി വാങ്ങിക്കയും ചെയ്യുന്നവൎക്കും ചൊരന്മാരൊടു ചെൎന്നിട്ടു തന്റെ മൊഷണം ചെയ്ത വാങ്ങിച്ചും കൊണ്ട അവരെ പ്രകാശിപ്പിക്കാതെ വിട്ടുകളയുന്നവർ ചൊരന്മാൎക്ക സമദണ്ഡ്യന്മാരാകെണം। അതസ്യ

ഉൽക്രൊശതാം ജനാനാം തു ഹ്രിയമാണെ ധനെ തഥാ।

ശ്രുത്വായെനാഭിധാവന്തി തെപി തദ്ദൊഷഭാഗിനഃ।

ചൊരന്മാരെ ഭവനം മുതലായതിൽ വന്ന മൊഷ്ടിക്കയും ധനങ്ങളെ പിടിച്ചുപറിക്കയും ചെയ്യുമ്പൊൾ നിലവിളിച്ചാൽ സമീപവാസികൾ അതുകെട്ടും കൊണ്ട ഉടനെ അവിടെ ചെല്ലാഞ്ഞാൽ അവരും ചൊരന്മാരൊടു തുല്യദൊഷികൾ। അതസ്യ

ഗൌതമഃ। ചൊരസമസ്സചിവൊ മതിപൂൎവ്വം പ്രതിഗ്രഹീതാ ച।

മൊഷ്ടിക്കുന്നതിന വെണ്ടും ഉപായങ്ങളെ ചൊരന്മാൎക്ക ഉപദെശിക്കുന്നവനും ചൊരനെന്ന അറിഞ്ഞുകൊണ്ട അവന്റെ പക്കൽ ഇരിക്കുന്ന മൊഷ്ടിച്ച വസ്തുക്കളെ വാങ്ങിക്കുന്നവനും ചൊരസമന്മാരായിട്ട ചൊല്ലപ്പെട്ടവർ। ഇതു ചൊരാതിദെശം। അതസ്യ+അ।

കാത്ത്യായനഃ। യെന ദൊഷെണ ശൂദ്രസ്യ ദണ്ഡൊ ഭവതി ധൎമ്മതഃ।

തെന വിൾക്ഷത്രവിപ്രാണാം ദ്വിഗുണൊ ദ്വിഗുണൊ ഭവെൽ।

മൊഷണം ചെയ്ത ശൂദ്രനും ധൎമ്മശാസ്ത്രത്തിൽ വിധിച്ചിരിക്കുന്ന ദണ്ഡത്തിൽ ഇരട്ടി ദണ്ഡം - വൈശ്യനു മൂന്നു പങ്കും - ക്ഷത്രിയനു നാലു പങ്കും। ബ്രാഹ്മണനു എട്ടു പങ്കും ഇപ്രകാരം ദണ്ഡ ജാതിഭെദംകൊണ്ടു വൎദ്ധിച്ചു വരുമെന്നൎത്ഥം।

മനുഃ। അഷ്ടാപാദ്യം തുശൂദ്രസ്യ സ്തെയെ ഭവതി കില്ബിഷം।

ഷൊഡശൈവ തു വൈശ്യസ്യ ദ്വാത്രിംശൽ ക്ഷത്രിയസ്യ തു।

ബ്രഹ്മ ബ്രാഹ്മണസ്യ ചതുഷ്ഷഷ്ടിഃ പൂൎണ്ണം വാപി ശതം ഭവെൽ।

ദ്വിഗുണാ വാ ചതുഷ്ഷഷ്ടിം തദ്ദൊഷഗുണവിദ്ധി സഃ।

മൊഷ്ടിച്ചവൻ ശൂദ്രനെങ്കിൽ മൊഷ്ടിച്ച വസ്തുവിന്റെ വിലയിൽ ഒന്നിനെട്ടു വീതവും വൈശ്യനെങ്കിൽ ഒന്നിനു പതിനാറു വീതവും ക്ഷത്രിയനെങ്കിൽ ഒന്നിനു മുപ്പത്തിരണ്ടു വീതവും ബ്രാഹ്മണനെങ്കിൽ ഗുണദൊഷങ്ങൾ അറിയുന്നവനാകകൊണ്ടു ഒന്നിനു അറുപത്തിനാലു വീതവും എങ്കിലും നൂറു വീതം എങ്കിലും നൂറ്റിരുപത്തെട്ടു വീതമെങ്കിലും പ്രായശ്ചിത്തം ചെയ്യിക്കെണം। ഇത [illegible] പ്രായശ്ചിത്തവിധി। അൎത്ഥം।

ആവസ്ഥ്യവഃ ഗ്രാമെഷു നഗരെഷു ച [illegible] ഗുപ്തിൻ।

സത്യവാദിൻ പ്രവൎത്താൻ [illegible]।

വിദ്യായൊവനസ്സ്വഃ [illegible] നന്ദഗരന്തരെഭ്യഃ।

രക്ഷകൊ [illegible] തൈതെന്മിൽ [illegible]।

ഗ്രാമങ്ങളിലും നഗരങ്ങളിലും ശൌൎയ്യം ചെയ്യാതെ ഉള്ളവരായും സത്യശീലന്മാരായും ഇരിക്കുന്ന കാവൽക്കാരെ ഗ്രാമം മുതലായതു രക്ഷിക്കുന്നതിനു ആക്കിവയ്ക്കെണം। കാവൽക്കാരുടെ കീഴിൽ ആക്കുന്നവരും ഇങ്ങിനെ ഉള്ളവരും മെൽപറഞ്ഞതിയപ്രകാരം ഇരിക്കെണം। പട്ടണമെങ്കിൽ നാലു വശത്തും പത്തു നാഴിക വരെയും ഗ്രാമമെങ്കിൽ ഒന്നര നാഴിക വരെയും കാവൽക്കാരന്മാർ ആവരാതെ നൊക്കിക്കെണം। ഇതിൽ ഉൾപ്പെട്ട പ്രദെശങ്ങളിൽ മൊഷണം പൊയാൽ ചൊന്നതൊ [illegible] കാവൽക്കാരെക്കൊണ്ടു മൊഷണം പൊയ മുതലിന്റെ വിലയുടെ ഉടമസ്ഥനു കൊടുക്കെണം। അൎത്ഥം।

കാത്ത്യായനഃ, സ്വദെശെ യസ്യ യൽകിഞ്ചിൽ ഹൃതന്ദെയന്തു വെണതൽ,

ഗൃഹീയാൽ തസ്യയന്നഷ്ടം പ്രാപ്തമപി ച പാർത്ഥിവഃ।

ഒരുത്തരാജാവിന്റെ രാജ്യത്തിൽ ഒരുത്തന്റെ വക മൊഷണം പൊയാൽ ആരാജാവിന്റെ വില ഉടയവനു കൊടുക്കെണം, പിന്നെ അതിൽ മൊഷണം ചെയ്തവനെ തന്നെ ശിക്ഷിച്ച മൊഷ്ടിച്ച വക രാജാവ് വാങ്ങിച്ചുകൊള്ളെണം. എന്നർത്ഥം।

അരക്ഷിതാരം രാജാനം ബലിഷഡ്ഭാഗഹാരിണം।

തമാഹുസ്സർവ്വലോകസ്യ സമഗ്രമലഹാരിണഃ।

ദുഷ്ടന്മാരായിട്ടുള്ള ചൊരന്മാർ മുതലായവരുടെ ഉപദ്രവം വരാതെ രക്ഷിക്കുന്നതിനായിട്ട് പ്രജകളൊടെ ക്ഷെത്രനികുതി പ്രകാരമുള്ള ആറിലൊന്ന കരം കൊടുത്തു വരുമ്പൊൾ ആ രാജാവ് അതു വാങ്ങിച്ചുംകൊണ്ടു ചൊരന്മാരെ ശിക്ഷിച്ച ജനങ്ങളെ രക്ഷിക്കാതെ ഇരുന്നുവെങ്കിൽ ആ രാജാവിന ജനങ്ങളൊടെ ഒക്കെയും ചെയ്ത പാപങ്ങൾ സംഭവിക്കും. എന്നർത്ഥം।

എന്നെ ഷലംഭമാനെഷു രാജാദൃഷ്ടാന്തതൊയനാൽ,

ഉപെക്ഷമാണൊ ഹിനസ്യ ധർമ്മാർത്ഥാച ഹീയതെ।

രാജ്യത്തിൽ മൊഷ്ടിച്ചു നടക്കുന്ന ചൊരന്മാരെ തന്നെ ശിക്ഷിക്കാതെയും ഉടയവനു മുതൽ കൊടുക്കാതെയും ഉപെക്ഷിച്ചിരുന്നാൽ ആ രാജാവിനു ദൊഷപ്രാപ്തിയും ധർമ്മഹാനിയും അർത്ഥനാശവും വരും. എന്നർത്ഥം।

യാജ്ഞവല്ക്യഃ। ശൌല്ക്കികൈഃ സ്ഥാനപാലൈർവ്വാ നഷ്ടാപഹൃതമാഹൃതം।

അർവ്വാക്സംവത്സരാൽ സ്വാമീ പരതൊ നൃപതിർവ്വർത്തെൽ।

ചുങ്കസ്ഥാനത്തു കാവലിരിക്കുന്ന ആളുകളെങ്കിലും ഓരൊ ദെശത്തിൽ കാത്തിരിക്കുന്ന സ്ഥാനപാലന്മാരെങ്കിലും ഒരുത്തന്റെ വക കളഞ്ഞുപൊയതും ചൊരന്മാരുടെ വക കൽവിച്ചുവെച്ചതും രാജാവിങ്കൽ കൊണ്ടുചെന്ന ഒപ്പിച്ചാൽ ആവകയുള്ള ഉടയവൻ ഒരു സംവത്സരത്തിനകം വന്നുവെങ്കിൽ അതു ഉടയവനു കൊടുക്കെണം, ഒരു സംവത്സരം കഴിഞ്ഞാൽ രാജാവ് എടുത്തുകൊള്ളെണം. എന്നർത്ഥം।

യാജ്ഞവല്ക്യഃ। ആദദീതാഥ ഷഡ്ഭാഗം പ്രനഷ്ടാധിഗതാന്നൃപഃ।

ദശമം ദ്വാദശം വാപി സതാം ധർമ്മമനുസ്മരൻ।

പ്രഷ്ടശാമി കാരിബ്രാഹ്മൊത്രൈ ... നശാവയെൽ.

അല്ല്രാൽ ത്രൈ ... ശ്ചാശിവരതൊറുപൊന്തരെൻ.

സ്ഥാനപാലന്മാർ മുതലായവര കൊണ്ടുവന്നാക്കിയിരിക്കുന്നവക പ്രസിദ്ധമാക്കീട്ടു
മൂന്നുസംവത്സരം വരക്കും സൂക്ഷിക്കെണം. ഒരുസംവത്സരത്തിനകം ഉടയവൻ വന്നാൽ
അതൊക്കയും ഉടയവന കൊടുക്കെണം. രണ്ടാംസംവത്സരം വന്നുവെങ്കിൽ സൂ
ക്ഷിച്ചിരിക്കുന്നവകയിൽ പന്ത്രണ്ടിലൊന്നും മൂന്നാംസംവത്സരത്തിൽ വന്നാൽ
പത്തിലൊന്നും നാലാംസംവത്സരത്തിൽ വന്നാൽ ആറിലൊന്നും രാജാവ എടുത്തു
കൊണ്ട ശിഷ്ടം ഉടയവന കൊടുക്കെണം. രാജാവ എടുത്ത ഭാഗത്തിൽ നാലി
ലൊന്ന കൊണ്ടുവന്നാക്കി സ്ഥാനപാലർക്കും കൊടുക്കെണമെന്ന ഗൌത
മധർമ്മത്തിൽ ചൊല്ലീട്ടും ഉണ്ടു. അഥ ശ്ലൊ.

യാനിവസ്തൂനി പ്രണഷ്ടാധിഗതദ്രവ്യം ... നിധനം.
വിദ്യാവധെന വൊ ... സമം ദണ്ഡമർഹതി.

സ്ഥാനപാലന്മാര കൊണ്ടുവന്നാക്കിയിരിക്കുന്ന ഉടയവനില്ലാത്ത വക പ്രസിദ്ധ
മാക്കീട്ടു അപ്പൊൾ ഒരുത്തൻ വന്നു എന്റെ വകകൾ ഇതൊക്കെ ഉള്ളതെന്നും പറഞ്ഞുവെ
ങ്കിൽ ഉടയവനൊട തന്റെ വക ഇന്നതൊക്കെ ഉണ്ടെന്നും എത്ര ഉണ്ടെന്നും എന്നിട്ട്
മൊഷണം പൊയെന്നും ഇപ്രകാരം ഉടയാളങ്ങളെ ചൊദിക്കുമ്പൊൾ അ
വൻ പറയുന്നത നെരായിരുന്നുവെങ്കിൽ ഉടയവന അവക കൊടുക്കെ
ണം. ഉടയവൻ പറയുന്നതും ഉൾവസ്തുവിന്റെ വിലക്കുസമമായിട്ട പ്രായശ്ചി
ത്തം ചെയ്യിക്കെണം. അഥ ശ്ലൊ.

യാൻ തത്ര ചൊരാൻ ഗൃഹ്ണീയാൽ രാജാ ... ഘാതയെൽ.

രാത്രികാലങ്ങളിൽ വന്നതിൽ ... മോഷ്ടിച്ച ദ്രവ്യം കൊണ്ടുപൊ
കുന്ന ചൊരന്മാരെ സ്ഥലപാലന്മാർ പിടിച്ചു എങ്കിൽ രാജാവ അവരെ
ചൊരന്മാരെ അവരുടെ കാലിൽ കെട്ടി വലിച്ചിഴച്ചു വധിക്കെണം. സ്ഥാനപാ
ലന്മാര കാവൽക്കാരര. ചൊരൻ ... ദാനവിധി. അനന്തരം.

മനുഃ ... ഗണികാന്നം ... മാപികൂടൊച മൂലകൈ.
... പരക്ഷെത്രാൻ ... ദണ്ഡ ... മർഹതി.

വഴിനടന്ന [illegible] ... മറ്റൊരുത്തന്റെ കരി

ന്യം തോട്ടത്തിൽ ചെന്ന രണ്ടു കരിമ്പുകളെങ്കിലും ഉഴുന്നാതെ രണ്ടു കിഴങ്ങു മുതലാ
യതെങ്കിലും അപഹരിച്ചു എങ്കിൽ ഒരു ദണ്ഡത്തിന്നു യോഗ്യതയില്ല । അനന്തരം ।

പുഷ്പശാകോദകകാഷ്ഠതൃണമൂലഫലാനി ച ।

അദത്താദാനമേതേഷാം ഹരണേ [illegible] ।

യാജ്ഞവല്ക്യഃ । ദ്വിജസ്ത്രൈ [illegible] ।

ഒരുത്തന്റെ പറമ്പിൽ ചെന്ന ദേവന്മാരെ അർച്ചിക്കുന്നതിന്നു പുഷ്പങ്ങൾ പറിക്കയും
ഭക്ഷണസാധനമായിട്ടു കിഴങ്ങു മുതലായതും വെള്ളം വിറകു [illegible] എടുക്ക
കയും ഗോഭക്ഷണത്തിന്നായിട്ടു പുല്ലുകൾ എടുക്കയും ചെയ്താൽ ഒട്ടും കൊണ്ട
ദ്വിജന്മാർക്ക് മോഷണദോഷം പറ്റുകയില്ല । [illegible] കൊണ്ടുകൊള്ളുകയും ഇവിടെ
എങ്കിലും കൊടുക്കായിരുന്നാൽ അങ്ങിനെ ദ്വിജന്മാർക്ക് കൊണ്ടുപറിക്കയും ആം । അനന്തരം

കാത്യായനഃ । ഫലാന്യുപാപരിവൃത്തം [illegible] ।

[illegible] ഗൃഹീത [illegible] ദോഷഭാക് ।

മറ്റൊരുത്തന്റെ വകയായിട്ടുള്ളതിൽ ഭക്ഷിക്കുന്നതിന്നായിട്ടു നെല്ലു മാമ്പഴ
വും ഞാവൽപഴവും വെറ്റില പാക്കു മുതലായതും വാങ്ങിക്കയും അപഹരിക്ക
യും ചെയ്താൽ ഒട്ടും കൊണ്ടു ദോഷം പറ്റുകയില്ല । അനന്തരം

തൈലേ [illegible] ।

[illegible] ।

ഏറെ കാലമായിട്ടു ഉപവാസമായിട്ടു ഭക്ഷണഗതിയെ പ്രാപിച്ചിരിക്കുന്നവൻ ഭ
ക്ഷിക്കുന്നതിന്നുമാത്രം ഏതെങ്കിലും ഒരുവക അപഹരിച്ചു ഭക്ഷിക്കയും ആം ।
അനന്തരം ।

ചലാൽക്ഷേത്രാദ് [illegible] ।

[illegible] ।

ക്ഷേത്രത്തിലെ എങ്കിലും ഭവനത്തിലെ എങ്കിലും നിലത്തിലെ എങ്കിലും ചെന്നു ധാന്യം മുതലായതിനെ
[illegible] അപഹരിക്കുന്നത ഉടയവൻ കണ്ടുചോദിച്ചാൽ ഉടയവനോടു പരമാർത്ഥം പറ
യേണം । അനന്തരം ।

മനുഃ । യാജ്ഞവല്ക്യഃ । [illegible] ।

ബ്രാഹ്മണസ്യാപി [illegible] ।

യോ വൈശ്യസ്സ്യാൽ ബഹുപശുഃ ഹീനക്രതുരസോമപഃ।
കുടുംബാത്തസ്യ തദ്ദ്രവ്യം ആഹരെദ്യജ്ഞസിദ്ധയെ॥

യജ്ഞം ചെയ്തു വരുന്ന ബ്രാഹ്മണന ഒരു അംഗമില്ലാതെ ധാർമ്മികനായിരിക്കുന്ന രാജാ വ ഇരിക്കുമ്പൊൾ യജ്ഞത്തിനു മുടക്കം വന്നു എങ്കിൽ യാഗം മുതലായത ചെയ്യാതെ ഇരിക്കുന്ന വൈശ്യന്റെ ഗൃഹത്തിങ്കൽ ഉണ്ടായിരുന്നാൽ അതിലൊന്ന യജ്ഞസിദ്ധി വരുത്തുവാൻ കൊണ്ടുവരികയും ആം. ൧൧ ൧൨

യോ നാഹിതാഗ്നിശ്ശതഗുരയജ്വാ ച സഹസ്രഗുഃ।
തയോരപി കുടുംബാഭ്യാമാഹരെദവിചാരയൻ॥

അഗ്നിഹോത്രം ചെയ്യാതെ ഇരിക്കുന്നവന്റെ വക്കൽ ആയിരം പശു ഉണ്ടായിരുന്നാൽ അതിൽ നിന്നും യജ്ഞസിദ്ധി വരുത്തുവാൻ വെണ്ടുന്ന പശുവിനെ ഒരു വിചാരം കൂടാതെ കൊണ്ടുവരികയും ആം. ൧൧ ൧൪

ബ്രാഹ്മണസ്വം ന ഹർത്തവ്യം ക്ഷത്രിയെണ കദാചന।
ദസ്യുനിഷ്ക്രിയയൊസ്തു സ്വമജീവൻ ഹർത്തുമർഹതി॥

ക്ഷത്രിയൻ ബ്രാഹ്മണസ്വം ഒരിക്കലും അപഹരിക്കരുത. ചൊരന്മാരുടെയും കർമ്മഹീനന്മാരുടെയും വസ്തു വിശെഷിച്ച ക്ഷത്രിയന അപഹരിക്കാം. ൧൧ ൧൮

തസ്മിന്ധാരയെദ്ദണ്ഡം ധാർമ്മികഃ പൃഥിവീപതിഃ।
ക്ഷത്രിയസ്യ ഹി ബാലിശ്യാദ്ബ്രാഹ്മണസ്സീദതി ക്ഷുധാ॥

പൃഥിവീപതിയായും ധർമ്മിഷ്ഠനായും ഇരിക്കുന്ന രാജാവ ബ്രാഹ്മണനെ ദണ്ഡിക്കരുത. ക്ഷത്രിയൻ ബുദ്ധിയില്ലാത്ത ബാലനായും ഇരുന്നാൽ അപ്പൊൾ ബ്രാഹ്മണൻ വിശപ്പ മൂത്തതു കൊണ്ട ദുഃഖിക്കും. ൧൧ ൨൧

കല്പയിത്വാസ്യ വൃത്തിം ച രക്ഷെദെനം സമന്തതഃ।
രാജാ ഹി ധർമ്മഷഡ്ഭാഗം തസ്മാത്പ്രാപ്നൊതി രക്ഷിതാത്॥

ബ്രാഹ്മണൻ വിശപ്പ മൂത്തതു കൊണ്ട ദുഃഖം വരാതെ ഇരിപ്പാൻ തക്കവണ്ണം വൃത്തിയും കല്പിച്ച ഒരു ഉപദ്രവിക്കാതെ ഇരിക്കത്തക്കവണ്ണം രാജാവ രക്ഷിക്കെണം. ഇ പ്രകാരം രക്ഷിച്ചു വരുന്ന രാജാവ ധർമ്മത്തിന്റെ ആറിൽ ഒരു അംശമായിട്ടു ഉള്ളതിനെ ബ്രാഹ്മണരൊടു വാങ്ങിക്കെണം. ൧൧ ൨൨

അനെന വിധിനാ രാജാ കുർവ്വാണഃ സ്തെയനിഗ്രഹം।

ശൌണ്ഡിൻ പ്രായശ്ചിത്തൈ പ്രത്യെകമുത്തമം സ്മൃതം।

മെൽ ചൊല്ലിയപ്രകാരമൊക്കെയും ചൊരന്മാരെ ശിക്ഷിച്ച പ്രജകളെ രക്ഷിച്ചുവരുന്ന രാജാവിന ഇഹലൊകസൌഖ്യവും കീർത്തിയും വന്ന പരലൊകത്തിലും വലുതായിട്ടുള്ള സൌഖ്യപ്രാപ്തി വരികയും ചെയ്യും। ഇതി സ്തെയാപവാദഃ। തഥാച।

മനുഷ്യമാരണം ശൌര്യം പരദാരമഭിദർശനം।
പാരുഷ്യമുഭയഞ്ചെതി സാഹസം പഞ്ചധാ സ്മൃതം।

മനുഷ്യരെ മരിപ്പിക്കുന്നതും മൊഷണവും പരസ്ത്രീകളൊടന്യകാലത്തിങ്കൽ ദാക്ഷിണ്യം അംഗസ്പർശം സഹവാസം സംസർഗ്ഗമുതലായത ചെയ്യുന്നതും വാൿപാരുഷ്യം ദണ്ഡപാരുഷ്യം ചെയ്യുന്നതും ഈ പ്രകാരം സാഹസം അഞ്ചുവിധം। തഥാഹ।

സഹസാ ക്രിയതെ കർമ്മ യത്കിഞ്ചിൽ ബാലദർപ്പിതൈഃ।
തത്സാഹസമിതി പ്രൊക്തം സഹൊ ബലമിഹൊച്യതെ।

ബലം കൊണ്ടും അഹങ്കാരം കൊണ്ടും മുമ്പിൽ വിചാരിക്കാതെ ചെയ്യപ്പെടുന്നതൊക്കെയും സാഹസമെന്നും സഹൊബലമെന്നും പെര ചൊല്ലപ്പെട്ടു। തഥാച।

തൽപുനസ്ത്രിവിധം ജ്ഞെയം പ്രഥമം മദ്ധ്യമം തഥാ।
ഉത്തമഞ്ചെതി ശാസ്ത്രെഷു തസ്യൊക്തം ലക്ഷണം പൃഥൿ।

പ്രഥമസാഹസമെന്നും മദ്ധ്യമസാഹസമെന്നും ഉത്തമസാഹസമെന്നും ഈ പ്രകാരം സാഹസം മൂന്നുവിധം। പ്രത്യെകമായിട്ട ശാസ്ത്രജ്ഞന്മാര ചൊല്ലപ്പെട്ടു। തഥാച।

ഫലമൂലൊദകാദീനാം ക്ഷെത്രൊപകരണസ്യ ച।
ഭംഗക്ഷെപൊപമർദ്ദാദ്യൈഃ പ്രഥമം സാഹസം സ്മൃതം।

പഴം കിഴങ്ങു വെള്ളം ഇവറ്റയെയും നിലം കൃഷി ചെയ്യുന്നതിന സാധനമായിട്ടുള്ള കലപ്പ മുതലായതും ഭെദിക്കയും അപഹരിക്കയും നശിപ്പിക്കയും ചെയ്താൽ അതൊക്കെയും പ്രഥമസാഹസമെന്ന ചൊല്ലപ്പെട്ടു। തഥാച।

വാസഃ പശ്വന്നപാനാനാം ഗൃഹൊപകരണസ്യ ച।
ഏതെനൈവ പ്രകാരെണ മദ്ധ്യമം സാഹസം സ്മൃതം।

വസ്ത്രങ്ങൾ പശുക്കൾ ചൊറ വെള്ളം ധാന്യങ്ങൾ ഭവനത്തിന വെണ്ടും പാത്രങ്ങൾ മുതലായ ധനങ്ങളെയും അപഹരിക്കയും നശിപ്പിക്കയും ചെയ്താൽ അതൊക്കെയും മദ്ധ്യമസാഹസമെന്ന ചൊല്ലപ്പെട്ടു। തഥാച।

വ്യാപാദൊ വിഷശസ്ത്രാദ്യൈഃ പരദാരപ്രധർഷണം।
പ്രാണൊപരൊധിയച്ചാന്യദുത്തമംസാഹസംസ്മൃതം,

വിഷം ആയുധങ്ങൾ മുതലായതുകൊണ്ട കൊല്ലുന്നതും പരസ്ത്രീകളെ ബലാൽകാരെ കൊണ്ട അനുഭവിക്കുന്നതും അപ്രകാരമല്ലാതെ പ്രാണഹാനി വരുത്തുവാൻ ചെയ്യുന്നതൊക്കെയും ഉത്തമസാഹസമെന്ന ചൊല്ലപ്പെട്ടു। [illegible]

നാരദഃ। തസ്യ ദണ്ഡഃ ക്രിയാപെക്ഷഃ പ്രഥമസ്യ ശതാവരഃ।
മദ്ധ്യമസ്യ തു ശാസ്ത്രജ്ഞൈർദൃഷ്ടഃ പഞ്ചശതാവരഃ।

മെൽ എഴുതിയരുന്ന സാഹസത്തിലെല്ലാം അതിന്റെ സഹായത്തിന തക്കവണ്ണം ദണ്ഡത്തെ ചൊല്ലുന്നു, പ്രഥമസാഹസത്തിന നൂറ പണത്തിന കുറവു വരാതെയും, മദ്ധ്യമസാഹസത്തിന അഞ്ഞൂറു പണത്തിന കുറവ വരാതെയും പ്രായശ്ചിത്തം ചെയ്യിക്കെണം। [illegible]

വധഃ സർവ്വസ്വഹരണം പുരാന്നിർവ്വാസനാങ്കനെ,
തദംഗച്ഛെദ ഇത്യുക്തൊ ദണ്ഡ ഉത്തമസാഹസെ,
ഉത്തമസാഹസെ ദണ്ഡഃ സഹസ്രാവര ഇഷ്യതെ,

ഉത്തമസാഹസത്തിന ആയിരം പണത്തിന കുറവു കൂടാതെ പ്രായശ്ചിത്തം ചെയ്യിക്കെണം। വധം ചെയ്യിക്കയും സർവ്വസ്വവും എടുക്കയും അംഗങ്ങളെ ഛെദിക്കയും രാജ്യത്തിന്റെ അപവാക്ക പൊലെ ഇതിൽ ഒന്നുകിലും എല്ലാം തന്നെ എങ്കിലും ഉത്തമസാഹസത്തിൽ ദണ്ഡം ചെയ്യെണം। [illegible]

യാജ്ഞവല്ക്യഃ। പിതൃപുത്രസ്വസൃഭ്രാതൃദമ്പത്യാചാര്യശിഷ്യകാഃ।
ഏഷാമപതിതാന്യൊന്യത്യാഗീ ച ശതദണ്ഡഭാക്,

അച്ഛൻ മകൻ സഹൊദരൻ സഹൊദരി ഭാര്യ ഭർത്താവ ഗുരു ശിഷ്യൻ ഇതിൽ ഒരുത്തൻ ജാതിഭ്രഷ്ടായിട്ടുള്ള ദൊഷം ചെയ്യാതെ ഇരിക്കുമ്പൊൾ കൂടെയുള്ളവരെ തമ്മിൽ അച്ഛൻ മകനെയും മകൻ അച്ഛനെയും ഇപ്രകാരം ശെഷം പെരെ ത്യജിക്കയാൽ ആയവരെക്കൊണ്ട നൂറുപണം പ്രായശ്ചിത്തം ചെയ്യിക്കെണം। [illegible]

ദ്രവ്യാണി ഹിംസ്യാദ്യൊ യസ്യ ജ്ഞാനതൊ ജ്ഞാനതൊപി വാ।
സ തസ്യൊത്പാദയെത്തുഷ്ടിം രാജ്ഞെ ദദ്യാച്ച തത്സമം।

യാതൊരുത്തനെങ്കിലും ഒരുത്തന്റെ പക്കൽ വസ്ത്രം മുതലായ ദ്രവ്യങ്ങളെ നശിപ്പിക്ക
യും അപഹരിക്കയും ചെയ്യുമെന്നാൽ ആയവനെക്കൊണ്ട് ആ ദ്രവ്യത്തിനു പകരമാ
കിലും ആയതിന്റെ വിലയെങ്കിലും ഉടയവനു കൊടുപ്പിച്ചു പ്രസാദിപ്പിച്ചു ആ വിലക്കു സമം
പ്രായശ്ചിത്തം ചെയ്യിക്കേണം। ന്യായം ൨।

വ്യാസഃ। ക്ഷിപ്രസ്പൃഷ്ട്വന്ദകെ ദണ്ഡം ദാപ്യശ്ചോത്തമസാഹസം।
ക്ഷേത്രത്വദ്ധം വിംശത്യാ ശൂദ്രസ്പൃഷ്ട്വന്ദകം।

ഒരുത്തൻ ബ്രാഹ്മണനെ അദക്ഷ്യമായിരിക്കുന്ന വസ്തുവിനെക്കൊണ്ടു ദോഷം വരു
ത്തിയെങ്കിൽ അവനെക്കൊണ്ടു പ്രഥമസാഹസവും ഇപ്രകാരം ക്ഷത്രിയനു ദോഷം
വരുത്തിയവനെക്കൊണ്ടു പ്രഥമസാഹസവും ശൂദ്രനു ദോഷം വരുത്തിയവനെക്കൊ
ണ്ടു അതിൽ പാതി മദ്ധ്യമസാഹസവും വൈശ്യനു ദോഷം വരുത്തിയവനെക്കൊണ്ടു
പ്രഥമസാഹസവും ശൂദ്രനു ദോഷം വരുത്തിയവനെക്കൊണ്ടു അതിൽ പാതിയും പ്രായ
ശ്ചിത്തം ചെയ്യിക്കേണം। ന്യായം।

യാജ്ഞവല്ക്യഃ। പിതൃപുത്രവിരോധെ തു സാക്ഷിണാം ത്രിപണോ ദമഃ।

അച്ഛനും മകനും വിരോധം കൊണ്ടു തമ്മിൽ കലശപ്പിടുമ്പൊൾ സാക്ഷിത്വം
ശിക്ഷിപ്പ വരുവാൻ വന്നവരെക്കൊണ്ടു മൂന്നു പണം പ്രായശ്ചിത്തം ചെയ്യിക്കേണം।
ന്യായം

മനുഃ। സംക്രമധ്വജയഷ്ടീനാം പ്രതിമാനാം ച ഭേദകഃ।
പ്രതികുര്യാച്ച തത്സർവ്വം പഞ്ച ദദ്യാച്ഛതാനി ച।

പാലം ഉറക്കുന്ന തടിയും കൊടിമരത്തെയും ദേവബിംബങ്ങളെയും പൊളിച്ചു
കുന്നവനെക്കൊണ്ടു അഞ്ഞൂറു പണം പ്രായശ്ചിത്തം ചെയ്യിച്ചു പാലവും കൊടിമരവും
ദേവബിംബവും അവനെക്കൊണ്ടു തന്നെ ഉണ്ടാക്കിക്കേണം। ന്യായം

പ്രകാശ്യ ചൌരാണാം വധദണ്ഡോ നാമ്പുമതി।
മാർഗ്ഗാണാം വദൈത്താരം ക്ഷിപ്രമേവ പ്രവാസയേൽ।

കൊട്ടവാതിൽ പൊളിച്ചവനെയും രാജ്യത്തിന്റെ വെളിയിൽ ഉടനെ തന്നെ തള്ള
യണം। ന്യായം।

തടാകഭേദകം ഹന്യാദപ്സു ശുദ്ധവധേന വാ।
തദ്വാപി പ്രതിസംസ്കുര്യാൽ ദദ്യാച്ചോത്തമസാഹസം।

ജലം നിറച്ചിരിക്കുന്ന തടാകത്തിന്റെ ചിറ വെട്ടിമുറിക്കുന്നവനെക്കൊണ്ട് അവി
ടത്തെ ചേറാലെ ചിറയും കെട്ടിച്ച് ഉത്തമസാഹസപ്രായശ്ചിത്തവും ചെയ്യിച്ച് വെ
ള്ളത്തിൽ മുക്കിത്താഴ്ത്തിട്ടെങ്കിലും മറ്റൊരു വിധത്തിലെങ്കിലും വധിക്കേണം. ന്യായം

വിഷാഗ്നിദാം പതിഗുരുനിജാപത്യപ്രമാപണീം।
വികർണ്ണകരനാസോഷ്ഠീം കൃത്വാ ഗോഭിഃ പ്രമാപയേൽ।

വിഷം കൊടുക്കുന്നവരുടെയും കൊന്നവരുടെയും തീവെക്കുന്നവരുടെയും ഭർത്താ
വ് ഗുരു തന്റെ കുട്ടികൾ ഇവരെ കൊല്ലുന്നവരുടെ കാതും കയ്യും മൂക്കും ചുണ്ടും
ഛേദിച്ചു മൂക്കനായിട്ടു ഇവരെ കാളകളുടെ കാലിൽ കെട്ടി അവരെ കൊല്ലേണം।
ന്യായം

യാജ്ഞവല്ക്യഃ। ക്ഷേത്രവേശ്മ ഗ്രാമഖലവിവീതാദേശ്ച ദാഹകാഃ।
രാജപത്ന്യഭിഗാമീ ച ദഗ്ധവ്യാസ്തു കടാഗ്നിനാ।

നിലങ്ങൾ ഭവനങ്ങൾ ഗ്രാമങ്ങൾ ഗോക്കൾ സഞ്ചരിക്കുന്നതിനായിട്ട് വിലക്കപ്പെട്ടിട്ടു
ള്ള സ്ഥലങ്ങൾ ഇങ്ങിനെ ഉള്ളവകളിൽ തീവെച്ചു ദഹിപ്പിക്കുന്നവരെ
യും രാജസ്ത്രീയോടു കൂടെ ഗമിക്കുന്നവരെയും തൃണകാഷ്ഠങ്ങളെക്കൊണ്ട് അഗ്നി
യെക്കൊണ്ടു തന്നെ ദഹിപ്പിക്കേണം. ന്യായം।

പ്രകാശസ്യ ചരേത്താര കൂടശാസനകർത്തൄംശ്ച।
പ്രകൃതീനാം ച ദൂഷകാൻ സ്ത്രീബാലബ്രാഹ്മണ
ഘ്നാംശ്ച ഹന്യാദ്ദ്വിട്സേവിനസ്തഥാ।

രാജശാസനം മുതലായ ലേഖ്യങ്ങളെ കൂടമായിട്ട് ഉണ്ടാക്കുന്നവരെയും
സ്വാമ്യംഗങ്ങളായിട്ടുള്ള പ്രകൃതികളെ ഹിംസിക്കുന്നവരെയും സ്ത്രീകൾ ബാ
ലന്മാർ ബ്രാഹ്മണർ ഇങ്ങിനെ ഉള്ളവരെ കൊല്ലുന്നവരെയും ഒരു രാജാവിന്റെ
രാജ്യത്തിലും ഇരുന്നുകൊണ്ടും ആ രാജാവ് മുതലായവർക്കു ശത്രുവായിരി
ക്കുന്നവരുടെ കൂടെ സേവിച്ചു നടക്കുന്നവരിൽ ആയവരെയും ഹനിക്കേണം. ന്യായം।

പ്രാസഃ പാദികേ ശേനമൂർച്ഛ്യാൽ ദൈവൈർമ്മധ്യമഃ।
പ്രഹാരൈരുത്തമോ ഗർഭസ്യ പാതനേ ദണ്ഡ ഉത്തമഃ।

ഗർഭം ഉള്ള സ്ത്രീയെ സംഭോഗം ചെയ്തിട്ട് ഗർഭം കിഴിപ്പിക്കുന്ന സംഭോഗം ചെയ്യുന്നവനെ
ക്കൊണ്ടു പ്രഥമസാഹസവും മരുന്നു കൊണ്ടു ഗർഭം അലസിക്കുന്നവനെക്കൊണ്ടു മധ്യ
മസാഹസവും പ്രഹരിച്ച് അലസിക്കുന്നവനെക്കൊണ്ടു ഉത്തമസാഹസവും പ്രായശ്ചി
ത്തം ചെയ്യിക്കേണം. ന്യായം।

ബൃഹസ്പതിഃ ദ്വിജപ്രാപ്തൽ ലൊഭെദ്വാ രാജ്ഞാ ലൊകഹിതെഷിണാം,

നമൊക്തവ്യാ സ്സാഹസികാ സൎവ്വഭൂതഭയാവഹാഃ,

പ്രജകൾക്ക നൈരുല്യമുണ്ടാക്കെണമെന്നാഗ്രഹിക്കുന്ന രാജാവ ഒരുത്തനെന്നിൽ ഹാ ത്തനായിട്ടെങ്കിലും ദ്രവ്യമൊഹം കൊണ്ടെങ്കിലും പ്രജകൾക്ക ഭയങ്കരമായിരിക്കുന്ന സാഹസമൊഷണം ചെയ്ത നടക്കുന്നവരെ ശിക്ഷിക്കാതെ വിടരുത. അത്രൈവ

ബൊധായനഃ, ക്ഷത്രിയാദീനാം ബ്രാഹ്മണവധെ വധസൎവ്വസ്വഹരണം ച

ചെഷ്ടതെഷാമെവ തുല്യാപകൃഷ്ടവധെ യഥാനുരൂപം ദണ്ഡം പ്രകല്പയെൽ,

ക്ഷത്രിയ വൈശ്യ ശൂദ്രന്മാരി ലാരെ ലെങ്കിലും ഒരുത്തൻ ബ്രാഹ്മണവധം ചെയ്താൽ അവന്റെ സൎവ്വസ്വവും എടുത്ത അവനെയും വധിക്കെണം. ക്ഷത്രിയൻ മുതലായവരതിൽ ഒരുത്തനെ ബലാൽക്കാരം ചെയ്തവധിച്ചാൽ അവരുടെ യൊഗ്യമായിട്ടുള്ള ദണ്ഡം അവന്ന വിചാരിച്ച കല്പിക്കെണം. അത്രൈവ

ഏകഞ്ചെൽ ബഹവൊ യത്ര പ്രഹരന്തിരുഷാന്വിതാഃ,

മൎമ്മപ്രഹാരതൊ യസ്തു ഘാതകസ്സ ഉദാഹൃതഃ,

മൎമ്മഘാതിതു യസ്തെഷാം യഥൊക്തം ദാപയെദ്ദമം,

ആരംഭകൃൽ സഹായശ്ച ദൊഷഭാജസ്തദൎദ്ധതഃ,

എട്ടവനാകിലും കൂടി എത്രയും ദെഷ്യത്തൊടുകൂടി ഒരുത്തനെ അടിച്ചുകൊന്നുവെങ്കിൽ അതിൽ മൎമ്മപ്രദെശങ്ങളിൽ പ്രഹരിച്ചു കൊന്നവൻ മാത്രം ഘാതകനെന്നു ചൊല്ലപ്പെടുവൻ എന്നുള്ളതുകൊണ്ട അവന മാത്രം വധദണ്ഡം വരും. ഒരുത്തനെ കൊല്ലുന്നതിന്ന മുമ്പിൽ ആരംഭം ചെയ്തവനും അതിന്ന സഹായമായിരുന്നവൎക്കും ഘാതകന്റെ ദൊഷത്തിൽ പാതിവരും. അവനവൻ ചെയ്ത കാൎയ്യത്തിന്റെ അവസ്ഥപൊലെ വിചാരിച്ച അതിന സഹായക്കാൎക്ക പ്രായശ്ചിത്തം ചെയ്യിക്കെണം. അത്രൈവ

നാരദഃ, അവിശെഷെണ സൎവ്വെഷാമെഷ ദണ്ഡവിധിസ്മൃതഃ,

വധാദൃതെ ബ്രാഹ്മണസ്യ ന വധൊ ബ്രാഹ്മണൊൎഹതി,

മെൽ എഴുതിയ പ്രകാരം സൎവ്വജാതികൾക്കും സമമായിട്ടുള്ളത ബ്രാഹ്മണന്ന വധദണ്ഡം കല്പിക്കപ്പെടരുത. അതുപവിധിനിക്കശിച്ചിട്ടുള്ള ദണ്ഡവിധിപ്രകാരം ചെയ്യെണം.

അത്ര,

ശിരസൊ മുണ്ഡനം ദണ്ഡഃ തസ്യ നിൎവ്വാസനം പുരാൽ।

ലലാടെ ചാഭിശസ്താംകഃ പ്രയാണം ഗൎദ്ദഭെന ച।

ബ്രാഹ്മണർ മറ്റൊരുത്തനെ വധം മുതലായതു ചെയ്താൽ ആ ബ്രാഹ്മണന്റെ തലയും ചിരച്ചിട്ടു നെറ്റിയിൽ ഒന്നും കാണത്തക്കവണ്ണം അടയാളം മുദ്രയും വെച്ചു കഴുതപ്പുറത്തു കെറ്റി സ്വദെശത്തിൽനിന്നു പുറത്താക്കിക്കളയെണം। നാരദൻ।

യമഃ। ന ശരീരെ ബ്രാഹ്മണസ്യ ദണ്ഡൊ ഭവതി കൎഹിചിൽ।

ഗൃഹെഷു ബന്ധനെ ബദ്ധ്വാ രാജ്ഞ ദണ്ഡം പ്രദാപയെൽ।

അവദ്ധ്യൊ ബ്രാഹ്മണൊ ഽസ്മിൻ ലൊകെ ഽസ്മിൻ വെദെഷു ശ്രുതിഃ।

ബ്രാഹ്മണനെ ഒരിക്കലും അറിവധം മുതലായ ശരീരദണ്ഡം ചെയ്യരുതു। പിന്നെ യൊ എന്നാൽ തടവിലാക്കി ബന്ധിച്ചു ചൊവ്വൊ കൊടുക്കെണം। ബ്രാഹ്മണർ അവദ്ധ്യന്മാരെന്നു വെദത്തിൽ ചൊല്ലീട്ടും ഉണ്ടു। ഇതി സാഹസദണ്ഡവിധി। യമൻ।

ബൃഹസ്പതിഃ। ഹതശ്ച ദൃശ്യതെ യത്ര ഘാതകസ്തു ന ദൃശ്യതെ।

പൂൎവ്വവൈരാനുമാനെന ജ്ഞാതവ്യൊ ഽസൌ മഹീഭുജാ।

പ്രതിവെശ്യാനുവെശ്യൌ ച തസ്യ മിത്രാരിബാന്ധവാഃ।

പ്രഷ്ടവ്യാ രാജപുരുഷൈഃ സാമാദിഭിരുപക്രമൈഃ।

ഒരുത്തനെ മറ്റൊരുത്തൻ കൊന്നും വെച്ചു പൊയാൽ കൊന്നവനെ കണ്ടു കിട്ടാഞ്ഞാൽ മരിച്ചു പൊയവന്റെ നെരെ മുമ്പിൽ വെച്ചു ഉള്ള വൈരം അറിഞ്ഞു കൊന്നവനെ അറിയെണം। ഇപ്രകാരം താൻ മരിച്ചു പൊയവന്റെ ഭവനത്തിന്റെ സമീപത്തിങ്കൽ ഉള്ള ഭവനങ്ങളിൽ ഉള്ളവരൊടും അവന്റെ മിത്രശത്രുബന്ധുക്കൾ ഇവരൊടും സാമദാനഭെദം മുതലായിട്ടുള്ള ഉപായങ്ങളെക്കൊണ്ടു ചൊദിച്ചു വിചാരിച്ചു കൊന്നവൻ ഇന്നവനെന്നു അറിയെണം। ബൃഹസ്പതി।

ഏവം ചൊദിതാഘാതകാനാം തസ്കരാണാം ച ഭാവനഃ।

വധിച്ചു നടക്കുന്നവരെയും മൊഷ്ടിച്ചു നടക്കുന്നവരെയും അറിയെണ്ടും ഉപായം മെൽ എഴുതിയ പ്രകാരമെ ഉള്ളു എന്നു കാണ്മു। നാരദൻ।

ഗൃഹീതശക്രായായന്ത്ര തന്നേൽ ക്രായ്യ പ്രവൃത്തൌ।

ശപഥൈശ്ശുധ്യേരൊയഥാ സാക്ഷി പാദൈസ്ത്രയംസ്ഥിത॥

മെൽ എഴുതിയ പ്രകാരം വിചാരിച്ചു വരുമ്പൊൾ ഒരുത്തനെ സംശയം ഉണ്ടാ
യാൽ ആയവനെ വരുത്തി ചൊദിക്കുമ്പൊൾ അവൻ മൊഷണം മുതലായത
ഏററില്ലെങ്കിൽ സത്യ പ്രമാണം ചെയ്യിച്ചു ആയവൻ ശുദ്ധനെന്നും അശുദ്ധനെ
ന്നും അറിയെണം। എല്ലാ വ്യവഹാരത്തിലും ഇപ്രകാരമുള്ള വിധി പ്രവൃത്തി
ക്കാം। ശ്ലൊ।

ബൊധായനഃ। ഹാസ്യാൽ മിഥ്യാബ്രാഹ്മണഃ ശൂദ്രധര്‍മ്മാദിതാനാ।
ബ്രാഹ്മണാൽ ഗവാൽ പംക്തിനാം പാപിസംകരൈഃ।
ഗൃഹീതയാ വിപ്രവിശെഷശൂദ്രധര്‍മ്മ പ്രതിഷ്ഠമെ॥

ബ്രാഹ്മണർ ഹാസ്യമായിട്ടെങ്കിലും ശൂദ്രധര്‍മ്മം ചെയ്കാരുത। ബ്രാഹ്മണനും വൈശ്യനും മ
റെറാരു ബ്രാഹ്മണനും ഗൊവിനും ഉപദ്രവം ചെയ്തവനെങ്കിൽ ആയതിനു പ്രതിക്രിയ
നും പങ്ക്തികളെ ഭേദിച്ചു ജാതി സംങ്കരം വരുത്തി നടക്കുന്നവനെയും
കണ്ടാലും ഉടൻ തടുക്കം മുതലായ ധര്‍മ്മങ്ങൾ ചെയ്താലും ശൂദ്രധര്‍മ്മം എന്നെ
നെയുള്ള സംഗതികളില്ലാതെ ശൂദ്രധര്‍മ്മം ചെയ്കരുതെന്ന താല്പര്യം। ശ്ലൊ।

അഗ്നിദെ ഗരദശ്ചൈവ ശസ്ത്രപാണിർ ധനാപഹഃ।
ക്ഷെത്രദാരഹരാശ്ചൈവ ഷഡെതെ ആതതായിനഃ॥
കാത്യായനഃ। ഉദ്യതാസിർ വിഷാഗ്നിശ്ച ശാപൊദ്യതകരസ്തഥാ।
ആഥർവ്വണെന ഹന്താ ച പിശുനശ്ചൈവ രാജനി॥
ഭാര്യാതിക്രമണശ്ചൈവ വിദ്യാത് സപ്താതതായിനഃ॥

ദഹനം മുതലായതിനു വെക്കുന്നതും വിഷം കൊടുക്കുന്നവനും ആയുധങ്ങളെ കയ്യിൽ
എടുത്തു കൊല്ലുവാൻ വരുന്നവനും മറെറാരുത്തന്റെ നിലം പുരയിടങ്ങളെ അപ
ഹരിക്കുന്നവനും വിളക്കിട്ടു കൊല്ലുവാൻ വരുന്നതും കണ്ടും വെച്ചു കൊല്ലുന്ന
വനും രാജാവിനൊടു പൈശുന്യം പറയുന്നവനും ഭാര്യയെ ഉപെക്ഷിച്ചു അതി
ക്രമം ചെയ്തു നടക്കുന്നവനും ഇവരൊക്കെയും ആതതായികൾ। ശ്ലൊ।

മനു। ഗുരും വാ ബാലവൃദ്ധൌ വാ ബ്രാഹ്മണം വാ ബഹുശ്രുതം।
ആതതായിനമായാന്തം ഹന്യാദെവാവിചാരയൻ।
നാതതായിവധെ ദൊഷൊ ഹന്തുർഭവതി കശ്ചന।
പ്രകാശം വാ പ്രകാശം വാ മന്യുസ്തം മന്യുമൃഛതി।

ബാലനെങ്കിലും വൃദ്ധനെങ്കിലും വെദശാസ്ത്രസംപന്നനായിരിക്കുന്ന ബ്രാഹ്മണനെങ്കിലും ഉദാസീനനായിട്ടു ഒരു ദൊഷത്തിൽ പ്രവൃത്തിക്കാതെ ഇരിക്കുന്നവനെ ശസ്ത്രം മുതലായതു എടുത്തും കൊണ്ടു കൊല്ലുവാൻ വന്നാൽ ആയവനെ മറെറാരു പ്രകാരം തടുപ്പാൻ കഴികയില്ലെങ്കിൽ ഒരു വിചാരം കൂടാതെ കൊല്ലുകയും ആം. മെൽ എഴുതിയ പ്രകാരമുള്ള ആതതായികളെ കൊന്നതു കൊണ്ടു ദൊഷം വരികയില്ല। കൊല്ലുവാൻ വരുന്ന ആതതായിടെ കൊപത്തിനെ മറെറാരുത്തന്റെ കൊപം ഹനിക്കുന്നു। എന്നതു കൊണ്ടു ദൊഷം വരികയില്ല। ആംന്നു।

ദെവലഃ। ആത്മത്യാഗഃ പതിത്യാഗാൽ വഹ്നിവിഷാൻ വാദകാദപി।
പാദകൈരിഷ്ടിഭിഃ പ്രൊക്താ കഥമാത്മനിപാതിനഃ।

സുമന്തു। ആതതായിനി ന ദൊഷൊന്യത്ര ഗൊബ്രാഹ്മണാൽ പുനഃ।

തന്റെ പ്രാണഹാനി വരുന്ന സംഗതിയിങ്കൽ ആയുധങ്ങളെടുത്തും പ്രയത്നം ചെയ്തു രക്ഷിക്കാതെ ഉപെക്ഷിച്ചു ആത്മത്യാഗം ചെയ്യുന്നതു പരവധാമതലായ പാതകത്തെക്കാൾ വലുതായിട്ടുള്ള പാപഹെതുവായിട്ടുള്ളതാകും. ചെയ്തവനെങ്കിലും പ്രായശ്ചിത്തം ചെയ്തിട്ടും ഉണ്ടു। ആത്മത്യാഗം ചെയ്യുന്നവന ഒരിക്കലും പ്രായശ്ചിത്തം ഇല്ല। എന്നതു കൊണ്ടു കൊല്ലുവാനായിട്ടു വരുന്നവരിൽ ഗൊബ്രാഹ്മണർ ഒഴിക്കെ ശിഷ്ടമുള്ളവരെ കൊല്ലുകയും ആം। അതെ।

ആതതായിനി ചൊൽകൃഷ്ടെ തപസ്വാധ്യായജന്മതഃ।
വധസ്തത്ര തു നൈവ സ്യാൽ പാപെ ഹീനെ വധൊ ഭൃഗുഃ।

ബൃഹസ്പതിഃ। ആയതായിനമുൽകൃഷ്ടം വൃത്തസ്വാദ്ധ്യായസംയുതം।

യൊ നവാഹന്ദ്ധയത്യ്രാവതം സൊശ്വമെധഫലം ഭവെൽ।

കൊല്ലുവാൻ വരുന്നവൻ വൃദ്ധന്മാരൊ തപസ്സുകൊണ്ടെങ്കിലും വെദാദ്ധ്യാ-
യനം കൊണ്ടെങ്കിലും ജാതി കൊണ്ടെങ്കിലും കുലം കൊണ്ടെങ്കിലും തന്നെ-
ക്കാൾ ഉൽകൃഷ്ടനായിരിക്കുന്നു എങ്കിൽ അവനെ വധിക്കരുത। മെൽഎ-
ഴുതിയ ഗുണങ്ങൾ കൊണ്ട ഹീനനെങ്കിൽ വധിക്കയും ആം। തന്നെ കൊല്ലുവാൻ
വന്നൊരുൽകൃഷ്ടനെ വധിക്കാതെ ഇരുന്നു എങ്കിൽ അവന്ന അശ്വമെധഫലം
സിദ്ധിക്കും। ഇതിന്ന ആതതായിവധവിധിപ്രകരണം। സമാപ്തി।

മനു:। ഉപകാരക്രിയാ കെളിസ്പൎശൊ ഭൂഷണവാസസാം।
സഹ ഖട്വാസനഞ്ചൈവ സൎവ്വം സംഗ്രഹണം സ്മൃതം।

ഇതിസ്ത്രീസംഗ്രഹണലക്ഷണം। മറ്റൊരുത്തന്റെ സ്ത്രീക്ക സംഗതിയായി-
ട്ട ഉപകാരം ചെയ്യുന്നതും സ്ത്രീയുടെ വസ്ത്രങ്ങളെയും ആഭരണങ്ങളെയും പരി-
ഹാസത്തൊടുകൂടി സ്പൎശിക്കയും ഒരു കട്ടിൽ മുതലായതിൽ ഒന്നിച്ചിരിക്കുന്നതും
സ്ത്രീസംഗ്രഹമെന്ന ചൊല്ലപ്പെട്ടു। സമാപ്തി

ബൃഹസ്പതി:। പാപമൂലം സംഗ്രഹണം ത്രിപ്രകാരം നിബൊധത:।
ബലൊപധികൃതെ ദ്വെ തു തൃതീയമനുരാഗജം।

പാപഹെതുവായിട്ടുള്ള ഇതരസ്ത്രീസംഗ്രഹണം ബലാൽക്കാരം കൊണ്ട ചെയ്യുന്ന-
തും വ്യാജമായിട്ട നടക്കുന്നതും അനുരാഗം കൊണ്ട ഉണ്ടാകുന്നതും ഇപ്രകാരം
~~നടക്കുന്നതും അനുരാഗം കൊണ്ട ഉണ്ടാകുന്നതും ഇപ്രകാരം~~ മൂന്നവിധം। സമാപ്തി।

തൽ പുനസ്ത്രിവിധം പ്രൊക്തം പ്രഥമം മദ്ധ്യമം।
ഉത്തമം ചാനുപൂൎവ്യാൽ ത്രിയാ തെന്നൊന്മത്തപ്രമത്തയാ। സമാപ്തി।
പ്രലപന്ത്യാ രഹസി ബലാൽക്കാരകൃതന്തു തൽ।

ഇങ്ങനെ സ്ത്രീസംഗ്രഹണം പ്രഥമമെന്നും മദ്ധ്യമമെന്നും ഉത്തമമെന്നും മൂന്നവി-
ധം। പരപുരുഷസംസൎഗ്ഗത്തെ ഇച്ശിയാതെയും മദ്യപാനം മുതലായത കൊണ്ട മദി-
ച്ചിരിക്കുന്ന സ്ത്രീയൊട രഹസ്യപ്രദെശത്തിൽ വെച്ച ബലം കൊണ്ട ചെയ്യപ്പെട്ടുന്ന

ദ്രവ്യമുതലായത ബലാൽകാരകൃതം। സംഗ്രഹം।

ഉപരുദ്ധഗൃഹമാനീയ ദത്വാ വാ മദ്യകാരണം।

സായോഗസ്ത്രിയമന്യസ്യ തദുപധികൃതം വിദുഃ।

മററൊരുത്തന്റെ സ്ത്രീയെ വ്യാജമായിട്ടു തന്റെ ഭവനത്തിൽ വരുത്തിയെങ്കിലും ചിത്തഭ്രമം വരുത്താൻ തക്കവണ്ണം മദ്യം ഔഷധം മുതലായത കൊടുത്തെങ്കിലും അന്യസ്ത്രീയൊടു ചെയ്യപ്പെടുന്ന സംസർഗ്ഗത്തിനു വ്യാജകൃതമെന്നു പെര। [illegible]।

അന്യോന്യചക്ഷുരാഗേണ കൃതിസംപ്രേഷണേന വാ।

കൃതം സ്വഭാവലോഭേന ജ്ഞേയം തദനുരാഗജം।

അനുരാഗത്താൽ തമ്മിൽ സ്ത്രീസംഗ്രഹണമൊക്കെയും അനുരാഗജമെന്നു ചൊല്ലപ്പെട്ടു। സംഗ്രഹ।

ബൃഹസ്പതിഃ। കടാക്ഷക്ഷേപണം ഹാസ്യം ദൂതിസംപ്രേഷണം തഥാ।

സ്പർശോ ഭൂഷണവസ്ത്രാണാം പ്രഥമം സംഗ്രഹണം സ്മൃതം।

അന്യസ്ത്രീയും അന്യപുരുഷനും തമ്മിൽ അനുരാഗത്തൊടുകൂട കടാക്ഷം കൊണ്ടു നൊക്കുകയും ദൂതികളെ അയക്കുകയും ആഭരണ വസ്ത്രങ്ങളെ സ്പർശിക്കുകയും ഇതൊക്കെയും പ്രഥമസംഗ്രഹണമെന്നു ചൊല്ലപ്പെട്ടു। സംഗ്രഹ।

പ്രേഷണം ഗന്ധമാല്യാനാം ഫലമദ്യാന്നവാസസാം।

സംഭാഷണം ച രഹസി മദ്ധ്യമം സംഗ്രഹം വിദുഃ।

ചന്ദനം പനിനീര കസ്തൂരി മുതലായ സുഗന്ധവസ്തുക്കളും പുഷ്പങ്ങളും മാല്യം ഫലങ്ങളും മദ്യമായിരിക്കുന്ന വസ്തുക്കളും ഭക്ഷണസാധനമായിട്ടുള്ളതൊന്ന വസ്ത്രങ്ങൾ വസ്തുക്കളും ദൂതകന്മാരെക്കൊണ്ടു കൊടുത്തയക്കുന്നതും രഹസ്യസ്ഥലത്തിൽ വെച്ച അനുരാഗത്തൊടുകൂടി സംസാരിക്കുന്നതും ഇതൊക്കെ മദ്ധ്യമസംഗ്രഹണമെന്നു ചൊല്ലപ്പെട്ടു। സംഗ്രഹ।

ഏകശയ്യാസനം ക്രീഡാ ചുംബനാലിംഗനം തഥാ।

ഏതത് സംഗ്രഹണം പ്രോക്തം ഉത്തമം ശാസ്ത്രവേദിഭിഃ।

ഒരുമിച്ച മഞ്ചകത്തിൽ മുതലായ ശയനവസ്തുവിൽ ഒന്നിച്ചിരിക്കയും ഒരാസനത്തിലിരിക്കയും ആലിംഗനം ചെയ്കയും ചുംബനം ചെയ്കയും ക്രീഡിക്കയും ചെയ്യുന്നതൊക്കെയും ഉത്തമസംഗ്രഹണമെന്നു ശാസ്ത്രജ്ഞന്മാരാൽ ചൊല്ലപ്പെട്ടു। സംഗ്രഹം।

ദ്രവ്യാണ്യപി ചൈതെഷാം പ്രഥമൊ മദ്ധ്യമൊത്തമഃ।

വിനെയഃ കല്പനീയസ്താദധികൊ ദ്രവ്യനായികെ।

മെൽപ്പെട്ടൊല്ലപ്രകാരം കൂടെ വിശെഷമായിട്ടു ഇപ്പൊൾ പരസ്ത്രീസംഗ്രഹണങ്ങളെ ചെയ്യുന്ന

വരുടെ ദണ്ഡങ്ങളെ ചൊല്ലുന്നു. പ്രഥമസംഗ്രഹണത്തെ ചെയ്യുന്നവനെക്കൊ

ണ്ട പ്രഥമസാഹസവും ദ്രവ്യം അധികമുള്ളവനെങ്കിൽ ഉത്തമസാഹസങ്ങളിൽ അധി

കവും പ്രായശ്ചിത്തം ചെയ്യിക്കെണം. —ശംഖസ്മൃ।

മനുഃ। ഭിക്ഷുകാ വന്ദിനശ്ചൈവ ദീക്ഷിതാഃ കാരവസ്തഥാ।

സംഭാഷണം സഹസ്ത്രീഭിഃ കുൎയ്യുരപ്രതിവാരിതാഃ।

ഭിക്ഷുകന്മാൎക്കും സ്തുതിപാഠകന്മാൎക്കും ദീക്ഷിതന്മാൎക്കും ശില്പികൾ മറ്റൊരുത്തന്റെ

ഭവനത്തിൽ ചെന്നു സംഭാഷണം ചെയ്യാം സംഭാഷണം ചെയ്യരുതെന്നു വിലക്കിയാൽ

പിന്നെ അതിൽ അവർ ചെയ്യരുത. —മനുസ്മൃ।

നസംഭാഷാം പരസ്ത്രീഭിഃ പ്രതിഷിദ്ധഃ സമാചരെൽ।

നിഷിദ്ധൊ ഭാഷമാണസ്തു സുവൎണ്ണം ദണ്ഡമൎഹതി।

ഭവനത്തിൽ ഇരിക്കുന്ന സ്ത്രീകളൊട ഒരുവനുമായിട്ട സംസാരിക്കരുതെന്നു ഭൎത്താവുമു

തലായവർ വിലക്കിയിരിക്കുമ്പൊൾ മെൽപ്പെട്ടവയൊടുകൂടി സംസാരിച്ചുവെങ്കിൽ ദ

ണ്ഡവും പ്രായശ്ചിത്തവും ചെയ്യിക്കെണം. —മനുസ്മൃ।

യാജ്ഞവല്ക്യഃ। സ്ത്രീനിഷെധെ ശതം ദദ്യാൽ ദ്വിശതന്തു ദമം പുമാൻ।

അനിഷെധെ തയൊൎദ്ദണ്ഡൊ യഥാ

സംസാരിക്കരുതെന്നു വിലക്കിയപ്പൊൾ പരപുരുഷനൊട സംസാരിക്കെണം।

—യാജ്ഞസ്മൃ

മനുഃ പരദാരാഭിമൎശെഷു പ്രവൃത്താന്നൄന്മഹീപതിഃ।

ഉദ്വെജനകരൈൎദ്ദണ്ഡൈശ്ഛിന്നയിത്വാ പ്രവാസയെൽ। —മനുസ്മൃ।

തത്സമുത്ഥൊഹി ലൊകസ്യ ജായതെ വൎണ്ണസങ്കരഃ।

യെനമൂലഹരൊധൎമ്മഃ സൎവ്വനാശായ കല്പതെ।

ഒരുത്തന്റെ സ്ത്രീയെ സമക്ഷത്തിൽ ഉള്ളവനും സംസൎഗ്ഗം ചെയ്യുന്ന ഹെതുവായിട്ട ബ്രാ

ഹ്മണനെന്നും ശൂദ്രനെന്നും ഉള്ള ജാതിസങ്കരം ഉണ്ടാകുന്ന ഹെതുവാ

യിട്ട ധൎമ്മവും നശിച്ചു ലൊകനാശം വരുമ്പൊൾ രാജ്യത്തിലുള്ള പ്രജകൾക്ക ഹാനി

വരുന്നതാകകൊണ്ട ഇപ്രകാരം ഉള്ള ദൊഷങ്ങൾ ഒഴിയാതെ പരസ്ത്രീസംസൎഗ്ഗം ചെ

യ്യുന്ന പുരുഷന്മാരെ ഏറ്റവും കഠിനമായിട്ടു ഉള്ള ദണ്ഡം ചെയ്യിച്ചു നാടുകടത്തു

ശൂദ്രയും ധരിച്ചിട്ടു രാജ്യത്തിന്റെ വെളിയിൽ കളയെണം. [illegible]

അബ്രാഹ്മണസ്സംഗ്രഹണെ പ്രാണാന്തൊ ദണ്ഡ ഇഷ്യതെ.

ചതുൎണ്ണാമപി വൎണ്ണാനാം ദാരാരക്ഷ്യതമാസ്സദാഃ.

ബ്രാഹ്മണൻ നീക്കി ശെഷമുള്ള ക്ഷത്രിയ വൈശ്യ ശൂദ്രന്മാരെന്ന ചൊല്ലപ്പെട്ട നാലു ജാതിക്കാരിലും അപരവൎണ്ണന്റെ ഭാൎയ്യകളെ ഒക്കയും താല്പൎയ്യമായിട്ടു ദൊഷം വരാതെ സൂക്ഷിച്ചുകൊള്ളെണം. [illegible]

ഛദ്മനാകാരയെദ്യസ്തു തസ്യ സൎവ്വഹരൊ ദമഃ.

അങ്കയിത്വാ ഭഗാങ്കെന പുരാന്നിൎവ്വാസയെത്തതഃ.

അന്യസ്ത്രീയെ വ്യാജമായിട്ടു ഭവനത്തിൽ വരുത്തി സംസൎഗ്ഗം ചെയ്യുന്നവന്റെ സൎവ്വസ്വം എടുത്തു ഭഗാകാരമായിട്ടു അടയാളം ചുട്ടും ഇട്ടു രാജ്യത്തിന്റെ പുറത്തു കളയെണം. [illegible]

യാജ്ഞവല്ക്യഃ. സജാതാവുത്തമൊ ദണ്ഡഃ ആനുലൊമ്യെ തു മധ്യമഃ.

പ്രാതിലൊമ്യെ വധഃ പുംസാം സ്ത്രീണാം നാസാദികൎത്തനം.

തങ്ങളിൽ അനുരാഗത്താൽ സമജാതിയിലുള്ള അന്യസ്ത്രീയൊടും സംയൊഗിക്കുന്നവനെക്കൊണ്ടു മധ്യമസാഹസവും തന്നെക്കാൾ ഉൽകൃഷ്ടജാതിയിലുള്ള അന്യസ്ത്രീയൊടു സംയൊഗിക്കുന്നവനെക്കൊണ്ടു വധദണ്ഡവും ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കെണം. മെൽ എഴുതിയപ്രകാരം പരപുരുഷന്മാരൊടു സംയൊഗിക്കുന്ന സ്ത്രീകളുടെ മൂക്കു ചെവി മുതലായ അംഗഛെദനം ചെയ്യെണം. [illegible]

ബൃഹസ്പതിഃ. ദമൊ ഹെയസ്സമാനാനാം ഹീനായാമൎദ്ധകൊ ദമഃ.

പുംസഃ കാൎയ്യൊധികായാന്തു ഗമനെ സംപ്രമാപണം.

സമജാതിയിലുള്ള അന്യസ്ത്രീയൊടു സംയൊഗിക്കുന്നവനെക്കൊണ്ടു വ്യാജമായിട്ടു ഭവനത്തിൽ അന്യസ്ത്രീയെ വരുത്തി സംയൊഗിക്കുന്നവനു വിധിച്ചിരിക്കുന്ന ദണ്ഡവും ഹീനജാതിയിലുള്ളവളുടെ സംയൊഗം ചെയ്യുന്നവനെക്കൊണ്ടു അതിൽ പാതിയും ഉത്തമജാതിയിലുള്ള സ്ത്രീയൊടു സംയൊഗം ചെയ്യുന്നവനു വധവും ഇപ്രകാരം പ്രായശ്ചിത്തം ചെയ്യിക്കെണം. [illegible]

പിതൃസ്വസാരം മാതുശ്ച മാതുലാനീം സ്നുഷാമപി.

മാതുസ്സപത്നീം ഭഗിനീം ആചാൎയ്യതനയാന്തഥാ. [illegible]

ആചാൎയ്യപത്നീം സ്വസുതാം ഗച്ഛംസ്തു ഗുരുതല്പഗഃ.

ശിവലിംഗവധനാസ്യ സകാമായാസ്ത്രീയതനകഥാ।

അച്ഛന്റെ അമ്മയുടെയും ഉടപ്പിറന്നവളൊടും അമ്മാമന്റെ ഭാര്യയൊടും മകന്റെ ഭാര്യയൊടും സപത്നിമാരൊടും സഹൊദരിയൊടും ഗുരുപുത്രിയൊടും തന്റെ പുത്രിയൊടും സംയൊഗിക്കുന്നവൻ ഗുരുതല്പഗൻ എന്ന മഹാപാപി എന്നു ചൊല്ലപ്പെടും. അവനെ വധിക്കയും അനുരാഗം കൊണ്ടു മെൽപറഞ്ഞ പ്രകാരം സംയൊഗിക്കുന്ന സ്ത്രീയെയും അപ്രകാരം ചെയ്യിക്കെണം। ശംഖയന്തു

മനുഃ : പ്രാണാന്തികൊ ദണ്ഡഃ ബ്രാഹ്മണസ്യ വിധീയതെ।

ശെഷാണാന്തു വർണ്ണാനാം ദണ്ഡഃ പ്രാണാന്തികൊ ഭവെൽ।

വധപ്രായശ്ചിത്താവധിഷ്ഠാൻ മറ്റവർക്കു ഉള്ള ദൊഷം. ബ്രാഹ്മണൻ സംയൊഗം ചെയ്തു എങ്കിൽ അവനെ കൊണ്ടു ശുദ്ധിപ്പണവും മെൽപറഞ്ഞ പ്രകാരം പറയപ്പെട്ടവരുടെ ശൂദ്രസ്ത്രീയൊട സംയൊഗം ചെയ്ത ക്ഷത്രിയ ബ്രാഹ്മണൊ ... ൽ ശാന്താപണാ ദണ്ഡസ്യാൽ സമാപ്നനം ... । മെൽപറഞ്ഞ പ്രകാരം പറയുന്ന ഒരു ശൂദ്രന്റെ ഒരു സ്ത്രീയൊട സംസർഗ്ഗം ചെയ്യുന്നവരെ കൊണ്ടു ശുദ്ധിരംപണം പ്രായശ്ചിത്തം ചെയ്യിക്കെണം॥ ശംഖയന്തു

അഗ്രാതിശമനം ... പ്രവാസയെൽ,

ശൂദ്രസ്ത്രീ ... ഗമെവധഃ।

അന്ത്യജാതിയിലുള്ള ചണ്ഡാലസ്ത്രീ മുതലായവരൊട സംയൊഗം ചെയ്യുന്ന ബ്രാഹ്മണ ക്ഷത്രിയ വൈശ്യന്മാരെക്കൊണ്ടു മെൽപറഞ്ഞ പ്രകാരം പ്രായശ്ചിത്തം ചെയ്യിച്ചു ... നെറ്റിയിൽ കുറിയെണം. മെൽപറഞ്ഞ പ്രകാരം ശൂദ്രൻ ചെയ്തു എങ്കിൽ അവൻ ഉടനെ ചണ്ഡാലനായി ഭവിക്കും. ...।

വസിഷ്ഠഃ । ശൂദ്രശ്ചെൽ ബ്രാഹ്മണീമഭിഗച്ഛെൽ വീരണൈർവ്വെഷ്ടയിത്വാ

ശൂദ്രമഗ്നൌ പ്രാസ്യെൽ ബ്രാഹ്മണ്യാശ്ശിരസി വാപയിത്വാ।

സർപ്പിഷാഭ്യജ്യ നഗ്നാം ഖരമാരൊപ്യ മഹാപഥം।

അനുസംപ്രജെൽ പൂതാ ഭവതീതി വിജ്ഞായതെ ഏവം।

വൈശ്യൊ രാജന്യഃ ക്ഷത്രിയശ്ചെൽ ബ്രാഹ്മണീമഭിഗച്ഛെൽ।

ശരപത്രൈർവ്വെഷ്ടയിത്വാ രാജന്യമഗ്നൌ പ്രാസ്യെൽ।

ബ്രാഹ്മണ്യാശ്ശിരസി വപനം കാരയിത്വാ സർപ്പിഷാഭ്യ

ജ്യ നഗ്നാം മഹാപഥമനുസംപ്രാജയെൽ

ഉതാദവതത്തിവിജ്ഞാനെ ഏവം വൈശ്യരാജന്യൌ।
മൈഥുനമാചരം ശൂദ്രശ്ച രാജന്യവൈശ്യയൊഃ।

ബ്രാഹ്മണസ്ത്രീയൊട സംസർഗ്ഗം ചെയ്യുന്ന ശൂദ്രനെ തൃണവിശെഷങ്ങൾ കൊണ്ടു ചുറ്റി കെട്ടിച്ചുപിടിക്കുന്ന അഗ്നിയിൽ ഇടെണം. മെൽ എഴുതിയപ്രകാരം ചെയ്ത ബ്രാഹ്മണസ്ത്രീയുടെ തലക്കിണ്ണമാക്കി നഗ്നരൂപം ധരിപ്പിച്ച കഴുതപ്പുറത്ത കെറ്റി നെലയിങ്കൽ വിളക്കും പെച്ചിച്ച പെരുവഴികളിൽ പ്രസിദ്ധപ്പെടുത്തി നടത്തിക്കയും വെണം. മെൽ എഴുതിയപ്രകാരം ബ്രാഹ്മണസ്ത്രീയൊട സംസർഗ്ഗം ചെയ്യുന്ന ക്ഷത്രിയനെയും വൈശ്യനെയും ദർഭപത്രങ്ങളെ കൊണ്ടു പൊതിഞ്ഞു കെട്ടി അഗ്നിയിൽ ഇടെണം. ഇപ്രകാരം ചെയ്ത ബ്രാഹ്മണസ്ത്രീയെയും മുൻ ചൊല്ലപ്പെട്ടതിൻ വണ്ണം കഴുതപ്പുറത്ത കെറ്റി പ്രസിദ്ധപ്പെടുത്തി നടത്തിക്കയും വെണം. രാജസ്ത്രീയൊട സംസർഗ്ഗം ചെയ്യുന്ന വൈശ്യനെയും രാജസ്ത്രീയൊട സംസർഗ്ഗം ചെയ്യുന്ന ശൂദ്രനെയും അഗ്നിയിൽ പത്രങ്ങൾ കൊണ്ട പൊതിഞ്ഞ കെട്ടി ഇടെണം. ഇതി സംഗ്രഹണം. [illegible]

മനു് ഉച്ഛലം ബവതെയാതു ബ്രാഹ്മണീ മതമൊഹിതാ।
തച്ഛാദ്രഃ വാത്തയെദ്രാജ്ഞ ഖഞ്ജാതെ ബഹുസംസ്ഥിതെ। [illegible]
വൈശ്യം വാ ക്ഷത്രിയം വാപി ബ്രാഹ്മണീ സെവതെ തു യാ।
ശിരസൊ മുണ്ഡനം തസ്യാഃ പ്രയാണം ഗർദ്ദഭെന തു। [illegible]
ശതമാഹണ്യാ നാരീസ്ത്രൈലൊഭ്യ ജ്ഞുശ് നാഭിനാം।
കാമയെത്തത്ര സാ ശൂദ്രം നരസ്യാശ്ച ഉമന്ത്യതഃ। — [illegible]
ഛിന്നനാസൊഷ്ഠകർണ്ണാം പരിഭ്രാമ്യ ... യെൽ।
ഖാദയെച്ഛ്വാസാരമെയൈഃ സംസ്ഥാനെ ബഹുസംസ്ഥിതെ। [illegible]
ഭർത്താരം ലംഘയെദ്യാ തു സ്ത്രീ ജ്ഞാതിഗുണദർപ്പിതാ
Manu 8,371 താം ശ്വഭിഃ ഖാദയെദ്രാജാ സംസ്ഥാനെ ബഹുസംസ്ഥിതെ।

മടമൊഹിതയായിട്ടും കൊണ്ടെ ശൂദ്രനൊട സംയൊഗിക്കുന്ന ബ്രാഹ്മണസ്ത്രീയുടെ ഉന്നതപ്രദെശങ്ങളിൽ ചെന്നായ്ക്കളെവിട്ട കടിപ്പിക്കെണം. ക്ഷത്രിയനൊടും വൈശ്യനൊടും സംയൊഗിക്കുന്ന ബ്രാഹ്മണസ്ത്രീയുടെ തലമുണ്ഡനം ചെയ്യിപ്പിച്ച കഴുതപ്പുറത്ത കെറ്റി പ്രസിദ്ധപ്പെടുത്തുകയും വെണം. ഒരുത്തന്റെ സ്ത്രീ തന്നെ മറ്റൊരുത്തനെ ആദ്യവനത്തിൽ ചെന്ന ബ്രാഹ്മണസ്ത്രീയുടെ ഉന്നതപ്രദെശങ്ങളിൽ ചെന്നായ്ക്കളെവിട്ടു കടിപ്പിക്കെണം. ക്ഷത്രിയനൊടു വൈശ്യനൊടും സംയൊഗി

ക്കുന്ന ബ്രാഹ്മണസ്ത്രീയുടെ തലമുണ്ഡം ചെയ്യിച്ച കഴുതപ്പുറത്ത കെറ്റി പ്രസിദ്ധപ്പെടുത്തി ക്കളയെണം। ഒരുത്തന്റെ സ്ത്രീ തന്നെ മറ്റൊരുത്തന്റെ ഭവനത്തിൽ ചെന്നു ശം ക്രീഡ ചെയ്യുന്ന പുരുഷനെ മൊഹിപ്പിച്ച സംയൊഗം ചെയ്യുന്ന സ്ത്രീക്ക മുമ്പിൽ പറഞ്ഞതിന് പക്ഷം ഉള്ള ദണ്ഡങ്ങളെ കല്പിക്കെണം। ഈ പ്രകാരം ചെയ്യുന്ന സ്ത്രീയൊടു സംയൊഗം ചെയ്യുന്ന പുരുഷനും സ്ത്രീസംഗ്രഹണത്തിൽ പുരുഷനു വിധിച്ചിരിക്കുന്ന ദണ്ഡത്തിനു പ്രായശ്ചിത്തം ചെയ്യിക്കെണം। തന്റെ ഭർത്താവിനെ ലംഘിച്ച സൌന്ദര്യാതിശയമായിട്ടു ഉള്ള വ്യവഹാരം കൊണ്ട പരപുരുഷ സംസർഗ്ഗം ചെയ്യുന്ന സ്ത്രീകളുടെ ചെവിയും മൂക്കും മുറിച്ച സ്ത്രീകളുടെ ഉറുപ്പത്തിൽ ചെന്നായ്ക്കളെ വിട്ടു കടിപ്പിക്കെണം। ഇതി യാജ്ഞവല്ക്യം

ബൃഹസ്പതിഃ। അതിശയന്തി യാ സ്ത്രീ ഗച്ഛന്തീം വാസയെൽഗൃഹെ।
മലിനാം ഭൂമിശയ്യാം പിണ്ഡമാത്രൊപജീവനീം।

പരപുരുഷ സംസർഗ്ഗത്തെ ഉപേക്ഷിയാതെ രക്ഷിക്കപ്പെട്ടു വരുന്ന സ്ത്രീയൊടും മറ്റൊരു പുരുഷൻ സംയൊഗം ചെയ്ത ദൊഷം പരത്തിയാൽ സ്ത്രീക്ക മലിനമായിട്ടുള്ള വസ്ത്രവും ചൊറും കൊടുത്ത ഭവനത്തിൽ തന്നെ ഒരു പുരയും കെട്ടി കൊടുത്ത പാർപ്പിക്കെണം। ഇതി അവിഭജ്യ നിരൂപണം। ഇതി യാജ്ഞവല്ക്യം

വ്യാസഃ। വിദ്യാപ്രാപ്തം ശൌര്യധനം യച്ച സൌദായികം ഭവെൽ।
വിഭാഗകാലെ തത്തസ്യ നാന്വെഷ്ടവ്യം സ്വരിക്ഥിഭിഃ। ഇതി യാജ്ഞ
വിദ്യാശൌര്യശ്രമൈർല്ലബ്ധം സ്ത്രീധനം മധുപർക്കികം।
മൈത്രമൌദ്വാഹികം ഭ്രാതൃഭിസ്തന്ന വിഭജ്യതെ। ഇതി യാജ്ഞവല്ക്യ
ക്രമാദഭ്യാഗതം ദ്രവ്യം ഹൃതമപ്യുദ്ധരെത്തു യഃ।
ദായാദെഭ്യൊ ന തദ്ദദ്യാൽ വിദ്യയാ ലബ്ധമെവ ച।

ദായാദിക്കാരർക്ക പകുത്ത കൊടുപ്പാൻ ആയ്‌വരാത്ത ദ്രവ്യങ്ങളുടെ സ്വരൂപത്തെ ചൊല്ലുന്നു। ഒരു കുഡുംബത്തിൽ ഒരുത്തൻ തവിടെടുത്തിട്ടും ചെന്ന വിദ്യാഭ്യാസം ചെയ്ത വിദ്യാമൂലമായിട്ട സമ്പാദിച്ച ദ്രവ്യവും തന്റെ ശൌര്യം കൊണ്ടുണ്ടാക്കുന്ന ദ്രവ്യവും വിവാഹസംബന്ധം കൊണ്ട വന്നുചേരുന്ന ദ്രവ്യവും താൻ തന്നെ ഒരു ദിക്കിൽ ചെന്ന കൃഷിയിട്ടുണ്ടാക്കിയതും താനായിട്ട ഒരുത്തനെ സെവിച്ചുണ്ടാക്കിയതും സ്നെഹാൽ ബന്ധുക്കൾ ഉപകരിപ്പിക്കുന്ന സമയത്ത ദായാദിക്കാർക്ക പകുക്കപ്പെ

ഇപ്രകാരം പുത്രന്മാരുടെ പാരമ്പര്യത്തിൽ ഉണ്ടായിരുന്ന വസ്തു മറെറാരുത്തന്റെ ബലാൽക്കാരമായിട്ട് അപഹരിച്ചു കൊണ്ടുപോയതിനെ ഒരുത്തൻ തിരിയെ വാങ്ങുന്നു യതൽ അതും ദായാദിക്കാരക്ക് പകുക്കയില്ല. എന്തെന്നാൽ.

പരമ്പരാഗതാപയോഗേന പിത്ര്യം പ്രാപ്തം തന്ത്രയാ।
തയാ പ്രാപ്തമവിധിനാ പിത്ര്യം പ്രാപ്തമുച്യതെ. എന്തെന്നാൽ
ശിഷ്യാന്തെവാസിതം ലബ്ധം ഭൂതാത് സന്യാസത്തിൽ ജ്ഞാനമെത്ര്യാൽ।
ധനജ്ഞാനദം സനാതാദാലബ്ധം പാരമ്പര്യമനാച്ച യെൽ।
വിദ്യാധനമിത്യാഹുഃ സാമാന്യായ ദത്തൊരുധാ।

വിദ്യാധനത്തിന്റെ ലക്ഷണത്തെ ചൊല്ലുന്നു. അച്ഛൻ മുതലായവര സമ്പാദിച്ചിരിക്കുന്ന വസ്തുവിനെക്കൊണ്ട് അഹോവൃത്തി കഴിച്ച അഭ്യസിച്ച വിദ്യ ഇല്ലാതെ അന്യന്മാരുടെ അരികെ ചെന്ന ഭക്ഷിച്ച അന്യമഠ അഭ്യസിച്ച വിദ്യകൊണ്ടുണ്ടാക്കിയ ധനവും ശിഷ്യപ്രാപ്യായനം കൊണ്ടുണ്ടാക്കിയ ദ്രവ്യവും വിദ്യാധനമെന്ന ചൊല്ലപ്പെട്ടു. ഇപ്രകാരം അല്ലാതെ കുടുംബം വകകൊണ്ട് അഹോവൃത്തി കഴിച്ച കുടുംബത്തിലുള്ളവരോട് അഭ്യസിച്ചവന വിദ്യ കൊണ്ടുണ്ടാക്കിയ ധനം എല്ലാവൎക്കും പൊതുവായിട്ടുള്ളത്. എന്തെന്നാൽ.

കാത്യായനഃ। നാവിദ്യാനാന്തു വൈദ്യെന ദെയം വിദ്യാധനം ക്വചിൽ
സമവിദ്യാധികാനാന്തു ദെയം വൈദ്യെന തദ്ധനം।

മെൽ എഴുതിയപ്രകാരം സമ്പാദിച്ച വിദ്യാധനം അവിദ്വാന്മാരായിട്ടുള്ള സഹോദരന്മാൎക്കും പങ്കിൽ പകുക്കയില്ല. തന്നെക്കാൾ അധികമായിട്ട വിദ്യയുള്ളവരെക്കൂടി പകുത്തു കൊടുക്കണം. എന്തെന്നാൽ.

നാരദഃ। ശൌൎയ്യ ഭാൎയ്യാധനെ ഹിത്വാ യച്ച വിദ്യാധനം ക്വചിൽ।
ത്രീണ്യെതാന്യവിഭാജ്യാനി പ്രസാദൊ യശ്ച പൈതൃകഃ।

ശൌൎയ്യം കൊണ്ടുണ്ടാക്കിയതും സ്ത്രീധനമായിട്ട വന്നതും വിദ്യാധനവും അച്ഛൻ ഒരുത്തന പ്രസാദിച്ചു കൊടുത്തതും പങ്കുമ്പൊൾ ദായാദികൾക്ക് പകുക്കയില്ല. എന്തെന്നാൽ.

ബൃഹസ്പതിഃ। പിതാമഹപിതൃഭ്രാതൃ ബന്ധുമാതൃ ചയൽ ഭവെൽ।
തന്ന്യന്നാവഹൎത്തവ്യം ശൌൎയ്യഭാൎയ്യാധനം തഥാ। എന്തെന്നാൽ
അനവഷ്ടൻ പിതൃദ്രവ്യം ശ്രമണെ യദുപാൎജ്ജിതം

~~[illegible]~~

സ്വയമൎജ്ജിതലബ്ധൻ നാമൊ ഭ്രാതൃമവാപ്തി।

അച്ഛൻെറ അംശമനം അംശമനമമ്മയും പ്രസാദിച്ചു സംഗതിപൊലെ കൊടുത്ത
തും ശൌൎയ്യംകൊണ്ടുണ്ടാക്കിയതും പിതൃദ്രവ്യമിച്ചാതെ താനായിട്ടു ശ്രമിച്ചുണ്ടാ
ക്കിയതും ദായാദന്മാൎക്കു കൊടുക്കുന്നതിന തനിക്കു മനസ്സില്ലെങ്കിൽ കൊടു
ക്കെണ്ടുന്നവശ്യമില്ല. [illegible]।

വസ്ത്രം പത്രമലങ്കാരം കൃതാന്നമുദകം സ്ത്രിയം।
യൊഗക്ഷെമപ്രചാരഞ്ച നവിഭാജ്യം പ്രചക്ഷതെ। [illegible]।
ഏകാസ്ത്രീകാരയെൽ കൎമ്മ യഥാംശെന ഗൃഹെ ഗൃഹെ।
ബഹ്വ്യസ്സമാംശതൊ ദെയാ ദാസാനാമപ്യയം വിധിഃ।

പകുക്കുന്നതിനമുമ്പിൽ അവരവരധരിച്ചിരിക്കുന്ന വസ്ത്രവും അലങ്കാരവും ചെ
ലവിന്ന ഉളള പൊതുക്കടവും ദാസ്യവൃത്തിചെയ്യുന്നസ്ത്രീയും ഇരിക്കുന്നസമ്പ
ത്തിനെ കാൎയ്യാധികമുണ്ടാകുന്നതിനെ വെച്ചിരിക്കുന്ന ധൎമ്മവും ഇരിക്കുന്നതു
രക്ഷിപ്പാൻ നിൎക്കിരിക്കുന്ന ചാരപാലന്മാർ മുതൽ പെരും ഇവരൊക്കെയും പ
കുത്തെടുക്കരുത. കിണറമുതലായതിൽ ഉളള വെളളവും വഴിയിടം മുതലായ പക
ളും പകുത്തെടുക്കരുത. ദാസി ഒരുത്തിതന്നെ എങ്കിൽ അവളെക്കൊണ്ടു എല്ലാവ
രുടെ ഭവനത്തിലും ഭവനം വിധിച്ചു വെല ചെയ്യിക്കെണം. ദാസന്മാരും ദാസി
കളും പലരെങ്കിൽ സമമായിട്ടു പകുത്തുകൊളെളണം. [illegible]।

നാരദഃ। കുടുംബം ബിഭൃയാൽ ഭ്രാതുഃ യൊ വിദ്യാമധിഗച്ഛതഃ।
ഭാഗം വിദ്യാധനാൽ തസ്മാൽ സലഭെതാശ്രുതൊപിസൻ।

കൂടപ്പിറന്നതിൽ ഒരുത്തൻ കുടുംബകാൎയ്യം വിചാരിച്ചു കുടുംബത്തിൽ ഉളള
ആളുകളെ രക്ഷിച്ചുവരുമ്പൊൾ മറ്റൊരുത്തൻ വിദ്യാഭ്യാസം ചെയ്തുണ്ടാക്കിയ
ധനത്തിന കുടുംബം ഭരിച്ചുവരുന്നവൻ വിദ്വാനെങ്കിലും അവനപകുത്ത
കൊടുക്കെണം. [illegible]।

അവിദ്യാനാന്തു സൎവ്വെഷാമീഹാതശ്ചെദ്ധനം ഭവെൽ।
സമസ്തത്ര വിഭാഗസ്യാൽ അപിത്ര്യ ഇതി ധാരണം।

എല്ലാവരും അവിദ്വാന്മാരായിരിക്കുമ്പൊൾ അവൎക്കിഷ്ടിയധനവും എല്ലാവരും

സമമായിട്ടു പകുത്തുകൊള്ളണം. എന്തെന്നാൽ

വ്യാസഃ। സാധാരണം സമാശ്രിത്യ യത്കിഞ്ചിദ്വാഹനായുധം।
ശൌര്യാദിനാപ്നോതി ധനം ഭ്രാതരസ്തത്ര ഭാഗിനഃ।
തസ്യ ഭാഗദ്വയം ദേയം ശെഷാസ്തു സമഭാഗിനഃ।

സാധാരണത്തിൽ പൊതുവായിരിക്കുന്നദ്രവ്യമെടുത്ത അതു മൂലമായിട്ടുണ്ടാക്കിയ വാഹനം ആയുധം മുതലായതിലും ആ ദ്രവ്യം സംബന്ധിച്ച ശൌര്യാദികൾ കൊണ്ടുണ്ടാക്കിയതിലും ഭ്രാതാക്കന്മാർ എല്ലാവർക്കും പകുക്കുമ്പൊൾ അംശം സിദ്ധിക്കും. അതിൽ ദ്രവ്യമുണ്ടാക്കിയവന ഒരുപങ്കു അധികം കൂട്ടിക്കൊടുക്കണം. എന്തെന്നാൽ

പുരുഷസ്യ സ്ത്രിയശ്ചൈവ ധർമ്മെ വർത്മനി തിഷ്ഠതൊഃ।
സംയൊഗെ വിപ്രയൊഗെ ച ധർമ്മാൻ വക്ഷ്യാമി ശാശ്വതാൻ।

ശാസ്ത്രങ്ങളിൽ ചൊല്ലിയിരിക്കുന്ന മാർഗ്ഗത്തിൽ പ്രവൃത്തിച്ചിരിക്കുന്ന സ്ത്രീപുരുഷന്മാർ തങ്ങളിൽ ഒന്നിച്ചിരിക്കുമ്പൊഴും ഭർത്താവ ദെശാന്തരത്തിൽ പൊയിരിക്കുമ്പൊഴും അവർ ചെയ്യെണ്ടും പ്രകാരത്തെ ചൊല്ലുന്നു. എന്തെന്നാൽ

അസ്വതന്ത്രാഃ സ്ത്രിയഃ കാര്യാഃ പുരുഷൈഃ സ്വൈർദിവാനിശം।
വിഷയെ സജ്ജമാനാശ്ച സംസ്ഥാപ്യാ ആത്മനൊ വശെ।

സ്ത്രീകളെ അസ്വതന്ത്രകളായിട്ടു വെച്ചു രക്ഷിക്കെണം. സ്ത്രീകൾക്കു സ്വാതന്ത്ര്യം ഒന്നിനും കൊടുക്കരുത. ഒരു കാര്യത്തിൽ പ്രവൃത്തിച്ചെങ്കിലും അതിൽനിന്നു ആത്മവശത്തിനാക്കി കൊള്ളെണം. എന്തെന്നാൽ

രക്ഷെൽ കന്യാം പിതാ വിന്നാം പതിഃ പുത്രാസ്തു വാർദ്ധകെ।
അഭാവെ ജ്ഞാതയസ്തെഷാം സ്വാതന്ത്ര്യം ന ക്വചിൽ സ്ത്രിയഃ। എന്തെന്നാൽ

പിതാ രക്ഷതി കൌമാരെ ഭർത്താ രക്ഷതി യൌവനെ।
പുത്രസ്തു സ്ഥവിരെ ഭാവെ ന സ്ത്രീ സ്വാതന്ത്ര്യമർഹതി।

കന്യകയായിട്ടു മറ്റൊരുത്തന വെള്ളികഴിച്ചു കൊടുക്കാതെ ഇരിക്കുമ്പൊൾ അച്ഛനും വിവാഹനന്തരത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രന്മാരും സ്ത്രീകളെ രക്ഷിക്കെണം. ഇവരാരുമില്ലെങ്കിൽ ജ്ഞാതികൾ രക്ഷിക്കെണം. ഇപ്രകാരമല്ലൊ

തെസ്ത്രീകൾക്ക ഒന്നിനെ സ്വാതന്ത്ര്യമില്ല. എന്നൎത്ഥം.

അനാഖ്യായ ദദൻ ദോഷം ദണ്ഡ്യ ഉത്തമസാഹസം।
അദുഷ്ടാം യസ്ത്യജെൽ കന്യാം ദൂഷയൽശ്ച മൃഷാ ശതം।

കന്യകക്കു ഒരു ദൊഷം ഉണ്ടായിരിക്കുമ്പൊൾ ആയതവെളിയിൽ പറയാതെ മറെ ച്ചു ചെറുക്കന കൊടുക്കുന്നവനെക്കൊണ്ട ഉത്തമസാഹസവും ഒരുദൊഷം ഇല്ലാ തെ ഇരിക്കുന്ന കന്യകയെ ത്യജിക്കുന്നവനെക്കൊണ്ടും ദൊഷ്ടായിട്ട ദൊഷം പ റയുന്നവനെക്കൊണ്ടും അറുപ്പണം പ്രായശ്ചിത്തം ചെയ്യിക്കെണം. എന്നൎത്ഥം

ബൃഹസ്പതിഃ। സൂക്ഷ്മെഭ്യൊപി പ്രസംഗെഭ്യൊ രക്ഷ്യാ സ്ത്രീ ച ബന്ധുഭിഃ
സ്വകാമെ വൎത്തമാനായാ സ്നെഹാന്നവാരിതാ।
അപത്യാസാദ്ഭവെൽ പശ്ചാൽ യഥാ വ്യാധിരുപെക്ഷിതഃ।

സ്ത്രീകളെ പരപുരുഷസംഭാഷണസംസൎഗ്ഗം മുതലായവ വരാതെ ഇരിക്കത്തക്കവ ണ്ണം ബന്ധുക്കൾ നല്ലവണ്ണം സൂക്ഷിച്ചുകൊള്ളെണം. ചെറുപ്പമായിരിക്കുമ്പൊൾ വാത്സല്യംകൊണ്ടെ സ്ത്രീകളുടെ ഇഷ്ടപ്രകാരം തന്നെ നടന്നാലും ബന്ധുക്കൾ വിലക്കാതെ ഉപെക്ഷിച്ചിരുന്നാൽ ഉടനെ ഔഷധം സെവിക്കാതെ ഇരുന്ന വ്യാധികൾ പൊലെ നിൎത്തുവാൻ വഹിയാതെ ഔഷധങ്ങൾകൊണ്ടെ അപായിനാം ഉണ്ടായിട്ട ഭവിക്കും. എന്നൎത്ഥം.

യാദൃശം ഭജതെ ഹി സ്ത്രീ സുതം സൂതെ തഥാവിധം।
അതഃ പ്രജാവിശുദ്ധ്യൎത്ഥം സ്ത്രിയൊ രക്ഷ്യാഃ പ്രയത്നതഃ।

സ്ത്രീകൾ യാതൊരു ജാതിയിൽ യാതൊരു വിധത്തിലുള്ള പുരുഷന്മാരെ ആശ്രയിക്കു ന്നു എന്നാൽ ആ പുരുഷന്മാരുടെ ഗുണങ്ങളെ അനുസരിച്ചു കുട്ടികളുണ്ടാകു ന്നതാകകൊണ്ടെ അധമന്മാരെ ആശ്രയിച്ചാൽ കുട്ടികൾക്കും അശുദ്ധിവ രുന്നതാകകൊണ്ടെ അവ വരാതെ ഇരിക്കെണ്ടുന്നതിനായിട്ട സ്ത്രീകളെ ഏറ്റ വും പ്രയത്നം ചെയ്തു സൂക്ഷിക്കെണം. ഇതി സ്ത്രീരക്ഷണം. എന്നൎത്ഥം.

ഋതുസ്നാതാ തു യാ നാരീ ഭൎത്താരം നൊപസൎപ്പതി।
സാം ഗ്രാമമദ്ധ്യെ വിഖ്യാപ്യ ഭ്രൂണഘ്നീതി വിവാസയെൽ।

ഋതുസ്നാനം ചെയ്തുവരുന്ന യാതൊരു സ്ത്രീ ഭൎത്താവിനൊടു സംയൊഗം ചെ

ക്ഷന്തിന സമ്മതിക്കാതെയും ഭൎത്താവിന്റെ സമീപത്തിൽ ചെല്ലാതെയും വരുക്ക
ന്നതാകുന്നാൽ ആ സ്ത്രീയെ ഗ്രാമത്തിലുള്ള ജനങ്ങളുടെ മദ്ധ്യത്തിൽ വരുത്തി ദുൎന്നട
ത്തിദൊഷം ചെയ്തവളെന്ന പ്രസിദ്ധ ചെയ്തു ഗ്രാമത്തിന്റെ വെളിയിൽ ആക്കെണം. എണ്പതാം

അപ്രജാം ദശമെ വൎഷെ സ്ത്രീപ്രജാം ദ്വാദശെ ത്യജെൽ.

ഋതവൎഷ ജഗൎഭം ധരിച്ചു പ്രസവിച്ചില്ലെങ്കിൽ സ്ത്രീയെ പത്തു സം
വത്സരത്തിന്മെലും സ്ത്രീപ്രജയായിട്ടത്രെ പ്രസവിച്ചു വരുന്നവളെ പന്ത്രണ്ടു
സംവത്സരത്തിന്മെലും മൃതപ്രജകളെ പ്രസവിക്കുന്നവളെ പതിനഞ്ചു സംവ
ത്സരത്തിന്മെലും ദ്വെഷിക്കയും ആയും ഇങ്ങിനെയുള്ളവൎക്ക അന്നവസ്ത്രങ്ങളെ
കൊടുത്ത ഭവനത്തിൽ തന്നെ പാൎപ്പിച്ചു പുത്രന്മാരാകുന്നതിനു വെറെ വിവാഹം
കഴിച്ചുകൊള്ളെണമെന്ന താല്പൎയ്യം. ഭൎത്താവിനൊടു സഹാസാപ്രിയം പറഞ്ഞു പാൎക്കു
ന്ന സ്ത്രീയെ ഉടനെ ഉപെക്ഷിക്കെണം. എണ്പത്.

ഭാൎയ്യായൈഃ വ്യഭിചാരിണ്യൈ വരിഷ്ഠാ ഗൊന വിദ്യതെ.
ഗ്രാസാൽ പിണ്ഡം കുചെലഞ്ച അധശ്ശയ്യാഞ്ച ശായയെ.

വ്യഭിചാരദൊഷം പറ്റിയിരിക്കുന്ന ഭാൎയ്യക്ക ജീൎണ്ണവസ്ത്രവും ചെറും കൊടുത്ത
ഒരുപുരയും കൊടുത്ത അതിൽ പാൎപ്പിക്കെണം വെറിയിൽ കിടക്കരുത. എണ്പത്തൊന്ന

പൂൎവ്വൊത്ഥാനം ഗുരുഷ്വഗ്രെ ഭൊജനപശ്ചാൽക്രിയ.
ജഘന്യാശനശായിത്വം കുലസ്ത്രീണാം പ്രകീൎത്തിതം.

കുലസ്ത്രീകൾ നടക്കെണ്ടും പ്രകാരത്തെ ചൊല്ലുന്നു. ഗുരുജനങ്ങളെ കണ്ടാൽ ഉടനെ എ
ഴുനീല്ക്കയും ഗുരുജനങ്ങളെ പൂജിക്കയും ഗുരുജനങ്ങൾ ഭക്ഷിച്ചതിൽ പിന്നെ ഉണ്ടെ
തുകൊണ്ടു ഭക്ഷിക്കയും ഇപ്രകാരം ഒക്കെയും ചെയ്യെണം. എണ്പത്തിരണ്ട.

ദ്വാരൊപവെശനം നിത്യം ഗവാക്ഷാവെക്ഷണം തഥാ
അസൽപ്രലാപൊ ഹാസ്യഞ്ച ദൂഷണം കുലയൊഷിതാം.

വാതിൽപുറത്തും പടിപ്പുരക്കൽ വെളിയിൽ വന്നിരിക്കുകയും ഗവാക്ഷമാൎഗ്ഗമായിട്ട
വെളിയിൽ പൊകുന്നവരെ നൊക്കുകയും ദുഷ്ടസംസാരിക്കുകയും ഹാസ്യം ചെയ്കയും
ഇതൊക്കെയും കുലസ്ത്രീകൾക്കു ദൂഷണമായിട്ടുള്ളത. എണ്പത്തിമൂന്ന.

സ്ത്രീസാശരീരസംസ്കാരസമാജൈഃ സ്വപ്നദൎശനം

ഹാസ്യം പരഗൃഹം യാനം ത്യജെൽ പ്രൊഷിതഭൎത്തൃകാ॥

ഭൎത്താവ ദെശാന്തരത്തിൽ പൊയിരിക്കുമ്പൊൾ സ്ത്രീകൾ വിശെഷാന്നങ്ങളെ തച്ചൊ
ഷ്ണം വസ്ത്രമലരാദി കൊണ്ടു ക്രീഡിക്കയും നഖത്തിന്റെ പക്കം ശരീരത്തിനെ അലങ്കരി
ക്കയും ജനങ്ങൾ കൂടിയിരിക്കുന്നെടത്തിൽ ചെല്ലുകയും ഉത്സവം നൊക്കുകയും പര
ഗൃഹത്തിൽ വസിക്കയും വാഹനങ്ങളിൽ കെറുകയും ചിരിക്കയും ചെയ്യരുത। എന്നൎത്ഥം

മൃതെ ഭൎത്തരി യാ നാരീ സമാരൊഹെൽ ഹുതാശനം।
സാരുന്ധതിസമാചാരാ സ്വൎഗ്ഗലൊകെ മഹീയതെ।

ഭൎത്താവ മരിച്ചു പൊയാൽ ആ ഭൎത്താവൊടു കൂടി ചിതയിൽ കെറി അഗ്നിപ്ര
വെശം ചെയ്യെണം. ഇപ്രകാരമുള്ള സ്ത്രീ അരുന്ധതി ദെവിക്കു സമമായി
ട്ടു ഭവിച്ചു സ്വൎഗ്ഗലൊകത്തെ പ്രാപിക്കയും ചെയ്യും എന്നൎത്ഥം।

പൃഥക്ചിതിം സമാരുഹ്യ ന വിപ്രാ ഗന്തുമൎഹതി।
ദെശാന്തരമൃതെ തസ്മിൻ സാദ്ധ്വീ തൽപാദുകാദ്വയം। എന്നൎത്ഥം
നിധായൊരസി സംശുദ്ധാ പ്രവിശെജ്ജാതവെദസം।
തന്ന്യാദ്ഭൎത്തൃപരമാ പരാവരമതാലസാ। എന്നൎത്ഥം
ക്രീഡതെ പതിനാ സാൎദ്ധം യാവദിന്ദ്രാശ്ചതുൎദ്ദശ।

വിഷ്ണുഃ। മൃതെ ഭൎത്തരി ബ്രഹ്മചൎയ്യം തദന്വാരൊഹണം വാ।

ഭൎത്താവ മരിച്ചതിൽ പിന്നെ ഉടനെ അഗ്നിപ്രവെശം ചെയ്യാതെ പെറ്റു ഉള്ളിത്ത
യിൽ ഏറിട്ടു ഉള്ള അഗ്നിപ്രവെശം ചെയ്യരുത। ഭൎത്താവ ദെശാന്തരത്തിൽ ചെന്ന അ
വിടെ തന്നെ മരിച്ചു പൊയാൽ ഭാൎയ്യ കെട്ടു കെട്ടുമ്പൊൾ ആ ഭൎത്താവിന്റെ പാദുകങ്ങളെ
ഉവപക്ഷപ്രദെശത്തിങ്കൽ ഏറ്റു വെച്ചുംകൊണ്ടു ഏറ്റവും ഭക്തിശ്രദ്ധയൊടും കൂടി
അഗ്നിയിൽ പ്രവെശിക്കെണം। ഇപ്രകാരം ചെയ്യുന്ന സ്ത്രീക്കു പതിന്നാല ഇന്ദ്രന്മാ
ർ വാഴുന്നെടത്തൊളം സ്വൎഗ്ഗലൊകത്തിൽ ഏറ്റവും സൌഖ്യമായിട്ടു തന്റെ ഭൎത്താ
വിനൊടു കൂടി വസിച്ചു ക്രീഡിച്ചാൻ സംഗതിവരും. ഭൎത്താവ ദൊഷയുക്തനാകുന്നു എ
ങ്കിലും ഇപ്രകാരം ചെയ്യുന്ന ഭാൎയ്യയുടെ പാതിവ്രത്യമാഹാത്മ്യം കൊണ്ടു ശുദ്ധനായിട്ടു
ഭവിച്ചു ആയവനും സ്വൎഗ്ഗലൊകത്തെ പ്രാപിക്കുമെന്നു താല്പൎയ്യം।, ഭൎത്താവ മരിച്ചു പൊ
യാൽ ഭാൎയ്യ മെൽ എഴുതിയ പ്രകാരം ചെയ്യെണം അല്ലെ ങ്കിൽ വിധവകൾ ശാസ്ത്രത്തി
ൽ പറഞ്ഞിരിക്കുന്നതിൻ വണ്ണം ഉള്ള നിയമത്തൊടു കൂടി ഇരിക്കെണം। ഇതിന്നു
എം സംശയം വിവാദപദം സമാപ്തം। ഇനി ദായവിഭാഗപ്രകരണം എന്നൎത്ഥം।

നാരദഃ। വിഭാഗൊൎത്ഥസ്യ പിത്ര്യസ്യ പുത്രൈൎയ്യത്രൊപകല്പതെ।
ദായഭാഗ ഇതി പ്രൊക്തം തദ്വിവാദപദം ബുധൈഃ।

അഛന്റെയും അമ്മയുടെയും വകയായിട്ടുള്ള വസ്തുക്കളെ പുത്രന്മാര എല്ലാവരും വിഭജിച്ചു പകുത്തെടുക്കുന്നതിന ദായഭാഗമെന്ന പെര. ആയത വ്യവഹാരപദമെന്നും ചൊല്ലപ്പെട്ടു. മനുവചനം

ഊൎദ്ധ്വം പിതുശ്ച മാതുശ്ച സമെത്യ ഭ്രാതരം സമം।
ഭജെരൻ പൈതൃകം രിക്ഥം അനീശാസ്തെ ഹി ജീവതൊഃ।

അഛനും അമ്മയും കഴിഞ്ഞു പൊയതിൽ പിന്നെ അവരുടെ വസ്തുവകകളെ പുത്രന്മാരായിട്ടുള്ളവര എല്ലാവരും കൂടി പകുത്തെടുക്കെണം. അഛനും അമ്മയും ജീവിച്ചിരിക്കുമ്പൊൾ അവരുടെ വസ്തുവകയിൽ പുത്രന്മാൎക്ക സ്വാതന്ത്ര്യം ഇല്ല. [illegible]

ദെവലഃ। പിതൎയ്യുപരതെ പുത്രാ വിഭജെയുഃ പിതുൎദ്ധനം।
അസ്വാമ്യം ഹി ഭവെദെഷാം നിൎദ്ദൊഷെ പിതരി സ്ഥിതെ।

അഛന വസ്തുവകയിൽ ഇഛയില്ലാതെ ആകിലും ഒരു ദൊഷയുക്തനായിട്ടെങ്കിലും പൊയാൽ അഛന്റെ വകയായിട്ടുള്ള ദ്രവ്യത്തിനെ അഛൻ ജീവിച്ചിരിക്കെ തന്നെയും പുത്രന്മാൎക്ക പകുത്തെടുക്കാം. അഛൻ മെൽ ചൊല്ലിയ പ്രകാരമില്ലാതെ ദ്രവ്യം ഇഛയുള്ളവനായും ദൊഷം ഇല്ലാത്തവനായും ഇരുന്നുവെങ്കിൽ അപ്പൊൾ അഛന്റെ വകയിൽ പുത്രന്മാൎക്ക സ്വാതന്ത്ര്യമില്ലായ്കകൊണ്ട അഛന്റെ സമ്മതമില്ലാതെ പകുത്തെടുക്കരുത. ശംഖൻ.

പിത്രൊരഭാവെ ഭ്രാതൄണാം വിഭാഗസ്സംപ്രദൎശിതഃ।
മാതുൎന്നിവൃത്തെ രജസി ജീവതൊരപി ശസ്യതെ। ശംഖലിഖിതൌ।

നാരദഃ। മാതുൎന്നിവൃത്തെ രജസി പ്രത്താസു ഭഗിനീഷു ച।
നിവൃത്തെ ചാപി രമണാൽ പിതൎയ്യുപരതസ്പൃഹെ।

അഛനും അമ്മയും മരിച്ചു പൊയാൽ പിന്നെ അതിൽ പുത്രന്മാര എല്ലാവരും കൂടി അഛന്റെയും അമ്മയുടെയും വസ്തുവകകൾ പകുത്തെടുക്കെണം. മാതാവിന വയസ്സു കൊണ്ട ഋതുനിവൃത്തി വന്നാൽ മാതാപിതാക്കൾ ജീവിച്ചിരിക്കുമ്പൊഴും മാതാപിതാക്കളുടെ വക പകുത്തു കൊള്ളുകയും ആം. സഹൊദരികൾ ഉണ്ടെങ്കിൽ അവൎക്ക വിവാഹം ആയത കഴിഞ്ഞിട്ടില്ലെങ്കിൽ പൊതുദ്രവ്യത്തിൽനിന്ന എടുത്ത വിവാഹം കഴി

-ച്ചിട്ട പിന്നെത്തതിൽ പകുതിചെയ്തുകൊള്ളെണം। ഇപ്രകാരം അഛൻ ജീവിച്ചി
രിക്കുമ്പൊഴും അഛനവർക്കു വക ഇഷ്ടമായിതെ ഇരുന്നാൽ അഛന്റെ വക പകുത്തു
കൊള്ളാം। ഇതിവിഭാഗകാലഃ। [illegible]

ജീവതി പിതരി പുത്രാണാമർത്ഥാദാനവിസർഗ്ഗാക്ഷെപെഷ്വസ്വാതന്ത്ര്യമിതി।

അഛൻ ജീവനൊടുകൂടെ പ്രാപ്തിയുള്ളവനായിരിക്കുമ്പൊൾ അഛന്റെ സമ്മതം
കൂടാതെ മുതലും വക കയ്യെപ്പെടുത്തും പണ്ടം മറ്റും അനുഭവിക്കയും ചിലവി
ടുകയും മുതലും ചെന്നിലുള്ള ഇരുന്നുട മുതലായ ദാസജനങ്ങളെ [illegible]കയും ഇ
പ്രകാരം ചെയ്യുന്നതിന്നു പുത്രന്മാർക്കു സ്വാതന്ത്ര്യമില്ല। [illegible]

ഏവം സഹവസെയുർവ്വാ പൃഥഗ്വാ ധർമ്മകാമ്യയാഃ।
പൃഥഗ്വിവർദ്ധതെ ധർമ്മസ്തസ്മാദ്ധർമ്മ്യാ പൃഥക്ക്രിയാ।

അവരുടെ ഇഷ്ടപ്രകാരം പിരിയാതെ അവരെ വർദ്ധിച്ചുവരെണമെ
ന്ന ഇഛയൊടും കൂടി ഇരിക്കുന്ന സഹൊദരന്മാർ തമ്മിൽ പകുക്കാതെ ഒന്നി
ച്ചു വസിക്കെണം। ഒന്നിച്ചു വസിച്ചാൽ അവർക്കു ധർമ്മം വൃദ്ധിവരും। ധർമ്മം വർദ്ധിച്ചു
വരെണമെന്ന ഇഛയൊടും കൂടി ഇരിക്കുന്നവർ തമ്മിൽ വിഭാഗം ചെയ്ത
വന്നു വകപകുത്തുകൊണ്ടു അവരവരെ വെവ്വെറെ ഭവനങ്ങളൊക്കിപ്പാർക്കെണം।
[illegible]

ഏകപാകെന വസതാം പിതൃദെവദ്വിജാർച്ചനം
ഏകം ഭവെദ്വിഭക്താനാം തദെവ സ്യാദ്ഗൃഹെ ഗൃഹെ।

ഒന്നിച്ചിരുന്നുകൊണ്ടിരിക്കെണമെന്ന വകവെച്ച ഏകീകരിക്കുന്നവർ തന്നെ
മക്കളെ വെര। [illegible]

യദി കുര്യാത്സമാനാംശാൻ പത്ന്യഃ കാര്യാസ്സമാംശികാഃ।
നദത്തം സ്ത്രീധനം യാസാം ഭർത്രാ വാ ശ്വശുരെണ വാ।

അഛൻ തന്നെ പുത്രന്മാർക്ക സമമായിട്ട വന്നു വകപകുത്തുകൊടുക്കുന്നുവെങ്കിൽ
അപ്പൊൾ ഭർത്താവിനൊട ഭർത്താവിന്റെ അഛനൊടഎങ്കിലും സ്ത്രീധനം വാ
ങ്ങാതെ ഇരിക്കുന്ന ഭാര്യമാർക്കു പുത്രന്മാരൊട സമമായിട്ട പകുത്തു
കൊടുക്കെണം। [illegible]

മനു। ഭ്രാതൄണാമവിഭക്താനാം യദ്യുത്ഥാനം ഭവെത്സഹാ।
ന തത്ര ഭാഗം വിഷമം പിതാ ദദ്യാത്കഥഞ്ചന।

പിതൈവ വാ സ്വയം പുത്രാൻ വിഭജെദ്വയസിസ്ഥിതഃ।

പക്ഷെ ചെയ്യാതെ ഒന്നിച്ചു പാൎത്തു വരുന്ന സഹൊദരന്മാൎക്ക എല്ലാവൎക്കും ഒന്നിച്ച ലാഭമായി കിട്ടിയദ്രവ്യത്തിനെ അഛൻ എല്ലാവൎക്കും സമമായിട്ടു പകുത്ത കൊടുക്കെണം അഛന ഏറിയവയസ്സായാൽ പുത്രന്മാൎക്ക അഛൻതന്നെ പകുത്ത കൊടുക്കയുമാം.

ഹാരീതഃ। ജീവന്നെവാത്മധനം പുത്രാണാം വിഭജെൽ പാത്രമാത്രയെൽ,

ആശ്രമാന്തരവാഗശ്ചെൽ സ്വപ്നെനവവാസം വിഭജ്യ ദ്രവ്യമാദായ വസെൽ,

യദ്വാ പുത്രയെൽ പുനരന്തൈ ദ്വാപുനിയാൽ ഭിന്നാശ്ച വിഭജെത।

അഛൻ ജീവിച്ചിരിക്കുമ്പൊൾ തന്നെ പുത്രന്മാൎക്ക വസ്തുവക പകുത്തു കൊടുക്കുന്നവൻ വാനപ്രസ്ഥാശ്രമം സ്വീകരിച്ച വനത്തിൽ ചെന്ന നിയമത്തൊടു കൂടി കഴിക്കുകൊണ്ടു ചെയ്തുകൊണ്ടു പാൎക്കയെങ്കിലും സന്യാസാശ്രമം സ്വീകരിക്കയെങ്കിലും ചെയ്യെണം। പുത്രന്മാൎക്ക വസ്തുവക പകുത്ത കൊടുത്ത അധികം പക്ഷം താനെടുത്തു കൊണ്ടുവെച്ചു പാൎക്കയും ആം। ഇപ്രകാരം പാൎത്തു വരുമ്പൊൾ തനിക്ക ദാരിദ്ര്യം വന്നാൽ വെറെ പാൎത്തു വരുന്ന പുത്രന്മാരൊടു ദ്രവ്യം വാങ്ങിക്കയും പുത്രന്മാർ തന്നെ ദരിദ്രന്മാരായി ഭവിച്ചാൽ തന്റെ ദ്രവ്യത്തിൽ നിന്നും വരുത്തി കൊടുക്കെണം।।

വ്യാധിതഃ കുപിതശ്ചൈവ വിഷയാസക്തമാനസഃ।

അയഥാശാസ്ത്രകാരീച നവിഭാഗെ പിതാ പ്രഭുഃ।

അഛൻ ഒരു കാരണത്തിൽ കൊപമുള്ളവനായും ദീൎഘരൊഗമുള്ളവനായും സ്ത്രീകൾ മുതലായ വിഷയങ്ങളിൽ തന്നെ

പിതൄണാമനൃണശ്ചൈവ സ തസ്മാത്സർവ്വമർഹതി,

ജ്യേഷ്ഠപുത്രൻ ജനിക്കുമ്പോൾ തന്നെ അച്ഛൻ പുത്രവാനാകും പിതാക്കളുടെ ഋണ-
ത്തിൽ നിന്നും മോചനം പ്രാപിച്ചവനായും ഭവിച്ചൻ എന്നതുകൊണ്ട ആ ജ്യേ-
ഷ്ഠപുത്രൻ തന്നെ അച്ഛന്റെ വക മുഴുവനും എടുപ്പാൻ അർഹതയുള്ളവൻ, [illegible]

യസ്മിന്നൃണം സംക്രമതി യേന ചാനന്ത്യമശ്നുതേ,

സ ഏവ ധർമ്മജഃ പുത്രഃ കാമജാനിതരാൻ വിദുഃ,

യാതൊരു പുത്രങ്കൽ പിണ്ഡപ്രദാനാദി ഋണവും യാതൊരു പുത്രനാൽ അച്ഛന്ന
സൌഖ്യഫലാനുഭവം വരുന്നു ആ പുത്രൻ തന്നെ ധർമ്മത്തിനായിട്ട ജനിച്ചവൻ ശിഷ്ട-
മുള്ള പുത്രന്മാര കാമത്തിനായിട്ട ജനിച്ചവർ, നല്ലവൃത്തിയോടും വെദശാ-
സ്ത്രങ്ങളോടും കൂടിയിരിക്കുന്ന പുത്രൻ ജ്യേഷ്ഠപുത്രൻ· പിമ്പിൽ ജനിച്ചവൻ ദോ-
ഷത്തിനായിട്ട ഭവിച്ചുവെങ്കിൽ അവൻ ജ്യേഷ്ഠപുത്രനെന്നതാകുന്നു, [illegible]

പിതേവ പാലയെൽ പുത്രാൻ ജ്യേഷ്ഠോ ഭ്രാതൄൻ യവീയസഃ,

പുത്രവച്ചാപി വർത്തെരൻ ജ്യേഷ്ഠേ ഭ്രാതരി ധർമ്മതഃ, [illegible]

ജ്യേഷ്ഠ ഏവ തു ഗൃഹ്ണീയാൽ പിത്ര്യം ധനമശേഷതഃ,

ശേഷാസ്തമുപജീവെയുർയ്യഥൈവ പിതരന്തഥാ,

ജ്യേഷ്ഠപുത്രനായിട്ടുള്ളവൻ അച്ഛൻ കഴിഞ്ഞുപോയാൽ പിന്നെ അതിൽ
താൻ തന്നെ അച്ഛനെപ്പോലെ ഭാവിച്ചു ആചരിക്കെണം, [illegible]

യഥാ ജ്യേഷ്ഠസ്യ വിംശ ഉദ്ധാരസ്സർവ്വദ്രവ്യാച്ച യദ്വരം,

തതോർദ്ധം മധ്യമസ്യ സ്യാൽ തുരീയന്തു യവീയസാം,

ജ്യേഷ്ഠാനുജന്മാര എല്ലാവരും തമ്മിൽ ഒന്നിച്ചു വാഴാതെ തമ്മിൽ വസ്തുവക പകുത്തെ-
ടുക്കുന്നു എങ്കിൽ അപ്പോൾ പൊതുവെ ഉള്ള വസ്തുവിൽ ഇരുപതു പങ്കിൽ ഒന്നും
അതിൽ ജ്യേഷ്ഠനായിരിക്കുന്ന ഒരു വസ്തുവും ജ്യേഷ്ഠാംശമായിട്ട ജ്യേഷ്ഠനനന്നാ-
ല്പതു പങ്കിൽ ഒരു പങ്കും മദ്ധ്യമദ്രവ്യത്തിൽ ഒരു ദ്രവ്യവും രണ്ടാമത്തെ പുത്രന്ന എണ്ണ-
ത്തിലൊരു പങ്കും അനന്തരമായിട്ടുള്ളതിൽ ഒരു ദ്രവ്യവും മൂന്നാം പുത്രന്നു കൊടുത്ത
ശിഷ്ടമുള്ളത എല്ലാവർക്കും സമമായിട്ട എടുത്തുകൊള്ളെണം. [illegible]

യമയൊശ്ചൈകഗർഭേഷു ജന്മതൊ ജ്യേഷ്ഠതാ മതാ,

ഒവസൃഷ്ടത്തൊദ്ധാരസമാനാംശാൽപ്രകാരക്കയൽ।

ജനനംകൊണ്ടജ്യെഷ്ഠനായുള്ളവനെ ജ്യെഷ്ഠൻ രണ്ടുപുത്രന്മാരൊന്നിച്ചുഗ
ർഭധരിച്ചു പ്രസവിക്കുന്നസ്ഥലത്തിലും മുമ്പിൽ ജനിച്ചവൻ തന്നെ ജ്യെഷ്ഠനായ
വൻ പ്രസവിക്കുന്നസമയത്തിൽ രണ്ടാമത്ഭൂമിയിൽ പിന്നത്തെ ജ്യെഷ്ഠൻ. അതി
ന്റെ കാരണമെന്തെന്നാൽ, ഉദരത്തിൽ മുമ്പിൽ ജനിച്ചവൻ മെൽഭാഗത്തും
പിന്നെ ജനിച്ചവൻ കീഴ്ഭാഗത്തും ഇരിക്കുന്നതാകകൊണ്ടു ഭൂമിയിൽ പി
റക്കുമ്പൊൾ രണ്ടാമത ജനിച്ചവൻ മുമ്പിലും മുമ്പിൽ ജനിച്ചവൻ പിന്നത്തെ
ലും ഭൂമിശം വരുന്നതാകകൊണ്ടു രണ്ടാമത്പ്രസവിക്കുന്നവനെത്രെ ജ്യെഷ്ഠൻ
എന്നു ധർമ്മശാസ്ത്രങ്ങളിൽ ചൊല്ലീട്ടും ഉണ്ടു. മെൽ എഴുതിയപ്രകാരം ജ്യെഷ്ഠാംശം
വെച്ചുവകുത്തവക്കന്നതിൽ മുമ്പിൽ ചൊല്ലിയതിൻ പക്ഷം ജ്യെഷ്ഠാംശം വെച്ചല്ലാ
തെ ഉള്ളതെല്ലാവരും സമമായിട്ടുവകുത്തുകൊള്ളെണം, ഇതിന്റെ ജ്യെഷ്ഠാം
ശവിഭാഗഃ। എന്നതിന്റെ।

യാജ്ഞവല്ക്യഃ। വിഭജെരൻസുതാം പുത്രൊ ഊർദ്ധ്വം പിതൃധനംസമം।

നാരദഃ। സമാനഭഗിനീം മാതാ പുത്രെണാസ്യ ശിവിഭാഗതഃ। എന്നതു।

വ്യാസഃ। അസുതാസ്തു പിതുഃ പത്ന്യഃ സമാനാംശാഃ പ്രകീർത്തിതാഃ।
ജനനീധനാ പുത്രൈഃ വിഭാഗെംശംസമം ഹരെൽ।
പിതാമഹ്യശ്ച സർവ്വാ മാതൃതുല്യാഃ പ്രകീർത്തിതാഃ।

അച്ഛനും അമ്മയും മരിച്ചുപൊയാൽ പിന്നത്തതിൽ പുത്രന്മാരെല്ലാവരുംകൂടി
അച്ഛന്റെയും അമ്മയുടെയും വകവകുത്തെടുക്കുമ്പൊൾ അവർ വാങ്ങിച്ചിരി
ക്കുന്ന കടം തീർത്തും വെച്ചശിഷ്ടമുള്ളതവകുത്തെടുക്കെണം. ധനത്തിലധികംകട
മുണ്ടെങ്കിൽ ഉള്ളധനവും കടവും എല്ലാവരുംകൂടി പിടിച്ചുവകുത്തെടുക്കെ
ണം പുത്രന്മാരവകുത്തെടുക്കുമ്പൊൾ മാതാവിന്നും സപത്നിമാതാക്കൾ അച്ഛന്റെ
മാതാക്കൾ തങ്ങളുടെ അംശത്തിൽനിന്നും എടുത്ത അഹൊവൃത്തികഴിപ്പാൻ വെ
ണ്ടും ഉള്ളവക കൊടുത്തെക്കണം. അവൾക്കുസ്ത്രീധനമായിട്ടുവന്നിരിക്കുന്ന
വകകൊണ്ടു അഹൊവൃത്തികഴിച്ചുവെങ്കിൽ അപ്പൊൾകൊടുപ്പാനാവിശ്യം
ഇല്ല. അച്ഛന്റെയും അമ്മയുടെയുംവക അല്പമെന്നെങ്കിലും അധികംവരിക
ലില്ല. ഇതുതന്നെ സമശബ്ദത്തിന്റെ താല്പര്യം। എന്നതു

യാജ്ഞവല്ക്യഃ। അനെകപിതൃകാണാന്തു പിതൃതൊ ഭാഗകല്പനാ।

തൽപുത്രവിഷമസമാപിതൃദ്രവ്യഹരാസ്തു താഃ।

അഛനും അഛന്റെ ജ്യെഷ്ഠാനുജന്മാരും തമ്മിൽ വസ്തുവകപകുക്കാതെ ഒന്നിച്ചു വാണുവരുമ്പൊൾ അവര കഴിഞ്ഞുപൊയാൽ ഒരുത്തന രണ്ടു പുത്രരും ഒരുത്തന്നു മൂന്നു പുത്രരും ഇപ്രകാരം സമമായിട്ടും അധികമായിട്ടും പുത്രന്മാരുണ്ടായിരുന്നാൽ അവരവരുടെ അഛന്നു ഉള്ള ഓഹരി അവരവൎക്കു വരും ഇപ്രകാരം ഇല്ലാതെ പുത്രന്മാരുടെ സംഖ്യപ്രകാരം ഭാഗം വരികയില്ല। —[illegible]।

അവിഭക്തെന ജ്യെഷ്ഠെന തന്ത്യം [illegible] ഭാഗിനം।

ഉച്ഛിന്നജീവനയെന ലബ്ധം നൈവ പിതാമഹാൽ —[illegible]

ലബ്ധെതാംശം സ്വപിതൃവ്യ പിതൃവ്യാന്നതു വാസ്യതാൻ

സയെവാംശന്തു സവ്വെഷാം ഭ്രാതൄണാം ന്യായതൊ ഭവെൽ।

ഭ്രാതാക്കന്മാര വസ്തുവകപകുക്കാതെ ഒന്നിച്ചു വാണുവരുമ്പൊൾ അതിൽ ഒരുത്തൻ കഴിഞ്ഞുപൊയാൽ കഴിഞ്ഞുപൊയവന്റെ പുത്രൻ മുത്തഛൻ വകകെട്ടു ഞെളുക്കിൽ ആ പുത്രന്ന അവന്റെ അഛന്നു ഉള്ള അംശം കൊടുക്കെണം। കഴിഞ്ഞുപൊയവന്റെ പുത്രന്മാരെല്ലാവരും ആ അംശത്തിന്ന സമമായിട്ട പകുത്തെടുക്കെണം। —[illegible]।

ലബ്ധെതത്യാതൊ പാപി തദ്വൃത്തിം പിതൊ ഭവെൽ। —[illegible]

അവിഭക്തവിഭക്താനാം കുല്യാനാം വസതാം സഹ।

ഭൂയൊ ദായവിഭാഗസ്സ്യാൽ ആചതുൎത്ഥാദിതി സ്ഥിതിഃ।

ജ്യെഷ്ഠാനുജന്മാര തമ്മിൽ പകുക്കാതെ സമമായിട്ട ഒന്നിച്ചു പാൎത്തുവരുമ്പൊൾ സംഗതിവശാൽ പകുതിചെയ്വാൻ തുടങ്ങിയാൽ അപ്പൊൾ കൂടസ്ഥനായിരിക്കുന്നവന്റെ വകെക്കു ഇത്ര തലമുറവരെ ഉള്ള ഉള്ളവൎക്കു പതുമെന്നും ഇത്ര തലമുറ കഴിഞ്ഞാൽ വരികെ ഇല്ലെന്നും ഉള്ള ക്രമത്തെ ചൊല്ലുന്നു। വൃദ്ധപ്രപിതാമഹൻ തുടങ്ങിയ ഉള്ള നാലു തലമുറവരെയും ഉള്ള ദായാദന്മാൎക്ക വസ്തുവിൽ വിഭാഗം വരും. അഞ്ചാന്തലമുറയിൽ മുതൽ വിഭാഗം ഇല്ല। അഛൻ അഛന്റെ അഛൻ പിതാമഹൻ പിതാമഹന്റെ അഛൻ പ്രപിതാമഹൻ അവന്റെ അഛൻ വൃദ്ധപ്രപിതാമഹൻ ഇപ്രകാരം തലമുറയുടെ ക്രമം। —[illegible]

വിധിരെഷ സവൎണ്ണാനാം ബഹൂനാം സമുദാഹൃതഃ।
ഏകൈവ സവൎണ്ണസ്യ ദായൊ ഹ്യത്ര ന വിദ്യതെ।

സമജാതിയിൽ വെളി കഴിച്ചിട്ടു ഉള്ള സ്ത്രീകളുടെ പുത്രന്മാർ തമ്മിൽ പകുത്തെടുക്കെണ്ടുന്ന വിധി ഇപ്രകാരമെത്രെ ആകുന്നു. നികൃഷ്ടജാതിയിലെ ഉള്ള സ്ത്രീകൾക്കും ജനിച്ച പുത്രന്മാൎക്കും വിഭാഗം വരികയില്ല. ഇതി പിതാപിതൃവിഭാഗഃ।

യാജ്ഞവല്ക്യഃ। ശക്തസ്യാനീഹമാനസ്യ കിഞ്ചിദ്ദത്വാ പൃഥക്ക്രിയാ।

സഹോദരന്മാരിൽ ഒരുത്തൻ പൊതുവക പകുത്തെടുക്കുമ്പൊൾ പൊതുവക ഇനിക്കു വിശ്രമില്ലന്നും ഇനിക്ക വെണ്ടുന്നതൊന്നും തന്നെ ഉണ്ടാക്കിക്കൊള്ളാമെന്നും പറഞ്ഞുവെങ്കിൽ അവന്റെ പുത്രന്മാർ പിന്നെ അതിന്മെൽ യാതൊരു അപഹാരത്തിനവരാതെ ഇരിക്കെണ്ടുന്നതിന അവന ആ പൊതുവകയിൽ നിന്ന കുറെ വല്ലതും കൊടുക്കുന്ന ശിഷ്ടമുള്ളവരും പകുത്തുകൊള്ളണം. ഇത്യനീഹമാനധനവിഭാഗഃ।

നൃപന്തുംബെഃ। സൎവ്വെഷ്വൎത്ഥനിയുക്താഹ വിഭാഗെന്യായസ്തു ധൎമ്മണ,
പ്രതിവാദയതിജ്യെഷ്ഠമവിസ്വമഭാഗിനം ജഗുഃ।

സഹോദരന്മാർ മുതലായ ദായാദന്മാരിൽ ധൎമ്മയുക്തന്മാരായിരിക്കുന്നവൎക്കു വിഭാഗം വിധിക്കും. അധൎമ്മത്തിൽ തന്നെ പ്രവൃത്തരായി ചില പിടിക്കുന്നവരായും പാതിത്യഹേതുവായിട്ടുള്ള ദൊഷയുക്തന്മാരായും ഉള്ളവൎക്കു ഭാഗം വരികയില്ല. ജ്യെഷ്ഠൻ തന്നെ ഇപ്രകാരമുള്ളവനാകുന്നു എങ്കിൽ ആ ജ്യെഷ്ഠനും ഭാഗം സിദ്ധിക്കയില്ല.

ബൃഹസ്പതിഃ। അസവൎണ്ണാസു ചൊൽപന്നാ ന ഹരെയുഃ പൈതൃകെ ധനെ,
തൽപിണ്ഡദാഃ ശ്രൊത്രിയാ യെ തെഷാന്തദുദ്ധ്രിയതെ।

ക്കാരു തന്നെ നികൃഷ്ടജാതിയിൽ ജനിച്ചിരിക്കുന്ന സ്ത്രീയൊടു സംസൎഗ്ഗം ചെയ്താൽ ജനിക്കുന്ന പുത്രന്മാൎക്ക അച്ഛന്റെ വകയിൽ അവകാശം വരികയില്ല. ശ്രൊത്രിയന്മാരായിട്ടു ഉള്ളയാതൊരു പുത്രന്മാർ അച്ഛന പിണ്ഡപ്രദാനം ചെയ്യുന്നതിന അവർ തന്നെ ഉള്ളവരു. ആ പുത്രന്മാൎക്ക അച്ഛന്റെ ധനത്തിൽ അവകാശം വരും.

ഉത്തമാധമമദ്ധ്യെഷു പിതരസ്ത്യായതെന്ത്രതാഃ।

അനന്തരം പതിതനെ നാസ്തികനൊന്നുപ്രയോജനം.

വെളിക്കുഷ്ഠി തുടങ്ങിയ ജാതിയിൽ ഉളള സ്ത്രീയിൽ ഉളള പുത്രൻ അച്ഛന്റെ പിതൃ
കർമ്മം. ദൈവകർമ്മം. ഇതിലും കടം വാങ്ങിച്ചു ദ്രവ്യരൂപമായിട്ടു കർമ്മത്തിലും നിന്നു
മോചനം വരുത്തുവാൻ അസമജാതിയിൽ ജനിച്ച പുത്രനെക്കൊണ്ട് അച്ഛനൊരു
പ്രയോജനം സിദ്ധിക്കയില്ല. പിതൃകർമ്മം. പിണ്ഡപ്രദാനാദി കർമ്മം. ദൈവകർമ്മം. യാ
ഗം തുടങ്ങിയ കർമ്മം. — ൭൨

ബൃഹസ്പതിഃ। യഥാഗവാകീം ക്രിയതെ യാനമുദന്വഗിരിഭിഃ।

കൊഷ്ഠപുത്രെണ ജ്ഞാതെന യോനവിദ്ധാനധികഃ।

ഗർഭം ധരിക്കാതെയും പാലിക്കാതെയും ഇരിക്കുന്ന പശുവിനാൽ ഒരു പ്രയോജന
മില്ലാത്തതു പോലെ അവിദ്വാനായും അധാർമ്മികനായും ഇരിക്കുന്ന പുത്രനാൽ അ
ച്ഛനൊരു പ്രയോജനം സിദ്ധിക്കയില്ല. — ൭൩

ശാസ്ത്രശൌര്യാദി രഹിതഃ തപോവിജ്ഞാനവർജ്ജിതഃ।

ആചാരഹീനഃ പുത്രസ്തു മൂത്രോച്ചാര സമസ്മൃതിഃ।

ശാസ്ത്രങ്ങൾ ശൂരിരമായിട്ടു ഉളള ക്രിയകൾ തപസ്സുകൾ ജ്ഞാനം ആചാരം ഇവ ഒക്കയി
ല്ലാത്ത പുത്രൻ ഉദരത്തിൽ നിന്നു ജനിച്ചവനാകുന്നു എങ്കിൽ വിണ്മൂത്രങ്ങൾ
പോലെ നിന്ദ്യനായിട്ടു ഉളളവൻ — ൭൪.

യാജ്ഞവല്ക്യഃ। പതിതസ്തസ്യ തജ്ജശ്ച പംഗുരുന്മത്തകൊമളഃ।

അന്ധൊചികിത്സ്യരോഗാദ്യ ഭർത്തവ്യാസ്തു നിരംശകഃ। — ൭൫

ഔരസാഃ ക്ഷേത്രജാസ്ത്വെഷാം നിർദ്ദോഷാ ഭാഗഹാരിണഃ।

സുതാശ്ചൈഷാം പ്രഭർത്തവ്യാ യാവദ്വൈ ഭർത്തൃസൽകൃതാഃ। — ൭൬

പുത്രം യൊഷിതശ്ചൈഷാം ഭരണം ജീവൊ ഭർത്താനാം।

പതിതൻ. നപുംസകൻ പതിതന്റെ പുത്രൻ ചിത്തഭ്രാന്തിയുളളവൻ കാഴ്ചയില്ലാത്ത
വൻ ആധിയുളളവൻ ഇങ്ങിനെ ഉളള ഇവർക്ക് അച്ഛന്റെ വസ്തുവിൽ ഭാഗം വരികയില്ല.
പതിതന്റെ പുത്രൻ നികൃഷ്ടമായ ഇവർക്ക് നിർദ്ദോഷന്മാരായിട്ടു ഉളള പുത്രന്മാരെ
ങ്കിൽ അവർക്ക് ഭാഗം സിദ്ധിക്കും. പതിതപുത്രനും പാതിത്യദോഷം ഉളളവനാക
കൊണ്ടു അവനു വരികയില്ല. പതിതൻ നികൃഷ്ടമുളള പുത്രർക്ക് ജീവൊദകം

അന്നവസ്ത്രം കൊടുത്ത രക്ഷിക്കയും അവരുടെ സ്ത്രീകളും അച്ഛന്റെ അവ
ന്റെ വകകളെ കൊടുക്കുന്ന ജ്യേഷ്ഠന്മാരായിട്ടുള്ള പുത്രന്മാർ രക്ഷിക്കേണം.
ക്ഷേത്രജപുത്രനെ കലിയുഗത്തിൽ നിഷിദ്ധനം കൊണ്ട ആയവനും അച്ഛ
ന്റെ വകയിൽ ഭാഗം വരികയില്ല. ഒരുത്തന്റെ അനുവാദത്തോടു കൂടെ അവ
ന്റെ സ്ത്രീയോട മറ്റൊരുത്തൻ സംയോഗം ചെയ്തുണ്ടാകുന്ന പുത്രൻ ക്ഷേത്ര
ജൻ. ഇതി വിഭാഗ അനവധി. [illegible]

നാരദഃ। ഏഷാമനുക്താവ്യത്രാസംസ്കാരവിധയഃ ക്രമാൽ।
കൽപ്യാഃ ഭ്രാതൃഭിരേതേഷാം പൈതൃകാദേവ തദ്ധനാൽ। [illegible]
അവിദ്യമാനേ പിത്ര്യേ തു സ്വാംശാദുദ്ധൃത്യ വാ പുനഃ।
അവശ്യകാര്യാഃ ഭ്രാതൄണാം സംസ്കാരാഃ പൂർവസംസ്കൃതൈഃ।
ഭഗിന്യശ്ച നിജാദംശാദ്ദത്വാംശന്തു തുരീയകം।

അച്ഛന്റെ അന്ത്യം കഴിഞ്ഞുപോയാൽ പിന്നെ തന്റെ പുത്രന്മാരെല്ലാവരും
വന്നുവകവകകളെപ്പോൾ അതിൽ ചിലപുത്രന്മാർക്ക് ഉപനയനം വരെയുള്ള ക്രിയ
കൾ കഴിഞ്ഞില്ലെങ്കിൽ ആയവർക്ക് മുമ്പിൽ ഉപനയനാദി കഴിഞ്ഞിരിക്കുന്ന
ജ്യേഷ്ഠാനുജന്മാര പൊതുവകയായിട്ടുള്ള അച്ഛന്റെ ധനത്തിൽ നിന്ന് എടുത്ത
ഉപനയനം വരെയുള്ള ക്രിയകൾ കഴിക്കേണം. അച്ഛന്റെ വകയായിട്ടൊ
ന്നും തന്നെ ഇല്ലെങ്കിലും തങ്ങളുടെ വകയിൽ നിന്ന് എടുത്തെങ്കിലും ആയ
വർക്ക് ഉപനയനം വരെയുള്ള ക്രിയകൾ കഴിക്കേണം. പെണ്ണു കഴിച്ചു കൊടുക്കാ
ത്ത സഹോദരികൾ ഉണ്ടെങ്കിൽ ആയവൾക്കും തങ്ങളുടെ അംശം പോലെ ഒരം
ശം വെച്ച് ആ അംശത്തിൽ നിന്ന് നാലിലൊരുവക എടുത്ത ആ സഹോദരികൾ
ക്ക് കൊടുക്കേണം. [illegible]

കന്യകാനാഞ്ച ദത്താനാം ചതുർത്ഥോ ഭാഗ ഇഷ്യതേ।
ഭ്രാതൄണാഞ്ച ത്രയോ ഭാഗ സമത്വ ഇധനൈസ്മൃതം।

അച്ഛന്റെ വക വളരെ ഉണ്ടെങ്കിൽ അപ്പോൾ സഹോദരികളും സഹോദര
ന്മാരും സംഖ്യ കൊണ്ട് സമമായിരുന്നാൽ അപ്പോൾ ആ സഹോദരന്മാർക്ക്
അച്ഛന്റെ വകയിൽ മൂന്നുവകം ഭാഗങ്ങളായിട്ടുള്ള സഹോദരികൾക്ക

ഒരുവകയും ഇപ്രകാരം വകതിരിക്കേണം. അച്ഛന്റെ ധനം അല്പം തന്നെ എങ്കിലും സമമായിട്ടു വകതിരിക്കേണം. [illegible]

സ്വേഭ്യോംശേഭ്യസ്തു കന്യാഭ്യഃ പ്രദദ്യുർഭ്രാതരഃ പൃഥക്.

സ്വാത്സ്വാദംശാച്ചതുർഭാഗം പതിതാസ്സ്യുരദിത്സവഃ।

സഹോദരന്മാരെല്ലാവരും കൂടെ പൊതുദ്രവ്യത്തിൽ നാലിലൊരു പങ്കു എടുത്ത കന്യകൾക്ക കൊടുക്കേണം, കൊടുത്തില്ലെങ്കിൽ പതിതന്മാരായിട്ടു ഭവിക്കും, [illegible]

ശംഖഃ। വിഭജ്യമാനദായാദ്യാത് കന്യാലങ്കാരമേവ വാ।

ഹികം സ്ത്രീധനം ലഭേതാ ബോധായനഃ।

മാതുരലങ്കാരം ദുഹിതരസ്സാമ്പ്രദായികം ലഭേരൻ।

പൊതുദ്രവ്യത്തിനെ എല്ലാവരും വകതിരിക്കുമ്പോൾ കന്യകൾക്ക അവരവർക്ക നിശ്ചയിക്കുന്ന ആഭരണവും വിവാഹസംബന്ധത്തിൽ വന്നതും ചതുർത്ഥാംശമായിട്ടു കൊടുക്കയും മാതൃവാരപക്ഷത്തിൽ വരുന്ന ആഭരണങ്ങൾ പുത്രികൾക്ക സിദ്ധിക്കും. ഇതി അസംസ്കൃതസംസ്കാരഃ। [illegible]

പൈതാമഹം ച പിത്ര്യം ച യച്ചാന്യത്സ്വയമാർജ്ജിതം।

ദായാദാനാം വിഭാഗേ തു സർവ്വമേതദ്വിഭജ്യതേ।

അച്ഛന്റെയും മുത്തച്ഛന്റെയും വകയായിട്ടുള്ളതും മേൽ എഴുതിയവരുടെ ദ്രവ്യം ചേരുന്നവയായിട്ടു ഉണ്ടാക്കിയവ ഹയ്യും ദായാദന്മാരെല്ലാരിൽ വകതിരിക്കേണം. [illegible]

യച്ഛിഷ്ടം പിതൃദായേഭ്യോ ദത്വർണം പൈതൃകം ച യത്.

ഭ്രാതൃഭിസ്തദ്വിഭക്തവ്യം ഋണീ ന സ്യാദ്യഥാ പിതാ।

അച്ഛന്റെ വക വകതിരിക്കുമ്പോൾ അച്ഛൻ വാങ്ങിച്ചിരിക്കുന്ന കടം ഒക്കെയും ആ വകയിൽ നിന്ന എടുത്ത കൊടുത്ത തീർത്തുവെച്ച ശിഷ്ടമുള്ള വകകളെ എല്ലാവരും വകതിരിക്കേണം, [illegible]।

ജംഗമം സ്ഥാവരം ഹേമം രൂപ്യം ധാന്യരസാംബരം।

ആദായ ദാപയേച്ഛ്രാദ്ധം മാസഷാണ്മാസികാബ്ദികം।

അച്ഛൻ കഴിഞ്ഞുപോയാൽ പിന്നത്തതിൽ അച്ഛനു പ്രതിമാസം കഴിക്കുന്നതു

~~[illegible]~~ [illegible]

ശ്രാദ്ധം തുടങ്ങി ആദ്യശ്രാദ്ധം വരെയുള്ള ക്രിയകളിൽ പൊതുവായിട്ടുള്ള

പൊൻ വെള്ളി ദ്രവ്യം മുതലായ തുകയിൽ നിന്ന് ചിലവിട്ടു കഴിക്കേണം। [illegible]

ദത്വം പിത്ര്യം പിതൃദാനാന്തു ദത്വാ ശെഷം വിഭാജയെൽ।

ധൎമ്മാൎത്ഥം പിതൃദത്തഞ്ച യുക്തം സ്വ[illegible] യോജിതം।

ദൃശ്യമാനം വിഭജെന്ന ദാനം।

ധൎമ്മത്തിനായിട്ട പ്രതിജ്ഞ ചെയ്യപ്പെട്ട ദ്രവ്യം ഭിക്ഷാതെ പുത്രന്മാരുടെ പക്കൽ അ

ച്ഛൻ ഏല്പിച്ചിരിക്കുന്ന ദ്രവ്യവും അച്ഛൻ കഴിഞ്ഞുപോയാൽ പിന്നെ അതിൽ പുത്രന്മാര

അച്ഛന്റെ വക പകുത്തെടുക്കുമ്പൊൾ പുത്രന്മാരെല്ലാവരും മെൽ പെട്ടിരിയ്ക്ക

ണ്ടതെക്കയും പകുത്തുകൊള്ളണം। ഇപ്രകാരം തന്നെ അച്ഛന്റെ ബലി

കൎമ്മം മുതലായത നടത്തുന്നതിന വക വെച്ചിരിക്കുന്ന ദ്രവ്യത്തിന്മെലെപ്പെട്ടി

രിക്കുന്നതിന്നായിട്ട എടുത്തു കൊള്ളരുത। [illegible]

കാലെ വിനീതവിദ്യാനാം ഭ്രാതൄണാം പിതൃതോപി വാ।

തയൊർപ്രാപ്തം തു യൽ പിണ്ഡം വിഭജെരൻ ബൃഹസ്പതിഃ।

യൊഗ്യകാലത്തിൽ ഉപനയനം മുതലായത ചെയ്തിരിക്കുന്ന ഭ്രാതാക്കളൊടെങ്കിലും പി

താവൊടെങ്കിലും സഹൊദരനൊട എങ്കിലും സഹൊദരന്മാരിൽ ഒരുത്തൻ വിദ്യാ

ഭ്യാസം ചെയ്ത അവിദ്യാമൂലമായിട്ട ഉണ്ടാക്കിയ ദ്രവ്യം സഹൊദരന്മാരെല്ലാവരും

കൂടെ പകുത്തെടുക്കെണം। [illegible]

ഗൃഹോപസ്കരവാഹ്യാശ്ച ദോഹ്യാഭരണകൎമ്മിണഃ।

ദൃശ്യമാനാ വിഭജ്യന്തെ കോശം ഗൂഢെ ബ്രവീൽ ഭൃഗുഃ।

ഭവനങ്ങൾ അതിന്റെ ഉപകരണങ്ങൾ കാള കുതിര മുതലായതും കറക്കുന്ന

പശുക്കൾ മുതലായതും ആഭരണങ്ങളും ദാസന്മാരും ഇതിൽ ഏതെങ്കിലും ഒരു

വക സഹൊദരന്മാരിൽ ഒരുത്തന്റെ പക്കൽ കണ്ടുവെങ്കിൽ അവനെല്ലാവരും

കൂടെ പകുത്തെടുക്കെണം, ഒരുത്തൻ സഹൊദരന്മാരെ വഞ്ചിച്ച എതാ

നും ദ്രവ്യങ്ങൾ ഒളിച്ചിട്ടുണ്ടെന്നും ശങ്കതൊന്നിയാൽ അവനെക്കൊണ്ടെ കൊ

ശപാനം എന്ന സത്യത്തിനാൽ നിശ്ചയം വരുത്തിക്കൊള്ളണം। ഇതവി

ഭക്തധനം അവിഭക്തധനത്തിന്റെ ലക്ഷണം। മുമ്പിൽ പറഞ്ഞിട്ടും ഉണ്ട।

[illegible]

അദ്ധ്യഗ്ന്യദ്ധ്യാവാഹനികം ദത്തം ചൈ സ്ത്രീധനം പ്രകീർത്തിതം।
വൃത്തിരാഭരണം ശുല്കം ലാഭശ്ച സ്ത്രീധനം ഭവെൽ।

അദ്ധ്യഗ്നിയെന്നും അദ്ധ്യാവാഹനികം എന്നും പ്രീതിദത്തം എന്നും സഹോദരന്മാര കൊടുക്കുന്നതും [പിതാവ് കൊടുക്കുന്നതും] മാതാവ കൊടുക്കുന്നതും ഇപ്രകാരം സ്ത്രീധനം ആറുവിധം। ഇതല്ലാതെ ഭർത്താവ കൊടുക്കുന്നതും ആഭരണമായിട്ടും മൂലധനമായിട്ടും വന്നതും ഇപ്രകാരം ഉള്ള ഇതുകൾ ഒക്കെയും സ്ത്രീധനമെന്ന ചൊല്ലപ്പെട്ടും। [illegible]

കാത്ത്യായനഃ। വിവാഹകാലെ സ്ത്രീഭ്യോ യദ്ദീയതെ ഹ്യഗ്നിസന്നിധൌ
തദദ്ധ്യഗ്നികൃതം സത്ഭിഃ സ്ത്രീധനം പരികീർത്തിതം॥

വേളികഴിക്കുന്ന സമയത്തിൽ അഗ്നിസന്നിധാനത്തിൽ വെച്ച സ്ത്രീകൾക്കു കൊടുക്കുന്ന സ്ത്രീധനം അദ്ധ്യഗ്നിയെന്ന ചൊല്ലപ്പെട്ടും। [illegible]

യൽ പുനർല്ലഭതെ നാരീ നീയമാനാ പിതുർഗൃഹാൽ।
അദ്ധ്യാവാഹനികം നാമ സ്ത്രീധനം പരികീർത്തിതം।

വെളികഴിച്ചതിൽ പിന്നെ അഛന്റെ ഭവനത്തിൽ നിന്ന ഭർത്താവിന്റെ ബന്ധുജനങ്ങൾ എങ്കിലും ഭർത്താവെങ്കിലും വന്ന ഭർത്താവിന്റെ ഭവനത്തിലെക്ക സ്ത്രീയെ കൂട്ടിക്കൊണ്ടു പൊകുമ്പൊൾ കിട്ടിയ സ്ത്രീധനം അദ്ധ്യാവാഹനികമെന്ന ചൊല്ലപ്പെട്ടും। [illegible]

പ്രീത്യാ ദത്തം തു യൽ കിഞ്ചിൽ ശ്വശ്ര്വാ വാ ശ്വശുരെണ വാ।
പാദവന്ദനികം ചൈവ പ്രീതിദത്തം തദുച്യതെ।

ഭർത്താവിന്റെ അഛനെങ്കിലും അമ്മയെങ്കിലും പെണ്ണിന്റെ ഭാര്യക്ക പ്രീതികൊണ്ടു കൊടുക്കുന്ന സ്ത്രീധനവും മെൽ എഴുതിയ ഭർത്താവിന്റെ അഛൻ അമ്മ മുതലായ ഗുരുജനങ്ങളുടെ പാദങ്ങളെ പണിക്കുന്ന സമയത്തിൽ കിട്ടിയ സ്ത്രീധനവും മെലെഴുതിയ ഭർത്താവിന്റെ പ്രീതിദത്തമെന്ന ചൊല്ലപ്പെട്ടും। [illegible]

ഊഢയാ കന്യയാ വാപി പത്യുഃ പിതൃഗൃഹെപി വാ।
ഭ്രാതുസ്സകാശാൽ പിത്രോർവ്വാ ലബ്ധം സൌദായികം സ്മൃതം।

വെളികഴിഞ്ഞതിന്റെ ശെഷം എങ്കിലും കന്യകയായിരിക്കുമ്പൊൾ എങ്കിലും ഭർത്താവിന്റെ ഭവനത്തിലെങ്കിലും വെച്ച സഹൊദരന്മാര മാതാപിതാവും ഇവർകളൊടെങ്കിലും ലബ്ധമായിരിക്കുന്ന സ്ത്രീധനം സൌദായികമെന്ന ചൊല്ലപ്പെട്ടും। [illegible]

വിവാഹാൽ പരതോ യത്തു ലബ്ധം ഭർത്തൃകുലാൽ സ്ത്രിയാ।

അന്വാധേയം തദുക്തം തു ലബ്ധം ബന്ധുകുലാത്തഥാ ॥

വെളി കഴിഞ്ഞതിന്റെ ശേഷം ഭർത്താവിന്റെ കുഡുംബത്തിൽ നിന്നാകിലും അപ്പാതെയും ഉള്ള ബന്ധുകുലത്തിൽ നിന്നാകിലും ലബ്ധമായിരിക്കുന്ന സ്ത്രീധനം അന്വാധേയമെന്നു ചൊല്ലപ്പെട്ടു. കാത്യായനഃ।

ഗൃഹോപസ്കരവാഹ്യാനാം ദോഹ്യാഭരണകർമ്മിണാം।

മൂല്യം ലബ്ധം തു യത്കിഞ്ചിൽ ശുൽക്കം തൽ പരികീർത്തിതം ॥

സ്ത്രീധനമായിട്ടിരിക്കുന്ന ഭവനത്തിന്റെ ഉപകരണങ്ങളും വാഹനങ്ങൾ മുതലായതും കറവയുള്ള പശുക്കൾ മുതലായതും ആഭരണങ്ങളും വേല ചെയ്യുന്ന ദാസന്മാരും മൂല്യധനമായിട്ടിരിക്കുന്ന ദ്രവ്യവും ഇപ്രകാരമുള്ള സ്ത്രീധനമൊക്കെയും ശുൽക്കമെന്നു ചൊല്ലപ്പെട്ടു. കാത്യായനഃ।

ഭർത്തൃദായം മൃതേ പത്യൗ വിന്യസേൽ സ്ത്രീ യഥേഷ്ടതഃ।

വിദ്യമാനേ തു സംരക്ഷേൽ ക്ഷപയേൽ തൽ കുലേന്യഥാ ॥

ദായത്തെ അനുഭവിക്കയും ചിലവിടുകയും ആം. ഭർത്താവ ഇരിക്കുമ്പോൾ താൻ രക്ഷിക്കാകിലും ഭർത്താവിന്റെ കുഡുംബത്തിൽ ഒക്കെ ചിലവിടുകയാകിലും ചെയ്യേണം.

കാത്യായനഃ

ന ഭർത്താ നൈവ ച സുതോ ന പിതാ ഭ്രാതരോ ന ച।

ആദാനേ വാ വിസർഗ്ഗേ വാ സ്ത്രീധനേ പ്രഭവിഷ്ണവഃ ॥

സ്ത്രീജനങ്ങൾക്ക സ്ത്രീധനമായിട്ട കൊടുത്തിരിക്കുന്നവകളെ അനുഭവിക്കയും ചിലവിടുകയും ചെയ്യുന്നതിൽ ഭർത്താവ പുത്രൻ പിതാവ സഹോദരന്മാര ഇവർക്കും സ്വാതന്ത്ര്യമില്ല. കാത്യായനഃ।

യദ്യേകതരണോ പാപം സ്ത്രീധനം ബ്ബുദ്ധ്യാപഹരൽ।

സവൃദ്ധിം പ്രതിദാപ്യസ്യാൽ ദണ്ഡഞ്ചൈവ സമാപ്നുയാൽ ॥

മേലെഴുതിയ ഭർത്താവ മുതലായവർകളിൽ ആരെങ്കിലും ഒരുത്തൻ സ്ത്രീജനങ്ങളുടെ സ്ത്രീധനത്തിനെ സ്ത്രീജനങ്ങളുടെ സമ്മതം കൂടാതെ അപഹരിച്ചുവെങ്കിൽ ആയവനെക്കൊണ്ട അപഹരിച്ച നാൾ മുതൽ ഉള്ള പലിശയും കൂടി കൊടുപ്പിച്ച അവനെ പോലെ പ്രായശ്ചിത്തം ചെയ്യിക്കേണം. കാത്യായനഃ

തദൈവഭൎത്താനരൊധാൽ ഭക്ഷയെൽ പ്രതിവൃദ്ധികം।

കൃച്ഛ്രമെവ സദാപ്രത്യൎപ്യമസൌ ധനവാൻ ഭവെൽ।

സ്ത്രീജനങ്ങളുടെ സമ്മതത്തൊടുകൂടെയല്ലാതെ ഹഠപൂൎവ്വമായിട്ട സ്ത്രീധനത്തിനെ ഭക്ഷിച്ചു വെങ്കിൽ ആയവൻ ധനവാനെങ്കിൽ ഭക്ഷിച്ചദ്രവ്യത്തിനെ കൊടുപ്പിക്കെണം। കാത്യായന

യാജ്ഞവല്ക്യഃ। ദുൎഭിക്ഷെ ധൎമ്മകാൎയ്യെ ച വ്യാധൌ സംപ്രതിരൊധനെ।

ഗൃഹീതം സ്ത്രീധനം ഭൎത്താ നാകാമൊ ദാതുമൎഹതി।

ദുൎഭിക്ഷകാലത്തിലും ധൎമ്മകാൎയ്യത്തിലും രൊഗംവന്നിരിക്കുന്നസമയത്തിലും ഭാൎയ്യയുടെ സ്ത്രീധനം എടുത്ത ഭൎത്താ ചിലവിട്ടുവെങ്കിൽ ആയതിനെ ഉണ്ടാക്കി കൊടുക്കുന്നതിന ഭൎത്താവിന ഇഷ്ടമില്ലെങ്കിൽ കൊടുപ്പാൻ ആവിശ്യമില്ല। യാജ്ഞവല്ക്യ

കാത്യായനഃ। അപകാരക്രിയായുക്താ നിൎല്ലജ്ജാ ചാൎത്ഥനാശിനി।

വ്യഭിചാരത്തിൽ തന്നെ പ്രവൃത്തിച്ചിരിക്കുന്നവളായും ഇരിക്കുന്ന സ്ത്രീയുടെ ധനത്തിൽ ആസ്ത്രീക്ക സ്വാതന്ത്ര്യംവരികയില്ല। കാത്യായന

പിത്രൈവ പ്രതിശ്രുതാദ്ദെയാ ൠണവൽ സ്ത്രീധനം സുതൈഃ।

സ്ത്രീജനങ്ങൾക്ക സ്ത്രീധനമായിട്ട ഇന്നതതരാമെന്ന അച്ഛൻ പ്രതിജ്ഞ ചെയ്തുംവെച്ച ആയത കൊടുക്കുന്നതിനമുമ്പിൽ അച്ഛൻ കഴിഞ്ഞുപൊയാൽ പിന്നെ അതിൽ പുത്രന്മാര ആയത കടംപൊലെ കൊടുത്തിരിക്കെണം। ഇത സ്ത്രീധനമുള്ളൂ। കാത്യായന

അതീതായാമപ്രജസി ബാന്ധവാസ്തദവാപ്നുയുഃ।

സ്ത്രീധനംവാങ്ങിയിരിക്കുന്ന സ്ത്രീ മരിച്ചുപൊയാൽ പിന്നെ അതിൽ സ്ത്രീയുടെ പുത്രികൾക്കും അവരുടെ പുത്രികൾക്കും പുത്രിയുടെ പുത്രന്മാൎക്കും പുത്രനും പുത്രന്റെ പുത്രനും ഈ പ്രകാരം ക്രമമായിട്ട സ്ത്രീധനത്തിൽ മെലെഴുതിയവൎക്ക അവകാശംവരും। ഇതിൽ ആരും ഇല്ലെങ്കിൽ ഭൎത്താവ മുതലായബന്ധുജനങ്ങൾക്ക അവകാശംസിദ്ധിക്കും। യാജ്ഞവല്ക്യ

ബ്രാഹ്മദൈവാൎഷഗാന്ധൎവ്വപ്രാജാപത്യെഷു യദ്ധനം।

അതീതായാമപ്രജസി ഭൎത്താരെവ തദിഷ്യതെ।

ബ്രാഹ്മണമെന്നും ദൈവമെന്നും ആൎഷമെന്നും ഗാന്ധൎവ്വമെന്നും പ്രാജാപത്യമെന്നും ആസുരമെന്നും രാക്ഷസമെന്നും പൈശാചമെന്നും ഇപ്രകാരം വിവാഹങ്ങൾ എട്ടുവി

യം. ഇതിൽ മുമ്പിൽ പറഞ്ഞിട്ടുള്ള ബ്രാഹ്മാദി വിവാഹങ്ങളിൽ ഒരു വിവാഹം കൊണ്ടു പാണിഗ്രഹണം കഴിച്ചിരിക്കുന്ന സ്ത്രീയുടെ സ്ത്രീധനം, ആ സ്ത്രീ മരിച്ചുപോയാൽ മെലെഴുതിയ പുത്രി മുതലായതിൽ ആരും ഇല്ലെങ്കിൽ ആ സ്ത്രീയുടെ ഭർത്താവിന മുമ്പിൽ അവകാശമായിട്ടു വരും. ഭർത്താവും ഇല്ലെങ്കിൽ ഭർത്താവിന്റെ സപിണ്ഡന്മാൎക്കു വരും. ആസുരം മുതലായിരിക്കുന്ന വിവാഹങ്ങളിൽ ഒരു വിവാഹം കൊണ്ടു പാണിഗ്രഹണം ചെയ്തിരിക്കുന്ന സ്ത്രീയുടെ ധനമൊ ആകുന്നാൽ ആ സ്ത്രീയുടെ മാതാവിനും പിതാവിന്നും അവകാശം. പുത്രികൾ മുതലായവർ ആ സ്ത്രീക്കു ഉണ്ടെങ്കിൽ ആ സ്ത്രീയുടെ ധനം മെലെഴുതിയ എട്ടു വിവാഹങ്ങളിൽ ഏതു വിവാഹം കൊണ്ടു പാണിഗ്രഹണം കഴിച്ചിരിക്കുന്നു എങ്കിലും ആ പുത്രികൾ മുതലായവർക്കു തന്നെ അവകാശമായിട്ടു വരും. [illegible]।

സ്ത്രീധനം തദപത്യാനാം ഭർത്തൃഗാമ്യപ്രജാസു ച।
ബ്രാഹ്മണാദിചതുർഷ്വാഹുഃ പിതൃഗാമിതരേഷു ച।
യത്വസ്യൈ ദ്ധനം ദത്തം വിവാഹേഷ്വാസുരാദിഷു।
അപ്രജായാമതീതായാം മാതാപിത്രോസ്തദിഷ്യതെ। [illegible]

കാത്യായനഃ। ബന്ധുദത്തം തു ബന്ധൂനാമഭാവെ ഭർത്തൃഗാമിയൽ।
ഭഗിന്യൊ ബാന്ധവൈഃ സാർദ്ധം വിഭജെയുഃ സഭർത്തൃകാഃ। [illegible]
ബന്ധുദത്തം തഥാ ശുല്കം അന്വാധെയകമെവ ച।
അപ്രജായാമതീതായാം ബാന്ധവാസ്തദവാപ്നുയുഃ।

സ്ത്രീധനത്തിന്നുടയതായിരിക്കുന്ന സ്ത്രീ മരിച്ചുപോയാൽ പിന്നെ അതിൽ ആ സ്ത്രീയുടെ സന്തതികൾക്കു അവകാശം വരും. അമ്മാമൻ മുതലായ ബന്ധുജനങ്ങൾ കൊടുത്തിരിക്കുന്ന സ്ത്രീധനത്തിൽ ആ ബന്ധുജനങ്ങൾക്കു തന്നെ അവകാശം വരും. അപത്യവിഹീനയായിട്ടുള്ള സ്ത്രീ കഴിഞ്ഞുപോയാൽ ആ സ്ത്രീക്ക ആസുരാദിവിവാഹം കൊണ്ടു പാണിഗ്രഹണം ചെയ്യപ്പെട്ടവളാകുന്നു എങ്കിൽ അപ്പോൾ ബന്ധുജനങ്ങൾ കൊടുത്തിരിക്കുന്ന സ്ത്രീധനത്തിൽ അവകാശം കൊടുത്ത ബന്ധുജനങ്ങൾക്കു തന്നെ വരുമെന്നു താല്പര്യം. [illegible]।

ഗൌതമഃ। സ്ത്രീധനം ദുഹിതൄണാം അപ്രത്താനാമപ്രതിഷ്ഠിതാ।

നാരബ്ബെത ഭഗിനീശുല്കം സൊദൎയ്യാണാമൂൎദ്ധ്വം മാതുഃ।

കഴിഞ്ഞുപൊയസ്ത്രീയുടെ ധനത്തിൽ മുമ്പിൽ കന്ന്യകയായിട്ടുള്ള പുത്രികൾക്ക അവകാശം വരും. പിന്നെത്തതിൽ വെളികഴിച്ചിരിക്കുന്ന പുത്രികൾക്ക അവകാശം അതിലും മുമ്പിൽ അപ്രതിഷ്ഠകളായിട്ടുള്ള പുത്രികൾക്കും. പിന്നെത്തതിൽ പ്രതിഷ്ഠിതകളായിട്ടുള്ള പുത്രികൾക്കും ക്രമമായിട്ട അവകാശം വരും.। ധനവിഹീനനായിട്ടും ഭക്തിഹീനനായിട്ടും ഇരിക്കുന്ന അപ്രതിഷ്ഠാവസ്ഥത്തിൻെറ അത്ഭ സഹൊദരികളെ വിവാഹം കഴിക്കുന്നവൻ വിവാഹം കഴിക്കുന്നതിനായിട്ടുകൊടുത്ത ശുല്കദ്രവ്യത്തിനെ സഹൊദരന്മാരക്കത്രെ അവകാശം। അവൎക്കുമെൽ മാതാവിനും അവകാശം വരും. വെളികഴിച്ചസ്ത്രീ കഴിഞ്ഞുപൊയെങ്കിൽ വെളികഴിക്കുമ്പൊൾ ശുല്കമായിട്ടുള്ള ആ കന്ന്യകയുടെ ജ്ഞാതിജനങ്ങൾക്ക കൊടുത്ത ദ്രവ്യം കൊടുത്തവനു പതിരികെയിഷ്ടെന്നതാൎയ്യം। ഛം-ം-൯൩സ്വ।

യസ്താസാമസ്യുൎദ്ദുഹിതരസ്താസാമപി യഥാൎഹതഃ।

മാതാമഹ്യാധനാൽ കിഞ്ചിൽ പ്രദെയം പ്രീതിപൂൎവ്വകം।

മരിച്ചുപൊയ മാതാവിൻെറ സ്ത്രീധനത്തിൽ പുത്രികൾക്ക മുമ്പിൽ അവകാശം വരും. പുത്രികൾ മാതാവിൻെറ സ്ത്രീധനം എടുക്കുമ്പൊൾ അവൎക്കും പുത്രികളുണ്ടായിരുന്നാൽ ആ പുത്രികൾക്കും സ്നെഹംകൊണ്ടു കുറയ കൊടുക്കെണം. ഛം-ം-൯൩സ്വ।

മാതുൎദ്ദുഹിതരൊഽഭാവെ ദുഹിതൄണാം തദന്വയഃ।

മാതാവിൻെറ സ്ത്രീധനം മുമ്പിൽ പുത്രികൾക്ക അവകാശമായിട്ടവരും. ആ പുത്രികൾ ഇല്ലെങ്കിൽ അവരുടെ സന്തതിക്ക അവകാശം വരും। ഛം-ം-൯൩സ്ന

മനുഃ। സ്ത്രീയാന്തു യൽ ഭവെദ്വിത്തം പിത്രാദത്തം കഥഞ്ചന।

ബ്രാഹ്മണീ തദ്ധരെൽ കന്യാ തദപത്യസ്യ വാ ഭവെൽ।

ബ്രാഹ്മണൻ ബ്രാഹ്മണസ്ത്രീയെയും ക്ഷത്രിയൻ മുതലായവരെയും വെളികഴിച്ചിരുന്നുവെങ്കിൽ അവൎക്കൊൾ നികൃഷ്ടജാതിയിലുള്ള സ്ത്രീയുടെ ധനം എടുക്കുന്നതിന്ന ആ സ്ത്രീക്ക സന്തതിയില്ലെങ്കിൽ ആ ബ്രാഹ്മണസ്ത്രീയുടെ സന്തതി കന്യകൾക്കും ആ കന്യകയുടെ സന്തതിക്കും (അതിൽ ക്ഷത്രിയസ്ത്രീക്ക അച്ഛൻ മുതലായവർ കൊടുത്തിരിക്കുന്ന സ്ത്രീധനം എടുക്കുന്നതിന ആ ക്ഷത്രിയസ്ത്രീക്ക സന്തതിയില്ലെങ്കിൽ ആ

ബ്രാഹ്മണസ്ത്രീയുടെ കന്യകൾക്കും ആ കന്യകയുടെ സന്തതിക്കും അവകാശം ഇപ്രകാരം ക്ഷത്രിയനും വൈശ്യനും തനിക്കു സമജാതിയിലും ഉത്കൃഷ്ടജാതിയിലും വെളികഴിച്ചിരുന്നു എങ്കിൽ അപ്പോൾ ഉത്കൃഷ്ടജാതിയിലെ ഈ സ്ത്രീയുടെ ധനം എടുക്കുന്നതിന് ആ സ്ത്രീക്കു സന്തതി ഇല്ല എങ്കിൽ ആ ബ്രാഹ്മണസ്ത്രീയുടെ സന്തതി കന്യകൾക്കും ആ കന്യകയുടെ സന്തതിക്കും അവകാശം ഇപ്രകാരം ക്ഷത്രിയനും വൈശ്യനും തനിക്കു സമജാതിയിലും ഉത്കൃഷ്ടജാതിയിലും വെളികഴിച്ചിരുന്നു എങ്കിൽ അപ്പോൾ ഉത്കൃഷ്ടജാതിയിലെ ഈ സ്ത്രീയുടെ ധനം എടുക്കുന്നതിന് ആ സ്ത്രീക്കു സന്തതി ഇല്ല എങ്കിൽ ഉൽകൃഷ്ടജാതിയിൽ വെളികഴിച്ചിട്ടുള്ള ഈ സ്ത്രീയുടെ സന്തതിക്കും അവകാശം വരും. [illegible]।

ദത്വാ കന്യാം ഹരൻ ദണ്ഡ്യോ വ്യയം ദാപ്യശ്ച സോദയം।
ദത്താമപി ഹരേൽ കന്യാം ശ്രേയാംശ്ചേദ്വര ആവ്രജേൽ।
മൃതായാം ദത്തമാദദ്യാൽ പരിശോധ്യോഭയവ്യയം।

